

സഹകരണ സർക്കുലർ സമാഹാരം

01.06.2001 വരെയുള്ള സർക്കുലറുകൾ സംഗ്രഹിച്ചത്

കെ. ജി. ശശി
സമ്പാദകൻ

ജോൺ എം. ചാലക്കൽ
എഡിറ്റർ

കെ. എൽ. ജെയിംസ്
പ്രസാധകൻ

സഹകരണ
സര്‍ക്കുലര്‍ സമാഹാരം

സമ്പാദകൻ

കെ. ജി. ശശി
കൺവീനർ, കോ–ഓപ്പറേററീവ് റൈറേറഴ്സ് ഫോറം, തൃശ്ശൂർ

എഡിററർ

ജോൺ എം. ചാലക്കൽ
മുൻ പ്രിൻസിപ്പാൾ, സി. ടി. സി., തൃശ്ശൂർ
മുൻ അക്കൗണ്ട്സ് കം അഡ്മിനിസ്ട്രേററീവ് ഓഫീസർ, ടെക്സ്ഫെഡ്
മുൻ സഹകരണ ഫാക്കൽററി മെമ്പർ, ഇ. ററി. സി., തൃശ്ശൂർ
ലൈഫ് മെമ്പർ, ഭാരതീയ വിദ്യാഭവൻ
ചെയർമാൻ, കേരള കോ–ഓപ്പറേററീവ് ജസ്ററീസ് ഫോറം
ഡയറക്ടർ, കോ–ഓപ്പറേററീവ് ഔട്ട്സൈഡ് ഏജൻസി
ആൻറ് കൺസൾട്ടൻറ്സ്, പുറനാട്ടുകര, തൃശ്ശൂർ
ചെയർമാൻ, എ.പി.എം. ട്രാൻസ്പോർട്ട് കമ്പനി ലിമിറ്റഡ്, തൃശ്ശൂർ

പ്രസാധകൻ

കെ. എൽ. ജെയിംസ്
മുൻ ചെയർമാൻ, സർക്കിൾ സഹകരണ യൂണിയൻ, തൃശ്ശൂർ
മുൻ ചെയർമാൻ, തൃശ്ശൂർ ഹോൾസെയിൽ
കോ–ഓപ്പറേററീവ് കൺസ്യൂമർ സ്റേറാഴ്സ്
മുൻ എക്സിക്യൂട്ടീവ് കമ്മിററി മെമ്പർ,
കേരള സ്റേററ് കോ–ഓപ്പറേററീവ് കൺസ്യൂമർ ഫെഡറേഷൻ
ട്രഷറർ, കേരള സ്റേററ് അർബൺ
കോ–ഓപ്പറേററീവ് ബാങ്ക്സ് ഫെഡറേഷൻ
ചെയർമാൻ, തൃശ്ശൂർ അർബൺ കോ–ഓപ്പറേററീവ് ബാങ്ക്

വിലാസങ്ങൾ

കെ. ജി. ശശി	ജോൺ എം. ചാലക്കൽ	കെ. എൽ. ജെയിംസ്
കടുക്കാപ്പിള്ളി	പോസ്ററ് ആഫീസ് റോഡ്	കല്ലുട്ടുഴി വീട്
മേലൂർ പി. ഒ.	പുറനാട്ടുകര, തൃശ്ശൂർ	പറവട്ടാനി, തൃശ്ശൂർ
പിൻ 680 311	പിൻ 680 551	പിൻ 680 005

സഹകരണ
സർക്കുലർ സമാഹാരം

സമ്പാദകൻ

കെ. ജി. ശശി

എഡിററർ

ജോൺ എം. ചാലക്കൽ

പ്രസാധകൻ

കെ. എൽ. ജെയിംസ്

Sahakarana Sarkular Samaharam Malayalam

Knowledge Literature

First Edition	:	December 2001
Compiler	:	K. G. Sasi
Editor	:	John M. Chalakkal
Publisher	:	K. L. James

© with the Compiler, Editor and Publisher

Cover with the portrait of Robert Owen

Cover Design, Layout and D. T. P.	:	Heyday Communications, Meloor
Printing	:	Nirmala Offset Printers, Chalakudy

This book or parts thereof may not be reproduced in any form or translated without the written permission of the Compiler, Editor and the Publisher.

We have made our best efforts and taken every precaution to produce the subject matter in conformity with the originals as appeared in the official publications as far as possible. Whereever the originals were not readily available recourse has been made to other publications. However, we are not responsible for any error that might have crept into the contents of this book and we advise our beloved readers to go through the originals.

Price Rs.750/-

a

സഹകരണ
പ്രസ്ഥാനത്തിന്റെ പിതാവായ
റോബർട്ട് ഓവന്റെ മഹനീയ
സ്മരണയ്ക്കു മുൻപിൽ
ഈ ഗ്രന്ഥം സമർപ്പിച്ചു
കൊള്ളുന്നു .....



a

സഹകരണ പ്രസ്ഥാനത്തെ
രാഷ്ട്രനിർമ്മാണവുമായി
ബന്ധിപ്പിച്ച രാഷ്ട്രശില്പിക്ക്
പ്രണാമം .....

ഉള്ളടക്കം

പ്രസാധകക്കുറിപ്പ്

ആമുഖം

അവതാരിക

രജിസ്ട്രേഷനും ബൈലോ ഭേദഗതിയും **1 - 18**

സംഘങ്ങളുടെ നടത്തിപ്പ് **19 - 72**

അംഗത്വം ———— 21 - 35

ഭരണസമിതി ———— 36 - 61

അഡ്മിനിസ്ട്രേറ്റർമാർ ———— 62 - 72

തെരഞ്ഞെടുപ്പ് **73 - 97**

ഫണ്ടുകളുടെ നിക്ഷേപം **99 - 117**

സംഘങ്ങളുടെ ബാങ്ക് നിക്ഷേപം ———— 101 - 108

മറ്റു നിക്ഷേപങ്ങൾ ———— 109 - 117

ആഡിറ്റ് **119 - 238**

റിക്കാർഡുകൾ ലഭ്യമല്ലാതെ വരുമ്പോൾ ———— 121 - 126

ആഡിറ്റർമാരുടെ ആസ്ഥാനവും ഹാജരും ———— 127 - 135

ആഡിറ്റു നടപടിക്രമം ———— 136 - 144

ആഡിറ്റു സർട്ടിഫിക്കറ്റു നൽകുന്നത് ———— 145 - 149

ന്യൂനതാ സംഗ്രഹം ———— 150 - 158

ഫണ്ടുകളും പ്രൊവിഷനുകളും ———— 159 - 166

തേയ്മാന ഫണ്ട്. ———— 167 - 169

കിട്ടാത്തതും സംശയാസ്പദവുമായ ആസ്തികൾ ———— 170 - 197

ചിട്ടി ———— 198 - 203

പൊതു നിർദ്ദേശങ്ങൾ ———— 204 - 223

ലിക്വിഡേഷൻ ആഡിറ്റ് ———— 224 - 226

കൺസ്യൂമർ സംഘങ്ങളുടെ ആഡിറ്റ് ———— 227 - 232

മിൽമ ആഡിറ്റ് ———— 233 - 238

മറ്റു നിയമപരമായ കർത്തവ്യങ്ങൾ **239 - 298**

പരിശോധന അന്വേഷണം സർച്ചാർജ് ———— 241 - 259

ആർബിട്രേഷനും വിധി നടത്തും ———— 260 - 294

ലിക്വിഡേഷൻ ———— 295 - 297

അപ്പീൽ, റിവിഷൻ, റിവ്യൂ ———— 298

സഹകരണവകുപ്പു ജീവനക്കാര്യവും
ജീവനക്കാർക്കുളള രജിസ്ട്രാരുടെ നിർദ്ദേശങ്ങളും 299 - 376

സഹകരണ സംഘങ്ങളിലെ ജീവനക്കാര്യം 377 - 578
ഉപനിബന്ധനകൾ — 379 - 381
നിയമനങ്ങൾ — 382 - 409
പ്രൊമോഷൻ — 410 - 416
വിദ്യാഭ്യാസ യോഗ്യത — 417 - 435
ഗ്രേഡുകളും ശമ്പളപരിഷ്ക്കരണവും — 436 - 501
അവധി — 502 - 510
പരിശീലനം — 511 - 515
ജീവനക്കാർക്കു നൽകേണ്ട ഫണ്ടുകൾ — 516 - 526
ക്ലാസ്സുമാറ്റവും ശമ്പളമാറ്റവും — 527 - 556
സബ്സിസ്റ്റൻസ് അലവൻസ് — 557 - 558
മറ്റു നിർദ്ദേശങ്ങൾ — 559 - 578

സംഘങ്ങളുടെ പൊതുഭരണം 579 - 717
വാഹനങ്ങളുടെ ഉപയോഗം — 581 - 584
ടെലഫോൺ സ്ഥാപിക്കുന്നതിൽ നിയന്ത്രണം — 585 - 590
തരള ധനം — 591 - 597
ഇൻഷ്വറൻസ് — 598 - 604
ശാഖ തുറക്കൽ — 605 - 612
പൊതു നിർദ്ദേശങ്ങൾ — 613 - 643
നിയമലംഘനങ്ങളിൻമേലുള്ള നടപടികൾ — 644 - 657
സർക്കാർ സഹായം — 658 - 691
ബന്ധപ്പെട്ട മറ്റു നിയമങ്ങൾ — 692 - 713
സഹകരണ യൂണിയനുകൾ — 714 - 717

വ്യാപാര പ്രവർത്തനങ്ങൾ 719 - 804
വായ്പാ പ്രവർത്തനങ്ങൾ — 721 - 771
അനുബന്ധപ്രവർത്തനങ്ങൾ — 772 - 781
വായ്പേതരപ്രവർത്തനങ്ങൾ — 782 - 804

സൂചിക 1 805 - 837

സൂചിക 2 838 - 843

പ്രസാധകക്കുറിപ്പ്

സഹകരണസംഘം രജിസ്ട്രാറുടെ സർക്കുലറുകൾ, സർക്കാർ ഉത്തരവുകൾ, കത്തുകൾ എന്നിവയെ സാമാന്യമായി സഹകരണ സംഘങ്ങളുടെ ഭരണ നിർവഹണത്തിന് സഹായകമായ നിർദ്ദേശങ്ങൾ എന്നു പറയാം. സഹകരണ സംഘം ആക്റ്റും ചട്ടങ്ങളും കോടതി വിധികളും അനുസരിച്ചാണ് ഈ നിർദ്ദേശങ്ങൾ രജിസ്ട്രാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നത്. സഹകരണ സംഘങ്ങൾക്ക് ജീവൻ നൽകുന്നതിലും അവയുടെ പ്രവർത്തനങ്ങൾ ജനാധിപത്യ ഭരണ കൂടങ്ങളുടെ പ്രഖ്യാപിത നയപരിപാടികളനുസരിച്ച് ജനക്ഷേമകരമായി വികസിപ്പിച്ചു കൊണ്ടു വരുന്നതിലും ഈ നിർദ്ദേശങ്ങൾ പ്രധാന പങ്കു വഹിക്കുന്നു. ചുരുക്കത്തിൽ സഹകരണ സംഘങ്ങളുടെ ഭരണ നിർവഹണത്തിൽ "കമാന്റ്മെന്റ്സ്" എന്ന പോലെ യഥാവസരം പ്രയോഗിക്കപ്പെടേണ്ടതാണ് ഈ നിർദ്ദേശങ്ങൾ. അതേ സമയം സർക്കുലറുകൾ നിയമ വ്യവസ്ഥകളായി ചിത്രീകരിക്കുന്നതു ശരിയല്ല.

സഹകരണ മാനേജ്മെന്റുകളെ ചലനാത്മകമാക്കുന്നതിൽ സഹകരണ സർക്കുലറുകൾ മഹത്തായ സംഭാവനകൾ നൽകിവരുന്നുണ്ട് എന്നത് ഒരു വസ്തുതയാണ്. അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ അപാകതകളും പാളിച്ചകളും കണ്ടു പിടിച്ച് ഭേദഗതികൾ വരുത്താനും റദ്ദാക്കാനും പുതിയ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാനും സർക്കുലറുകളുടെ സ്രഷ്ടാവായ സഹകരണ സംഘം രജിസ്ട്രാർ സദാ ജാഗരൂകനാണെന്നത് അഭികാമ്യമാണ്.

സഹകരണ സംഘങ്ങളുടെ ഭരണ നിർവ്വഹണത്തിൽ ഇത്രയേറെ പ്രാധാന്യം സഹകരണ സർക്കുലറുകൾക്കുണ്ടെങ്കിലും അവയെ വിഷയാനുക്രമത്തിലും കാലാനുക്രമത്തിലും കാലോചിതമായി ക്രോഡീകരിച്ച ഒരു ഗ്രന്ഥം ഇന്നു ലഭ്യമല്ല. സഹകരണ സംഘം ആക്റ്റും ചട്ടങ്ങളും സംബന്ധിച്ച് ഇത്തരത്തിലുണ്ടായിരുന്ന കുറവ് ചില പ്രസാധകർ അടുത്ത കാലത്ത് ഏറെക്കുറെ പരിഹരിച്ചിട്ടുണ്ട്. സഹകരണ സർക്കുലർ നിർദ്ദേശങ്ങളെ സംബന്ധിച്ചിടത്തോളം ഈ കുറവ് പരിഹരിക്കപ്പെട്ടിട്ടില്ല. "സഹകരണ സർക്കുലർ സമാഹാരം" എന്ന ഈ റഫറൻസ് ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തോടെ ഒരു പരിധി വരെ ഈ കുറവ് പരിഹരിക്കപ്പെടുമെന്നാണ് എന്റെ വിശ്വാസം.

ഈ ഗ്രന്ഥത്തിന്റെ കയ്യെഴുത്തു പ്രതിയുമായി കേരള കോ-ഓപ്പറേറ്റീവ് ജസ്റ്റിസ് ഫോറം ചെയർമാൻ ശ്രീ ജോൺ എം. ചാലക്കലും കോ-ഓപ്പറേറ്റീവ്

റൈറ്റേഴ്സ് ഫോറം കൺവീനർ ശ്രീ. കെ.ജി.ശശിയും ചേർന്ന് പ്രസാധകജോലി നിർവഹിച്ചു തരണമെന്ന് എന്നോടഭ്യർത്ഥിച്ചപ്പോൾ ഒരു എളിയ സഹകാരിയെന്ന നിലയിൽ വലിയ ഒരു അംഗീകാരം കൂടിയായി കരുതി പ്രസാധക ദൗത്യം ഞാൻ ഏറ്റെടുക്കുകയാണുണ്ടായത്. ഞങ്ങൾ എല്ലാവരും കൂടി എടുത്ത തീരുമാനപ്രകാരമാണ് ചാലക്കുടിയിലെ നിർമ്മല ഓഫ്സെറ്റ് പ്രിന്റേഴ്സിനെ ഈ ഗ്രന്ഥത്തിന്റെ അച്ചടിജോലി ഏൽപ്പിച്ചത്. ആ പ്രസ്സ് അവരെ ഏൽപ്പിച്ച ജോലി തൃപ്തികരമായി പൂർത്തീകരിച്ച് പൂർണ്ണമായും ഞങ്ങളോട് സഹകരിച്ചതിൽ പ്രത്യേകം കൃതജ്ഞത രേഖപ്പെടുത്തുന്നു. കേരള ജനതയ്ക്കും മലയാളികളായ എല്ലാ വായനക്കാർക്കും കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ കഴിഞ്ഞ നിരവധി വർഷത്തെ പ്രവർത്തനം വായിച്ച് വിലയിരുത്തുവാൻ ഈ ഗ്രന്ഥം കാര്യമായി പ്രയോജനപ്പെടുമെന്നും ഞാൻ വിശ്വസിക്കുന്നു.

സഹകരണ പ്രതിബദ്ധതയുടെ പേരിലാണ് വൻ ചെലവു വരുന്ന ഈ ബൃഹത് ഗ്രന്ഥം നഷ്ട സാധ്യതകൂടി മുന്നിൽക്കണ്ട് അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നതിന് ഒരു എളിയ സഹകാരിയായ ഞാൻ തയ്യാറായിട്ടുള്ളതെന്ന് വായനക്കാർ തിരിച്ചറിയണം. എന്റെ പരിമിതികൾ ബോദ്ധ്യപ്പെട്ടുകൊണ്ട് "സഹകരണ സർക്കുലർ സമാഹാരം" എന്ന ഈ റഫറൻസ് ഗ്രന്ഥം സഹകരണ കേരളത്തിന് സമർപ്പിക്കാനുള്ള ഈ സംരംഭത്തെ സ്വാഗതം ചെയ്യുമെന്ന് ഞാൻ പ്രത്യാശിക്കട്ടെ.

തൃശൂർ
2001 നവംബർ 20

കെ. എൽ. ജെയിംസ്
പ്രസാധകൻ

ആമുഖം

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച എൻെറ ആദ്യ കൃതിയായ ''കേരളത്തിലെ സഹകരണ പ്രസ്ഥാന''ത്തിന് സഹകാരികൾ, സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ, സഹകരണം കൈകാര്യം ചെയ്യുന്ന ഇതര വകുപ്പ് ഉദ്യോഗസ്ഥർ, സഹകരണ സംഘം ജീവനക്കാർ, സഹകരണ വിദ്യാർത്ഥികൾ, സാമൂഹ്യ സാംസ്കാരിക പ്രവർത്തകർ, തുടങ്ങിയ വായനക്കാരിൽ നിന്നും ആവേശകരമായ സ്വീകരണമാണ് ലഭിച്ചത്. അതിൽ നിന്നും പ്രചോദനമുൾക്കൊണ്ട് മുൻ പറഞ്ഞ വിഭാഗങ്ങൾക്കു പുറമേ അഭിഭാഷകർ, ജനപ്രതിനിധികൾ, തൊഴിലാളി സംഘടനാ പ്രവർത്തകർ, വ്യാപാരി വ്യവസായി സംഘടനാ പ്രതിനിധികൾ, സാമൂഹ്യ സാംസ്കാരിക സ്ഥാപനങ്ങളിലെ പ്രവർത്തകർ, ഉപഭോക്തൃ സംഘടനാ പ്രവർത്തകർ, സഹകരണ ഗവേഷണ പ്രവർത്തകർ, സഹകരണ വികസന മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, സഹകരണ സർവ്വീസ് സംഘടനകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങി സഹകരണ മേഖലയുമായി ബന്ധപ്പെട്ടു വരുന്ന സമസ്ത വിഭാഗം ആവശ്യക്കാരുടേയും കൈകളിലേയ്ക്ക് ഒരു ആധികാരിക സഹകരണ റഫറൻസ് ഗ്രന്ഥം തയ്യാറാക്കി സമർപ്പിക്കുക എന്ന നിശ്ചയദാർഢ്യത്തോടെ കഴിഞ്ഞ ഏതാനും വർഷങ്ങളായി ഞാൻ പ്രവർത്തിച്ചു വരികയായിരുന്നു. ഈ സദുദ്യമത്തിനു ഉപദേശകനായും ഈ പുസ്തകത്താളുകളുടെ സമ്പാദകനായും വിശകലന സഹായിയായും പ്രവർത്തിച്ച കോ–ഓപ്പറേറ്റീവ് റൈറ്റേഴ്സ് ഫോറം കൺവീനർ ശ്രീ കെ. ജി. ശശി അവർകളോടും ഈ സംരംഭം വിജയിക്കണമെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ചുകൊണ്ട് എന്നോടൊപ്പം കർമ്മ നിരതനായി പ്രസാധക ദൗത്യം ഏറ്റെടുത്ത തൃശ്ശൂർ അർബൺ കോ–ഓപ്പറേറീവ് ബാങ്ക് ലിമിറ്റഡിന്റെ ചെയർമാനും ലബ്ധപ്രതിഷ്ഠ സഹകാരിയുമായ ശ്രീ കെ. എൽ. ജെയിംസ് അവർകളോടും പ്രൗഢഗംഭീരമായ ഒരു അവതാരിക എഴുതിത്തന്ന് ഈ ഗ്രന്ഥത്തെ സഹകരണ പ്രസ്ഥാനത്തിന് പരിചയപ്പെടുത്തിയ സംസ്ഥാനത്തെ മുൻ സഹകരണ സംഘം രജിസ്ട്രാരും കാലിക്കറ്റ് സർവ്വകലാശാല മുൻ വൈസ് ചാൻസലറും സാംസ്കാരിക രംഗത്തെ അതികായനുമായ ശ്രീ ടി. എൻ. ജയചന്ദ്രൻ അവർകളോടും ''സഹകരണ സർക്കുലർ സമാഹാരം'' എന്ന ഗ്രന്ഥത്തിന്റെ എഡിറ്റർ എന്ന നിലയിൽ എന്റെ നിസ്സീമമായ കൃതജ്ഞത ആദ്യമായി ഇവിടെ രേഖപ്പെടുത്തട്ടെ.

ഒരു സഹകരണ സംഘം ആരംഭിക്കുന്നതു മുതൽ സമാപ്തീകരണം നടത്തുന്നതു വരെയുള്ള ഘട്ടങ്ങളിൽ അന്തർദ്ദേശീയ സഹകരണ തത്വങ്ങളും നമ്മുടെ സംസ്ഥാനത്തു ബാധകമായ സഹകരണ നിയമങ്ങളും അനുബന്ധ

നിയമങ്ങളും അനുസരിച്ച് അനുവർത്തിക്കേണ്ട ഭരണ നിർവ്വഹണ നടപടികളുടെ പ്രയോഗതന്ത്രം യാഥാർത്ഥ്യമാക്കി ആവിഷ്കരിക്കപ്പെട്ടതാണ് ഈ രചനയിലെ ഉള്ളടക്കം. സഹകരണ സംഘം രജിസ്ട്രാരുടെ സർക്കുലറുകൾ, സർക്കാർ ഉത്തരവുകൾ, കത്തുകൾ എന്നിവ സന്ദർഭോചിതമായി സഹകരണ മാനേജുമെന്റിൽ പ്രയോജനപ്പെടുത്തുമ്പോൾ മാത്രമേ ഏതൊരു സഹകരണ സ്ഥാപനത്തിനും മുന്നോട്ടു പോകാൻ കഴിയൂ എന്ന് സഹകരണ പ്രസ്ഥാനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർക്കു പ്രത്യേകിച്ചു സഹകരണ മാനേജുമെന്റിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നവർക്കു അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ബോദ്ധ്യമാകും. ഈയൊരു അവബോധത്തിൽ നിലയുറപ്പിച്ചുകൊണ്ട് അടുക്കും ചിട്ടയോടും കൂടി ബന്ധപ്പെട്ട വിഷയം പാകപ്പെടുത്തി പകർന്നു നൽകുകയെന്ന ശ്രമകരമായ ദൗത്യമാണ് ഞങ്ങൾ നിർവ്വഹിച്ചിട്ടുള്ളത്.

ഒരു സഹകരണ സംഘത്തിന്റെ പ്രവർത്തനം നടത്തുന്നതിനു അതിലെ ഓരോ കാര്യപരിപാടിക്കും ബാധകമാക്കപ്പെടേണ്ട സഹകരണ സംഘം രജിസ്ട്രാരുടെ നിർദ്ദേശങ്ങളടങ്ങിയ സർക്കുലറുകളും സർക്കാർ ഉത്തരവുകളും കത്തുകളും ബഹുമാനപ്പെട്ട കോടതികൾ അതാത് അവസരങ്ങളിൽ പുറപ്പെടുവിച്ച വിധിന്യായങ്ങളും സഹകരണ സംഘം നിയമ വ്യവസ്ഥകളും സമഗ്രമായി പരിശോധിക്കുകയും വിശകലനം ചെയ്യുകയും ആവശ്യമാണ്. ഇതിൽ സഹകരണ സംഘം നിയമങ്ങളും കോടതി വിധികളുടെ സംക്ഷിപ്തവും ഉൾക്കൊള്ളുന്ന ചില പുസ്തകങ്ങൾ ഇന്നു വിപണിയിൽ ലഭ്യമാണെങ്കിലും അവയോടൊപ്പം ചേർത്തു പരിശോധിക്കുകയും വിശകലനം ചെയ്യുകയും പ്രയോഗിക്കപ്പെടുകയും ചെയ്യേണ്ട ഒരു സർക്കുലർ ഗ്രന്ഥം ഇന്നു വിപണിയിൽ ലഭ്യമല്ല. തന്മൂലം സഹകരണ രംഗവുമായി ഇടപെടേണ്ടി വരുന്നവർക്കു വന്നു ചേർന്നിരിക്കുന്ന വിഷമതകളും കഷ്ടപ്പാടുകളും സഹിക്കാവുന്നതിലേറെയാണ്. സഹകരണ സംഘങ്ങളുടെ ഭരണ നിർവ്വഹണത്തിനു ഇതുവഴിയുണ്ടാകുന്ന പ്രതിബന്ധങ്ങൾ സഹകരണ പ്രസ്ഥാനത്തിനു പൊതുവേ ദോഷകരമായി ബാധിച്ചു വരുന്നുമുണ്ട്. ഈ തടസ്സങ്ങളെ സാധ്യമാവുന്നിടത്തോളം തട്ടിമാറ്റുകയെന്ന ബോധപൂർവ്വമായ പരിശ്രമം ‘‘സഹകരണ സർക്കുലർ സമാഹാരം’’ എന്ന ഗ്രന്ഥം നിർവ്വഹിക്കുന്നതായി വായനക്കാർക്ക് അനുഭവപ്പെടുമെന്നു ഞാൻ കരുതുന്നു.

സഹകരണ സംഘങ്ങളുടെ ഭരണ സമിതിയും അംഗങ്ങളും ജീവനക്കാരുടെ സംഘടിത സമൂഹവും തമ്മിൽ ഐക്യം നഷ്ടപ്പെടുന്ന പല സംഭവങ്ങളും സംഘം തലത്തിലും വകുപ്പുദ്യോഗസ്ഥ തലത്തിലും പ്രശ്ന പരിഹാരത്തിനെത്താറുണ്ട്. അപ്പോളെല്ലാം അവരവർക്കു ബോധ്യമുള്ള സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥ മേധാവികളുടെ അഭിപ്രായങ്ങളായിരിക്കും വ്യത്യസ്ഥ വിഭാഗങ്ങൾ മുഖവിലയ്ക്കെടുക്കുന്നത്. ആ ഉദ്യോഗസ്ഥ മേധാവികൾ സ്വന്തം താല്പര്യമോ കക്ഷിരാഷ്ട്രീയ വിധേയത്വമോ അനുസരിച്ച് ആവശ്യമായ സർക്കുലറുകൾ, സർക്കാർ ഉത്തരവുകൾ, കത്തുകൾ തുടങ്ങിയവ നിരത്തി അഭിപ്രായം രൂപപ്പെടുത്തുകയും അവ ബന്ധപ്പെട്ടവരിൽ അടിച്ചേല്പിക്കുകയും ചെയ്തു വരുന്നതായി കാണുന്നതും അസാധാരണമല്ല. സഹകരണ സംഘങ്ങളും സഹകരണ വകുപ്പും തമ്മിലുള്ള

ബന്ധം ശിഥിലമാകാനേ ഈ നടപടികൾ ഉപകരിക്കൂ. സഹകാരികളും സഹകരണ സംഘം ജീവനക്കാരും സഹകരണ വകുപ്പുദ്യോഗസ്ഥരും തമ്മിൽ സൗഹാർദ്ദപരവും മെച്ചപ്പെട്ടതുമായ പ്രവർത്തനം കാഴ്ച വയ്ക്കുന്നതിന് ഈ ഗ്രന്ഥം ഏറെ സഹായകരമായിരിക്കുമെന്ന് എനിക്കു വിശ്വാസമുണ്ട്.

വികലമായ ആശയ വിനിമയം സംഘർഷത്തിനും വിദൂരമല്ലാത്ത ഭാവിയിൽ ആക്രമണത്തിനുപോലും വഴിവയ്ക്കുന്ന സംഭവങ്ങൾ സഹകരണ മേഖലയിൽ ഉയർന്നു വരിക വിരളമല്ല. സംഘങ്ങളിലേയ്ക്ക് അംഗങ്ങളെ ചേർക്കൽ, ഭരണ സമിതി തെരഞ്ഞെടുപ്പ്, പൊതുയോഗം, ജപ്തി നടപടികൾ, ജീവനക്കാരുടെ നിയമനം, അന്വേഷണത്തിനും ആഡിറ്റിനും ശേഷമുള്ള തുടർനടപടികൾ തുടങ്ങിയ സംഘർഷഭരിതമായ സംഭവങ്ങൾക്കു സഹകരണ വകുപ്പുദ്യോഗസ്ഥരും സംഘം ജീവനക്കാരും ഭരണസമിതി അംഗങ്ങളും സാക്ഷികളാകേണ്ടി വരാറുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ ബന്ധപ്പെട്ടവർ തമ്മിൽ ആശയ വിനിമയത്തിന്റെ സുതാര്യമായ പാത വഴി അനുരഞ്ജനത്തിന്റെ സദ്ഫലം അനുഭവവേദ്യമാക്കാൻ ഈ രചനയ്ക്കു കഴിയുന്നത് ഒരു പ്രത്യേകതയായി വായനക്കാർ തിരിച്ചറിയുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു.

സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിക്കുന്ന സർക്കുലറുകൾ, സർക്കാർ ഉത്തരവുകൾ, കത്തുകൾ എന്നിവ കൂടി വസ്തുനിഷ്ഠമായി അപഗ്രഥിച്ചും വ്യാഖാനിച്ചും സഹകരണ സ്ഥാപനങ്ങളുടെ മാനേജുമെന്റിൽ ഫലപ്രദമായി ഉപയോഗിക്കുന്നതു വഴി മാത്രമേ സഹകരണ പ്രസ്ഥാനം മുഖേന ഏതൊരു ജനാധിപത്യ ഭരണകൂടവും വിഭാവനം ചെയ്യുന്ന സാമൂഹ്യ നന്മ കൈവരിക്കാനാകൂ. തെരഞ്ഞെടുക്കപ്പെടുന്ന ഭരണകൂടങ്ങൾക്ക് സഹകരണ നയവും പരിപാടികളും കാലോചിതമായി ആവിഷ്കരിക്കാൻ ഒരു കൈത്താങ്ങായി ഈ കൃതി എക്കാലവും പ്രയോജനപ്പെടുമെന്നും പ്രത്യാശിക്കുന്നു.

പൊതു മേഖലയോടും സ്വകാര്യ മേഖലയോടും മത്സരിച്ചുകൊണ്ടു മാത്രമേ ഇന്നത്തെ സഹകരണ സ്ഥാപനങ്ങൾക്കു പ്രവർത്തന വിജയം കണ്ടെത്താനാകൂ എന്ന വസ്തുത ആദരണീയ സഹകാരികൾ മനസ്സിലാക്കിയിരിക്കുമെന്നു കരുതുന്നു. സഹകരണ സംഘങ്ങൾക്കു കുത്തകയായി മാറുന്ന ഒരു മേഖലയും ആധുനിക സഹകരണ പ്രസ്ഥാനത്തിൽ അവശേഷിക്കുമെന്നു തോന്നുന്നില്ല. ഈ പരിതസ്ഥിതിയിൽ മത്സരാധിഷ്ഠിതമായി തന്നെ സഹകരണ സ്ഥാപനങ്ങളുടെ നടത്തിപ്പിലും നിയന്ത്രണത്തിലും ആവശ്യമായ ജ്ഞാനവും പ്രയോഗക്ഷമതയും കൈവരിക്കാൻ ഈ ഗ്രന്ഥം ഒരു മാർഗ്ഗദർശിയായി സഹകാരികൾക്ക് അനുഭവപ്പെടും.

ബിരുദ തലത്തിലും ഡിപ്ലോമ തലത്തിലും സഹകരണ വിദ്യാഭ്യാസവും പരിശീലനവും പൂർത്തിയാക്കുന്ന വിദ്യാർത്ഥികളുടെ വാചാ പരീക്ഷകളിലും തുടർന്നു തൊഴിലന്വേഷണത്തോടനുബന്ധിച്ച എണ്ണമറ്റ പരീക്ഷകളിലും കൂടിക്കാഴ്ചകളിലും ''സഹകരണ സർക്കുലർ സമാഹാരം'' ഒരു സ്വയം സഞ്ചാര മാർഗ്ഗദീപമായി അവർക്കൊപ്പം നടന്നു നീങ്ങും.

സഹകരണ മേഖലയിലെ കേസ്സുകൾ കൈകാര്യം ചെയ്യുന്ന അഭിഭാഷകർ, ജീവനക്കാരുടെ പ്രശ്നങ്ങൾ ഏറ്റെടുക്കുന്ന തൊഴിലാളി സംഘടനാ പ്രവർത്തകർ, സഹകരണ മാനേജുമെന്റിന്റെ സാമൂഹ്യ പ്രതിബദ്ധതയേയും സാമൂഹ്യ നന്മയേയും സാംസ്കാരിക തലത്തിലെ പ്രയോജനങ്ങളേയും കുറിച്ച് അറിയാൻ താല്പര്യമുള്ളവർ, ഗ്രന്ഥശാലകളുമായി ബന്ധപ്പെട്ടു വായിച്ചു വലുതാകാനാഗ്രഹിക്കുന്നവർ തുടങ്ങിയ വിവിധ വിഭാഗങ്ങൾക്കെല്ലാം സഹകാരികൾക്കെന്ന പോലെ ഈ ഗ്രന്ഥം അതിന്റേതായ സംഭാവനകൾ നൽകുമെന്നാണ് എന്റെ സുചിന്തിതമായ അഭിപ്രായം.

"സഹകരണ സർക്കുലർ സമാഹാരം" അറിവുകളുടെ വിനിമയത്തിലേയ്ക്കു കടന്നു വരുന്ന ഒരു നവാഗതനാണ്. വൈജ്ഞാനിക സാഹിത്യ ശാഖയിൽ അതിനു ചെറിയൊരു ഇടം കണ്ടെത്താനാവുമെന്നു ഞാൻ പ്രത്യാശിക്കുന്നു. എല്ലാത്തിലുമുപരി സഹകരണ പ്രസ്ഥാനത്തിൽ സജീവത്വം വളർത്തിയെടുക്കാൻ ഈ ഗ്രന്ഥം വായനക്കാർക്കു പ്രയോജനപ്പെടും. വിജ്ഞാന കേരളവും സഹകരണ കേരളവും രണ്ടു കൈകളും നീട്ടി ഈ രചനയെ സ്വീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണമെന്ന് വിനയാന്വിതരായി ഞങ്ങൾ അഭ്യർത്ഥിക്കുന്നു. വായനക്കാർക്കു ഞങ്ങളുടെ ഊഷ്മളമായ സഹകരണാഭിവാദനങ്ങൾ.

സ്നേഹപൂർവ്വം

സഹകരണ പ്രസ്ഥാനത്തിൽ താങ്കളോടൊപ്പമുള്ള സഹകാരി

തൃശ്ശൂർ
1–12–2001

ജോൺ എം. ചാലക്കൽ
എഡിറ്റർ



അവതാരിക

കേരളത്തിൽ ആഴത്തിൽ വേരൂന്നിയിട്ടുള്ള ഒന്നാണ് സഹകരണ പ്രസ്ഥാനം. ജനനം മുതൽ മരണം വരെയുള്ള സമസ്ത ജീവിതമേഖലകളിലും സഹകരണ പ്രസ്ഥാനം അതിന്റെ സാന്നിദ്ധ്യം അനുഭവ വേദ്യമാക്കിയിട്ടുണ്ട്. പണം വായ്പ, കാർഷികോൽപ്പന്നങ്ങളുടെ ഉല്പാദനവും ഉപഭോഗവും വിപണനവും വിതരണവും, ക്ഷീരവികസനം, മത്സ്യബന്ധനം, കൈത്തറി നെയ്ത്ത്, ബീഡി കല്ലോര കശുവണ്ടി വ്യവസായങ്ങൾ, അച്ചടി, വിദ്യാഭ്യാസം, സാമൂഹ്യ ക്ഷേമം, മരണാനന്തര സഹായം, സാഹിത്യം എന്നിങ്ങനെ അറിയപ്പെടുന്ന ഏതാണ്ടെല്ലാ കർമ്മമണ്ഡലങ്ങളിലും കേരളത്തിൽ സഹകരണ പ്രസ്ഥാനം കടന്നുചെന്നിട്ടുണ്ട്.

സ്വതന്ത്രമായ സംഘടനാ രീതിയും തുറന്ന അംഗത്വവും ജനാധിപത്യപരമായ ഭരണവും സ്വാശ്രയത്വവും പരസ്പര സഹകരണവും അനുഭവ നീതിയും ആധാരശിലകളായുള്ള സഹകരണ പ്രസ്ഥാനം ജനാധിപത്യ വ്യവസ്ഥയുടെ തന്നെ നിലനിൽപ്പിന് ഒഴിച്ചുകൂടാൻ വയ്യാത്തതാണ്. ജനങ്ങളുടെ സാമൂഹിക ഭദ്രതയും സമാധാനപരമായ ജീവിതവും ഉറപ്പു വരുത്താൻ രാഷ്ട്രീയ ജനാധിപത്യം; സാമ്പത്തിക ജനാധിപത്യം ഉറപ്പുവരുത്താൻ സഹകരണ പ്രസ്ഥാനം–അങ്ങനെ സഹകരണ പ്രസ്ഥാനം ജനാധിപത്യ വ്യവസ്ഥയുടെ അവിഭാജ്യ ഘടകമായിത്തീരുന്നു.

ഇന്ത്യയിലെ ഒന്നാമത്തെ സഹകരണ നിയമം നടപ്പിൽ വന്നത് 1904 ലാണ്. 1912 ൽ രണ്ടാം സഹകരണനിയമം നടപ്പിൽ വരുന്നതിനു മുൻപുതന്നെ, പിൽക്കാലത്ത് കേരള സംസ്ഥാനത്തിന്റെ ഭാഗമായിത്തീർന്ന മദിരാശി പ്രവിശ്യയിലെ മലബാർ ജില്ലയിൽ സഹകരണ പ്രസ്ഥാനത്തിന്റെ ബീജാവാപം നടന്നു കഴിഞ്ഞിരുന്നു. 1909 ൽ ഇന്നത്തെ പാലക്കാട്ടു ജില്ലയിലെ കണ്ണമ്പ്രയിലായിരുന്നു ആദ്യത്തെ സഹകരണ സംഘം രൂപമെടുത്തത്. കൊച്ചിയിൽ 1913 ൽ എടവനക്കാടിൽ രൂപീകൃതമായ പ്രാഥമിക സഹകരണ സംഘമായിരുന്നു ആദ്യത്തേത്. തിരുവിതാംകൂറിലാകട്ടെ, 1916 ൽ സ്ഥാപിതമായ സെൻട്രൽ കോ–ഓപ്പറേറ്റീവ് ബാങ്കാണ് ആദ്യത്തെ സഹകരണസംഘം. തിരുവിതാംകൂർ കൊച്ചി സംയോജനത്തിനു ശേഷം 1952 ൽ തിരുവിതാംകൂർ കൊച്ചി സഹകരണനിയമം നിലവിൽ വന്നു. 1956 ൽ കേരള സംസ്ഥാനം രൂപവൽകൃതമായെങ്കിലും ഏകീകൃത സഹകരണ നിയമമുണ്ടാകാൻ 1969 വരെ കാത്തിരിക്കേണ്ടി വന്നു. 1969 മേയ് 15 ന് പ്രാബല്യത്തിൽ വന്ന 1969 ലെ 21–ാമത്

കേരള സഹകരണസംഘം നിയമം പുതിയൊരു സഹകരണ യുഗത്തിന്റെ തുടക്കം വിളംബരം ചെയ്യുന്നതായിരുന്നു. അവിടന്നങ്ങോട്ട് സഹകരണ പ്രസ്ഥാനം ജനജീവിതത്തിന്റെ ഏതാണ്ടെല്ലാ കർമ്മപഥങ്ങളിലും വ്യാപിക്കുകയായിരുന്നു; സപ്തവർണ്ണാങ്കിതമായ കൊടിക്കൂറ നാട്ടിക്കൊണ്ട്.

1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ പ്രധാനപ്പെട്ട ഒരു വ്യവസ്ഥ സംഘങ്ങളുടെ ബാധ്യത അപരിമിതമായിരുന്നത് പരിമിതപ്പെടുത്തിയതായിരുന്നു. 1999 ൽ നടപ്പിൽ വന്ന ഭേദഗതികളനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അംഗത്വം, പ്രാഥമിക വായ്പാ സംഘങ്ങൾക്ക് ഡെപ്പോസിറ്റ് ഗാരണ്ടി, സഹകരണ വികസന ക്ഷേമനിധിയുടെ രൂപീകരണം, സ്വതന്ത്ര തെരഞ്ഞെടുപ്പ് കമ്മീഷൻ, വേറിട്ട ആഡിറ്റു വിഭാഗം, സഹകരണ പരീക്ഷാ ബോർഡ് തുടങ്ങിയ പരിഷ്ക്കാരങ്ങളും രൂപം കൊണ്ടു.

കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ച ശ്രദ്ധേയമാണ്. 1946 ൽ കേരളത്തിലൊട്ടാകെ 1669 സഹകരണ സംഘങ്ങളാണുണ്ടായിരുന്നത്. 1999 ൽ എണ്ണം 11690 ആയി. അംഗത്വം രണ്ടു ലക്ഷത്തിൽ നിന്ന് രണ്ടരക്കോടിയായി ഉയർന്നു. ഓഹരി മൂലധനം 32 ലക്ഷം രൂപയിൽ നിന്ന് 936 കോടിയായി വളർന്നു. പ്രവർത്തന മൂലധനമാകട്ടെ 92 ലക്ഷം രൂപയായിരുന്നത് 16146 കോടിയായി. ഏതാണ്ട് അവിശ്വസനീയമായ വളർച്ച തന്നെ !

1969 ലെ സഹകരണസംഘം നിയമമാണ് ഇന്നും കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ ആധികാരികമായ നിയമരേഖ. അതനുസരിച്ചു പുറപ്പെടുവിച്ചിട്ടുള്ള സഹകരണസംഘം ചട്ടങ്ങൾ വേറെ. നിയമത്തിന്റേയും ചട്ടങ്ങളുടേയും ഭേദഗതികൾ സമാഹരിച്ചു രേഖപ്പെടുത്തി വച്ചാൽ മാത്രമേ സഹകരണ സംഘങ്ങൾക്കും സഹകാരികൾക്കും സംഘങ്ങളിലെ ആയിരക്കണക്കിന് ജീവനക്കാർക്കും ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയൂ.

നിയമം, ചട്ടങ്ങൾ എന്നിവക്കു പുറമേ ഭരണ തലത്തിലുള്ള നിർദ്ദേശങ്ങൾ (Executive Instructions) കൂടി ചേർന്നാലേ നിയമവ്യവസ്ഥ പൂർണ്ണമാകൂ. അവ ഉപ നിയമം (Subordinate Legislation) എന്ന പേരിലറിയപ്പെടുന്നു. നിയമത്തേക്കാളും ചട്ടങ്ങളേക്കാളുമുപരിയായി സഹകരണ പ്രസ്ഥാനത്തിന് ജീവൻ നൽകുന്നതും അതിന്റെ പ്രവർത്തനങ്ങൾക്ക് മൂല്യവും ശാന്തിയും ശോഭയും നൽകുന്നതും നിയമമനുസരിച്ചു, ചട്ടങ്ങൾക്കനുസൃതമായി സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും സഹകരണ സംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളുമാണ്. ഇത്തരം ആയിരക്കണക്കിന് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കപ്പെട്ടിട്ടുണ്ട്. ''സർക്കുലർ'' ആണ് അവയുടെ സാധാരണ രൂപം. ചിലപ്പോൾ കത്തുകളുടെ രൂപത്തിലും അവ പ്രത്യക്ഷപ്പെടുന്നു.

നിയമത്തിൽ വരുന്ന ഭേദഗതികൾ കുറവാണ്. ചട്ടങ്ങളിൽ വരുന്ന മാറ്റങ്ങളും പുതിയ ചട്ടങ്ങളും എണ്ണത്തിൽ നിയമ ഭേദഗതികളേക്കാൾ കൂടും. സർക്കുലറുകളാകട്ടെ നിരവധിയാണ്. സഹകരണ സംഘം രജിസ്ട്രാർക്ക് അവ അനായാസം പുറപ്പെടുവിക്കാൻ കഴിയും എന്നതാണ് അതിനൊരു പ്രധാന കാരണം.

സംഘങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഏറ്റവും പ്രധാനമാണ് സർക്കുലറുകൾ. അവയ്ക്ക്, അവ ഉൾക്കൊള്ളുന്ന നിർദ്ദേശങ്ങൾക്ക് പ്രയോഗക്ഷമത കൈവരുന്നത് പ്രാഥമിക തലത്തിലുള്ള സംഘങ്ങളിലാണ്. അവയെല്ലാം അക്കമിട്ട് വേർതിരിച്ച് സൂക്ഷിക്കുന്ന വിദഗ്ദ്ധരില്ലെന്നില്ല. പക്ഷേ അത്തരം ശേഖരങ്ങളുടെ ഗുണഫലങ്ങൾ, പ്രാഥമിക സംഘ തലത്തിൽ അനുഭവ വേദ്യമാക്കുക എളുപ്പമല്ല.

അത്തരമൊരു മഹാ സംരംഭമാണ് ''സഹകരണ സർക്കുലർ സമാഹാരം''. സമ്പാദകനായ കെ. ജി. ശശിയും എഡിറ്റർ ജോൺ എം. ചാലക്കലും പ്രസാധകനായ കെ.എൽ.ജെയിംസും ചേർന്ന് രൂപം നൽകിയ ഈ ബൃഹത് ഗ്രന്ഥം സഹകരണ പ്രസ്ഥാനത്തിന്റെ വേദപുസ്തകമായി കണക്കാക്കാവുന്നതാണ്.

വിഷയാനുക്രമത്തിലാണ് സർക്കുലറുകളും ഉത്തരവുകളും ക്രോഡീകരിച്ചിട്ടുള്ളത്. ''രജിസ്ട്രേഷനും ബൈലാ ഭേദഗതി''യുമാണ് ആദ്യ വിഷയം. തുടർന്ന് സംഘങ്ങളുടെ നടത്തിപ്പ്, തെരഞ്ഞെടുപ്പ്, ഫണ്ടുകളുടെ നിക്ഷേപം, ആഡിറ്റ്, മറ്റു നിയമപരമായ കർത്തവ്യങ്ങൾ സഹകരണ ജീവനക്കാര്യവും ജീവനക്കാർക്കുള്ള രജിസ്ട്രാറുടെ നിർദ്ദേശങ്ങളും, സഹകരണ സംഘങ്ങളിലെ ജീവനക്കാര്യം, സംഘങ്ങളുടെ പൊതു ഭരണം, വ്യാപാര പ്രവർത്തനങ്ങൾ എന്നീ ശീർഷകങ്ങളിലാണ് സർക്കുലറുകൾ സജ്ജീകരിച്ചിരിക്കുന്നത്. തൊള്ളായിരത്തോളം പേജുകളുള്ള ഈ വലിയ ഗ്രന്ഥത്തിന്റെ പ്രയോഗ ക്ഷമത വർദ്ധിപ്പിക്കുന്നതാണ് പുസ്തകാന്ത്യത്തിലുള്ള രണ്ട് സൂചികകൾ. ആദ്യത്തേത് വിഷയങ്ങളുടെ ക്രമം പാലിക്കുന്നു. രണ്ടാമതു സൂചികയിൽ സർക്കുലർ നമ്പറുകൾ കാലാനുക്രമത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. 1969 മുതൽ 2001 വരെയുള്ള 33 വർഷക്കാലത്തെ 453 സർക്കുലറുകളാണ് ക്രോഡീകരിച്ചിട്ടുള്ളത്. 1960 മുതൽ 2001 വരെയുള്ള 42 വർഷക്കാലത്തെ 90 സർക്കാർ ഉത്തരവുകളും കത്തുകളും വേറെയുമുണ്ട്.

സഹകാരികൾക്കും സഹകരണ വകുപ്പുദ്യോഗസ്ഥൻമാർക്കും സഹകരണ സംഘം ജീവനക്കാർക്കും അത്യന്തം പ്രയോജനകരമായ ഈ പുസ്തകം സഹകരണ പ്രസ്ഥാനവുമായി ബന്ധമുള്ള, അതിന്റെ പ്രവർത്തനത്തിൽ താൽപ്പര്യമുള്ള എല്ലാവർക്കും ഒഴിച്ചു കൂടാനാകാത്ത ഒരു റഫറൻസ് ഗ്രന്ഥമാണ്. അതിന്റെ നിർമ്മാതാക്കളെ എത്ര അഭിനന്ദിച്ചാലും അധികമാകുമെന്ന് തോന്നുന്നില്ല.

ടി. എൻ. ജയചന്ദ്രൻ ഐ. എ. എസ്.(റിട്ടയേർഡ്)

തിരുവനന്തപുരം — **മുൻ സഹകരണസംഘം രജിസ്ട്രാർ &**

2001 നവംബർ 19 — **മുൻ കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ**

രജിസ്ട്രേഷനും ബൈലോ ഭേദഗതിയും

നമ്പർ സി. എസ്. 1/25210/69 സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, 1970 ജനുവരി 1

സർക്കുലർ നമ്പർ 6/70

വിഷയം: **സഹകരണസംഘങ്ങളിലെ പണച്ചുമതല സംബന്ധിച്ച്.**

പല സംഘങ്ങളിലും നിലവിലുള്ള നിയമാവലിപ്രകാരം പണച്ചുമതല സംഘം പ്രസിഡണ്ടിലോ ഭരണസമിതി തിരഞ്ഞെടുത്ത ഖജാൻജിയിലോ ആണ് നിക്ഷിപ്തമായിരിക്കുന്നത്. വേതനം പററുന്ന സെക്രട്ടറിമാരോ മാനേജർമാരോ ഉള്ള സംഘങ്ങളിൽ പണച്ചുമതല ആ ഉദ്യോഗസ്ഥൻമാരിൽ നിക്ഷിപ്ത മായിരിക്കുമെന്ന് 1969–ലെ കേരള സഹകരണസംഘം റൂൾസ് 47–ാം വകുപ്പ് അനുശാസിക്കുന്നു.

റൂൾസ് പ്രസിദ്ധീകരിച്ച തീയതി മുതൽ മേൽപ്പറഞ്ഞ വ്യവസ്ഥ പ്രാബല്യത്തിൽ വന്നുകഴിഞ്ഞിരിക്കുന്നതിനാൽ സംഘങ്ങളുടെ നിയമാവലിയിൽ 47–ാം നമ്പർ റൂൾ അനുസരിച്ചുള്ള ഭേദഗതികൾ വരുത്തണമെന്ന് താൽപ്പര്യപ്പെടുന്നു.

K. Krishnan Nambiar
സഹകരണസംഘം രജിസ്ട്രാർ

No. V2-63440/82 Office of the Registrar of Co-operative Societies,
Trivandrum, Dated 16-11-1982.

CIRCULAR No.51/82

Sub: **Amendments to Bye-laws of Co-operative Societies-Rejection there of-observing provisions laid down in sub section(4) of section 12 of KCS Act regarding.**

Ref: **HG(2)37801/82 dated, 22-10-1982.**

An instance has come to the notice of the Registrar of Co-operative Societies a Joint Registrar while registering the amendment to the bye-laws of a society rejected certain amendment without assigning any reason. This is irregular. The attention of all the Joint Registrars is drawn to sub section (4) of section 12 of the Co-operative Society Act in which it is laid down that where the Registrar refuses to register an amendment of the bye-laws of a society, he shall communicate the order of refusal, together with the reasons therefore, within seven days of the order to the society.

Joint Registrars are requested to strictly adhere to the above provision while rejecting the amendments.

The receipt of this circular shall be acknowledged.

K. M. Balakrishnan
Registrar of Co-operative Societies

No.V (2)41162/83 — Office of the Registrar of Co-operative Societies, Trivandrum, 89-1983

CIRCULAR No. 49/83

Sub: **Keeping the registered bye-laws with up-to- date amendments in tact- Instructions issued.**

It has come to the notice of the Registrar that the registered bye-laws of societies with up-to-date amendments are not being properly kept in the office of the registering authorities. As per rule 11(2) of the rules framed under the K.C.S. Rules, it is the statutory duty of the registering authority to keep the registered bye-laws and its amendments in tact. The Joint Registrars are therefore requested to see that all the bye-laws of the societies registered are kept in their offices arranged serially in the order of its register number after filing the upto date amendments in the concerned bye-laws.

The Joint Registrars will acknowledge receipt of this circular immediately. Action taken in this regard will also be reported.

K. M. Balakrishnan
Registrar of Co-operative Societies

നമ്പർ ജി. 4316/86. — സഹകരണസംഘം രജിസട്രാർ ആഫീസ് തിരുവനന്തപുരം, 1986 ഫെബ്രുവരി, 5

സർക്കുലർ നമ്പർ 7/86

വിഷയം: **സഹകരണസംഘങ്ങളുടെ രജിസ്ട്രേഷനും നിയമാവലിയുടെ ഭേദഗതിയും– തൽസംബന്ധമായ വിവരങ്ങൾ സഹകരണ ചട്ടം 11–ൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം 4–ാം നമ്പർ ഫാറത്തിൽ എഴുതി സൂക്ഷിക്കൽ– നിർദ്ദേശം നല്കുന്നു.**

1969–ലെ കേരള സഹകരണ ചട്ടങ്ങളിലെ 11–ാം ചട്ടമനുസരിച്ച് സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യുമ്പോഴും അവയുടെ നിയമാവലി ഭേദഗതി

രജിസ്ട്രേഷനും ബൈലോ ഭേദഗതിയും

രജിസ്റ്റർ ചെയ്യുമ്പോഴും തൽസംബന്ധമായ വിവരങ്ങൾ പ്രസ്തുത ചട്ടത്തിൽ നിർദ്ദേശിച്ചിരിക്കും പോലെ 4–ാം നമ്പർ ഫാറത്തിൽ ഉള്ള ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. എന്നാൽ അതിപ്രധാനമായ ഈ രജിസ്റ്റർ പല ജോയിന്റ് രജിസ്ട്രാർ ആഫീസുകളിലും വേണ്ടവിധത്തിൽ എഴുതി സൂക്ഷിച്ചുവരുന്നില്ലെന്ന് ജോയിന്റ് രജിസ്ട്രാർമാരുടെ ആഫീസുകളുടെ പരിശോധനയിൽ ബോദ്ധ്യപ്പെട്ടിരിക്കുന്നു. ജോയിന്റ് രജിസ്ട്രാർ ആഫീസുകളിൽ 4..ാം നമ്പർ ഫാറത്തിൽ ഒരു രജിസ്റ്റർ എഴുതി സൂക്ഷിച്ചു വരുന്നുണ്ടെങ്കിലും അതിൽ എല്ലാ കോളങ്ങളും ഇല്ലാത്തതാണെന്നു കാണുന്നു. ചില . ജോയിന്റ് രജിസ്ട്രാർ ആഫീസുകളിൽ സംഘത്തിന്റെ നിയമാവലിയുടെ ഭേദഗതിയെ സംബന്ധിച്ചുള്ള വിവരങ്ങൾ 4–ാം നമ്പർ ഫാറത്തിലുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി കാണുന്നില്ല. അതിന് പകരം നിയമാവലിയുടെ ഭേദഗതിയെ സംബന്ധിച്ച വിവരങ്ങൾ മറ്റൊരു രജിസ്റ്ററിൽ നിയമാവലി ഭേദഗതി രജിസ്റ്റർ ചെയ്തു വരുന്ന ക്രമമനുസരിച്ചു രേഖപ്പെടുത്തി വരുന്നതായി കാണുന്നു. ഇതു കാരണം ഒരു സംഘത്തിന്റെ നിയമാവലിയിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോയെന്നു പെട്ടെന്ന് കണ്ടുപിടിയ്ക്കുവാൻ കഴിയുകയില്ല. ഭേദഗതി വിവരം ചേർത്ത രജിസ്റ്റർ ആദ്യം മുതൽ അവസാനം വരെ മറിച്ചു നോക്കേണ്ടി വരുന്നു. തൻമൂലം രജിസ്റ്റർ എന്തിനുവേണ്ടി സൂക്ഷിക്കുന്നോ ആ ഉദ്ദേശം തന്നെ ഇല്ലാതാകുന്നു. ഒരു സംഘത്തിന്റെ രജിസ്ട്രേഷൻ, നിയമാവലി ഭേദഗതികളുടെ രജിസ്ട്രേഷൻ, ലിക്വിഡേഷൻ, ഉത്തരവുകളുടെ വിവരങ്ങൾ എന്നിവ 4..ാം നമ്പർ ഫാറത്തിലുള്ള ഡേ രജിസ്റ്ററിൽ തന്നെ സൂക്ഷിക്കേണ്ടതാണ്. രജിസ്റ്റർ, ബയന്റ് ചെയ്ത് സൂക്ഷിക്കാത്തതുമൂലം രജിസ്റ്ററിലെ പേജുകൾ കീറി പോയിരുന്നതായും കാണുന്നു. മേൽ പ്രസ്താവിച്ചിരിക്കുന്ന സാഹചര്യത്തിൽ താഴെ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു കൊള്ളുന്നു.

1. എല്ലാ ജോയിന്റ് രജിസ്ട്രാർമാരും 1969..ലെ കേരള സഹകരണ ചട്ടങ്ങളിലെ 11–ാം ചട്ടത്തിൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ 4–ാം നമ്പർ ഫാറത്തിൽ കോളങ്ങളിൽ യാതൊരു വ്യത്യാസവും വരുത്താതെ സംഘം രജിസ്ട്രേഷൻ,നിയമാവലി ഭേദഗതികളുടെ രജിസ്ട്രേഷൻ, ലിക്വിഡേഷൻ ഉത്തരവുകൾ എന്നീ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്. എല്ലാ കോളങ്ങളിലും ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിരിയ്ക്കണം. നിർദ്ദിഷ്ട കോളങ്ങളിൽ ജോയിന്റ് രജിസ്ട്രാറുടെ ഒപ്പടയാളം വയ്ക്കേണ്ടതുമാണ്.

2. ഭേദഗതിയെ സംബന്ധിച്ചുള്ള വിവരങ്ങൾ 4–ാം നമ്പർ ഫാറത്തിലുള്ള അതേ രജിസ്റ്ററിൽ നിശ്ചിതയിടത്തിൽ തന്നെ രേഖപ്പെടുത്തേണ്ടതാണ്. ഇതിനായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടത് ആവശ്യമില്ല.

3. കൂടെക്കൂടെ കൈകാര്യം ചെയ്യേണ്ടതും സ്ഥിരമായി സൂക്ഷിക്കേണ്ടതുമായ രജിസ്റ്റർ ആകയാൽ (4–ാം നമ്പർ ഫാറത്തിലുള്ള രജിസ്റ്റർ) ഇത് അച്ചടിച്ച് ശരിയായി ബയന്റ് ചെയ്തു സൂക്ഷിക്കേണ്ടതുമാണ്.

4. പുതുതായി ഒരു സംഘം രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ രജിസ്റ്റർ ചെയ്യൽ ലഭിച്ച അപേക്ഷയും അനുബന്ധങ്ങളും ബൈലായും ഉൾപ്പെടെയുള്ള ഫയലിൽ തീർപ്പാക്കി പ്രത്യേകം സൂക്ഷിക്കേണ്ടതും തുടർന്നുണ്ടാകുന്ന ഭേദഗതികൾക്ക് ഈ ഫയലിൽ ചേർക്കേണ്ടതുമാണ്. ബൈലാ ഭേദഗതിയെ സംബന്ധിച്ച ഫയൽ തീർപ്പ് മുമ്പ് ഭേദഗതി ചെയ്ത ബൈലായുടെ പകർപ്പ് ഈ ആർ. ഡിസ്. ഫയലിൽ ചേർത്തു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

കെ. വി. ഹരികൃഷ്ണൻ നായർ
സഹകരണസംഘം രജിസ്ട്രാർ

നമ്പർ ജി. 19317/86.

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, 1986 ജൂൺ 27

സർക്കുലർ നമ്പർ 24/86

വിഷയം: **സഹകരണസംഘങ്ങൾ–ഭരണസമിതി തെരഞ്ഞെടുപ്പിനുവേണ്ടി പൊതുയോഗം വിളിച്ചുകൂട്ടൽ–അംഗങ്ങൾക്ക് നോട്ടീസ് നൽകുന്നത് ദിനപ്പത്രത്തിൽ പരസ്യം ചെയ്യുന്നതിലേക്കായി ബൈലാ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകുന്നു.**

സൂചന: **സർക്കാരിന്റെ 13–11–1985ലെ എം.എസ്.നമ്പർ 12/85 കോ–ഓപ്പ് നമ്പർ വിജ്ഞാപനം.**

സൂചനയിൽ കാണുന്ന വിജ്ഞാപനം അനുസരിച്ച് 1969ലെ കേരളാ സഹകരണ സംഘം ചട്ടത്തിലെ 35–ാം ചട്ടത്തിലെ 3–ാം ഉപ ചട്ടത്തിലെ (എ) ഖണ്ഡത്തിനു ഭേദഗതി വരുത്തുകയും ഒരു സംഘത്തിന്റെ ഭരണസമിതി തെരഞ്ഞെടുപ്പിനെ സംഭബന്ധിച്ചുള്ള വരണാധികാരിയുടെ അറിയിപ്പ് പ്രചുരപ്രചാരമുള്ള സ്വഭാഷയിലുള്ള രണ്ടു ദിനപത്രത്തിൽ പരസ്യം ചെയ്താലും മതിയാകുമെന്നുള്ള ഭേദഗതികൂടി കൂട്ടിച്ചേർക്കുകയും ചെയ്തിരുന്നു. വളരെ കൂടുതൽ അംഗങ്ങൾ ഉള്ള സംഘങ്ങളിൽ ഓരോരുത്തർക്കും നേരിട്ടോ അല്ലെങ്കിൽ തപാൽ മുഖാന്തിരമോ പ്രത്യേകം പ്രത്യേകം നോട്ടീസ് അയക്കുന്നത് സംഘങ്ങൾക്ക് കൂടുതൽ സാമ്പത്തികഭാരം വരുത്തിവക്കുകയും സമയനഷ്ടവും മറ്റ് പ്രയാസങ്ങളും വരുത്തിവക്കുമെന്നും കണ്ടതുകൊണ്ടാണ് ടി ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. 1969ലെ കേരളാ സഹകരണസംഘം നിയമത്തിലെ 29 (1) (ബി) വകുപ്പിലെ വ്യവസ്ഥ അനുസരിച്ച് ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുക്കേണ്ട ചുമതല സംഘത്തിന്റെ പൊതുയോഗത്തിൽ അർപ്പിക്കപ്പെട്ടിരിക്കുന്നു. ആയതിനാൽ സംഘത്തിന്റെ ഭരണസമിതി തെരഞ്ഞെടുപ്പു നടത്തുന്നതിലേക്കായി പൊതുയോഗം വിളിച്ചുകൂട്ടുന്നതിനുള്ള നോട്ടീസ് വരണാധികാരിയുടെ അറിയിപ്പിനോടൊപ്പം അയയ്ക്കേണ്ടതുണ്ട്. ബൈലാ ഭേദഗതി ഒഴിച്ചുള്ള കാര്യങ്ങളിൽ, പൊതുയോഗം വിളിച്ചുകൂട്ടുന്നതിലേക്കായി എപ്രകാരം നോട്ടീസ് അയക്കണമെന്ന് അതാതു സംഘങ്ങളുടെ ബൈലായിലാണ് വ്യവസ്ഥ ചെയ്തിരിക്കേണ്ടത്. പൊതുയോഗം

കൂടുന്ന വിവരം പത്രപരസ്യം വഴി അംഗങ്ങളെ അറിയിച്ചാൽ മതി എന്ന് ബൈലായിൽ വ്യവസ്ഥയില്ലാത്ത സംഘങ്ങളുടെ ഭരണസമിതിയിലേക്കുള്ള തിരഞ്ഞെടുപ്പിനു ചട്ടം 35-ൽ വരുത്തിയ ഭേദഗതിക്കുശേഷവും തിരഞ്ഞെടുപ്പ്പൊതുയോഗം കൂടുന്നവിവരത്തിന് ബൈലായിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പോലെ വ്യക്തിപരമായി അംഗങ്ങൾക്ക് നോട്ടീസ് നൽകേണ്ടതുണ്ട്. അതായത് അപ്രകാരമുള്ള സംഘങ്ങൾക്ക് ചട്ടം 35 ഭേദഗതി ചെയ്തതിന്റെ ഫലം ലഭിക്കണമെങ്കിൽ പൊതുയോഗം വിളിച്ചുകൂട്ടുന്നതിനുള്ള നോട്ടീസ്, വരണാധികാരിയുടെ അറിയിപ്പിനെപ്പോലെതന്നെ ദിനപത്രങ്ങളിൽ പരസ്യം ചെയ്താൽ മതിയാകുമെന്നരീതിയിൽ സംഘത്തിന്റെ ബൈലായിൽ വ്യവസ്ഥ ചെയ്യേണ്ടതുണ്ട്.

മേൽ പ്രസ്താവിച്ചിരിക്കുന്ന സാഹചര്യത്തിൽ ഭരണസമിതി തെരഞ്ഞെടുപ്പിനെ സംബന്ധിച്ചുള്ള വരണാധികാരിയുടെ അറിയിപ്പ് പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തി അംഗങ്ങളെ തെര്യപ്പെടുത്തിയാലും മതിയെന്ന് സഹകരണ ചട്ടം 35-ൽ വരുത്തിയ ഭേദഗതിയുടെ ഗുണഫലം ലഭിക്കണമെന്ന് ആഗ്രഹിക്കുന്ന സംഘങ്ങൾ, പ്രസ്തുത പൊതുയോഗം വിളിച്ചുകൂട്ടുന്നതിനുമുള്ള നോട്ടീസ് ആ പ്രദേശത്ത് പ്രചുര പ്രചാരമുള്ളതും സ്വഭാഷയിലുള്ളതുമായ രണ്ട് ദിനപത്രങ്ങളിൽ പരസ്യം ചെയ്താലും മതിയെന്ന് അവകളുടെ ബൈലായിൽ വ്യവസ്ഥ കൊണ്ടുവരേണ്ടതുണ്ട്.സംഘങ്ങളുടെ ബൈലാകളിൽ താഴെപ്പറയുംവിധം ഒരു വ്യവസ്ഥ ഉൾപ്പെടുത്തുവാൻ ഉപദേശിക്കുന്നു.

''ഒരു പൊതുയോഗത്തിന്റെ നോട്ടീസ് അംഗങ്ങൾക്ക്

(1) നോട്ടീസ് ബുക്ക് സർക്കുലേറ്റ് ചെയ്യുകയും അതിൽ അംഗങ്ങളുടെ ഒപ്പുകൾ വാങ്ങുകയും ചെയ്തുകൊണ്ടോ: അല്ലെങ്കിൽ

(2) നോട്ടീസ് പോസ്റ്റിംഗ് സർട്ടിഫിക്കറ്റിന്റെ കീഴിൽ തപാൽ മാർഗം അയച്ചുകൊടുത്തുകൊണ്ടോ; അല്ലെങ്കിൽ

(3) സ്ഥലത്ത് പ്രചുരപ്രചാരമുള്ള ഏതെങ്കിലും രണ്ട് സ്വഭാഷയിലുള്ള ദിനപത്രങ്ങളിൽ നോട്ടീസ് പ്രസിദ്ധം ചെയ്തുകൊണ്ടോ നടത്താവുന്നതാണ്''.

മേൽ പ്രസ്താവിച്ചിരിക്കുന്ന വ്യവസ്ഥകൾ ബൈലായിൽ ഇല്ലാത്തപക്ഷം അത്തരം സംഘങ്ങൾക്ക്, അതിനുള്ള ഭേദഗതി വരുത്തുവാനായി, ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ നിർദ്ദേശം നൽകേണ്ടതാണ്.

കെ. വി. നമ്പ്യാർ
സഹകരണസംഘം രജിസ്ട്രാർ

നമ്പർ.ജി. 44866/87.

സഹകരണസംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 1987 ആഗസ്റ്റ് 25

സർക്കുലർ നമ്പർ 37/87

വിഷയം: **സംഘങ്ങളുടെ രജിസ്ട്രേഷൻ ബൈലാ ഭേദഗതി രജിസ്റ്റർ ചെയ്യുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ**

സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ലഭിച്ചാൽ അവകൾ കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം രജിസ്ട്രാർ തീർപ്പാക്കേണ്ടതാണെന്ന് 1969 ലെ കേരള സഹകരണസംഘം നിയമത്തിലെ 7–ാം വകുപ്പിലെ (3)–ാം ഉപവകുപ്പിൽ നിർദ്ദേശിച്ചിട്ടുണ്ടല്ലോ. അതുപോലെതന്നെ സംഘങ്ങളുടെ ബൈലാ ഭേദഗതികൾക്കുള്ള അപേക്ഷകളിൻമേലും തീരുമാനമെടുക്കേണ്ടതാണെന്ന് ടി നിയമത്തിലെ 12–ാം വകുപ്പിലും 1969..ലെ കേരള സഹകരണസംഘം ചട്ടങ്ങളിലെ 9–ാം ചട്ടത്തിലും വ്യവസ്ഥ ചെയ്തിരിക്കുന്നു. ബൈലാ ഭേദഗതികൾ രജിസ്റ്റർ ചെയ്തു നൽകുന്നതിനു ക്ലിപ്തമായ സമയപരിധി നിയമത്തിൽ പ്രത്യേകം എടുത്തുപറഞ്ഞിട്ടില്ലെങ്കിലും 7–ാം വകുപ്പിലെ ഇതു സംബന്ധിച്ചുള്ള സമയപരിധി ഇക്കാര്യത്തിലും ബാധകമാണ്.

(2) സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനു വേണ്ടി സമർപ്പിച്ചിരിക്കുന്ന അപേക്ഷകളും ബൈലാ ഭേദഗതികൾ രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷകളും തീർപ്പാക്കുന്നതിൽ ജോയിന്റ് രജിസ്ട്രാർ ആഫീസുകളിൽ അകാരണവും അക്ഷന്തവ്യവുമായ കാലതാമസം ഉണ്ടായിക്കൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. രജിസ്ട്രേഷനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷകളിലെ ന്യൂനതകളും പോരായ്മകളും ഒരു പരിധിവരെ കാലതാമസം ഉണ്ടാകുന്നതിന് ഇടയാകാമെങ്കിലും അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസുകളിലും ജോയിന്റ് രജിസ്ട്രാർ ആഫീസുകളിലും ഇക്കാര്യത്തിൽ കുറെകൂടി സമയനിഷ്ഠതയും വേഗതയും കാണിച്ചാൽ രജിസ്ട്രേഷനുള്ള അപേക്ഷകൾ ശീഘ്രഗതിയിൽ തീർപ്പാക്കാൻ കഴിയുന്നതാണ്. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

(1) സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ സഹകരണ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നപോലെ അവ കൈപ്പറ്റിയ തീയതി മുതൽ പരമാവധി മൂന്നു മാസത്തിനുള്ളിൽ തന്നെ തീർപ്പാക്കാൻ ജോയിന്റ് രജിസ്ട്രാർമാർ ശ്രദ്ധിക്കേണ്ടതാണ്.

(2) അതേപോലെ തന്നെ സഹകരണ സംഘങ്ങളുടെ ബൈലാകൾ ഭേദഗതി ചെയ്യുന്നതിനുള്ള അപേക്ഷകൾ അവ കൈപ്പറ്റിയ തീയതി മുതൽ പരമാവധി മൂന്നു മാസത്തിനകം ജോയിന്റ് രജിസ്ട്രാർമാർ തീർപ്പാക്കേണ്ടതാണ്.

രജിസ്ട്രേഷനും ബൈലോ ഭേദഗതിയും

(3) സംഘം രജിസ്ട്രേഷനും ബൈലാ ഭേദഗതിക്കുമുള്ള അപേക്ഷകൾ അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസിലാണ് ലഭിക്കുന്നതെങ്കിൽ അവ കൈപ്പറ്റിയ തീയതി മുതൽ പരമാവധി രണ്ടാഴ്ചക്കുള്ളിൽ അസിസ്റ്റന്റ് രജിസ്ട്രാറുടെ വ്യക്തമായ റിപ്പോർട്ടു സഹിതം ജോയിന്റ് രജിസ്ട്രാർ ആഫീസിലേക്ക് മേൽനടപടിക്കായി അയച്ചു കൊടുക്കേണ്ടതാണ്. അതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ ജോയിന്റ് രജിസ്ട്രാർ ആവശ്യമായ ശിക്ഷണ നടപടികൾ കൈക്കൊള്ളുകയോ ഈ ആഫീസിലേക്ക് വിശദമായ വിവരങ്ങൾ സഹിതം അറിയിക്കുകയോ ചെയ്യേണ്ടതാണ്.

(4) രജിസ്ട്രേഷനുള്ള അപേക്ഷകൾ ജോയിന്റ് രജിസ്ട്രാർ ആഫീസിൽ ലഭിച്ചാൽ ഒരാഴ്ചക്കുള്ളിൽ ജോയിന്റ് രജിസ്ട്രാർ ആഫീസുകളിലെ ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാറുടെ ഉത്തരവാദിത്വത്തിൽ അവ സൂക്ഷ്മമായി പരിശോധിക്കപ്പെട്ട് വ്യക്തമായ അഭിപ്രായം കുറിപ്പു ഫയലിൽ രേഖപ്പെടുത്തി ജോയിന്റ് രജിസ്ട്രാറുടെ തീരുമാനത്തിനായി സമർപ്പിക്കേണ്ടതാണ്.

(5) രജിസ്ട്രേഷനുള്ള അപേക്ഷകളിലെ എന്തെങ്കിലും ന്യൂനതകളും പോരായ്മകളും അവ പരിഹരിക്കപ്പെടാവുന്നതാണെന്നു കാണുകയാണെങ്കിൽ നിർദ്ദിഷ്ട സംഘത്തിന്റെ ചീഫ് പ്രമോട്ടർക്കോ അല്ലെങ്കിൽ സംഘത്തിന്റെ ഭാരവാഹികൾക്കോ ഒരു ക്ലിപ്ത സമയത്തിനുള്ളിൽ അവ പരിഹരിക്കേണ്ടതാണെന്നു നിർദ്ദേശം നൽകേണ്ടതും അപ്രകാരം പരിഹരിക്കുന്നില്ലെങ്കിൽ അക്കാരണത്താൽ തന്നെ അപേക്ഷ തള്ളിക്കളയുന്നതാണെന്നും അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ ന്യൂനതകൾ പരിഹരിക്കുന്നില്ലെങ്കിൽ അക്കാരണത്താൽ തന്നെ രജിസ്ട്രേഷനുള്ള അപേക്ഷ തള്ളിക്കളയാവുന്നതാണോയെന്നു ജോയിന്റ് രജിസ്ട്രാർ പരിശോധിക്കേണ്ടതാണ്.

(6) ഈ സർക്കുലർ കൈപ്പറ്റിയ വിവരം അറിയിക്കേണ്ടതാണ്.

കെ. ജെ. തോമസ്
അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

No.G/59642/87. Office of the Registrar of Co-operative Societies, Trivandrum, 27-10-1987

CIRCULAR No.54/87

Sub: **Co-operative Societies at Primary Level-Registration by Joint Registrars-Prior consultation with Registrar-Further instructions issued**

1. At present proposals for registration of all types of Co-operative Societies (except College and School Co-operative Societies) are referred to Registrar by the Joint Registrars seeking prior permission for registration. Since the

Joint Registrars are not furnishing full details about the proposed societies as required under the K.C.S.Act and Rules and standing instructions of Registrar, in many cases, the proposals have to be sent back to the Joint Registrars for clarifications or for furnishing the additional details. In many cases, the Joint Registrars have not been prompt in furnishing the details nor in sending comprehensive replies. This causes unnecessary delay in the registration of the societies.

2. Under section 7 (3) of the Kerala Co-operative Societies Act, an application for registration of a society is to be disposed of within three months from the date of its receipt. This condition cannot generally be complied with under the present arrangement. The original idea of insisting prior permission of Registrar was to see the societies are not registered indiscriminately without satisfying the various aspects of the question by Joint Registrars and that a scrutiny at a higher level will help in taking a proper decision.

3. The question was discussed in all aspects in the recent conference of Joint Registrars held on 20-10-1987 at Trivandrum. The Joint Registrars were generally of the view that if clear guidance are issued there will be no necessity for seeking prior permission of Registrar. A few Joint Registrars were, however of the view that the present arrangement of obtaining prior permission of Registrar may continue.

4. The Joint Registrars have been conferred by Government with all the powers of Registrar. This is with a view to decentralising of powers, so that statutory and official business is disposed of with utmost expedition. Moreover, the Registration of a society is done as per the delegated statutory power to be exercised by those on whom this has been conferred by Government

5. Considering all aspects of the question and, in the above circumstances, it is decided that prior permission of Registrar need not be sought for registration of societies at primary level by the Joint Registrars and accordingly, and in supersession of the circulars in this regard, the following instructions are issued to the Joint Registrars.

(a) For registration of Co-operative societies at the primary level, prior permission of Registrar is not necessary. However in cases of prior concurrence of other agencies like NABARD, Reserve Bank of India etc., (for example

registration of Primary Co-operative Agricultural Development Banks, Urban Banks etc.) is required, such proposals should be referred to this office. Similarly proposals of those societies the area of operation of which extend to or exceeds one district shall be referred to Registrar for concurrence before registration.

(b) The condition specified in clauses (a) to (e) of section 7 (1) of K.C.S.Act and Rule 3 of the Rules should be fully satisfied by Joint Registrars.

(c) As stipulated in section 4 of the Act, the objects of the proposed society should be the promotion of the economic interests of its members or of the interests of the public in accordance with Co-operative principles. .

(d) There should be no overlapping in the area of operation of the proposed society and that of another society of similar type (section 7 (1) (c)). While considering this aspect what is essentially to be looked into is the scope for successful functioning of the society in the proposed area of operation as per its bye-laws and scheme. The mere existence of a dormant society of similar type in the same area should not be the only reason for refusing registration of a new society if there is ample scope for its successful working. Whether the existing society in the area of operation with similar objects functions properly, whether any delimitation in the area of operation is necessary, whether any real necessity for another society is felt, are factors to be considered by Joint Registrar in detail. If the Joint Registrar is fully satisfied that there is scope for the successful working of another society in any part of the same area, Joint Registrar may consider registration of the new society, after ensuring amendment of bye-laws of the existing societies delimiting its area of operation suitably. However, the Joint Registrar should also ensure that registration of the new society should not affect the smooth working and viability of the existing society.

(e) In the case of housing co-operatives, hospital societies and tourism societies exemption from section 7 (1) (c) of the K.C.S.Act has been granted by Government. However, even in such cases, care should be taken by Joint Registrar to see that there is ample scope and need for such new societies.

(f) The technical, economical and financial feasibility of the functioning of the proposed society should be fully satisfied by Joint Registrars before registration.

(g) The bye-laws of the proposed society should be in conformity with the provisions in the K.C.S.Act, Rules, standing instructions of Registrar and model

bye-laws circulated. No provision should be contrary or repugnant to any of the provisions in the K.C.S.Act and Rules thereunder. The practice of adopting outdated bye-laws which are not in conformity with the provisions in the Act and Rules as amended from time to time, should not be followed

(h) The collection of initial share capital for the proposed society should be permitted only after organization of the society is decided upon by the Joint Registrar. Where proposal for organization of a new society is under consideration, another application for registration of a similar type of society in the same area can be entertained only on merits.

(i) Owing to any special characteristics of a proposed society or by any other reason the Joint Registrars have any genuine doubt on any aspect particularly about the successful scope of its functioning, constitution, other provisions in the bye-laws etc. the Joint Registrars are at liberty to seek clarification or advice from Registrar of Co-operative Societies before deciding to register the society.

(j) The exercise of the power under the K.C.S.Act and Rules should be with utmost caution and care. The approach should be judicious and the decisions taken be fare and just. The Joint Registrars should examine all aspects of the issue before taking decision on applications for organization/registration of societies.

U. Jayanarayanan
Registrar of Co-operative Societies

നമ്പർ ജി. 13724/93

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, 1993 മാർച്ച് 26

സർക്കുലർ നമ്പർ 18/93.

വിഷയം: **സഹകരണവകുപ്പ് ബൈലാ ഭേദഗതി സംബന്ധിച്ച നിർദ്ദേശങ്ങൾ.**

സൂചന: **രജിസ്ട്രാറുടെ 37/87–ാം നമ്പർ സർക്കുലർ.**

സഹകരണസംഘങ്ങളുടെ ബൈലാ ഭേദഗതി അപേക്ഷയിൻമേൽ, അടിയന്തിര നടപടികൾ, സമയബന്ധിതാടിസ്ഥാനത്തിൽ കൈക്കൊണ്ട്, ഭേദഗതികൾ രജിസ്റ്റർ ചെയ്യണമെന്ന് സൂചന സർക്കുലർ പ്രകാരം വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിരുന്നു. എന്നാൽ പല ജോയിന്റ് രജിസട്രാർമാരും ടി നിർദ്ദേശം യഥാവിധി പാലിക്കുന്നതിൽ അനാസ്ഥ കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. മാത്രമല്ല രജിസ്ട്രാർ രജിസ്റ്റർ ചെയ്യേണ്ട ഭേദഗതി നിർദ്ദേശങ്ങൾ പോലും ജോയിന്റ് രജിസ്ട്രാർ ആഫീസിൽനിന്ന്, ശുപാർശ ചെയ്ത്

രജിസ്ട്രേഷനും ബൈലോ ഭേദഗതിയും

ഈ ആഫീസിലേക്ക് സമർപ്പിക്കാതിരിക്കുക വഴി, യഥാസമയം ഭേദഗതി ചെയ്യുവാൻ കഴിയാത്ത അവസ്ഥ ഉണ്ടാവുകയും, അനാവശ്യമായ വ്യവഹാരങ്ങൾക്ക് ഇടയാവുകയും ചെയ്തിട്ടുണ്ട്.

സൂചന സർക്കുലറിന്റെ സമയപരിധി കർശനമായി പാലിക്കുന്നുണ്ടെന്ന് എല്ലാ ജോയിന്റ് രജിസ്ട്രാർമാരും അസിസ്റ്റന്റ് രജിസ്ട്രാർമാരും നിർബന്ധമായും ഉറപ്പുവരുത്തേണ്ടതാണെന്ന് ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു. അതോടൊപ്പം സർക്കിൾ സഹകരണ യൂണിയന്റേയും ധനകാര്യബാങ്കിന്റേയും അഭിപ്രായത്തിനായി ഭേദഗതി രജിസ്റ്റർ ചെയ്യാതിരിക്കുകയും ചെയ്യുന്ന പ്രവണത അവസാനിപ്പിക്കേണ്ടതാണ്. സർക്കിൾ സഹകരണ യൂണിയന്റേയും ധനകാര്യബാങ്കിന്റേയും അഭിപ്രായത്തിനായി അയച്ചു കൊടുക്കുന്ന നിർദ്ദേശത്തിൻമേൽ, അഭിപ്രായം ഒരു നിശ്ചിത സമയപരിധിക്കകം നൽകണമെന്ന് നിർദ്ദേശിക്കുകയും, ടി പരിധിക്കകം അഭിപ്രായം ലഭിക്കാഞ്ഞാൽ, ഭേദഗതി രജിസ്റ്റർ ചെയ്യുന്നതിന് എതിരഭിപ്രായം ഇല്ല എന്ന നിഗമനത്തിൽ രജിസ്റ്റർ ചെയ്യുന്നതാണെന്നും അറിയിക്കേണ്ടതാണ്. ടി നിശ്ചിത പരിധി യാതൊരു കാരണവശാലും, 2 മാസത്തിൽ അധികരിക്കാൻ പാടുള്ളതല്ല ടി രണ്ടുമാസത്തിനകം സർക്കിൾ സഹകരണ യൂണിയന്റേയും ധനകാര്യ ബാങ്കിന്റേയും അഭിപ്രായം ലഭിക്കുന്നില്ലെങ്കിൽ ഇക്കാര്യത്തിൽ മേൽ സ്ഥാപനങ്ങൾക്ക് എതിരഭിപ്രായം ഇല്ല എന്ന നിഗമനത്തിൽ ഭേദഗതി നിയമാനുസൃതമാണെങ്കിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. സഹകരണ സംഘങ്ങളുടെ ബൈലാകൾ ഭേദഗതി ചെയ്യുന്നതിനുള്ള അപേക്ഷകൾ അവ കൈപ്പറ്റിയ തീയതി മുതൽ പരമാവധി മൂന്നുമാസത്തിനകം തീർപ്പാക്കേണ്ടതാണെന്ന സൂചനയിലെ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

സഹകരണസംഘം രജിസ്ട്രാർ രജിസ്റ്റർ ചെയ്യേണ്ട ബൈലാ ഭേദഗതി അപേക്ഷകൾ ജോയിന്റ് രജിസ്ട്രാർ ആഫീസിൽ നൽകിയാൽ പരമാവധി ഒരു മാസത്തിനകം ആവശ്യമായ ശുപാർശ സഹിതം രജിസ്ട്രാർക്കു സമർപ്പിക്കേണ്ടതാണ്.

സംഘം സമർപ്പിച്ച അപേക്ഷകളിൻമേൽ എന്തെങ്കിലും ന്യൂനതകളുള്ള പക്ഷം, നിശ്ചിത സമയപരിധിക്കകം ആയവ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട സംഘത്തിന് നിർദ്ദേശം നൽകുന്നതിനും, ആയവ യഥാസമയം സംഘം സമർപ്പിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതുമാണ്.

എല്ലാ ജോയിന്റ് രജിസ്ട്രാർമാരും ഇക്കാര്യം കർശനമായി പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ഇക്കാര്യത്തിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർമാരും മറ്റു വകുപ്പുദ്യോഗസ്ഥൻമാരും അലംഭാവം പുലർത്തുന്നില്ല എന്നു ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥൻമാർക്കെതിരെ കർശനമായ ശിക്ഷാ നടപടികൾ കൈക്കൊള്ളുന്നതാണെന്നും ഓർമ്മപ്പെടുത്തുന്നു.

വി. എസ്. സെന്തിൽ
സഹകരണസംഘം രജിസ്ട്രാർ

No.13724/93/G. Office of the Registrar of Co-operative Societies,
Thiruvananthapuram, 1-4-1993

CIRCULAR NO. 22/93

Sub: **Co-operative department- paid up share capital surpassing the Authorised Share Capital- Timely amendment of bye-law instructions-regarding.**

The Authorised Share Capital of a Co-operative society as provided in its bye-law is the maximum amount up to which it can mobilize the Share Capital and therefore its paid up Share Capital shall not exceed the Authorised Share Capital. However, it has come to notice that in the case of certain Co-operative institutions the paid up Share Capital has already been exceeded their authorised Share Capital being members admitted and shares have been allotted to them, even though the society has no further shares to allot to its members. This has caused problems making the members so admitted ineligible to the rights of a member and lead to unnecessary litigation.

The bye-laws of a co-operative society/Bank constitute a contract between the society and its members in respect of their rights and liabilities. And accordingly apart from the other matters specified in the bye-laws the Board of Directors have no right to allot new shares and admit new members, exceeding the limit presented in the bye-laws without amending the bye-laws for increasing the Authorised Share Capital.

Every co-operative societies in the state are therefore instructed that they shall ensure that their paid up Share Capital does not exceed the Authorised Share Capital. In case if the paid up Share Capital of a society is nearing the Authorised Capital, the Board of Directors should take early steps to get the bye-laws suitably amended increasing the Authorised Share Capital. The Chief Executives/Secretaries of the Societies/Banks/all societies shall immediately verify the paid up capital collected so far and ensure that the amount will not exceed the Authorised Share Capital prescribed in the bye-laws.

The inspecting officers of the Department and financing institutions as well as the Auditors should verify the fact, when they visit the societies, as to whether the paid up Share Capital crossed the Authorised Share Capital, and if such irregularities are noticed, the fact should urgently be brought to the notice of the

Board of Directors/Chief Executives of the institutions concerned under intimation to the Controlling Officers. The Controlling Officers should ensure that the office bearers of the societies are taking steps to amend the bye-laws urgently.

It is further informed that if the Committee or the Chief Executive of a society fail to convene the general body meeting to consider the bye-law amendments to increase the Authorised Share Capital in time, they will be held responsible and suitable actions will be initiated.

The receipt of the circular should be acknowledged.

V. S. Senthil
Registrar of Co-operative Societies

നമ്പർ ജി. (1) 2958/2000 സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, 24–1–2000

സർക്കുലർ നമ്പർ 8/2000

വിഷയം: **സഹകരണ വകുപ്പ്–1999–ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമം–സഹകരണസംഘം രജിസ്ട്രേഷൻ, നിയമാവലി ഭേദഗതി ചെയ്യൽ, അംഗത്വം നൽകൽ എന്നിവ സംബന്ധിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിക്കേണ്ട കാര്യങ്ങൾ–നിർദ്ദേശം പുറപ്പെടുവിക്കുന്നു.**

സൂചന: 1. **1999–ലെ കേരള സഹകരണ സംഘങ്ങൾ (ഭേദഗതി) ആക്ട് (2000–ലെ 1–ാം ആക്ട്).**

2. **സഹകരണസംഘം രജിസ്ട്രാറുടെ 18/93, 27/93, 33/99 നമ്പർ സർക്കുലറുകൾ**

സൂചന 2–ലെ സർക്കുലർ പ്രകാരം സഹകരണസംഘം രജിസ്ട്രേഷൻ, ബൈലാ ഭേദഗതി എന്നിവക്കുളള അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം ഒഴിവാക്കുന്നതു സംബന്ധിച്ചും അംഗത്വം നൽകുന്നതു സംബന്ധിച്ചും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

1999–ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമം (2000–ലെ 1–ാം ആക്ട്) അനുസരിച്ച് സംഘം രജിസ്ട്രേഷൻ (7–ാം വകുപ്പ്) സംഘം നിയമാവലി ഭേദഗതി (12–ാം വകുപ്പ്) അംഗത്വം നൽകാത്തതു സംബന്ധിച്ച പരാതി (16–ാം വകുപ്പ്) എന്നിവ സംബന്ധിച്ച് നിർദ്ദിഷ്ട സമയത്തിനകം തീർപ്പ് കൽപ്പിച്ചിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വ്യവസ്ഥകൾ സഹകരണ വകുപ്പിലെ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും സമയബന്ധിതമായി പാലിച്ച് തീർപ്പ് കൽപ്പിച്ചിരിക്കേണ്ടതാണ്. ഈ വിഷയങ്ങൾ സംബന്ധിച്ച് സൂചന 1 പ്രകാരം പുതിയ സഹകരണ സംഘം (ഭേദഗതി) നിയമം നിലവിൽ വന്ന 2000 ജനുവരി 1–ാം തീയതി തീർപ്പ് കൽപ്പിക്കാൻ

ബാക്കി നിൽപ്പുള്ള അപേക്ഷകൾ ഭേദഗതി നിയമത്തിൽ നിഷ്ക്കർഷിച്ചിട്ടുള്ള പ്രകാരമുള്ള കാലാവധിക്കകം തീർപ്പ് കൽപ്പിച്ചിരിക്കേണ്ടതാണ്. ഇതു സംബന്ധമായ സർട്ടിഫിക്കറ്റ് എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാരും 2000 ഏപ്രിൽ 10–ാം തീയതിക്കു മുൻപായി ഈ ഓഫീസിൽ അയച്ചു തരേണ്ടതുമാണ്.

സഹകരണനിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള സമയപരിധിക്കകം ഇത്തരം അപേക്ഷകളിൽ അഥവാ പരാതികളിൽ തീർപ്പുകൽപ്പിച്ചതു സംബന്ധിച്ച വിവരങ്ങൾ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർമാരുടെ അർദ്ധ ഔദ്യോഗിക വിവരണ റിപ്പോർട്ടുകളിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

സഹകരണ സർക്കുലറിലെ മറ്റു നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമാണ്.

വി. പി. ജോയ് ഐ. എ. എസ്.
സഹകരണസംഘം രജിസ്ട്രാർ

നമ്പർ എം.റ്റി 1. 31080/99 സഹകരണസംഘം രജിസ്ട്രാർആഫീസ്, തിരുവനന്തപുരം, 5–6–2000

സഹകരണസംഘം രജിസ്ട്രാർ
തിരുവനന്തപുരം
എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും

സർ,

വിഷയം: **ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങൾ ക്ലാസിഫൈ ചെയ്യുന്നതു സംബന്ധിച്ച്.**

സൂചന: **13–11–97 ലെ ജി.ഒ (എം.എസ്) 135/97 സഹകരണനമ്പർ ഉത്തരവ്.**

13–11–97 ലെ ജി.ഒ (എം.എസ്) 135/97 സഹകരണനമ്പർ ഉത്തരവ് പ്രകാരം ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങളെ ക്ലാസിഫൈ ചെയ്യുന്നതിനു അധികാരം രജിസ്ട്രാർക്കാണെന്നിരിക്കെ പല അസിസ്റ്റന്റ് രജിസ്ട്രാർമാരും ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങളെ ക്ലാസിഫൈ ചെയ്യുന്നതായി രജിസ്ട്രാറുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശം എല്ലാ ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർമാരുടേയും ജോയിന്റ് രജിസ്ട്രാർമാരുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

13–11–97 ലെ ജി.ഒ (എം.എസ്) 135/97 സഹകരണ നമ്പർ ഉത്തരവ്.പ്രകാരം ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങളെ ക്ലാസിഫൈ ചെയ്യുന്നതിനുള്ള അധികാരം രജിസ്ട്രാർക്കാണ്. രജിസ്ട്രാർ ക്ലാസിഫൈ ചെയ്ത സംഘങ്ങൾക്കു മാത്രമേ ജി.ഒ (എം.എസ്) 135/97 സഹകരണ നമ്പർ 13–11–97 ലെ ഉത്തരവിലെ 4(vi)പ്രകാരമുള്ള എലിജിബിലിറ്റി സർട്ടിഫിക്കറ്റ് നൽകാൻ പാടുള്ളു. ഈ നിർദ്ദേശം എല്ലാ ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർമാരുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

താങ്കളുടെ വിശ്വസ്തൻ
സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി

രജിസ്ട്രേഷനും ബൈലോ ഭേദഗതിയും

നമ്പർ ജി 1 2958/2000

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, 25–7–2000

സർക്കുലർ നമ്പർ 39/2000

വിഷയം: **സഹകരണവകുപ്പ്–1969–ലെ കേരള സഹകരണസംഘം നിയമത്തിലേയും ചട്ടങ്ങളിലേയും ഭേദഗതികൾ– സഹകരണ സംഘങ്ങളിലെ നിയമാവലി ഭേദഗതി–നിർദ്ദേശം പുറപ്പെടുവിക്കുന്നു.**

സൂചന: 1. **1999 ലെ കേരള സഹകരണസംഘം (ഭേദഗതി) നിയമം (2000–ലെ ഒന്നാം ആകട്)**

2. **8/2000 ലെ നമ്പർ സർക്കുലർ**

3. **2000 കേരള സഹകരണസംഘം (ഭേദഗതി) ചട്ടം**

1969–ലെ കേരള സഹകരണസംഘം നിയമം സൂചന ഒന്നു പ്രകാരം ഭേദഗതികൾ വരുത്തി ഭേദഗതി നിയമത്തിലെ വകുപ്പു 13 (പ്രധാന വകുപ്പു 28 ബി) വകുപ്പു 16 (പ്രധാന വകുപ്പു 57 എ 57 ബി 57 സി) വകുപ്പു12 (പ്രധാന നിയമത്തിലെ അദ്ധ്യായം 8) വകുപ്പു 18 (പ്രധാന നിയമത്തിലെ അദ്ധ്യായം 9) വകുപ്പ് 21 (പ്രധാന നിയമത്തിലെ വകുപ്പ് 80 ബി) എന്നിവ ഒഴികെയുള്ള മറ്റു വകുപ്പുകൾ 2000 ജനുവരി ഒന്നു മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഈ ഭേദഗതികൾക്കനുസൃതമായി 1969–ലെ കേരള സഹകരണസംഘം ചട്ടങ്ങൾ സൂചന 3 പ്രകാരം ഭേദഗതി വരുത്തി 2000 മേയ് 2 മുതൽ പ്രാബല്യത്തിലും വന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന സഹകരണസംഘം നിയമത്തിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കനുസൃതമായി സഹകരണസംഘങ്ങളിലെ നിയമാവലി/ ഉപനിയമങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ കർശന നിർദ്ദേശം നൽകുന്നു.

1. വകുപ്പ് 20 ചട്ടം 28

സഹകരണ സംഘങ്ങളിൽ സജീവ അംഗത്തിന് വോട്ടവകാശം ലഭിക്കുന്നതു സംബന്ധിച്ചാണ് ഇതിലെ വ്യവസ്ഥ.

വകുപ്പ് 20–ലെയും ചട്ടം 28 ലെയും വ്യവസ്ഥകൾ പ്രകാരമുള്ള ഭേദഗതികൾ

സഹകരണചട്ടം 28 (1) ലെ സമയപരിധിയെ സംബന്ധിച്ച ഭേദഗതി

ചട്ടം 28 ൽ പ്രതിപാദിച്ചിരിക്കുന്ന സജീവ അംഗങ്ങൾക്കുള്ള രജിസ്റ്ററുകൾ നിയമാനുസൃതം എഴുതി സൂക്ഷിക്കേണ്ടതുണ്ടെന്ന് വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതാണ്.

2. വകുപ്പ് 28

വകുപ്പ് 28 പ്രകാരം സംഘം ഭരണസമിതിയുടെ കാലാവധി അഞ്ചു വർഷത്തിൽ അധികരിക്കാത്ത കാലയളവിലേക്ക് ദീർഘിപ്പിച്ചിരിക്കുന്നുണ്ട്. ഈ വകുപ്പിലെ വ്യവസ്ഥ പ്രകാരമുള്ള ഭേദഗതി

സഹകരണ സർക്കുലർ സമാഹാരം

ഭരണസമിതി അംഗങ്ങളുടെ പരമാവധി എണ്ണം സംബന്ധിച്ച് വകുപ്പ് 28 (1) (എ)യും വകുപ്പ് 28 (1) (ബി)യും പ്രകാരമുള്ള ഭേദഗതികൾ

വകുപ്പ് 28(എ) പ്രകാരം സംഘം ഭരണസമിതികളിൽ വനിതാ അംഗത്തിനും, പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട അംഗത്തിനുള്ള സംവരണം സംബന്ധിച്ച ഭേദഗതികൾ

3. ചട്ടം 34

പ്രാതിനിധ്യപൊതുയോഗത്തിന്റെ ഘടന കാലാവധി തുടങ്ങിയവക്കുള്ള ഭേദഗതികൾ

മേൽ നിർദ്ദേശിച്ച സംഘം നിയമാവലികളുടേയും/ ഉപനിയമങ്ങളിലേയും ഭേദഗതികൾ അടിയന്തിരമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം സൂചന രണ്ടിലെ സർക്കുലർ നിർദ്ദേശങ്ങളും കർശനമായി പാലിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

കെ. ചന്ദ്രസേനപ്രസാദ്
സഹകരണസംഘം രജിസ്ട്രാറുടെ
ചാർജ്ജു വഹിക്കുന്ന അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ)

സംഘങ്ങളുടെ നടത്തിപ്പ്

അംഗത്വം
ഭരണസമിതി
അഡ്മിനിസ്ട്രേറ്റർമാർ

നമ്പർ ജി 3/50478/74

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, 1975 ജനുവരി 6

സർക്കുലർ നമ്പർ 5/75

വിഷയം: **പൊതുയോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് സിറ്റിങ്ങ് ഫീസ്, യാത്രപ്പടി മുതലായവ കൊടുക്കുന്നതിനെ സംബന്ധിച്ച്.**

ചില സഹകരണസംഘങ്ങൾ പൊതുയോഗത്തിൽ ഹാജരാവുന്ന അംഗങ്ങൾക്ക് സിറ്റിങ്ങ്ഫീസും യാത്രാപ്പടിയും കൊടുത്തുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. 1969–ലെ കേരള സഹകരണസംഘം ആക്ടിലോ ചട്ടങ്ങളിലോ പൊതുയോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് സിറ്റിങ്ങ് ഫീസും യാത്രപ്പടിയും കൊടുക്കുന്നതിനുള്ള വ്യവസ്ഥകളില്ല. പൊതുയോഗങ്ങളിൽ പങ്കെടുക്കേണ്ടത് എല്ലാ അംഗങ്ങളുടേയും കടമയാണ്. അത് സ്വന്തം താൽപര്യം സംരക്ഷണത്തിനുമാണ്. എങ്കിലും എല്ലാ അംഗങ്ങളും പൊതുയോഗത്തിൽ സംബന്ധിക്കണമെന്ന് നിർബന്ധമില്ല. അതുകൊണ്ട് പൊതുയോഗത്തിൽ സംബന്ധിക്കുവാൻ വേണ്ടിവരുന്ന ചിലവ് അതാത് അംഗങ്ങൾ തന്നെ വഹിക്കേണ്ടതാണ്. അതിനുമുപരിയായി സംഘത്തിന്റെ പൊതുയോഗത്തിൽ ഹാജരാകുന്നുവെന്നുള്ളതുകൊണ്ടുമാത്രം അംഗങ്ങൾ സംഘത്തിന് യാതൊരു പ്രത്യേകസേവനവും പ്രദാനം ചെയ്യുന്നുമില്ല. ഇത് സംബന്ധിച്ച് കൊടുക്കുന്ന യാതൊരു തരത്തിലുള്ള പ്രതിഫലവും നിയമാനുസൃതമല്ലാത്തതുകൊണ്ട് ഇത്തരത്തിലുള്ള ചിലവുകൾ എല്ലാ സംഘങ്ങളും നിർത്തൽ ചെയ്യേണ്ടതാണ്. അപ്രകാരമുള്ള അനധികൃത ചിലവുകൾ ആഡിറ്റിൽ അംഗീകരിക്കുന്നതല്ലെന്നും അവ അതിന് ഉത്തരവാദപ്പെട്ടവരിൽനിന്നും തിരിച്ച് ഈടാക്കേണ്ടി വരുമെന്നും അറിയിച്ചുകൊള്ളുന്നു.

എന്നാൽ പൊതുയോഗങ്ങളിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് ലഘുഭക്ഷണം നൽകുന്നതിനും മറ്റും വേണ്ടിവരുന്ന ചിലവുകൾക്ക് മേൽപ്പറഞ്ഞ ഉപരോധം ബാധകമല്ല. അപ്രകാരമുള്ള ചെലവുകൾ കഴിയുന്നതും പരിമിതപ്പെടുത്തേണ്ടതും യാതൊരു കാരണവശാലും ആളൊന്നുക്ക് രണ്ടു രൂപയിൽ കവിയാൻ പാടില്ലാത്തതുമാണ്.

സഹകരണസംഘം രജിസ്ട്രാർ

നമ്പർ ജി (3) 64389/75

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, 1977 മാർച്ച 15

സർക്കുലർ നമ്പർ 16/77

വിഷയം: **സഹകരണ സ്ഥാപനങ്ങളിൽ പ്രവേശന ഫീസ് ഒരു പ്രാവശ്യത്തിലധികം വസൂലാക്കുന്നതു സംബന്ധിച്ച്.**

പല സഹകരണ സ്ഥാപനങ്ങളും അതിലെ അംഗങ്ങളിൽ നിന്നും അധിക ഓഹരികൾ പിരിക്കുന്നതോടൊപ്പം വീണ്ടും പ്രവേശന ഫീസ് ഈടാക്കി

വരുന്നതായി രജിസ്ട്രാറുടെ ശ്രദ്ധയിൽപ്പെട്ടിരിക്കന്നു. 1969–ലെ സഹകരണ ചട്ടങ്ങളിലെ 20–ാം ചട്ടപ്രകാരം ഒരാൾ പ്രവേശനഫീസ്, ഓഹരി മൂലധനത്തിലേക്കുള്ള സംഭാവന നിബന്ധനകൾ പ്രകാരം കൊടുക്കേണ്ടതായ മറ്റേതെങ്കിലും തുകകൾ എന്നിവ കൊടുക്കുന്നതോടുകൂടി സംഘത്തിലെ അംഗത്വാവകാശം സമ്പാദിക്കുന്നു. അപ്രകാരം സഹകരണ സ്ഥാപനങ്ങളിൽ അംഗമായി തീർന്നാൽ പ്രസ്തുത അംഗത്തിൽ നിന്നും വീണ്ടും പ്രവേശന ഫീസ് ഈടാക്കുന്നതു ന്യായീകരിക്കുവാൻ നിർവാഹമില്ല. വായ്പക്ക് അപേക്ഷിക്കുമ്പോൾ കൂടുതൽ ഓഹരികൾ വാങ്ങേണ്ടിവരുമെങ്കിലും ആ സന്ദർഭങ്ങളിൽ വീണ്ടും പ്രവേശന ഫീസ് വസൂലാക്കുന്ന നടപടി ശരിയല്ല. അപ്രകാരം വീണ്ടും പ്രവേശന ഫീസ് ഈടാക്കുന്നതിന് ഏതെങ്കിലും സംഘത്തിന്റെ നിബന്ധന അനുവദിക്കുന്നുണ്ടെങ്കിൽ പ്രസ്തുത നിബന്ധന ഉടൻതന്നെ ഭേദഗതി ചെയ്യേണ്ടതാകുന്നു.

എം. ജി. കെ. മൂർത്തി
സഹകരണസംഘം രജിസ്ട്രാർ

നമ്പർ പി ആന്റ് എം.(3) 21822/80 സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, 22–5–1980

സർക്കുലർ നമ്പർ 34/80

വിഷയം: **സഹകരണ സംഘങ്ങളിൽ പട്ടികജാതി–പട്ടിക വർഗ്ഗക്കാർക്കു അംഗത്വത്തിനു ഓഹരി മൂലധനഗ്രാന്റ് നൽകുന്നതു സംബന്ധിച്ച്.**

സൂചന: **ജി.ഒ.(എം.എസ്) 422/79/ഏ.ഡി. 15–11–1979**

സൂചനയിലെ ഗവൺമെന്റ് ഉത്തരവു പ്രകാരം പട്ടികജാതി–പട്ടിക വർഗ്ഗക്കാർക്കും സഹകരണ സംഘങ്ങളിൽ അംഗത്വത്തിനു ഓഹരി മൂലധനഗ്രാന്റ് അനുവദിക്കുന്നതിനുള്ള ചട്ടങ്ങൾ ഗവൺമെന്റ് അംഗീകരിക്കുകയും പ്രസ്തുത പദ്ധതി 1979–80 സാമ്പത്തികവർഷം മുതൽ നടപ്പിലാക്കിയിരിക്കുകയുമാണ്. ഗവൺമെന്റ് ഇതിലേക്കായി അംഗീകരിച്ച ചട്ടങ്ങൾ പ്രകാരം ഒരു പട്ടികജാതി–പട്ടിക വർഗ്ഗക്കാരനു ഓഹരി എടുക്കുമ്പോൾ ബൈലാ പ്രകാരം അടക്കേണ്ട ഏറ്റവും കുറഞ്ഞ തുക അടച്ചാൽ മതിയാകും. (അതായത് ഒരു ഓഹരിക്ക് ഒരു രൂപ എന്ന കണക്കിൽ ഓഹരിവില എന്തുതന്നെയായാലും) അതായത് ഒരു ഓഹരി മുഴുവനാകുന്നതിനു ആവശ്യമായ ബാക്കി തുക ഗവൺമെന്റിൽനിന്നും ഗ്രാന്റായി നൽകുന്നതാണ്. എന്നാൽ ഇപ്രകാരം ഗഡുക്കളായി ഓഹരി അടയ്ക്കുന്നതിന് ബൈലായിൽ വകുപ്പില്ലെന്നുള്ള കാരണത്താൽ അപ്രകാരമുള്ളവർക്ക് അംഗത്വം നൽകുമ്പോൾ ഒരു ഓഹരിയുടെ വില മുഴുവൻ ഒന്നായി അവരിൽനിന്നും ഈടാക്കുന്നതായി രജിസ്ട്രാറുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഒരു ഓഹരിയുടെ വില മുഴുവൻ അടക്കാൻ കഴിവില്ലാത്ത പട്ടികജാതി–പട്ടിക വർഗ്ഗക്കാർക്ക് ഇപ്രകാരം സഹകരണ സംഘങ്ങളിൽ അംഗത്വം നിഷേധിക്കപ്പെടുന്നു. ഇതു പട്ടികജാതി–പട്ടിക വർഗ്ഗങ്ങളുടെ ഉന്നമനത്തിനു സഹായകമല്ലാത്തതിനാൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

അംഗത്വം

ഒരു ഓഹരിയുടെ വില പത്തുരൂപയായി നിശ്ചയിച്ചിട്ടുള്ള എല്ലാ സഹകരണ സംഘങ്ങളും ഭാവിയിൽ പട്ടികജാതി–പട്ടിക വർഗ്ഗക്കാരെയും അംഗങ്ങളായി ചേർക്കുമ്പോൾ അവരിൽ നിന്നും ഒരു രൂപ മാത്രമേ ഓഹരി മൂലധനമായി ഈടാക്കുവാൻ പാടുള്ളൂ. സംഘം ബൈലായിൽ ഇതിനു വകുപ്പില്ലെങ്കിൽ ഇക്കാര്യം സംഘം ഭരണസമിതി തീരുമാനിച്ചാൽ മതിയാകും. 10 രൂപയിൽ കൂടുതൽ വില ഓഹരിയുള്ള സംഘങ്ങൾ ഒരു ഓഹരിവിലയുടെ 10% മാത്രം അപേക്ഷകനിൽ നിന്നും ഈടാക്കേണ്ടതാണ്. ഒരു ഓഹരിയുടെ തുക തികയുന്നതിനുള്ള ബാക്കി തുക അതാതു സഹകരണ സംഘങ്ങൾ ഗവൺമെന്റിൽ നിന്നുള്ള ഗ്രാന്റായി വാങ്ങേണ്ടതാണ്. സംഘം നാൾവഴിയിൽ ഇപ്രകാരമുള്ള കണക്കുകൾ തഴെപ്പറയുന്ന പ്രകാരം രേഖപ്പെടുത്തേണ്ടതാണ്.

ഓഹരി വരവ് (വരവു കോളത്തിൽ)	10 രൂപ (ഒരു ഓഹരിത്തുക എത്രയാണോ ആ തുക) (ഇതിൽ ഒരു രൂപ കാഷ് കോളത്തിലും 9 രൂപ അഡ്ജസ്റ്റുമെന്റ് കോളത്തിലും ഉൾക്കൊള്ളിക്കണം)
സർക്കാരിൽ നിന്നും ഗ്രാന്റായി ലഭിക്കുവാനുള്ള ഓഹരി വിഹിതം (ചെലവു കോളത്തിൽ)	9 രൂപ (ഇല്ലെങ്കിൽ ഒരു രൂപ കഴിച്ച് ഒരു ഓഹരിയുടെ ബാക്കിത്തുക) (അഡ്ജസ്റ്റ്മെന്റ് കോളത്തിൽ)

സർക്കാരിൽ നിന്നും ഓരോ ത്രൈമാസങ്ങളിലും ലഭിക്കുവാനുള്ള ഓഹരി ഗ്രാന്റ് അടുത്ത മാസം തന്നെ ലഭിക്കുവാൻ അപേക്ഷ സമർപ്പിക്കാവുന്നതും ഡെപ്യൂട്ടി രജിസ്ട്രാർമാർ അവ പാസാക്കിത്തരുന്നതുമാണ്. മുകളിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ എല്ലാ സഹകരണ സംഘങ്ങളും നടപ്പിൽ വരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ബാബു ജേക്കബ്
സഹകരണസംഘം രജിസ്ട്രാർ

നമ്പർ എച്ച്. ജി. (2)32596/80

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, 1980 ജൂലൈ 14

സർക്കുലർ നമ്പർ 51/80

വിഷയം: **സഹകരണ സംഘങ്ങളിൽ പട്ടികജാതി–പട്ടിക വർഗ്ഗക്കാർക്കു അംഗത്വത്തിനുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച്.**

സൂചന: **ഈ ആഫീസിലെ 25–5–1980–ലെ 34/80 നമ്പർ സർക്കുലർ.**

സൂചനയിലെ സർക്കുലറിൽ പട്ടികജാതി–പട്ടിക വർഗ്ഗക്കാർക്ക് സർവീസ് സഹകരണസംഘങ്ങൾ, കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ, ഹരിജൻ–ഗിരിജൻ സഹകരണസംഘങ്ങൾ ഇവയിൽ അംഗങ്ങളായി ചേരുവാൻ ഓഹരിവിലയുടെ 10% മാത്രം അടച്ചാൽ മതിയെന്നും ഓഹരിസംഖ്യ പൂർണ്ണമാക്കുന്നതിനുവേണ്ടി വരുന്ന ബാക്കി തുക ഗവൺമെന്റു ഗ്രാന്റായി

നൽകുന്നതാണെന്നും ചൂണ്ടിക്കാണിച്ചിരുന്നു. മാത്രമല്ല, സംഘം നിബന്ധനകളിൽ എന്തൊക്കെ പറഞ്ഞിരുന്നാലും ഇക്കാര്യത്തിൽ സംഘം ഭരണസമിതി തീരുമാനമെടുത്താൽ മതിയെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ, ഏതാനും ചില സഹകരണ സംഘങ്ങൾ ബൈലായിൽ "പാർട്ട് പേമെന്റ്" അനുവദിക്കുന്നില്ലെന്ന കാരണത്താൽ ഹരിജന/ഗിരിജനങ്ങൾക്ക് സർക്കാർ അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ നിഷേധിക്കുന്ന വിധത്തിൽ അംഗത്വം നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇത് തികച്ചും ഖേദകരമായ ഒരു വസ്തുതയാണ്. സാമ്പത്തിക, സാമൂഹിക രംഗങ്ങളിൽ അവശത അനുഭവിക്കുന്ന ഹരിജന/ഗിരിജനങ്ങൾക്ക് ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ആനുകൂല്യങ്ങൾ പരമാവധി പരിരക്ഷിക്കേണ്ടതാവശ്യമാണ്. സഹകരണ സംഘങ്ങൾ അവയുടെ ഭരണസമിതിയുടെ തീരുമാനപ്രകാരം ഈ പദ്ധതി നടപ്പിലാക്കേണ്ടതാണ്. ഇക്കാര്യത്തിനായി വേണമെന്നുണ്ടെങ്കിൽ ബൈലാ നിബന്ധനകൾ മുൻകാല പ്രാബല്യത്തോടെ ഭേദഗതി ചെയ്യേണ്ടതാണ്. മാത്രമല്ല, ഒരു ഓഹരിയുടെ വിലയുടെ 10% നൽകി അംഗത്വത്തിനപേക്ഷിച്ചിട്ടുള്ള എല്ലാ ഹരിജന/ഗിരിജനങ്ങൾക്കും പൂർണ്ണ ഓഹരി നൽകി അവർക്ക് വായ്പകൾ ഉൾപ്പെടെയുള്ള അംഗത്തിന്റെ എല്ലാ അവകാശാനുകൂല്യങ്ങളും നൽകേണ്ടതുമാണ്.

ബാബു ജേക്കബ്
സഹകരണ സംഘം രജിസ്ട്രാർ

GOVERNMENT OF KERALA
Agriculture (Co-operation) Department
ORDER

G.O.MS. 473/80/AD — Trivandrum, 9th December 1980

S.R.O.No.38/81- Whereas clause (e) of sub rule (2) of Rule 16 of the Kerala Co-operative Societies Rules, 1969 provides that no person shall be eligible for admission as a member of a Co-operative Society, if he is a paid employee of the society or of its financing Bank or of any society for which it is the financing Bank;

And whereas there is a long standing demand from various corners of the Co-operative sector to exempt the Housing Co-operative Societies in the State from the provisions of the said clause to enable them to admit their employees as members of the said societies for making house construction loans available to them;

And whereas the Government have examined the matter in detail and are satisfied that the exemption of the Housing Co-operative Societies in the State from clause (e) of sub-rule (2) of rule 16 of the said Rules is necessary to

enable the said societies to admit their employees as members of such Societies for making house construction loans available to such employees;

Now, therefore, in exercise of the powers conferred by rule 181 of the Kerala Co-operative Societies Rules, 1969, the Government of Kerala hereby exempt all the Housing Co-operative Societies in the State from the provision of clause (e) of sub-rule (2) rule 16 of the said Rules for the limited purpose of enabling them to admit their employees as members of the said Societies to make house construction loans from such societies available to them.

By order of the Governor
S.Perumal Pillai
Additional Secretary

നമ്പർ എച്ച്. ജി. (1) 63840/83 സഹകരണസംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം, 1983 ഡിസംബർ, 28

സർക്കുലർ നമ്പർ 71/83

വിഷയം: **ഹരിജനസഹകരണ സംഘങ്ങൾ–പട്ടികജാതിയിൽ നിന്നും മതപരിവർത്തനംചെയ്ത് ക്രിസ്തുമതം സ്വീകരിച്ചവർക്ക് അംഗത്വം നല്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ.**

കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ സംഘങ്ങളിൽ ഹരിജനങ്ങൾക്ക് അർഹമായ പ്രാതിനിധ്യവും പ്രയോജനവും ലഭ്യമാകുന്നില്ലെന്ന് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ അവർക്കായി പ്രത്യേകം സഹകരണ സംഘങ്ങൾ രൂപീകരിക്കുവാൻ തീരുമാനിക്കുകയുണ്ടായി. അപ്രകാരം രൂപീകൃതമായ ഹരിജന സഹകരണ സംഘങ്ങൾക്ക് സ്പെഷൽ കംപോണന്റ് പ്ലാനിൽ പ്രത്യേകം തുക വക മാറ്റി ധനസഹായം അനുവദിച്ചുവരികയാണ്.

ഹരിജന സഹകരണ സംഘങ്ങളുടെ നിയമാവലി അനുസരിച്ച് ഹരിജന സഹകരണ സംഘങ്ങളിൽ ഹരിജനങ്ങൾക്ക് (പട്ടികജാതിക്കാർക്ക്) മാത്രമേ അംഗത്വത്തിന് അർഹതയുള്ളു. എന്നാൽ, പല ഹരിജന സഹകരണ സംഘങ്ങളിലും പട്ടികജാതിക്കാരിൽ നിന്നും മതപരിവർത്തനം ചെയ്ത് ക്രിസ്തുമതം സ്വീകരിച്ചവരെ പട്ടികജാതിക്കാരായി കണക്കാക്കി അംഗത്വം നൽകി പട്ടികജാതിക്കാർക്കുള്ള ആനുകൂല്യങ്ങൾ നല്കിവരുന്നതായി കാണുന്നു. പട്ടികജാതിക്കാരിൽ നിന്നും മതപരിവർത്തനം ചെയ്ത് ക്രിസ്തുമതം സ്വീകരിച്ചവർക്ക് വിദ്യാഭ്യാസത്തിനുള്ള ആനുകൂല്യമൊഴികെ മറ്റ് ആനുകൂല്യങ്ങൾക്ക് അർഹതയില്ല. ക്രിസ്തുമതം സ്വീകരിച്ച പട്ടികജാതിക്കാർക്ക് ചില ഹരിജന സഹകരണ സംഘങ്ങളിൽ അംഗത്വം നൽകിവരുന്നതു കാരണം, സർക്കാരിൽ നിന്നും പട്ടികജാതിക്കാർക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ അപ്രകാരമുള്ളവർക്കും ലഭിക്കുന്നതിന് കാരണമാകുന്നു. പട്ടികജാതിക്കാർക്ക്

അവരുടേതായ സഹകരണ സംഘങ്ങൾ വഴി ലഭ്യമാകുന്ന ആനുകൂല്യങ്ങൾ അർഹരായവർക്ക് മാത്രം ലഭ്യമാകുന്ന കാര്യം ഉറപ്പുവരുത്തുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

(1) ഹരിജന സഹകരണ സംഘങ്ങളിൽ നിന്നും പട്ടികജാതിക്കാരല്ലാത്തവരെ നീക്കം ചെയ്യുകയും പുതിയ അംഗങ്ങളെ ചേർക്കുമ്പോൾ പട്ടികജാതിക്കാരാണെന്ന് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവരുടെ അംഗത്വത്തിനുള്ള അപേക്ഷ മാത്രം പരിഗണിക്കുകയും ചെയ്യുന്നു. ഇപ്രകാരമുള്ള നിർദ്ദേശം എല്ലാ ഹരിജന സഹകരണ സംഘങ്ങൾക്കും നല്കുകയും, പ്രസ്തുത നിർദ്ദേശങ്ങൾ ഹരിജന സഹകരണ സംഘങ്ങൾ, പാലിക്കുന്നുണ്ടെന്ന് മൂന്നു മാസത്തിലൊരിക്കൽ പരിശോധിച്ച് ബോദ്ധ്യപ്പെടുകയും ചെയ്യുക.

(2) പട്ടികജാതിക്കാരല്ലാത്തവർക്ക് അംഗത്വം നല്കിയിട്ടുള്ള ഹരിജന സഹകരണ സംഘങ്ങളിൽ അപ്രകാരമുള്ളവർക്ക് സർക്കാരിൽ നിന്നും ലഭ്യമാകുന്ന ഓഹരി പലിശ ഇളവ് ആദിയായ ആനുകൂല്യങ്ങളും വായ്പ മുതലായവയും നല്കേണ്ടതില്ലെന്ന് ഹരിജന സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നല്കുകയും, പ്രസ്തുത നിർദ്ദേശം സംഘങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

(3) ഹരിജന സഹകരണ സംഘങ്ങൾ പുതിയതായി രൂപീകരിക്കപ്പെടുമ്പോൾ പട്ടികജാതിക്കാർക്കു മാത്രമേ അംഗത്വം നല്കാവൂയെന്ന് നിഷ്ക്കർഷിക്കുന്നതോടൊപ്പം ടി സംഘങ്ങൾ രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ പ്രസ്തുത സംഘങ്ങൾ മൂന്നു മാസത്തിലൊരിക്കൽ പരിശോധന നടത്തി അർഹരായവർക്ക് മാത്രമെ അംഗത്വം നല്കിയിട്ടുള്ളുവെന്ന് ബോദ്ധ്യപ്പെടുകയും വേണം.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ എല്ലാ ജോയിന്റ് രജിസ്ട്രാർമാരും അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാരും പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

കെ. എം. ബാലകൃഷ്ണൻ
സഹകരണസംഘം രജിസ്ട്രാർ

No.G/13359/85. Office of the Registrar of Co-operative Societies, Trivandrum, 4-3-1985

CIRCULAR No. 12/85

Sub: **Prohibition of dual membership in Credit/Housing Societies instructions issued.**

Rule 27 (1) of the Kerala Co-operative Societies Rules prohibits a person from being admitted as a member of a Credit Society or a Housing Society, without

the previous sanction of the Registrar of Co-operative Societies if in the date of such application, such a person is a member of any other such credit society or housing society. Sub Rule 2 of Rule 27 stipulates that where a person has become a member of any such credit or housing society in contravention of the above provision in the Rules, such society shall remove him from membership upon a written requisition from the Registrar.

(2) The need for an administratively efficient, financially strong and economically viable primary credit society at village level has already been stressed. Steps are also under way for removing the overlapping of jurisdiction of the primary agricultural credit societies and the elimination of dual membership in such societies either by amalgamating the potentially viable societies or by liquidating the dormant ones. Reorganisation of Primary Agricultural Credit Societies by amalgamation or liquidation is a time consuming process requiring several formalities to be undergone. But dual membership resulting in multiple borrowing from more than one credit society at the same time should not be allowed to continue.

(3) All Joint Registrars are requested to initiate action to eliminate such dual memberships. They will take immediate steps to ensure that no person is allowed to continue as a member of more than one credit society or Housing society, if he is already a member of any other such Credit or housing society. A list of such persons having dual membership in each society should be got drawn up and immediate steps taken to remove him from dual membership after giving such member an option to choose the Credit/Housing Society in which he intends to continue his membership.

(4) All Joint Registrars will take immediate steps in this regard so as to ensure that all cases of dual membership are removed by 30-6-1985 and a report in the matter furnished to the Registrar by 31-7-1985.

M. Vijayanunni
Registrar of Co-operative Societies

No.CP(4) 44141/85 Office of the Registrar of Co-operative Societies, Trivandrum, 20-8-1985

CIRCULAR No. 33/85

Sub: **Disqualification of a member of a Credit Society under Rule 27 on account of dual membership-Disqualification of a member of a committee under Rule 44 of the Rules-expeditious action-instructions issued**

While considering a petition from a member of a Credit Society alleging delay in proceeding against members of the committee of a credit society on account of dual membership the petitions committee of the Legislature observed that there has been instances of undue delay in disposal of cases relating to disqualification of members of committee of societies on account of disqualification under Rule 27 and 44. While in certain cases quick action is taken others are delayed. The District Officers do not appear to follow any time schedule in this regard.

The Joint Registrars are informed that in disposing of cases of disqualification of members of a society or committee uniform procedure has to be adopted so that such cases are dealt with in a manner which does not give room for allegation of bias. Impartial and just disposal of such cases within the shortest possible time has to be ensured. The Joint Registrars should not only be impartial and just but also appear to be so. The following instructions are issued for guidance and strict compliance.

No person shall be a member of two Credit/Housing Societies under Rule 27 (1). If any person has become a member, in contravention of Rule 27 (1), of another credit/Housing Society the Joint Registrar will direct the latter society to remove such person from the membership of the society. The Joint Registrar may have to enquire into such cases to satisfy himself of the facts of the case before issuing a direction under Rule 27 (2). Such enquiry shall be made quickly and the direction issued within two months of the date on which dual membership is noticed by the Joint Registrar.

If on the date of issue of direction, as mentioned above, the person concerned happens to be a member of the committee of the society he will cease to be so. The Joint Registrars will, in such cases, issue notice under section 44 (3) to the member of the committee inviting objections, if any against declaring him as disqualified to be a member of the committee simultaneously with the directions to the society under Rule 27 (2).

Proceedings under Rule 44 of the Rules shall also be completed expeditiously. The notice to the member of the committee inviting objection, if any, against the proposed declaration of disqualification shall be issued within 15 days of receipt of intimation of alleged disqualification from the subordinate officer or a member of the society or the financing Bank. The member of the committee will be given notice to state his objections, if any, within 15 days of issue of the notice. If the member desires to be heard he shall be given the

opportunity within seven days of receipt of his written statement of objections by the Joint Registrar. The final orders disposing of the case shall be passed within 15 days of receipt of the written statement of objections or the date of personal hearing as the case may be.

The receipt of this Circular will be acknowledged.

K. V. Harikrishnan Nair
Registrar of Co-operative Societies

PROCEEDINGS OF THE REGISTRAR OF CO-OPERTIVE SOCIETIES KERALA

PRESENT: P. Prabakaran

No.G.14233/88 Trivandrum, 18-1-1989

Sub: **Co-operative Societies-Admission of the members of the Scheduled Caste/Scheduled Tribe Co-operative Societies in the Primary Agricultural Credit Societies previous sanction issued.**

Read: **1. Govt.letter No.11868/C2/87/Coop. Dated 1-12-1987.**

2. Govt.letter No.2028/A2/88/Coop.dated 21-12-1988.

ORDER

As per sub-rule (1) of rule 27 of the K.C.S. Rules, 1969 a person applying for admission as a member of any credit society (not being Land Mortgage Bank, House Mortgage Bank or Financing Bank) or a housing society shall be admitted as such member only with the previous sanction in writing of the Registrar, if on the date of such application such person is a member of any other such credit society or housing society. According to the classification of societies in the Rule 15 of the said Rules, Scheduled Caste Co-opertive Societies/Scheduled Tribe Cooperative Societies and Primary Agricultural Credit Societies such as service Coopertive Societies/Bank, Farmers Service Co-operative Banks, come under the type of “Credit Societies”. Therefore members of the Scheduled Caste Cooperative Societies/Scheduled Tribe Co-operative Societies are not eligible for membership in the Primary Agricultural Credit Societies without the previous sanction of Registrar.

The Scheduled Caste Co-operative Societies and Scheduled Tribe Co-operative Societies are primarily organised for generating employment opportunities

to their members and, therefore, these societies may not be in a position to meet the members needs relating to agriculture, etc. In the circumstances, the admission of the members of the Scheduled Caste Co-operative Societies/Scheduled Caste Co-operative Societies in the Primary Agricultural Credit Societies as members is long felt necessary. In the letters read as 1st & 2nd papers above, Government have directed to issue permissive sanction for the admission of the members of the Scheduled Castes Co-operative Societies in the Primary Agricultural Credit Societies.

In the above circumstances, sanction is accorded by invoking powers vested on me under Rule (1) of rule 27 of the K.C.S. Rules, 1969, for the admission of the members of the Scheduled Caste Co-operative Societies and Scheduled Tribes Co-opertive Societies included under item 2 (c) of rule 15 of the said Rules as members of Primary Agricultural Credit Societies such as Service Co-operative Societies/Banks and Farmers Service Co-operative Banks.

The Primary Agricultural Credit Societies shall consider application for membership of these members if otherwise they are qualified for membership.

P. Prabakaran
Registrar of Cooperative Societies

നമ്പർ സി.എൽ.റ്റി. (3) 21990/92

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, 28–4–92

സർക്കുലർ നമ്പർ 16/92

വിഷയം: **പ്രാഥമികസഹകരണസംഘങ്ങളിൽ അംഗങ്ങളെ ചേർക്കുന്നതിനെക്കുറിച്ച് നിർദ്ദേശങ്ങൾ സംബന്ധിച്ച്.**

സൂചന: **27–4–92 ലെ 75/92/എ. പി. സി. നമ്പർ സർക്കാർ കത്ത്.**

7–2–92 ലെ 3/92–ാം നമ്പർ ഓർഡിനൻസ് പ്രകാരം കാലാവധി കഴിഞ്ഞ സഹകരണസംഘങ്ങൾ/ബാങ്കുകൾ എന്നിവയിലെ ഭരണസമിതികൾക്ക് പകരമായി ചാർജെടുത്ത അഡ്മിനിസ്ട്രേറ്റർമാർ സംഘങ്ങളിൽ/ബാങ്കുകളിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിൽ വിമുഖത കാണിക്കുന്നതായും അത് കാരണമായി പ്രാഥമിക കാർഷിക വികസന ബാങ്കുകളുടേയും മറ്റ് വായ്പ സഹകരണസംഘങ്ങളുടെയും വായ്പാ വിതരണത്തെ പ്രതികൂലമായി ബാധിക്കുന്നതായും പരാതി ഉണ്ടായിരിക്കുന്നതിനാൽ ഇക്കാര്യത്തിൽ അഡ്മിനിസ്ട്രേറ്റർമാർ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് എന്ന് അറിയിച്ചുകൊള്ളുന്നു.

അംഗത്വം

1. അതാതു സംഘങ്ങളുടെ/ബാങ്കുകളുടെ പ്രവർത്തനപരിധിയിൽപ്പെടുന്ന ആളുകൾ അംഗമാകുന്നതിനുള്ള അപേക്ഷ പൂരിപ്പിച്ച് നൽകിയാൽ 7 ദിവസത്തിനകം അപേക്ഷ പരിശോധിച്ച് മറ്റ് അയോഗ്യതകൾ ഇല്ലെങ്കിൽ അംഗത്വം നൽകേണ്ടതാണ്.
2. മേൽപറഞ്ഞ പ്രകാരം അംഗത്വം നൽകുന്നതിന് മുൻപ് അപേക്ഷകർ, സ്ഥാപനത്തിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള ആവശ്യക്കാരാണെന്ന് പ്രത്യേകം പരിശോധിക്കേണ്ടതാണ്.
3. വരൾച്ച നിവാരണത്തിനായി 20,000 കിണറുകളും 5000 പമ്പുസെറ്റുകളും നൽകുന്നതിനുള്ള പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ ആവശ്യക്കാരായ കർഷകർക്ക് അംഗത്വം നൽകുന്നതിന് എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളും ആവശ്യമായ നടപടി ഉടനടി സ്വീകരിക്കേണ്ടതാണ്.

വി. എസ്. സെന്തിൽ
സഹകരണസംഘം രജിസ്ട്രാർ

നമ്പർ എം.റ്റി (1) 25131/92

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം 30–7–1991

സർക്കുലർ നമ്പർ 26/92.

വിഷയം: **സഹകരണ ആശുപത്രികളും ഡിസ്പെൻസറികളും അംഗങ്ങൾക്ക് റിബേറ്റ് അനുവദിക്കുന്നതു, സംബന്ധിച്ചു നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സഹകരണ ആശുപത്രികളുടേയും ഡിസ്പെൻസറികളുടേയും വിവിധ പ്രശ്നങ്ങൾ പഠിക്കുന്നതിന് 28–5–1992 ൽ സഹകരണവകുപ്പുമന്ത്രി വിളിച്ചുകൂട്ടിയ സമ്മേളനത്തിൽ പ്രസ്തുത സ്ഥാപനങ്ങളിൽ അംഗങ്ങളായ വ്യക്തികളുടെ ചികിൽസാച്ചെലവിന്റെ 10%–ത്തിൽ അധികരിക്കാത്ത സംഖ്യ അതാത് സ്ഥാപനങ്ങളിൽ നിന്നും റിബേറ്റായി അനുവദിക്കുവാൻ ആശുപത്രി/ഡിസ്പെൻസറി സഹകരണ സംഘങ്ങളെ അനുവദിക്കണമെന്ന പൊതുവായ ഒരു നിർദ്ദേശം സംഘം പ്രതിനിധികൾ മുന്നോട്ട് വയ്ക്കുകയുണ്ടായി. ഇപ്രകാരം ആശുപത്രി/ഡിസ്പെൻസറി സഹകരണ സംഘങ്ങളിലെ അംഗസംഖ്യയും മൂലധനവും വർദ്ധിക്കുന്നതിനും ചികിത്സാ സൗകര്യങ്ങൾ കൂടുതൽ പ്രയോജനപ്പെടുത്തുന്നതിനും തദ്വാരാ പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുവാൻ സാദ്ധ്യമാകുമെന്നും കാണുന്നു.

മേൽ പറഞ്ഞിരിക്കുന്ന സാഹചര്യങ്ങളിൽ താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി ആശുപത്രി/ഡിസ്പെൻസറി സഹകരണ സംഘങ്ങളിലെ അംഗങ്ങളായ വ്യക്തികളിൽ നിന്നും അതാത് സ്ഥാപനങ്ങൾ വിവിധ ചികിത്സാ ഇനങ്ങളിൽ വസൂൽ ചെയ്യുന്ന ഫീസിൽ റിബേറ്റ് അനുവദിക്കുന്ന കാര്യത്തിൽ അതാതു സംഘങ്ങളുടെ സാമ്പത്തിക നില പരിഗണിച്ച് തീരുമാനം കൈക്കൊള്ളുവാൻ അനുവദിച്ചിരിക്കുന്നു.

1. അംഗങ്ങൾക്ക് റിബേറ്റ് അനുവദിക്കുന്നതിന് ആവശ്യമായ വ്യവസ്ഥകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ നിയമാവലികളിൽ ഭേദഗതി ഉൾപ്പെടുത്തിയിരിക്കണം.

2. I pd[a] Xv1000/–രൂപ ഓഹരി എടുത്ത അംഗങ്ങൾക്കു മാത്രമേ റിബേറ്റ് ആനുകൂല്യം അനുവദിക്കാവൂ.

3. 1000/–രൂപ മുതൽ 5000/–രൂപ വരെ ഓഹരി എടുത്തവർക്ക് ചികിത്സാ ചെലവിന്റെ ബില്ല് പ്രകാരമുള്ള തുകയുടെ 5% റിബേറ്റ് അനുവദിക്കാവുന്നതാണ്. ഇപ്രകാരം റിബേറ്റായ ഒരംഗത്തിന് ഒരു വർഷം അനുവദിക്കുന്ന പരമാവധിതുക പ്രസ്തുത അംഗത്തിൽ എടുത്തിട്ടുള്ള ഓഹരി തുകയുടെ 10%–ൽ അധികരിക്കുവാൻ പാടില്ല.

4. ഓഹരി എടുത്ത് അംഗമായിട്ടുള്ള വ്യക്തിയുടെ ചികിൽസാ ചെലവിനുള്ള ബില്ലിനു മാത്രമേ റിബേറ്റ് അനുവദിക്കാവൂ. കുടുംബാംഗങ്ങളുടെയോ മറ്റു ബന്ധുക്കളുടെയോ ചികിൽസാ ചെലവിനു റിബേറ്റ് അനുവദിക്കുവാൻ പാടില്ല.

വി. എസ്. സെൻതിൽ
സഹകരണസംഘം രജിസ്ട്രാർ

നമ്പർ ജി. 47645/96

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, 13–3–97

സർക്കുലർ നമ്പർ 9/97

വിഷയം: **സഹകരണം–സഹകരണസ്ഥാപനങ്ങളിലെ അംഗത്വ പരിശോധന നടത്തുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന: **17048/96–ാം നമ്പർ ഒ.പിയിൽ ബഹു.കേരള ഹൈക്കോടതിയുടെ 18–11–96 ലെ വിധി.**

1969–ലെ കേരള സഹകരണ നിയമത്തിലെ 66–ാം വകുപ്പ് പ്രകാരമുള്ള പരിശോധന വർഷത്തിലൊരിക്കലെങ്കിലും നടത്തണമെന്നും പരിശോധന സമയത്ത് സംഘങ്ങൾ മെമ്പർ ഷിപ്പ് നൽകിയ നടപടി പരിശോധിച്ച് ഏതെങ്കിലും അപാകത ഉണ്ടോ എന്ന് പരിശോധിയ്ക്കേണ്ടതാണെന്നും ബഹു.കേരള ഹൈക്കോടതി സൂചനവിധിയിൽ നിർദ്ദേശിച്ചിരിക്കുന്നു. ഓരോ സഹകരണ വർഷത്തിന്റെ അവസാനത്തിലും മെമ്പർഷിപ്പ് വർദ്ധനയെക്കുറിച്ച് ഒരു പരിശോധന നടത്തി അവ നിയമാനുസൃതമാണോ എന്നതിനെ സംബന്ധിച്ച ഒരു റിപ്പോർട്ട് നൽകണമെന്നു ഇപ്രകാരം ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളിലെ വോട്ടർ പട്ടികയിൻമേലുള്ള ബഹുഭൂരിപക്ഷം തർക്കങ്ങളും ഒഴിവാക്കുവാൻ സാധിക്കുമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ആയതിനാൽ സഹകരണ സ്ഥാപനങ്ങളിൽ അതാത് സഹകരണ വർഷം അവസാനിക്കുന്നതിനു മുമ്പായി തന്നെ 1969ലെ കേരളസഹകരണ നിയമത്തിലെ 66–ാം വകുപ്പ് പ്രകാരമുള്ള ഒരു പരിശോധന നടത്തേണ്ടതും ടി പരിശോധന നടത്തുമ്പോൾ സഹകരണ സംഘങ്ങളിലെ അംഗത്വം പ്രത്യേകം

പരിശോധിക്കേണ്ടതും അവ നിയമാനുസൃതമാണോ അല്ലയോ എന്നുള്ള വിവരം കുടി പരിശോധനാ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതുമാണ്. ഇപ്രകാരം ചെയ്താൽ തെരഞ്ഞെടുപ്പു ടി സമയത്ത് അംഗത്വം സംബന്ധിച്ചുള്ള പരാതികൾ ഒഴിവാക്കാവുന്നതാണ്.

ഈ സർക്കുലർ നിർദ്ദേശം സഹകരണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ കർശനമായി പാലിക്കേണ്ടതാണെന്നു നിർദ്ദേശിക്കുന്നു.

സർക്കുലർ കൈപ്പറ്റിയ വിവരം അറിയിക്കേണ്ടതാണ്.

നളിനി നെറ്റോ, ഐ. എ. എസ്.
സഹകരണസംഘം രജിസ്ട്രാർ

നമ്പർ സി. പി. (1) 26886/95 സഹകരണസംഘം രജിസ്ട്രാർ ആഫീസ്, തിരുവനന്തപുരം, 31–7–98

സർക്കുലർ നമ്പർ 29/98

വിഷയം: **സഹകരണ സ്ഥാപനങ്ങളിൽ അംഗത്വം നേടുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ തീരുമാനം കൈക്കൊള്ളുന്നത് – സംബന്ധിച്ച്**

1969 ലെ കേരളാ സഹകരണ സംഘം നിയമത്തിലെ വകുപ്പ് 16 (2) പ്രകാരം ''അംഗത്വ അപേക്ഷയിൻമേലുള്ള തീരുമാനം അപേക്ഷ കിട്ടിയ തിയതി മുതൽ രണ്ട് മാസത്തിനകം എടുക്കേണ്ടതാണ്'' എന്നും വകുപ്പ് 16(3) പ്രകാരം ''ഏതെങ്കിലും വ്യക്തിയുടെ അംഗത്വം നിഷേധിക്കപ്പെടുകയാണെങ്കിൽ മതിയായ തിരസ്ക്കരണ കാരണങ്ങളോടു കൂടി അപ്രകാരം തീരുമാനമെടുത്ത് പതിനഞ്ച് ദിവസത്തിനകം പ്രസ്തുത വ്യക്തിയെ സംഘം അറിയിച്ചിരിക്കണം'' എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സഹകരണ സ്ഥാപനങ്ങളിൽ അംഗത്വം നേടുന്നതിനായി അതാതു സ്ഥാപനങ്ങളിലെ നിയമാവലി വ്യവസ്ഥകൾക്കു വിധേയമായി സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ മേൽ വ്യവസ്ഥ പ്രകാരം തീരുമാനം കൈക്കൊള്ളുന്നതിന് കാലവിളംബം നേരിടുന്നതായി ഈ ആഫീസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ആകയാൽ സഹകരണ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം സഹകരണ സ്ഥാപനങ്ങളിൽ ലഭിക്കുന്ന അംഗത്വ അപേക്ഷകളിൻമേൽ അപേക്ഷാ തീയതി മുതൽ രണ്ട് മാസത്തിനകം തീരുമാനമെടുക്കുകയും, ഏതെങ്കിലും വ്യക്തിയുടെ അംഗത്വ അപേക്ഷ നിരസിക്കുകയാണെങ്കിൽ അപ്രകാരം തീരുമാനമെടുത്ത് പതിനഞ്ചു ദിവസത്തിനകം നിരസിക്കുന്നതിനുള്ള വ്യക്തമായ കാരണങ്ങൾ സഹിതം പ്രസ്തുത വ്യക്തിയെ സംഘം അറിയിക്കുകയും ചെയ്യണമെന്ന കാര്യം മേലിൽ കർശനമായും പാലിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

ഷീലാ തോമസ് ഐ. എ. എസ്

സഹകരണസംഘം രജിസ്ട്രാർ

നമ്പർ ജി. (1) 5401/98

സഹകരണസംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം, 29–5–99

സർക്കുലർ നമ്പർ 22/99

വിഷയം: **സഹകരണ വകുപ്പ്–സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ പൊതുയോഗങ്ങളിൽ പങ്കെടുക്കുന്ന അംഗങ്ങൾക്കുള്ള ഭക്ഷണ ചെലവ്–നിർദ്ദേശം നൽകുന്നതു സംബന്ധിച്ച്.**

സൂചന: **ഈ ആഫീസിലെ 20–8–91ലെ 23/91–ാം നമ്പർ സർക്കുലർ.**

സൂചന സർക്കുലർ പ്രകാരം ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിലെ പൊതുയോഗങ്ങളിൽ പങ്കെടുക്കുന്ന അംഗങ്ങൾക്കു ഭക്ഷണം നൽകുന്നതിനും മറ്റുമായി ഒരംഗത്തിന് പരമാവധി പത്തു രൂപ എന്ന തോതിൽ ചെലവ് ചെയ്യുന്നതിനും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ ഈ ഇനത്തിൽ ഒരംഗത്തിന് മൂന്ന് രൂപയിൽ അധികരിക്കാത്ത തുക ചെലവ് ചെയ്യുന്നതിനും അനുമതി നൽകിയിരുന്നു. ടി നിരക്കുകൾ വളരെ അപര്യാപ്തമായതിനാൽ ഈ ഇനത്തിൽ ചെലവാക്കുന്ന തുകയുടെ തോതുകൾ വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. മേൽ ആവശ്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളിലെ പൊതുയോഗങ്ങളിൽ പങ്കെടുക്കുന്ന അംഗങ്ങൾക്കു ഭക്ഷണം നൽകുന്നതിനും മറ്റുമായി ചെലവാക്കുന്ന തുകയെ സംബന്ധിച്ച് സൂചന സർക്കുലറിലെ നിർദ്ദേശം ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പരിഷ്ക്കരിക്കുന്നു.

ലാഭത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ അവയുടെ പൊതുയോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് ഭക്ഷണം നൽകുന്നതിനായി ഒരംഗത്തിന് പരമാവധി ഇരുപത്തിയഞ്ചുരൂപ (25 രൂപ) എന്ന തോതിൽ ചെലവ് ചെയ്യാവുന്നതാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ ഈ ഇനത്തിൽ ചെലവാക്കുന്ന തുക യാതൊരു കാരണവശാലും ഒരംഗത്തിന് എട്ടു രൂപ (8 രൂപ)യിൽ അധികരിക്കാൻ പാടില്ലാത്തതാകുന്നു. ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥൻമാർ ടി നിർദ്ദേശം അവരുടെ നിയന്ത്രണത്തിലുള്ള എല്ലാ സഹകരണസ്ഥാപനങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

വി. പി. ജോയ് ഐ. എ. എസ്.
സഹകരണസംഘം രജിസ്ട്രാർ

നമ്പർ ജി.(1) 29351/99

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, 24–9–99

സർക്കുലർ നമ്പർ 33/99

വിഷയം: **സഹകരണം– സഹകരണസംഘങ്ങളിൽ അംഗത്വം നൽകുന്നതു സംബന്ധിച്ച്**–നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

അംഗത്വം

സൂചന: **13-3-97 ലെ ഈ ആഫീസിലെ 9/97-ാം നമ്പർ സർക്കുലർ**

സൂചന സർക്കുലർ പ്രകാരം സഹകരണസ്ഥാപനങ്ങളിൽ അതാതു സഹകരണ വർഷം അവസാനിക്കുന്നതിനു മുമ്പായി തന്നെ 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 66 പ്രകാരമുള്ള പരിശോധന നടത്തേണ്ടതും ടി പരിശോധനയിൽ സഹകരണ സംഘങ്ങളിലെ അംഗത്വം പ്രത്യേകം പരിശോധിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. എങ്കിലും സഹകരണ സംഘം നിയമത്തിലേയും ചട്ടങ്ങളുടെയും വ്യവസ്ഥകൾ പാലിക്കാതെ സഹകരണസംഘങ്ങളിൽ അംഗത്വം നൽകുന്നതായി ഈ ആഫീസിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. മേൽ സാഹചര്യത്തിൽ സഹകരണസംഘങ്ങളിൽ അംഗത്വം നൽകുന്നതു സംബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 16ലെയും ചട്ടം 16 ലെയും, സംഘം നിയമാവലിയുടെയും വ്യവസ്ഥകൾക്കും, നിബന്ധനകൾക്കും വിധേയമായി മാത്രമേ സഹകരണ സംഘങ്ങളിൽ അംഗത്വം നൽകാൻ പാടുള്ളൂ.
2. നിയമാനുസൃതമല്ലാതെയും ക്രമവിരുദ്ധമായും നൽകുന്ന അംഗത്വം പരിശോധിച്ച് സഹകരണ സംഘം നിയമത്തിലെ ചട്ടം 16 (4) പ്രകാരം അംഗത്വം റദ്ദാക്കുന്നതിനുള്ള നടപടികൾ ഉടനെ സ്വീകരിക്കേണ്ടതാണ്.
3. ഇപ്രകാരം നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തുന്ന വകുപ്പ് ഉദ്യോഗസ്ഥൻമാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.
4. സൂചന സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതാണ്.

വി. പി. ജോയി ഐ. എ. എസ്.
സഹകരണ സംഘം രജിസ്ട്രാർ

No. G(3) 46324/69 Office of the Registrar of Co-operative Societies.
Trivandrum, 31 January 1970

CIRCULAR No. 7/70

Sub: **Nomination of Circle Officers and Unit Inspectors on the Board of Management-Instructions issued.**

It is observed that the Circle Officers and Unit Inspectors are being nominated to the Board of Management of several societies. They are also to be arbitrators and officers to carry out execution work and this would amount to a member on the Board of the society becoming the Arbitrator or the Sale Officer. It has therefore been decided that such officers need not be nominated to the Committees of societies. The Deputy Registrars are therefore informed that the nomination if any already made may be cancelled forthwith. Wherever the bye-laws provide for the nomination of the inspector or Circle Officer as ex-officio member of the Committee the societies may be advised to amend the bye-laws suitably by deleting such provision.

(Sd/-)
For Registrar of Co-operative Societies

PROCEEDINGS OF THE REGISTRAR OF CO-OPERATIVE SOCIETIES, KERALA

No.G3-29488/73 4th April 1975

Sub: **Co-operative Societies-Payment of travelling allowance, daily allowance and sitting fees to the members of the societies and of the committee-Fixation of Maximum Limits-Ordered.**

ORDER

According to Sub clause (5) of clause 48 of the Kerala Co-opertive Societies Rules, the Registrar shall fix the maximum rates of travelling allowances and daily allowances or sitting fees for any society or class of societies and each society may fix the rate in its own bye-laws with reference to its financial resources. Under clause 199 of the same rules, the employees of societies shall be eligible for T.A. at the same rates admissible to Government employees in accordance with the provisions of the Kerala Service Rules. In order to avoid disparity in the rates of T.A. and D.A. of employees and Committee members,

the maximum rates of T.A.and D.A. to the members of the societies and the committees are hereby fixed as the same rates admissible to the Chief Executive (Paid employee) of the society concerned under the existing rules. In the cases of societies where there are no paid employees, the committee members may draw T.A. and D.A. at the rates admissible to the lowest category of Class III officers as prescribed under the K.S.R. The sitting fee shall be equivalent to one daily allowance.

2. This order shall apply to all Co-operative institutions under the administrative control of the Registrar of Co-operative Societies other than Apex Institutions, District Co-operative Banks, Wholesale Co-operative Stores and Primary Land Mortgage Banks.

(Sd/-)
Registrar of Co-operative Societies

No.G (3) 9398/75 Office of the Registrar of Co-operative Societies, Trivandrum, 24th March 1976

CIRCULAR No. 16/76

Sub: **Co-operative Societies-Government nominees on the Board of Directors of Co-operative Societies-Duties and responsibilities-Instructions-Issued.**

Under Section 31 of the Kerala Co-operative Societies Act Government or any authority specified by the Government in this behalf shall have the right to nominate certain number of members to the Committees of certain Societies in which Government have got financial interest. Accordingly nominations are made by the Deputy Registrars or Registrar or Government as the case may be. The nominated Directors stand on a par with the other Directors in the matter of their powers and responsibilities as stipulated in the Kerala Co-operative Societites Act and Rules and the bye-laws of the society concerned. They are also responsible for safeguarding the interest of Government. The following instructions are therefore issued for the guidance of the nominated Directors:-

1. The nominated Directors should familiarise themselves with their duties and functions as well as the detailed working of the society so that they may function as effective Directors apart from the Board meetings.

2. They must try to attend all the Board meetings without fail. The bye-laws of societies generally provide that no member of the Board can absent himself for the meetings of the Board of Directors for more than three or four consecutive

occasions without leave of the board. It is advisable that the Government nominees avoid such a risk.

3. In the Board meetings, decisions are taken on the basis of majority votes. In case of equality of votes, the President/Chairman or other presiding member shall have a casting vote. If any member disagrees with the majority decision it is necessary to record his dissenting views in the minutes of the Meeting.

4. It is presumably open to a Director to give a separate report to the share holders explaining the position in case there happen to be any difference of opinion between himself and other Directors concerning any of the transactions covered by the accounts intended to be submitted to the share holders (general body).

5. If he happens to be disqualified to hold the office as per provisions in the Act, Rules, bye-laws or any other law, it is the duty of a nominated director to disclose his disqualification to the society as well as to the authority which nominated him.

6. It is the duty of Board of Directors as a whole to see that the society maintains the prescribed Registers and Books of Accounts properly. This has to be ensured by insisting on monthly Receipts and Disbursement statements, quarterly Balance Sheet, periodical review of overdues etc. They are responsible for complying with the various Labour Laws, Taxation Laws and other Laws impinging on the business performance of the Society. Matters concerning investment, lending, borrowing, taking up new lines of business etc., will have to follow the lines laid down by the Act, rules and bye-laws. The responsibility of observing the requirements of the law, in all such matters is ultimately with the Board of Directors. In the matter of recruitment of employees it is necessary for each member of the Board of Directors to examine that the staff strength is in accordance with the approved pattern, that the society is financially sound to meet the additional cost, that there is really need for the appointment and that it is done after proper publication and examining the qualification and the competency of the applicants.

7. It is the duty of the Board of Directors to see that the statements and returns prescribed under Rule 33 are furnished to the Registrar within one month from the close of the Co-operative year and also to see that the annual accounts are got audited by the Auditor appointed by the Department.

8. The Government nominees should ensure that the annual General Body meetings are held in time for the purpose of considering the matters specified under section 29.

9. The mere fact that any particular function is delegated to any particular Director or employee does not mean that the Board of Directors can avoid the technical responsibility attaching to them as a unit in the eye of law.

10. Some times certain powers of the committee are delegated to a smaller body styled as sub-committee or executive committee. Even then technical responsibility remain with the Board for the Acts on omission of the Executive Committee.

11. The nominees will take instructions from the Deputy Registrar/Registrar/ Government on all important subjects on the agenda of the meeting and on all matters of policy and those affecting the financial interests of the Government, before they attend the meeting.

12. The nominees should forward to the nominating authority within 3 days of the meeting a note in important decisions, if any, taken by the Board of Directors affecting Government interest or the general interest of the society as whole, so that they may be caused to be reviewed by the appropriate authorities.

13. The nominees should go through the minutes of each meeting and if they find that there is any objectionable decision, they should record their objection in writing immediately and try to get it changed.

14. The nominees have to function as the "eyes and ears" of the Government. It is their duty to safeguard the interests of the Government in every respect.

Registrar expects strict compliance, on the part of all Government nominees, regarding the observance of the instructions issued hereby.

T. N. Jayachandran
Registrar of Co-operative Societies

നമ്പർ ജി. 3/34022/76

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, 2 ജൂലൈ1976

സർക്കുലർ നമ്പർ 41/1976

വിഷയം: **സഹകരണസംഘങ്ങളിലെ കമ്മിറ്റികളിലേക്ക് നോമിനേഷൻ നടത്തുന്നതിൽ കാലതാമസം വന്നാൽ ചെയ്യേണ്ട അനന്തര നടപടികളെ സംബന്ധിച്ച്.**

കേരള സഹകരണ നിയമം 28 (1) എന്ന വകുപ്പും സംഘങ്ങളുടെ നിയമാവലിയും അനുശാസിക്കുന്ന പ്രകാരമുള്ള എല്ലാ അംഗങ്ങളേയും തെരഞ്ഞെടുക്കുകയും നാമനിർദ്ദേശം ചെയ്യുകയും ചെയ്തശേഷം മാത്രമേ സഹകരണചട്ടങ്ങളിലെ 38–ാം ചട്ടത്തിൽ പറയുന്ന പ്രകാരം പ്രസിഡന്റിന്റേയും മറ്റും തെരഞ്ഞെടുപ്പ് നടത്താൻ പാടുള്ളൂ എന്ന് 11–6–1975–ൽ നമ്മുടെ ബഹുമാനപ്പെട്ട

ഹൈക്കോടതി ഡബ്ല്യു.എ.183/1975 എന്ന റിട്ട് അപ്പീൽ കേസിൽ തീർപ്പ് കൽപ്പിച്ചുകൊണ്ട് ഒരു വിധി നൽകുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റികളിലേക്ക് നിയമാവലി പ്രകാരമുള്ള നാമനിർദ്ദേശം തെരഞ്ഞെടുപ്പ് കഴിഞ്ഞ ഉടൻതന്നെ നടത്തിക്കൊള്ളണമെന്ന് നിർദ്ദേശം 28–7–1975–ലെ ജി. 3/30462/75–ാം നമ്പർ സർക്കുലർ വഴി എല്ലാ ഡെപ്യൂട്ടി രജിസ്ട്രാർമാരെയും അറിയിക്കുകയും ചെയ്തിരുന്നു.

എന്നാൽ ഇപ്രകാരമുള്ള നാമനിർദ്ദേശം നടത്തുന്നതിന് ഒഴിച്ചുകൂടാൻ കഴിയാത്ത ഏതെങ്കിലും കാരണം മൂലം താമസം വന്നേക്കാൻ ഇടയുണ്ട്. ചില സംഘങ്ങളിലെ നിയമാവലി പ്രകാരം നാമനിർദ്ദേശം ചെയ്യേണ്ടത് ഗവൺമെന്റായിരിക്കും. കൃത്യാന്തരബാഹുല്യത്താൽ ഗവൺമെന്റിന്റെ ഭാഗത്ത് ഇക്കാര്യത്തിൽ കാലതാമസം വരാൻ ഇടയുണ്ട്. ഒരു കമ്മിറ്റിയുടെ കാലാവധി തീരുന്നതോടൊപ്പം പുതിയ കമ്മിറ്റി നിയമാവലിയിൽ പറയുന്ന പ്രകാരം പൂർണ്ണമായും രൂപംകൊള്ളാത്തപക്ഷം ഇതിനു കാരണം നാമനിർദ്ദേശം നടത്തുന്നതിനെടുക്കുന്ന കാലതാമസമുൾപ്പെടെ എന്തുതന്നെയായിരുന്നാലും, സംഘത്തിന്റെ ഭരണം നടത്തുന്നതിന് അധികാരപ്പെട്ട ആരും ഇല്ലാതിരുന്ന ഒരു അവസ്ഥ സംജാതമാകും. ഇങ്ങനെ ഒരു അവസ്ഥ ഉണ്ടാകാതെ സൂക്ഷിക്കേണ്ടത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ കടമയാണ്.

തെരഞ്ഞെടുപ്പ് കഴിഞ്ഞുപോയതുകൊണ്ട് 39-ാം ചട്ടത്തിലെ അധികാരമുപയോഗിച്ച് പഴയ കമ്മിറ്റിയുടെ കാലാവധി നീട്ടിക്കൊടുത്ത് മേൽപ്പറഞ്ഞ സ്ഥിതിവിശേഷം ഒഴിവാക്കാൻ സാധിക്കയില്ല. ഇങ്ങനെയുള്ള പരിത:സ്ഥിതികളിൽ നിലവിലുള്ള പോംവഴി സഹകരണ നിയമം 33–ാം വകുപ്പിലെ അധികാരം ഉപയോഗിച്ച് ഒരു അഡ്മിനിസ്ട്രേറ്ററെ നിയമിച്ച് സംഘത്തിന്റെ ദൈനംദിനഭരണം പുതിയ കമ്മിറ്റി നിലവിൽ വരുന്നതുവരെ നടത്തിക്കുകയെന്നുള്ളതാണ്.

ഡെപ്യൂട്ടി രജിസ്ടാർമാരും അസിസ്റ്റന്റ് രജിസ്ടാർമാരും മേൽ പറഞ്ഞ വസ്തുതകൾ പ്രത്യേകം ശ്രദ്ധിക്കുകയും അതനുസരിച്ച് നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

ടി. എൻ. ജയചന്ദ്രൻ
സഹകരണസംഘം രജിസ്ട്രാർ

No.G(3) 60919/76. Office of the Registrar of Co-operative Societies,
Trivandrum, 1st January 1977

CIRCULAR No. 1/77

Sub: **Co-operatives-Government nominees on the Board of Directors of Co-operative Societies Duties and Responsibilities-Instructions issued.**

Ref: **This Office circular No. 16/76 dated 24-3-1976.**

In the circular cited instructions were issued for the guidance of the nominees appointed under section 31 of the Kerala Co-operative Societies Act, 1969.

It is hereby ordered that the instructions contained in the Circular No.16/76 dated 24-3-1976 will apply also to the nominees under section 28 of the Kerala Co-operative Societies Act, 1969.

V. K. Joseph
For Registrar of Co-operative Societies

CRP (5) 7538/78 — Office of the Registrar of Co-operative Societies, Trivandrum 1st June 1978

CIRCULAR No. 22/78

Sub: **Teekoy Service Co-operative Bank Ltd. No. 3143 - Disqualification of Board of Directors Rule 44 of the Kerala Co-opertive Rules-Default by prized chittal or his surety applicability of Sub-Rule (1) (c) (i)**

Ref: 1. **Registrar's Circular No.2/78 CRP (2) 56011/77 dated 10-1-1978 based on G.O.Rt.3358/77/AD dated 24-11-1977.**

2. **G.O.Rt. 3388/77/AD dated 26-11-1977 (Budget on CRP (5) 56012/77 dated 31-1-1978.**

3. **Judgment in O.P.No.70/78 delivered by the honourable High Court of Kerala on 24-2-1978.**

The Circular No.2/78 dated 10-1-1978 is modified to the extent stated below based on the Judgment of the Honourable High Court on the O.P. cited. "When the prized subscriber actually commits default in the matter of payment of instalments, as provided by the bond, the position of the defaulter is that of a debtor and the amount due is to the nature of a loan".

K. Bhargavan Pillai
Joint Registrar, Co-operative Societies

No.G3-44250/78 — Office of the Registrar of Co-operative Societies, Trivandrum, 3rd October 1978

CIRCULAR No. 45/78

Sub: **Kerala Co-opertive Societies Rules-Disqualification under Rule 44 (1) (f) Clarification issued.**

The disqualification under Rule 44 (1) (f) of the Kerala Co-operative Societies Rules is not attached in the case of Employees Co-operative Society by virtue of the second proviso to the said rule. So a member of the Employees Co-operative Society is eligible to be elected to the Committee of that society whether he is an employee of that society or any other society.

(Sd/-)
For Registrar of Co-operative Societies

No.EM.9652/79 Office of the Registrar of Co-operative Societies, Trivandrum, 25-7-1980

CIRCULAR No. 54/80

Sub: **Payment of remuneration to committee members of Societies-regarding**

It is noticed that certain Co-operative Societies in the state are paying remuneration or honorarium either to the president or Hon'ble secretary or to the other members of the committee without observing the rules laid down for the same. In many cases the remuneration or honorarium is paid monthly or annually and in few cases, without obtaining prior permission from the Department but simply on the basis of resolutions adopted by the Board of Directors of the Societies concerned. Most of the Societies are effecting the payment out of their General funds, while a few societies pay from their profits as contemplated in the bye-laws. Rule 49 of the Kerala Co-operative Societies Rules 1969 permit payment of remuneration or honorarium to the members of the committee based on the extent of business done by such members with the society or on the value of services rendered by such members to the society or on such other basis as may be laid down in the bye-laws of the society for the purpose and with the approval of the Registrar. In many cases payment of remuneration or honorarium is not with the approval from the Department and hence liable to be held under objection in audit. To avoid this the following instructions are issued.

2. The Deputy Registrars should take necessary action immediately in all cases where in remuneration or honorarium is drawn without permission from the Department as per rules. They will also forward to this office requests of the Societies for sanctioning remuneration or honorarium to the members of the committee with details regarding the extent of value of services rendered by the person concerned, grounds on which request for payment of honorarium is made,

bye-law provision, working result, financial position, general working of the Societies etc. The Deputy Registrars should also give their specific suggestions on the requests from the societies for taking decision in the matter in this office.

3. The receipt of this circular should be acknowledged.

Babu Jacob
Registrar of Co-operative Societies

നമ്പർ വി.(2) 67681/82. സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, 1983 ജനുവരി, 3

സർക്കുലർ നമ്പർ 71/82

വിഷയം: **കോൺഫറൻസുകൾക്കും പഠനയാത്രകൾക്കും മറ്റും പ്രതിനിധികളെ അയക്കുന്നതു സംബന്ധിച്ച്.**

വിവിധ തരത്തിലുള്ള കോൺഫറൻസുകൾക്കും പഠനയാത്രകൾക്കും മറ്റുമായി പല സംഘങ്ങളും സംഘങ്ങളുടെ ചെലവിൽ പ്രതിനിധികളെ അയച്ചുവരുന്നതായി കാണുന്നു. പലപ്പോഴും ഇത് സംസ്ഥാനത്തിനു പുറത്തേക്കും ചുരുക്കം അവസരത്തിൽ വിദേശരാജ്യങ്ങളിലേക്കും ആയിരിക്കും.സഹകരണ പ്രസ്ഥാനവുമായി യാതൊരു ബന്ധവുമില്ലാത്ത സമ്മേളനങ്ങൾക്കു പോലും പ്രതിനിധികളെ അയക്കുക ഒരു പതിവായി തീർന്നിരിക്കുന്നു. ഇങ്ങനെ പ്രതിനിധികളെ അയക്കുന്നതുകൊണ്ട് സംഘങ്ങൾക്ക് യാതൊരു വിധ ഗുണവും സിദ്ധിച്ചുവരുന്നതായും കാണുന്നില്ല. കാലാവധി അവസാനിക്കാറായ ഭരണസമിതി അംഗങ്ങൾ ഒന്നായി പഠനയാത്രയെന്ന പേരിൽ പര്യടനം നടത്തുന്നത് സംഘങ്ങൾക്ക് അല്പം പോലും ഗുണപ്രദമായിരിക്കുകയില്ലെന്ന് മാത്രമല്ല, സംഘത്തിന്റെ മുതൽ ദുരുപയോഗം ചെയ്യുകകൂടിയായിരിക്കും. ചെലവിന് തത്തുല്യമായ ഗുണം സംഘത്തിന് സിദ്ധിക്കുന്നുണ്ടോ എന്ന കാര്യം പലപ്പോഴും പരിഗണിക്കുന്നുപോലുമില്ല. ഈ സാഹചര്യത്തിൽ ഇക്കാര്യത്തിൽ അടിയന്തിരമായി ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയേ മതിയാവൂ എന്ന് ബോദ്ധ്യമായിരിക്കുന്നു. ഈ വിഷയത്തിന്റെ നാനാവശങ്ങളും പരിഗണിച്ചശേഷം താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. സഹകരണപ്രസ്ഥാനവുമായി ബന്ധമില്ലാത്ത സമ്മേളനങ്ങൾക്ക് സംഘങ്ങൾ യാതൊരു കാരണവശാലും സംഘത്തിന്റെ ചെലവിൽ പ്രതിനിധികളെ അയക്കരുത്.
2. പ്രാഥമിക സഹകരണസംഘങ്ങൾ വിദേശ രാജ്യങ്ങളിലേക്ക് പ്രതിനിധികളേയോ പഠനസംഘത്തേയോ അയക്കുവാൻ പാടില്ലാത്തതാണ്.
3. പ്രതിനിധികളെ/പഠനസംഘത്തെ അയക്കേണ്ടിവരുമ്പോൾ കഴിയുന്നതും ഒരാളിൽ കൂടാൻ പാടില്ലാത്തതാണ്. യാതൊരു കാരണവശാലും മൂന്നിൽ കൂടുതൽ പ്രതിനിധികളെ ഒരു സംഘവും അയക്കുവാൻ പാടില്ലാത്തതാണ്

4. സംസ്ഥാനത്തിന്റെ പുറത്ത് പ്രതിനിധികളെ അയക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടേയോ ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാറുടേയോ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയിരിക്കേണ്ടതാണ്.

5. പഠനയാത്രകൾക്കായി സന്ദർശനം നടത്തുന്നത് സഹകരണവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ മാത്രമായിരിക്കണം. മുൻകൂർ പരിപാടി തയ്യാറാക്കി സന്ദർശിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥാപനങ്ങളെ ആവശ്യമുള്ളത്ര നേരത്തെ അറിയിച്ചിരിക്കേണ്ടതാണ്.

6. സംസ്ഥാനത്തിന് പുറത്ത്വച്ചു നടക്കുന്ന സമ്മേളനങ്ങളിലും പഠനയാത്രകളിലും പങ്കെടുക്കുന്ന പ്രതിനിധികൾ സമ്മേളനം/പഠനം കഴിഞ്ഞു മടങ്ങിയെത്തിയാലുടനെ തന്നെ സമ്മേളനത്തെ/പഠനത്തെപ്പറ്റി വിശദമായ ഒരു റിപ്പേർട്ട് തയ്യാറാക്കി കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതാണ്.വിദേശ രാജ്യങ്ങളിൽ പോകുന്ന പ്രതിനിധികൾ സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ ഒരു പ്രതി സഹകരണസംഘം രജിസ്ട്രാർക്കും ബന്ധപ്പെട്ട സംഘം വഴി സമർപ്പിക്കേണ്ടതാണ്.

എല്ലാ സംഘങ്ങളും ഈ നിർദ്ദേശങ്ങൾ കൃത്യമായും പാലിച്ചിരിക്കേണ്ടതാണ് ഈ നിർദ്ദേശങ്ങൾ എല്ലാ സംഘങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടോയെന്നു ഉറപ്പുവരുത്തേണ്ടതുമാണ്

കെ. എം. ബാലകൃഷ്ണൻ
സഹകരണസംഘം രജിസ്ട്രാർ

No.1060/83 (v)2. Office of the Registrar of Co-operative Societies, Trivandrum, 6-1-1983

CIRCULAR No. 1/83

Sub: **Nomination to the Committee of the Co-operative Society under section 31 of the Act-Instructions issued.**

It has come to the notice of the Registrar that some of the Joint Registrars have issued orders nominating individuals to the committee of Primary societies under the provisions contained in Section 31 of the Act. Such nominations will not be in order. In the Registrar's Circular No. 9/75 of 24-1-1975 the Deputy Registrars were informed that nomination to the committee of a co-op: society coming under the administrative control of a Deputy Registrar shall be made by himself in accordance with law. These instructions will not be taken to mean that the nomination under section 31 can also be done by the Joint Registrars. Appointment of nominees of Government under section 31 shall be made, in the case of Apex societies by the Government and in the case of other societies by the Registrar under Rule 37 of the Rules. The powers conferred on the Registrar under this Rule have not been delegated to the Joint Registrars. Therefore, nomination under section 31 can be done only by the Government/Registrar.

Nomination under Section 31 is not normally done to the committees of Primary Societies. The bye-laws of the Primary Societies provide for nomination under Section 28. The Joint Registrars are competent to nominate persons to the committee of Primary Societies under section 28. In case where nomination under section 31 becomes necessary under special circumstances, the Joint Registrars, shall forward a panel of names to the Registrar after appropriate enquiry about the qualification of the persons suggested to be a member of the committee of a society.

The receipt of the Circular may be acknowledged.

K. M. Balakrishnan
Registrar of Co-operative Societies

No.V(2)-23720/83/K.Dis. Office of the Registrar of Co-operative Societies
Thiruvananthapuram,12-4-1983

CIRCULAR No. 20/83

Sub: **Co-opertive Societies Rules 1969 Rule 44 (1) (c) (i) and (ii) - Disqualification when attracted-Defaulter Member remitted the dues to the Society before action is intimated.**

In Thankappan V., Deputy Registrar, Alleppey (1985 KLT 68) it has been held by the High Court a member who has become a defaulter, will incur disqualification and consequent cessation of membership even if he had paid up the accounts in default and thereby had ceased to be a defaulted, before the proceedings under clause (1) (c) of rule 44 are initiated against him. The High Court has not accepted the contention that the disqualification would be attracted only if at the time when proceedings under clause (1) (c) are initiated the member actually occupies the character of a defaulter and not if he was under the disqualification sometime before the initiation of the proceedings.

and management of a cooperative society or an officer or servant there of, such person should have done an actionable wrong, either by commission or omission, in a deliberate and reprehensible manner, with reckless callousness and with a supine indifference (but not by accident or inadvertence), without taking due care and precaution ordinarily expected from a reasonable and prudent man under those existing circumstances, that is to say, not caring what the result of his carelessness would be. To make it explicit, it may be stated that he should have acted in breach of legal obligations or in conscious disregard of duty or with an intentional failure to perform the manifest duty, in the performance of which the public have an interest, and that such commission should be the proximate cause of the loss or deficiency in question.

The uniform trend of decisions is therefore, that negligence simpliciter is not sufficient to visit the officer of a Co-operative society with proceedings under S.68. His conduct should be wilful, implying culpability with an element of deliberateness or mensrea involved in the conduct or omission which resulted in the loss. Without such conduct or omission, resulting in loss to the society, the Registrar is not entitled to proceed under S.68. or to pass an order of surcharge.

Proceedings for surcharge are serious in their import, akin to misfeasance proceedings under S. 543 of the Companies Act. Under that Act however, the procedure is elaborate as in civil cases, and the person concerned gets full opportunity of putting forward his pleas before the High Court in relation to the charge of misfeasance or malfeasance. On the other hand, the proceedings under S. 68 are at a departmental level, at the level of the Joint Registrar of Co-operative Societies in ordinary cases, with only the remedy of an appeal to Government. It is therefore, imperative that the special statutory remedy of surcharge is invoked only if the conditions prescribed by S.68 are strictly complied with. A person can be proceeded against, and visited with liability, only if an objective assessment of the evidence and the materials available on record leads to the irresistible inference that the person concerned is guilty of one or other of the acts specified in the section. A mere routine, mechanical chanting of the section or of the acts mentioned, without anything more, is not sufficient in law to sustain an order of surcharge. It should be based on relevant and adequate materials on which a court could satisfy itself that the person concerned was guilty of breach of trust, wilful negligence, misappropriation or fraud.

The gist of the decision is reproduced below for the information of all officers of this department.

"The first requirement of the section, which constitutes the condition precedent for it's operation, is that the payment contemplated or the deficiency

in the assets of the society should have been found in the course of audit, inquiry, inspection or the winding up of the society. The section can be invoked by the Registrar only if the finding was upmade in this manner and not otherwise. The facts giving rise to the charge have to be disclosed in the course of an audit under S. 63, inquiry under S. 65 inspection under S.69 or on the winding up of the society.

There is no case that the disclosure about the conveyance allowance was made in the course of audit or inspection- The enquiry ordered by the first respondent or the complaint petition was also not one under S. 65 of the Act. Therefore, the essential condition for S.68 to be invoked did not exist and the entire proceedings leading to Exts. P. 13A and P.17 have to fall as wanting in jurisdiction.

The further requirement of S.68 is that the payment or deficiency in the assets of the society was made or caused by breach of trust or wilful negligence or misappropriation or fraudulent retention of money. It is not the mere wrongful payment or causing of deficiency in the assets that attracts S. 68, but the further fact that such payment or deficiency was made or caused by the breach of trust, wilful negligence, misappropriation or fraud of the person concerned. Unless the latter ingredient is found to exist, action under S. 68 is ruled out. Negligence simpliciter is not sufficient to visit the officer of a Co-operative society with proceedings under S.68. His conduct should be wilful, implying culpability with an element of deliberateness or mensrea involved in the conduct or omission which resulted in the loss. Without such conduct or omission, resulting in loss to the society, the Registrar is not entitled to proceed under S.68 or to pass an order of surcharge. A person can be proceed against, and visited with liability, only if an objective assessment of the evidence and the materials available on record leads to the irresistible inference that the person concerned is guilty of one or other of the acts specified in the section. A mere routine, mechanical chanting of the section or of the acts mention, without anything more, is not sufficient in law to sustain an order of surcharge. It should be based on relevant and adequate materials on which a court could satisfy itself that the person concerned was guilty of breach of trust, wilful negligence, misappropriation or fraud".

All the officers in this Department will note the above decision of the Hon.High Court for future guidance.

K. J. Thomas
Registrar of Co-operative Societies

പരിശോധന അന്വേഷണം സർച്ചാർജ്

നമ്പർ ജി. 34914/93

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, 27–8–1993

സർക്കുലർ നമ്പർ 53/93

വിഷയം: **സഹകരണ വകുപ്പ്–സഹകരണ സംഘങ്ങളുടെ പരിശോധന കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന: **1. രജിസ്ട്രാറുടെ 13/88 ാം നമ്പർ സർക്കുലർ**

2. രജിസ്ട്രാറുടെ 35/91 ാം നമ്പർ സർക്കുലർ

സഹകരണ വകുപ്പിലെ വിജിലൻസ് വിഭാഗം നടത്തിയ പരിശോധനകളിൽ പല സംഘങ്ങളിലും, ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുകയും, പല സംഘങ്ങളിലും ധനാപഹരണവും ക്രമക്കേടുകളും, നിയമവിരുദ്ധ പ്രവർത്തനങ്ങളും വർഷങ്ങളായി നടന്നു വരുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തുകയോ, ആഡിറ്റർ കണ്ടെത്തിയ ക്രമക്കേടുകളിൽ വിശദമായ പരിശോധന നടത്തുകയോ, ക്രമക്കേടുകൾ തടയുന്നതിനും, ഉത്തരവാദികൾക്കെതിരെ യഥാസമയം നടപടികൾ കൈക്കൊള്ളുന്നതിനും സംഘങ്ങളുടെ പരിശോധന നടത്തുന്നതിനും, ആഡിറ്റ് നടത്തുന്നതിനും ചുമതലപ്പെട്ട വകുപ്പ് ഉദ്യാഗസ്ഥൻമാർ, ഗുരുതരവും, അക്ഷന്തവ്യവുമായ അലംഭാവവും പുലർത്തി വരുന്നതായും കണ്ടെത്തിയിട്ടുണ്ട്. സംഘങ്ങളുടെ പരിശോധന യഥാവസരം നടത്തുന്നതിൽ വകുപ്പ് ഉദ്യോഗസ്ഥർ പുലർത്തി വന്ന ഈ അലംഭാവം കാരണമാണ്, പല സംഘങ്ങളിലും ലക്ഷക്കണക്കിന് രൂപയുടെ ധനാപഹരണം വർഷങ്ങളായി നടന്നുവെങ്കിലും ശ്രദ്ധയിൽപ്പെടാതെ പോയത് എന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങൾ സഹകരണ സംഘങ്ങളുടെ വിശ്വാസ്യത തകർക്കുവാൻ മാത്രമേ ഉതകൂ എന്നതിനാൽ, യഥാസമയം പരിശോധന നടത്താത്ത ഉദ്യോഗസ്ഥൻമാരുടെ അലംഭാവം ഗുരുതരമായിത്തന്നെ വീക്ഷിക്കുകയാണ്.

സൂചന ഒന്നിലെ സർക്കുലർ പ്രകാരം, താഴെപ്പറയുന്ന വകുപ്പ് ഉദ്യാഗസ്ഥൻമാർ ഒരു മാസം നടത്തിയിരിക്കേണ്ട പരിശോധനകളുടെ വിവരം ചുവടെ ചേർക്കും പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്.

	മിന്നൽ പരിശോധന	വിശദ പരിശോധന
ജോയിന്റ് രജിസ്ട്രാർ	2	1
അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)	3	2
അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി./എസ്.ടി).	3	2
ഇൻസ്പെക്ടർ	3	2

സഹകരണ സർക്കുലർ സമാഹാരം

സൂചന രണ്ടിലെ സർക്കുലറിലും സംഘങ്ങളുടെ പരിശോധന വീഴ്ച കൂടാതെ നടത്തേണ്ട ആവശ്യം ആവർത്തിച്ച് നൽകിയിരുന്നുവെങ്കിലും, ഏറ്റവും പ്രാധാന്യം നൽകി നിർവഹിക്കേണ്ട സംഘങ്ങളുടെ പരിശോധനയിൽ വകുപ്പ് ഉദ്യാഗസ്ഥൻമാർ തികഞ്ഞ അലംഭാവം പുലർത്തുന്നു എന്നത് തികച്ചും ഗൗരവമായി വീക്ഷിക്കുകയാണ്. യാതൊരു ന്യായീകരണവും ഇക്കാര്യത്തിലുള്ള വീഴ്ചക്ക് സാധൂകരണമാകുന്നില്ല. മേൽ സാഹചര്യത്തിൽ സഹകരണ സംഘങ്ങളുടെ പരിശോധന ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

എല്ലാ ജോയിന്റ് രജിസ്ട്രാർമാരും, പ്രതിമാസ ജില്ലയിലെ ഓരോ പ്രാഥമിക സഹകരണ സംഘത്തിലും വിശദമായ പരിശോധന നിർബന്ധമായും നടത്തിയിരിക്കേണ്ടതാണ്. ആയതിനു പുറമേ മിന്നൽ പരിശോധന നടത്തേണ്ട രണ്ടു സംഘങ്ങളിൽ ഒരു സംഘം നിർബന്ധമായും, പട്ടികജാതി/പട്ടിക വർഗ്ഗ സഹകരണസംഘം ആയിരിക്കേണ്ടതാണ്.

താലൂക്കിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) താലൂക്കിലെ രണ്ടു സഹകരണ സംഘങ്ങളിൽ വിശദ പരിശോധന നടത്തേണ്ടതും, അതിൽ 1, പ്രാഥമിക കാർഷിക സഹകരണ സംഘമോ, ഫാർമേഴ്സ് ബാങ്കോ, പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘമോ മാർക്കറ്റിംഗ് സഹകരണ സംഘമോ ആയിരിക്കേണ്ടതുമാണ്. മിന്നൽ പരിശോധന നടത്തേണ്ട മുന്നു സംഘങ്ങളിൽ ഒരു സംഘം നിർബന്ധമായും സ്ക്കൂൾ സഹകരണസംഘമോ, പ്രാഥമിക കൺസ്യൂമർ സഹകരണ സംഘമോ ആയിരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി./എസ്.ടി.) യും, രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ നിർദ്ദേശങ്ങൾ പ്രകാരം അന്വേഷണങ്ങൾ നിർബന്ധമായും നടത്തേണ്ടതും എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലും യഥാസമയം പരിശോധന നടത്തുന്നുണ്ടെന്നു ഉറപ്പാക്കേണ്ടതുമാണ്.

ആയതുപോലെത്തന്നെ താലൂക്കിലെ യൂണിറ്റ് ഇൻസ്പെക്ടർ, രണ്ടു സംഘങ്ങളിൽ വിശദമായ പരിശോധന നടത്തേണ്ടതും, ആയതിൽ ഒന്ന് പ്രാഥമിക കാർഷിക സംഘമോ/ഫാർമേഴ്സ് ബാങ്കോ ആയിരിയ്ക്കേണ്ടതുമാണ്. മിന്നൽ പരിശോധന നടത്തേണ്ട സംഘങ്ങളിൽ, ഒന്ന്, നിർബന്ധമായും സ്ക്കൂൾ സഹകരണസംഘം ആയിരിക്കേണ്ടതുമാണ്.

മാത്രമല്ല താലൂക്കിൽ നിലവിലുള്ള എ ആന്റ് ഇ ഇൻസ്പെക്ടർമാർക്ക് ആവശ്യമായ ജോലി ഭാരം ഇല്ലെന്ന് അസിസ്റ്റന്റ് രജിസ്ട്രാർക്ക് ബോദ്ധ്യമാവുകയാണെങ്കിൽ, അസിസ്റ്റന്റ് രജിസ്ട്രാർ കൂടുതൽ സംഘങ്ങളുടെ പരിശോധന ആവശ്യപ്പെടേണ്ടതാണ്. കൂടാതെ പരാതികൾ സംബന്ധിച്ച് അന്വേഷണവും അതു സംബന്ധിച്ച് റിപ്പോർട്ടുകളും കാലതാമസം കൂടാതെ നൽകേണ്ടതാണ്.

പരിശോധന അന്വേഷണം സർച്ചാർജ്

അന്വേഷണം നടത്തുന്നതിലേക്കായി റോട്ടേഷൻ രജിസ്റ്റർ നിർബന്ധമായും ജില്ലാ ആഫീസിലും സർക്കിൾ ആഫീസുകളിലും സൂക്ഷിക്കേണ്ടതും ഒരു നിശ്ചിത കാലയളവിനുള്ളിൽത്തന്നെ താലൂക്കിലേയും/ജില്ലകളിലേയും എല്ലാ സഹകരണ സംഘങ്ങളിലും ക്രമമായി അന്വേഷണം നടക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. അന്വേഷണം നടത്തി റിപ്പോർട്ടുകൾ താലൂക്കിലെ ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ക്കും, അസിസ്റ്റന്റ് രജിസ്ട്രാറുടേത്, ജില്ലയിലെ ജോയിന്റ് രജിസ്ട്രാർക്കും അയച്ചു കൊടുക്കേണ്ടതും ആകുന്നു. അതോടൊപ്പം, അന്വേഷണ വേളയിൽ കണ്ടെടുത്ത കാര്യങ്ങളിൻമേൽ, താലൂക്ക് തലത്തിൽ തന്നെ മേൽ നടപടികൾ നടത്തേണ്ടതും ആകുന്നു. ആ അന്വേഷണ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാറും, ജോയിന്റ് രജിസ്ട്രാറും സംഘങ്ങളിൻമേൽ പരിശോധന നടത്തേണ്ടതും ആകുന്നു.

മാത്രമല്ല സംഘങ്ങളുടെ പരിശോധനകൾ യഥാവിധി നടക്കാത്തതിനാൽ ഈ ആഫീസിൽ വിജിലൻസ് അന്വേഷണത്തിനും മറ്റുമായി നിരവധി പരാതികൾ നിരന്തരം ലഭിച്ചുകൊണ്ടിരിയ്ക്കുന്നു. എന്നാൽ ഇപ്രകാരം ലഭിക്കുന്ന എല്ലാ പരാതികളിലും അന്വേഷണം നടത്തുന്നതിന്, നിലവിലുള്ള വിജിലൻസ് വിഭാഗത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ ഇല്ലാത്തതിനാൽ സാധ്യമാകുകയില്ല. അതിനാൽ അപ്രകാരം ലഭിക്കുന്ന പരാതികൾ, ഈ ആഫീസിൽ നിന്നും അയച്ചു തരുന്നതും ആയതിൻമേൽ, നിശ്ചിത കാലാവധിക്കകം അന്വേഷണം നടത്തി യഥാസമയം റിപ്പാർട്ടു നൽകേണ്ടതുമാണ്.

ജില്ലയിലെ വകുപ്പുദ്യോഗസ്ഥൻമാരുടെ സംഘം പരിശോധന അവലോകനം നടത്തി റിപ്പോർട്ടു ജോയിന്റ് രജിസ്ട്രാരുടെ ഡി. ഒ. നരേറ്റീവ് റിപ്പോർട്ടിനോടൊപ്പം എല്ലാ മാസവും 10 ാം തീയതിക്കു മുൻപ് അയച്ചുതരേണ്ടതാണ്.

അവലോകന റിപ്പോർട്ടിൽ, ഇൻസ്പെക്ടർ അസിസ്റ്റന്റ് രജിസ്ട്രാർ തുടങ്ങിയവരുടെ പേര്, ഓരോ മാസവും പരിശോധന നടത്തിയ സംഘങ്ങളുടെ പേര്, പരിശോധന റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടി, സ്വീകരിച്ച സിവിൽ/ക്രിമിനൽ നടപടികൾ, റോട്ടേഷൻ രജിസ്റ്റർ പ്രകാരമാണോ പരിശോധന നടത്തിയതു തുടങ്ങിയ വിവരങ്ങൾ ഉൾക്കൊളളിയ്ക്കേണ്ടതാണ്.

പ്രതിമാസ പരിശോധനയിൽ കുറവു വരുത്തുകയോ പരിശോധന നടത്തി റിപ്പോർട്ടു നൽകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗസ്ഥൻമാരുടെ പേരു വിവരവും അത്തരം ഉദ്യോഗസ്ഥന്മാരുടെ മുൻകൂർ പ്രോഗ്രാമും തൻ മാസത്തെ ഡയറിയുടെ ഒരു ശരിപ്പകർപ്പും അവലോകന റിപ്പോർട്ടിനോടൊപ്പം ഉൾക്കൊളളിക്കേണ്ടതുമാണ്.

ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിലെ സി.ആർ പി.സെക്ഷൻ അവലോകനം സംബന്ധിച്ച ജോലികൾ കൈകാര്യം ചെയ്യേണ്ടതും ജോയിന്റ് രജിസ്ട്രാർ ഓഫീസിലെ അഡ്മിനിസ്ട്രേഷൻ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ, പുരോഗതി റിപ്പോർട്ടു രജിസ്ട്രാർക്ക് അയച്ചു കൊടുക്കുന്നതിനായുള്ള 'നോഡൽ ഓഫീസറു'മായിരിക്കും ഇക്കാര്യത്തിലുണ്ടാകുന്ന വീഴ്ചക്ക്, ജോയിന്റ് രജിസ്ട്രാറോടൊപ്പം തന്നെ ബന്ധപ്പെട്ട സെക്ഷനും, അഡ്മിനിസ്ട്രേഷൻ അസിസ്റ്റന്റ് രജിസ്ട്രാറും വ്യക്തിപരമായി തന്നെ ഉത്തരവാദികളായിരിക്കും എന്നും ഓർമ്മപ്പെടുത്തുന്നു.

ആഡിറ്റ് വേളയിലോ, പിന്നീട് പരിശോധനയിലോ, ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥൻമാരുടെ പരിശോധനയുടെ അഭാവത്തിലോ, അലക്ഷ്യമായി പരിശോധന നടത്തുക മൂലമോ ആണ് സംഘത്തിൽ ക്രമക്കേടുകൾ ഉണ്ടാകുവാനും, ആവർത്തിക്കുവാൻ കാരണമെന്നും, യഥാസമയം കണ്ടു പിടിക്കുവാൻ കഴിയാത്തതെന്നും ബോദ്ധ്യപ്പെടുകയാണെങ്കിൽ ടി കാലയളവിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെ വ്യക്തിപരമായി കുറ്റക്കാരായി കണക്കാക്കുന്നതും അവർക്കെതിരെ കൃത്യവിലോപത്തിന് ശിക്ഷണ നടപടികൾ കൈക്കൊള്ളുന്നതോടൊപ്പം ജോലിയിലുള്ള വീഴ്ച തെളിഞ്ഞാൽ ശമ്പളത്തിൽ നിന്ന് തുക ഈടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ കൈക്കൊള്ളുന്നതുമായിരിക്കും.

സർക്കുലറിലെ വിവരങ്ങൾ ബന്ധപ്പെട്ട എല്ലാ വകുപ്പ് ഉദ്യോഗസ്ഥൻമാരുടേയും ശ്രദ്ധവിൽ പെടുത്തേണ്ടതാണ്.

ഈ സർക്കുലർ കൈപ്പറ്റിയ വിവരം അറിയിക്കേണ്ടതാണ്.

വി. എസ്. സെന്തിൽ
സഹകരണസംഘം രജിസ്ട്രാർ

നമ്പർ ജി.20121/94.

സഹകരണസംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 18–5–1994

സർക്കുലർ നമ്പർ 13/94

വിഷയം: **സഹകരണ വകുപ്പ് സഹകരണ സംഘങ്ങളുടെ പരിശോധന വീഴ്ച കൂടാതെ നടത്തുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന: **ഈ ആഫീസിലെ 27–8–93 ലെ 53/93 ാല നമ്പർ സർക്കുലർ.**

സഹകരണ സംഘങ്ങളുടെ പരിശോധന കൃത്യമായി നടത്തേണ്ടതു സംബന്ധിച്ചുള്ള വ്യക്തമായ നിർദ്ദേശങ്ങൾ സൂചനയിൽ കാണിച്ചിരിക്കുന്ന സർക്കുലറിൽ എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും നൽകിയിട്ടുണ്ട്. ഓരോ വകുപ്പുദ്യോസ്ഥൻമാരും ഓരോ മാസം നടത്തിയിരിക്കേണ്ട കുറഞ്ഞ പരിശോധനകളുടെ വിവരം താഴെ ചേർക്കും പ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്.

	മിന്നൽ പരിശോധന	വിശദ പരിശോധന
ജോയിന്റ് രജിസ്ട്രാർ	2	1
അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)	3	2
അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി./എസ്.ടി).	3	2
ഇൻസ്പെക്ടർ	3	2

പരിശോധന അന്വേഷണം സർച്ചാർജ്

എന്നാൽ സഹകരണസംഘങ്ങളുടെ പരിശോധന നടത്തുന്നതു സംബന്ധിച്ച ജോയിന്റ് രജിസ്ട്രാർമാരുടെയും അസിസ്റ്റന്റു രജിസട്രാർമാരുടേയും, കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനം അവലോകനം ചെയ്തതിൽ മേൽ നിശ്ചയിച്ച പ്രകാരം മിനിമം ടാർജറ്റ് പോലും കൈവരിക്കുന്നതിൽ വളരെയധികം പേരും പരാജയപ്പെട്ടിരിക്കുന്നതായി കാണുന്നു. ഇതു തികച്ചും ഗുരുതരമായ അനാസ്ഥയാണ്. കഴിഞ്ഞ വർഷത്തിൽ ജോയിന്റ് രജിസ്ട്രാർമാരും അസിസ്റ്റന്റ് രജിസ്ട്രാർമാരും നടത്തിയ സംഘങ്ങളുടെ പരിശോധനയുടെ നേട്ടം വെറും അഞ്ചു ശതമാനത്തിനും താഴെയാണെന്നു കാണുന്നു.

വകുപ്പുദ്യോഗസ്ഥൻമാർ ഏറ്റവും പ്രാധാന്യം നൽകി നിർവഹിക്കേണ്ട സംഘങ്ങളുടെ പരിശോധനയിൽ തികഞ്ഞ അലംഭാവം പുലർത്തുന്നു എന്നത് ഗൗരവതരമായി വീക്ഷിയ്ക്കുന്നു. ഈ വീഴ്ചക്ക് യാതൊരു ന്യായീകരണവും സാധൂകരണവുമില്ല.

ജില്ലയിലെ വകുപ്പുദ്യോഗസ്ഥൻമാർ ഓരോ മാസവും നടത്തുന്ന സംഘം പരിശോധന അവലോകനം നടത്തി അവലോകന റിപ്പോർട്ടിന്റെ പകർപ്പ് ജോയിന്റ് രജിസ്ട്രാർമാരുടെ ഡി.ഒ.നരേറ്റീവ് റിപ്പോർട്ടിനോടൊപ്പം എല്ലാ മാസവും 10 ാം തീയതിക്കു മുൻപായി ഈ ആഫീസിലേക്ക് നിർബന്ധമായും അയച്ചു തരേണ്ടതാണ് എന്ന സൂചന സർക്കുലറിലെ നിർദ്ദേശം പല ജോയിന്റ് രജിസട്രാർമാരും കൃത്യമായി പാലിക്കുന്നില്ല.

സഹകരണ സംഘങ്ങളുടെ പരിശോധന നടത്തേണ്ട ഉദ്യോഗസ്ഥൻമാർ അവരുടെ ഓരോ മാസത്തേയും മുൻകൂർ യാത്ര പരിപാടിയിൽ ടാർജറ്റ് അനുസരിച്ചു നടത്തേണ്ട പരിശോധനയുടെ വിവരം ഉൾപ്പെടുത്തേണ്ടതും അതനുസരിച്ച് സംഘങ്ങളുടെ പരിശോധന നിർബന്ധമായും നടത്തേണ്ടതുമാണ്. അല്ലാത്തപക്ഷം ടി ഉദ്യോഗസ്ഥൻമാരുടെ ടൂർ ഡയറി യാതൊരു കാരണവശാലും ബന്ധപ്പെട്ട മേലുദ്യോഗസ്ഥൻമാർ അംഗീകരിക്കുകയോ യാത്രാബത്ത അനുവദിക്കുകയോ ചെയ്യരുത്.

ടാർജറ്റ് അനുസരിച്ചുളള പരിശോധനകൾ നടത്തുന്നതിൽ ഏതെങ്കിലും ഉദ്യോഗസ്ഥൻമാർ മേലിൽ വീഴ്ച വരുത്തുന്ന പക്ഷം അവർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ അതാതു സമയങ്ങളിൽ ബന്ധപ്പെട്ട മേലുദ്യോഗസ്ഥൻമാർ കൈക്കൊളേളണ്ടതാണെന്നും പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

ഈ സർക്കുലർ കൈപ്പറ്റിയ വിവരം ജോയിന്റ് രജിസ്ട്രാർമാർ അറിയിക്കേണ്ടതാണ്.

വി. എസ്. സെന്തിൽ

സഹകരണസംഘം രജിസ്ട്രാർ

Kerala Destruction of Records Act- Rules for the destruction of records relating to arbitration reference, revision petitions, execution petitions etc., under section 2 (c) of the Act issued

AGRICULTURE & RURAL DEVELOPMENT DEPARTMENT
(Agriculture – Co-operation)

G.O.M.S.543/65/AD Dated, Trivandrum, 20-9-1965

Read: **Letter No.G 2. 2625/65 dated 5-8-1965 from the Registrar of Co-operative Societies.**

ORDER

In the Kerala Destruction of Records Act 1961, it has been laid down in section 2 (2) (c) that in the case of documents in the possession or custody of any public office other than the High Court or the Board of Revenue the Government or the Head of the Department concerned or any officer specially authorised in that behalf by the Government are competent authorities to make rules for the disposal of documents.

2. According to Rule XL(1) of the Rules under the Travancore Cochin Co-operative Societies Act and Rule XVII (1) of the Rules under the Madras Co-operative Societies Act, records and books of a Society which has been wound up and the final proceedings of liquidation will be destroyed by the Registrar after the expiry of three years from the completion of liquidation. The rules do not say anything about the destruction of the records relating to Arbitration and Execution cases. The Registrar of Co-operative Societies has therefore reported that it is desirable to prescribe rules for the destruction of records relating to Arbitration references, revision petitions, execution petitions etc., under section 2(2)(c) of the Kerala Destruction of Records Act. The suggestion of the Registrar of Co-operative Societies is accepted. Government approve the rules appended for the destruction of the records relating to Arbitration and Execution cases under section 2 (2) (c) of the Kerala Destruction of Records Act 1961,

By order of the Governor
V. M. Sankunny Nair
Assistant Secretary

Rules for the disposal, by destruction or otherwise of records relating to arbitration references, revision petitions, execution petitions under sub section S (1) and (2) (c) of the Kerala Destruction of Records Act 1961,

1. The arbitration records kept in the office of the Registrar of Co-operative Societies and/or the office of the Deputy Registrars of the Districts may be

destroyed, under the specific orders of the Registrar of Co-operative Societies, if the debts covered by such arbitration awards are fully satisfied and after the expiry of a period of 3 years from the date of complete satisfaction of the awards.

2. The records relating to Execution Petitions under Section 57A of the Madras Co-operative Societies Act or those relating to Execution Petitions under Section 63 of the Travancore-Cochin Co-operative Societies Act may be destroyed on the expiry of 6 years after the complete satisfaction of the decree or award or on the expiry of 15 years from the date of the decree or award sought to be executed whichever is earlier.

Provided that decree or awards under execution shall be allowed to continue without being destroyed, even if the period of 15 years mentioned in this rule is executed.

3. Records relating to Revision Petitions may be destroyed after the expiry of a period of 12 years from the date of judgement of the revision petition.

4. Before the records described in the foregoing rules are destroyed, a list of such records shall be prepared. The list shall contain the description of the records sought to be destroyed, with a certificate by the Deputy Registrar of Co-operative Societies and with a certificate from the concerned Deputy Registrars in the office of the Registrar of Co-operative Societies (Deputy Registrars (Administration), Planning, Credit and Farming and Harijan Welfare as the case may be) and it shall be put to the Registrar. The Registrar will review the lists with the certificates and may pass orders for destruction if he is satisfied about the necessity for such destruction.

5. Notwithstanding anything contained in the foregoing rules, it shall be competent for the Registrar of Co-operative Societies to withhold any records from destruction for valid reasons. But before doing so , he shall record in writing the reason or reasons for such action.

No.17160/71/G(3) Office of the Registrar of Co-operative Societies,
Thiruvananthapuram 13th July 1971

CIRCULAR No. 33/71

Sub: **Arbitration-Appearance of legal practitioners to represent parties –Instructions issued**

It has been represented that some Departmental Officers who are appointed as Arbitrators to decide disputes do not allow the parties to engage legal practitioners to present their cases. According to sub-clause (8) of clause 67 of the Kerala Co-operative Societies Rules in the proceedings before the Registrar or such other person deciding the dispute or the Arbitrator, legal practitioners shall not be entitled, as a matter of right, to appear to represent parties. This does not however mean that legal practitioners should be completely excluded. Though this is entirely within the discretion of the person hearing the dispute, there is no point in denying this privilege to the parties when they specifically request permission to engage Advocates. In the cases of important and complicated references, the services of legal practitioners will be of great help to the Arbitrators in arriving at correct conclusions and to dispose of the references more conveniently and expeditiously. All the departmental officers are therefore informed that normal requests for permission to engage legal practitioners to represent parties in arbitration cases shall not be denied.

(Sd/-)
For Registrar of Co-operative Societies

No. 48275/71/G3. Office of the Registrar of Co-operative Societies
Thiruvananthapuram, 31st December 1971

CIRCULAR No. 65/71

Sub: **Kerala Co-operative Tribunal-Hearing of cases-Finishing of Back records and case diaries-Instructions issued.**

It has been brought to the notice of the Registrar that difficulties are being experienced by the Tribunal for want of back records of cases called for from the officers of this Department. It is also seen that even after repeated requests made by the Secretary to the Tribunal the records are not supplied and some times the records furnished do not contain all the relevant papers. The original records should naturally contain all relevant records. In the case of an arbitration reference, the original file should contain the Plaint, the list of exhibits, depositions of witnesses, office copy of the Award, case diary etc., Under Rule 67 (b) of the Kerala Co-operative Societies Rules, the arbitrator or other person deciding the dispute has to prepare the case diary. It is informed that very often such case diaries are not seen in the original arbitration case file and even when it is available, the case diaries do not contain full details. The case diaries should invariably indicate date or dates on which the case was taken up for consideration, the action taken on each such date, the persons examined, documents exhibited etc.

All the Deputy Registrars and Circle Officers are requested to see that the case records contain all these details. They should also see that the records required by the Tribunal are supplied in time.

(Sd/-)
For Registrar of Co-operative Societies

No.ADL (3) 35252/71. Office of the Registrar of Co-operative Societies
Thiruvananthapuram, 16th February 1972

CIRCULAR No. 7/72

Sub: **Arbitration-Communication of awards to Judgment Debtors (defendant/s)- Instructions issued.**

The attention of the officers of this Department is invited to the provisions of Rule 68 of the Kerala Cooperative Societies Rules, 1969 and they are requested to observe strictly the procedure prescribed therein. The concerned officers are also requested to see that:-

(i) The notice of hearing of the arbitration reference is issued at least 15 clear days before the date fixed for hearing.

(ii) The decision/order/award thereon shall as far as possible be pronounced in open court on the date of hearing itself.

(iii) If the decision/Order/Award is not pronounced on the date of hearing itself a further notice shall be issued specifying the date of announcement of the same.

(iv) An attested copy of the decision/order/award shall be sent to the person who files the reference by registered post with acknowledgement due.

(v) A gist of the decision/order/award shall be sent to the opposite parties under certificate of posting if they were not present at the time of delivering the same.

(vi) If the reference is disposed under clause (b) or clause (c) of sub section (1) of the Section 70 of the Act the person who disposes the same shall prepare such number of attested copies and gists of the decision/award as are required to be served on the parties and forward the same to the officer who received the reference under section 69 of the Act.

The Deputy Registrar will give necessary instructions in this matter to all the officers under them for strict compliance.

K. Krishnan Nambiar
Registrar of Cooperative Societies

No.ADL-3/29713/70. Office of the Registrar of Co-operative Societies
Thiruvananthapuram, 15th September 1972

CIRCULAR No. 40/72

Sub: **Extra levies on the societies and on the Judgement debtors-Regarding.**

Ref: **Registrar's Circular No. 5/1970 dated 22-1-1970.**

The practice of charging extra expenses such as taxi-hire, petrol charges etc. by the societies on the Judgement debtors was disallowed in the Circular cited. It has been brought to my notice that certain District Banks and Primary Co-operative Societies are still continuing the above practice, sidestepping the standing orders in this regard. For the purpose of collecting overdue loans and interest, the levy of such extra charges on the judgement debtors is not only against the provisions of the Kerala Co-operative Societies Act and the Rules but also unjustifiable. Any extra expenses incurred by way of hiring taxi, etc. should not be passed on to the judgement debtors on any account. The Deputy Registrars are requested to see that these instructions are observed in all institutions in their charge, and persuade such societies that have not acted according to the instructions, to discontinue this practice forthwith.

T. R. Sankara Pillai
Registrar of Co-operative Societies

No.ADL (3) 263/77. Office of the Registrar of Co-operative Societies,
Thiruvananthapuram, 18th February 1977

CIRCULAR No. 11/77

Sub: **Co-operative Department-Disposal of arbitration cases pending for want of records-Procedure to be adopted-Regarding.**

Ref: **Letter No.D. 12880/76 dated 26-11-1976 from the Deputy Registrar (General), Kottayam.**

The Deputy Registrar (General), Kottayam in the letter cited has informed that a major portion of the long pending arbitration cases are pending for want of production of relevant records which are reported to be before the criminal courts in connection with the prosecution cases launched against the officers of the societies. If a strict view is taken the Arbitrators are not bound to keep the

case files pending for years together for the production of documents and that they can dispose of the case with the available records or dismiss the case for default. But as the Department is bound to protect the interest of the societies, such an action is not advisable always. Hence, he has sought for clarification as to whether it may not be in order to dispose of such cases permitting the societies to file fresh arbitration case as and when the records are received back form the criminal courts.

The matter has been examined in detail. It is clarified that there is no objection is disposing an arbitration reference pending for want of production of all or any of the records required, but in dismissing such cases specific mention should be made that the disposal is without prejudice to the right of the parties to prefer fresh petition for arbitration so as to avoid a plea of res-judicata later.

M. G. K. Murthy
Registrar of Co-operative Societies-in-charge

No.CP (4) 27068/80. Office of the Registrar of Co-operative Societies,
Trivandrum, 15-10-1980

CIRCULAR No. 68/80

Sub: **Appeal No. 60/78- filed before the Kerala Coop.Tribunal by the Vazhappally Service Cooperative Bank Ltd. No.K.108 represented by its Secretary.**

Ref: **Judgement dated 19-5-1980 from the Kerala Cooperative Tribunal.**

The Vazhappally Service Co-operative Bank Ltd. No. K.108 filed an appeal before the Cooperative Tribunal against the award in RC.No.163/74. While disposing the appeal petition the honourable Tribunal observed as follows.

"I cannot but remark at the very outset, that the award in this case is a most unsatisfactory one, perfunctory and full of confusion. Of course an inexperienced Inspector of Cooperative Societies cannot be expected to do full Justice in the disposal of the reference of this type which is not a suitable one, but of a complicated nature. The Deputy Registrar or the Assistant Registrar who receive the reference under section 69 of the Kerala Cooperative Societies Act in his capacity Registrar as defined in Section 2 (p) of the Act should exercise the discretion in a reasonable manner before he decides to proceed under one of the 3 modes provided for in section 70 (3) of the Act. Complicated

references should not be referred to the Inspectors or some such Junior Officer appointing him as the Arbitrator, but should be taken up by the Deputy Registrar or Assistant Registrar himself for disposal, because most of the Inspectors will not in the normal course be able to do justice in such cases because of their in experience and lack of qualification to undertake to decide complicated cases".

I, therefore, request you to bring the content of the observations made by the Kerala Cooperative Tribunal to the notice of your subordinate officers and give suitable instructions to them to taken proper care in disposing of arbitration reference and to avoid the tendency to dismiss proceedings for realisation of pecuniary losses by societies without proper examination.

K. J. Thomas
Joint Registrar (Credit)

നമ്പർ സി.പി.(3) 27072/80.

സഹകരണസംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 3–1–1981

സർക്കുലർ നമ്പർ 5/81

വിഷയം: **ആർബിട്രേഷൻ കേസുകൾ വിചാരണ ചെയ്ത് തീർപ്പാക്കുമ്പോൾ ആർബിട്രേറ്റർമാർ വരുത്തുന്ന ക്രമക്കേടുകൾ സംബന്ധിച്ച്.**

കേരള സഹകരണ ട്രൈബ്യൂണൽ മുൻപാകെ വിചാരണ ചെയ്ത 1978 ലെ 74 ാം നമ്പർ റിവിഷൻ പെറ്റീഷൻ അനുവദിച്ചുകൊണ്ട് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്തുത റിവിഷൻ പെറ്റീഷനാധാരമായ ആർബിട്രേഷൻ കേസ് വിചാരണ ചെയ്ത് ആർബിട്രേറ്റർ നൽകിയ അവാർഡിൽ വിവിധ ക്രമക്കേടുകൾ ഉണ്ടായിരുന്നതായും വിചാരണ സമയത്ത് ആർബിട്രേറ്റർ സ്വന്തമായി തയ്യാറാക്കേണ്ടിയിരുന്ന കേസ് ഡയറി അച്ചടിച്ച ഫാറത്തിലാണ് തയ്യാറാക്കിയിരുന്നതെന്നും പ്രസ്തുത കേസ് ഡയറി തയ്യാറാക്കിയ തീയതി അതിൽ രേഖപ്പെടുത്തിയിരുന്നില്ലെന്ന് പ്രത്യക്ഷത്തിൽ കേസ് ഡയറി ഓരോ നടപടിക്രമങ്ങളും നടക്കുന്ന അവസരത്തിൽത്തന്നെ തയ്യാറാക്കിയതായി കരുതുവാൻ നിവർത്തിയില്ലെന്നു കേസ് വിചാരണ ദിവസം പ്രതി ഹാജരായിരുന്നുവെന്നോ ഹാജരാകാതിരുന്നുവെന്നോ കേസ് ഡയറിയിൽ രേഖപ്പെടുത്തിയിട്ടില്ലായിരുന്നുവെന്നും ചൂണ്ടിക്കാണിച്ചിരിക്കുന്നു. കൂടാതെ വായ്പക്ക് വസ്തു ഈടു വച്ചിട്ടുള്ളതായി അന്യായത്തിൽ ചേർത്തിട്ടില്ലായിരുന്നിട്ടും ആർബിട്രേറ്റർ തന്റെ അവാർഡിൽ വായ്പക്കാധാരമായി ഒരു സ്ഥാവര വസ്തു ഈടു നൽകിയിട്ടുള്ളതായും രേഖപ്പെടുത്തിയിരുന്നുവെന്നും ട്രൈബ്യൂണൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ആർബിട്രേഷൻ കേസ് വിചാരണക്കു വന്ന അവസരത്തിൽ പ്രതിക്കുവേണ്ടി പത്രിക വക്കീൽ മുഖേന സമർപ്പിച്ചിട്ടും വക്കീൽ മുഖേന ഹാജരാകുന്നതിന് മുൻകൂട്ടി അനുമതി തേടിയില്ലെന്ന കാരണത്താൽ ആയതു

നിരസിക്കുകയാണ് ചെയ്തതെന്നും യഥാർത്ഥത്തിൽ താൻ സംഘത്തിൽ നിന്നും പ്രസ്തുത കേസിനാധാരമായ വായ്പ എടുത്തിട്ടില്ലെന്നും പത്രിക സമർപ്പിച്ചു. പ്രതിക്ക് തന്റെ വാദം തെളിയിക്കുന്നതിന് അവസരം നൽകാതെ പ്രതിയെ എക്സ്പാർട്ടിയായി പ്രഖ്യാപിച്ച് അവാർഡു നൽകിയ നടപടി ശരിയല്ലെന്നു ട്രൈബ്യൂണൽ ചൂണ്ടിക്കാണിച്ചിരിയ്ക്കുന്നു.

മേൽ പറഞ്ഞിരിക്കുന്ന ന്യൂനതകൾക്കു പുറമേ ആർബിട്രേഷൻ കേസിനാധാരമായ വായ്പ അപേക്ഷയിലും ഇതു പറ്റിയതായി കക്ഷി എഴുതിക്കൊടുത്ത രസീതിലും വായ്പക്ക് സംഘത്തിൽ കക്ഷി നൽകിയ ബോണ്ടിലേയും ഒപ്പുകൾ തമ്മിൽ സാദൃശ്യമില്ലാതിരുന്നിട്ടും ആയതിന്റെ നിജസ്ഥിതി പരിശോധിക്കാതെയാണ് അവാർഡുകൾ നൽകിയിട്ടുള്ളതെന്നും ചൂണ്ടിക്കാണിച്ചിരിക്കുന്നു.

ട്രൈബ്യൂണൽ ചൂണ്ടിക്കാണിക്കുന്ന മേൽ പ്രസ്താവിച്ച പോരായ്മകൾ വളരെ ഗുരുതരമായിട്ടുള്ളതാണ്. വളരെ ഉത്തരവാദിത്വത്തോടും നീതിനിഷ്ഠയോടും കൈകാര്യം ചെയ്യേണ്ട ആർബിട്രേഷൻ കേസുകൾ നിരുത്തരവാദപരമായി ലാഘവബുദ്ധിയോടുകൂടി അവാർഡുകൾ നൽകുന്നതുമൂലം കക്ഷികൾക്ക് വളരെയേറെ കഷ്ടനഷ്ടങ്ങളും മനക്ലേശങ്ങളും ഉണ്ടാകാനിടയുണ്ട്.

മേലിൽ ആർബിട്രേഷൻ കേസുകൾ വിചാരണ ചെയ്യുന്ന അവസരത്തിൽ ആർബിട്രേറ്റർമാർ വളരെ ഉത്തരവാദിത്വത്തോടുകൂടിയും നീതിനിഷ്ഠയോടുകൂടിയും വിചാരണ ചെയ്യേണ്ടതും പ്രതികൾ ഹാജരായി സമർപ്പിക്കുന്ന പത്രികകളിൽ പ്രതിപാദിച്ചിട്ടുള്ള സംഗതികൾ തെളിയിയ്ക്കുന്നതിന് അവർക്ക് അവസരം നൽകേണ്ടതും കേസിനാധാരമായ റിക്കാർഡുകളും അന്യായത്തിലെ സംഗതികളും വിശദമായി പരിശോധിക്കേണ്ടതും വിചാരണ വേളയിൽ ആർബിട്രേറ്റർ തന്നെ ഓരോ ദിവസത്തേയും നടപടികൾ കേസ് ഡയറിയിൽ സ്വന്തം കൈപ്പടയിൽ രേഖപ്പെടുത്തേണ്ടതുമാണ്. ആർബിട്രേഷൻ കേസുകളിലെ അവാർഡുകൾ ബന്ധപ്പെട്ട റിക്കാർഡുകളുടെയും കേസ് സംബന്ധിച്ച തെളിവുകളുടെയും അടിസ്ഥാനത്തിലായിരിക്കണം നൽകേണ്ടത്. മേൽ പറഞ്ഞിരിക്കുന്ന റിവിഷൻ പെറ്റീഷൻ അനുവദിച്ചുകൊണ്ട് ട്രൈബ്യൂണൽ നൽകിയ ഉത്തരവിൽ ആർബിട്രേഷൻ അവാർഡിനെ സംബന്ധിച്ച് ചൂണ്ടിക്കാണിച്ചിരിക്കുന്ന പോരായ്മകൾ ആവർത്തിക്കാതിരിക്കാൻ ആർബിട്രേറ്റർമാർ മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ ഡെപ്യൂട്ടി രജിസ്ട്രാർമാരും അസിസ്റ്റന്റ് രജിസ്ട്രാർമാരും ബന്ധപ്പെട്ട എല്ലാ പേരുടേയും ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

ജോയിന്റ് രജിസ്ട്രാർ (ക്രെഡിറ്റ്)

നമ്പർ ഇ.എ.5/27267/79.

സഹകരണസംഘം രജിസ്ട്രാറാഫീസ്
തിരുവനന്തപുരം, 14–12–1981

സർക്കുലർ നമ്പർ 46/81

വിഷയം: **ആർബിട്രേഷൻ കേസുകളിൽ സമൻസ് നടത്തുന്നതിന് പ്രതിഫലം വാങ്ങുന്നത് സംബന്ധിച്ച്.**

ആർബിട്രേഷൻ കേസുകളിൽ സമൻസ് നടത്തുന്നതിന് അനുവദിച്ചിട്ടുള്ള യാത്രാബത്തക്കു പുറമേ ഡിപ്പാർട്ടുമെന്റിലെ ചില ശിപായിമാർ സംഘങ്ങളിൽ നിന്നും പ്രതിഫലം കൈപ്പറ്റുന്നതായി അറിവു ലഭിച്ചിരിക്കുന്നു. ചട്ടപ്രകാരം അനുവദിച്ചിട്ടുള്ള യാത്രാബത്തയിൽ കവിഞ്ഞ് ഒരു തുകയും ഏതു വിധത്തിലായാലും വാങ്ങുന്നതിന് സമൻസ് നടത്തുന്നവർക്ക് അവകാശമില്ല. യാതൊരു കാരണവശാലും സമൻസ് നടത്തുന്നതിന് സംഘങ്ങളിൽ നിന്നും പ്രതിഫലം സ്വീകരിക്കുവാൻ പാടില്ലാത്തതാണ്. അങ്ങനെ ഏതെങ്കിലും പ്രതിഫലം കൈപ്പറ്റുന്നുവെങ്കിൽ അതു തീർത്തും കുറ്റകരമാണ്, ശിക്ഷാർഹവുമാണെന്ന കാര്യം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ആയതിനാൽ ഈദൃശ നടപടികൾ ഏതെങ്കിലും ജില്ലയിലെ ഈ വകുപ്പിൽ നിലവിലുണ്ടെങ്കിൽ ആയത് ഉടനടി നിറുത്തൽ ചെയ്യേണ്ടതാണ്. ഇങ്ങനെയുള്ള നടപടികൾ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ കർശന നടപടികൾ കൈക്കൊള്ളുന്നതാണെന്നറിയിക്കുന്നു. ഈ നടപടി പൂർണ്ണമായും നിറുത്തലാക്കേണ്ട ചുമതല അതാതു ജില്ലയിലെ ജോയിന്റ് രജിസ്ട്രാർമാർക്കാണുള്ളത്. ഇപ്രകാരത്തിലുള്ള നടപടികൾ ഉണ്ടാവുകയാണെങ്കിൽ ജോയിന്റ് രജിസ്ട്രാർമാർ ഉടനടി ബന്ധപ്പെട്ടവർക്കെതിരെ ശിക്ഷണ നടപടികൾ എടുക്കേണ്ടതും ഈ ആഫീസിലേക്ക് വിവരം അറിയിക്കേണ്ടതുമാണ്.

സഹകരണസംഘം രജിസ്ട്രാർ

നമ്പർ എ.ഡി.എൽ. 3/39876/82

സഹകരണസംഘം രജിസ്ട്രാറാഫീസ്
തിരുവനന്തപുരം, 4–8–1982

സർക്കുലർ നമ്പർ 35/82

വിഷയം: **ആർബിട്രേഷൻ കേസുകളിൽ പ്രതികൾക്ക് സമൻസ് നടത്തുന്നതിനെ സംബന്ധിച്ച്.**

(1) കേരള സഹകരണ നിയമത്തിലെ 69 ാം വകുപ്പ് അനുസരിച്ച് രജിസ്ട്രാറുടെ തീരുമാനത്തിന് സമർപ്പിക്കുന്ന തർക്കങ്ങളിൽ, പ്രതികൾക്ക് സമൻസ് നടത്തുന്നതിൽ ഗുരുതരമായ വീഴ്ചകൾ വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. സമൻസ് നിയമപ്രകാരം ശരിയായ രീതിയിൽ നടത്തിയിരുന്നാൽ മാത്രമേ, വിചാരണ സമയത്ത് പ്രതികൾ ഹാജരാകാതിരുന്നാൽ അവരെ എക്സ് പാർട്ടിയായി ഉത്തരവ് പാസ്സാക്കുവാൻ കഴിയുകയുള്ളൂ. നിയമാനുസരണമല്ലാത്ത സമൻസ് നടത്തുന്നതെങ്കിൽ പാസ്സാക്കപ്പെടുന്ന അവാർഡ് എക്സ്പാർട്ടി പ്രതികളെ ബന്ധിക്കാത്തതും അവാർഡ് അസ്ഥിരപ്പെട്ടു പോകുന്നതുമാകുന്നു.

ആർബിട്രേഷനും വിധി നടത്തും

(2) സഹകരണ നിയമത്തിലെ 104 ാം വകുപ്പനുസരിച്ചോ, സിവിൽ പ്രൊസീഡിയർ കോഡിലെ പ്രസക്ത വകുപ്പുകൾ അനുസരിച്ചോ മാത്രമേ, ആർബിട്രേഷൻ കേസുകളിൽ സമൻസ് നടത്താവൂ എന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി രവീന്ദ്രൻ പിള്ള അഭി. കോ-ഓപറേറ്റീവ് ട്രിബ്യൂണൽ എന്ന കേസിൽ (1979 കെ.എൽ.റ്റി പേജ് 485) വിധിച്ചിട്ടുണ്ട്. ഏതൊരാളെയും സമൻസ് അയച്ചു വരുത്തുന്നതിന് ഒരു സിവിൽ കോടതിക്ക്, സിവിൽ പ്രൊസീഡിയർ കോഡ് അനുസരിച്ചുള്ള അധികാരങ്ങൾ സഹകരണ നിയമം 69 ാം വകുപ്പനുസരിച്ച് തർക്കങ്ങളിൽ തീർപ്പു കൽപ്പിയ്ക്കുന്ന രജിസ്ട്രാർക്കും മറ്റാളുകൾക്കും ഉണ്ടെന്ന് സഹകരണ നിയമം 98 ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നു. സിവിൽ പ്രോസീഡിയർ കോഡിലെ അഞ്ചാമത് ഓർഡറിലാണ് പ്രതികൾക്ക് സമൻസ് നടത്തുന്നതിനെ സംബന്ധിച്ച നടപടിക്രമങ്ങൾ വിവരിച്ചിട്ടുള്ളത്. ഈ നടപടി ക്രമങ്ങളിൽ സമൻസ് പ്രതികൾക്ക് നേരിട്ടു നടത്തുക, പോസ്റ്റ് മുഖാന്തരം നടത്തുക, മേലുദ്യോഗസ്ഥൻമാർ വഴി നടത്തുക തുടങ്ങിയ വിവിധ വ്യവസ്ഥകൾ അടങ്ങിയിട്ടുണ്ട്. തർക്കങ്ങളിൻമേൽ തീർപ്പു കൽപ്പിക്കുന്ന ഉദ്യോഗസ്ഥൻമാർ പ്രതികൾക്കുള്ള സമൻസ് അയക്കുന്നതിൽ സിവിൽ പ്രൊസീഡിയർ കോഡിലെ അഞ്ചാം ഓർഡറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടിക്രമം കൃത്യമായി പാലിക്കേണ്ടതാണ്.

(3) സമൻസ് നടത്തേണ്ടത് അധികാരപ്പെടുത്തിയ ഒരുദ്യോഗസ്ഥൻ അയിരിക്കേണ്ടതാണ്. ആഫീസിലെ ശിപായിമാരോ മറ്റുദ്യോഗസ്ഥൻമാരോ അല്ലാത്തവരെക്കാണ്ട് സമൻസ് നടത്തിക്കുന്നത് നിയമാനുസരണ നടപടി ആയിരിക്കുകയില്ല.

(4) സമൻസ് പതിച്ച് നടത്തുമ്പോൾ സമൻസിന്റെ ഒരു കോപ്പി, പ്രതി സാധാരണയായി താമസിക്കുന്നതോ, ബിസിനസ് നടത്തുന്നതോ, ആദായത്തിനുവേണ്ടി ജോലി ചെയ്യുന്നതോ ആയ കെട്ടിടത്തിന്റെ പുറം വാതിലിലോ, അല്ലെങ്കിൽ വ്യക്തമായി കാണാവുന്ന മറ്റു ഭാഗങ്ങളിലോ പതിച്ചിരിക്കേണ്ടതാണ്. അപ്രകാരം താൻ സമൻസ് പതിച്ചു നടത്തിയെന്നും അതിനിടയായ സാഹചര്യങ്ങൾ എന്താണെന്നും വീടു കാണിച്ചു തന്നവർ ആരെങ്കിലും ഉണ്ടെങ്കിൽ അവരുടെ പേരും മേൽവിലാസവും ആരുടെ സാന്നിദ്ധ്യത്തിലാണ് അപ്രകാരം പതിച്ചു നടത്തിയതു എന്നും കാണിക്കുന്ന ഒരു റിപ്പോർട്ട് സമൻസിന്റെ മറ്റേ കോപ്പിയോടൊപ്പം സമൻസ് നടത്തുന്ന ഉദ്യോഗസ്ഥർ നൽകേണ്ടതാണ്. താൻ ചെയ്തതിന്റെ സത്യാവസ്ഥ സമൻസ് നടന്നുന്ന ഉദ്യോഗസ്ഥൻ, ഒരു സത്യവാങ്മൂലം മൂലം ഉറപ്പുവരുത്തിയിരിക്കേണ്ടതാണ്. അപ്രകാരം ചെയ്തിട്ടില്ലായെങ്കിൽ തർക്കത്തിൻമേൽ തീരുമാനം എടുക്കുന്ന ഉദ്യോഗസ്ഥൻ, സമൻസ് നടത്തിയ ഉദ്യോഗസ്ഥനെ സത്യം ചെയ്യിപ്പിച്ച് മൊഴി രേഖപ്പെടുത്തി സമൻസ് ശരിയായ രീതിയിലാണ് നടത്തിയിരിക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

(5) പ്രതിക്കുള്ള സമൻസ്, കഴിയുമെങ്കിൽ പ്രതിക്കു നേരിട്ടുതന്നെ നൽകേണ്ടതാണ്. സമൻസ് കൈപ്പറ്റുവാൻ അധികാരപ്പെടുത്തിയിട്ടുള്ള ഏജന്റ് ഉണ്ടെങ്കിൽ സമൻസ് അയാൾക്കും നൽകാവുന്നതാണ്. പ്രതിയെ കണ്ടുകിട്ടാൻ കഴിയാതിരിക്കുകയും അധികാരപ്പെടുത്തിയ ഏജന്റ് ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ പ്രതിയുടെ കൂടെ താമസിക്കുന്ന പ്രതിയുടെ കുടുംബത്തിലെ

പ്രായപൂർത്തിയായ ആളിനെക്കൊണ്ട് ഒപ്പിടുവിച്ച് സമൻസ് നടത്താവുന്നതാണ്. പ്രതിയുടെ കുടുംബത്തിൽ പെടാത്ത മറ്റു പ്രതികളെക്കൊണ്ട് ഒപ്പിടുവിച്ച് സമൻസ് നടത്തുന്നത് തികച്ചും തെറ്റാണ്.

(6) സമൻസ് നേരിട്ട് പ്രതിക്കോ 5-ാം ഖണ്ഡികയിൽ പറയുന്ന മറ്റാളുകൾക്കോ നൽകി ഒപ്പിട്ടു വാങ്ങുന്ന അവസരത്തിൽ സമൻസ് നടത്തിയ സമയം, രീതി, പ്രതിയെ തിരിച്ചറിയുവാൻ സഹായിച്ച വ്യക്തികളോ സാക്ഷികളോ ഉണ്ടെങ്കിൽ അവരുടെ പേര് മേൽവിലാസം എന്നിവ സമൻസിന്റെ കോപ്പിയിലോ അതോട് അനുബന്ധിച്ച ഒരു കടലാസ്സിലോ സമൻസ് നടത്തുന്ന ഉദ്യോഗസ്ഥൻ തീർച്ചയായും രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

(7) പ്രതികൾക്കുളള സമൻസ് പോസ്റ്റ് മൂലം അയക്കുവാനും സിവിൽ പ്രൊസീഡിയർ കോഡിലെ 5-ാം ഓർഡറിൽ വ്യവസ്ഥയുണ്ട്. കേരള സഹകരണ നിയമത്തിലെ 104-ാം വകുപ്പനുസരിച്ച് സമൻസ് പ്രതികൾക്ക് പോസ്റ്റു മുഖാന്തിരം അയക്കാവുന്നതാണ്. സമൻസ് പോസ്റ്റ് മുഖാന്തിരം അയക്കുമ്പോൾ രജിസ്റ്റർ ചെയ്തു അക്ക്നോളജ്മെന്റ്, ഡ്യൂ ആയി വേണം. പ്രതികൾ ഒപ്പിട്ട അക്ക്നോളജ്മെന്റ് സമൻസ് പ്രതിക്ക് നടത്തി എന്നതിന് രേഖയായാരിക്കും. മറിച്ച് തെളിയിച്ചില്ലെങ്കിൽ സാധാരണ ഗതിയിൽ ലഭിക്കുമായിരുന്ന സമയത്ത് കത്ത് ആർക്കാണോ അയക്കുന്നത് അയാൾക്ക് കിട്ടിയതായി കണക്കാക്കുമെന്ന് 104-ാം വകുപ്പ് വ്യവസ്ഥ ചെയ്യുന്നുണ്ട്.

(8) സമൻസ് പോസ്റ്റു മൂലം അയക്കുന്നതിന് ആവശ്യമായ സർവീസ് സ്റ്റാമ്പ് ലഭ്യമല്ലാത്തപ്പോൾ, രജിസ്റ്റർ ചെയ്തു അയക്കുന്ന ചിലവ് വാദി സംഘം വഹിക്കുവാൻ തയ്യാറാണെങ്കിൽ, അപ്രകാരം ചെയ്യാവുന്നതാണ്. അങ്ങനെ ചെയ്യുമ്പോൾ പോസ്റ്റൽ സ്റ്റാമ്പോ, അതിനാവശ്യമായി വരുന്ന തുകയോ ഉദ്യോഗസ്ഥൻമാർ ഒരിക്കലും സ്വീകരിക്കുവാൻ പാടില്ലാത്തതാണ്. മതിയായ സ്റ്റാമ്പ് ഒട്ടിച്ച് കവറുകൾ വാദി സംഘം ഹാജരാക്കേണ്ടതാണ്. രജിസ്റ്റർ ചെയ്തയക്കുന്ന വിവരം ആഫീസിലെ ഡസ്പാച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. എന്നാൽ സ്റ്റാമ്പിന്റെ തുക സ്റ്റാമ്പ് അക്കൗണ്ടിൽ കാണിയ്ക്കേണ്ടതില്ല. ഡസ്പാച്ച് രജിസ്റ്ററിൽ പ്രസക്ത രേഖപ്പെടുത്തലിനെതിരെ സ്റ്റാമ്പു ചെലവ് സംഘം വഹിച്ചുവെന്ന് പ്രത്യേകം കാണിച്ചിരിക്കേണ്ടതാണ്.

കെ. എം. ബാലകൃഷ്ണൻ
സഹകരണ സംഘം രജിസ്ട്രാർ

നമ്പർ ജി.29216/85.

സഹകരണസംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 27-9-1985

സർക്കുലർ നമ്പർ 36/85

വിഷയം: **സഹകരണം-ജപ്തി നടപടികൾക്കു പോകുന്ന സെയിലാഫീസറൻമാർ ആവശ്യമായ കേസുകളിൽ പോലീസ് സംരക്ഷണം ഉറപ്പുവരുത്തൽ സംബന്ധിച്ച്.**

ആർബിട്രേഷനും വിധി നടത്തും

1969–ലെ കേരള സഹകരണസംഘം നിയമത്തിലെ 76 (സി) 78 എന്നീ വകുപ്പുകളനുസരിച്ച് ജപ്തി നടപടികൾ സ്വീകരിക്കുന്നതിലേക്കായി അധികാരപ്പെടുത്തിയിരിക്കുന്ന സഹകരണ വകുപ്പിലെ ചില സെയിലാഫീസറൻമാർ തക്കതായ കേസുകളിൽ പോലീസ് സംരക്ഷണം ഉറപ്പു വരുത്താതെ മുഖ്യ കടക്കാരുടെയും ജാമ്യക്കാരുടേയും സ്ഥാവര ജംഗമ വസ്തുക്കൾ ജപ്തി ചെയ്യുന്നതിലേക്കായി അവരുടെ വാസസ്ഥലങ്ങളിലും മറ്റും പോയപ്പോൾ ചില സാമൂഹ്യ വിരുദ്ധ ശക്തികളിൽ നിന്നും അസഭ്യ വിളികൾ കേൾക്കാനിടയാകുകയും, മർദ്ദനമേൽക്കേണ്ടതായി വരുന്നതായും ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. സഹകരണ നിയമത്തിലെ 108 ാം വകുപ്പിലെ വ്യവസ്ഥയനുസരിച്ച് സെയിലാഫീസറൻമാർക്ക് പോലീസിന്റെ സഹായം തേടാവുന്നതും, പോലീസ് സഹായത്തോടെ ജപ്തി നടപടികൾക്ക് പോകാവുന്നതുമാണ്. എന്നാൽ ചില സെയിലാഫീസറൻമാർ ഉചിതമെന്നു തോന്നുന്ന കേസുകളിൽ പോലീസ് സംരക്ഷണം ഉറപ്പു വരുത്താതെ ജപ്തി നടപടികൾക്കു പോകുകയും അങ്ങിനെ ചില അവസരങ്ങളിൽ മർദ്ദനമേൽക്കേണ്ടതായും വന്നതായി മനസ്സിലാക്കുന്നു. മറ്റു കേസുകളിൽ സെയിലാഫീസറൻമാർ പോലീസിന്റെ സഹായം ആവശ്യപ്പെട്ടു എങ്കിലും പോലീസുകാരെ പ്രസ്തുത ഡ്യൂട്ടിക്ക് നിയോഗിക്കാതെ വന്ന സാഹചര്യങ്ങളിൽ പോലീസുകാരെ കൂടാതെ ജപ്തി നടപടികൾക്ക് പോകുകയും സാമൂഹ്യ വിരുദ്ധശക്തികളുടെ മർദ്ദനമേൽക്കേണ്ടതായി വന്നതായും കാണുന്നു.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ ഇത്തരം സംഭവങ്ങൾ കഴിവതും ഒഴിവാക്കുന്നതിനു വേണ്ടി താഴെ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങഭൾ പുറപ്പെടുവിയ്ക്കുന്നു.

1. ജപ്തി നടപടികൾ സ്വീകരിക്കാൻ തുടങ്ങുന്നതിനു മുൻപായി സെയിലാഫീസറൻമാർ ഓരോ കേസിലെയും മുഖ്യ കടക്കാരേയും ജാമ്യക്കാരേയും കുറിച്ച് അവരുടെ ചുറ്റുപാടുകളേയും അവരുടെ മുൻ പെരുമാറ്റ രീതികളേയും കുറിച്ച് അതാതു സംഘം സെക്രട്ടറി, പ്രസിഡന്റ്, ഭരണസമിതി അംഗങ്ങൾ, മുതലായ ഭാരവാഹികളിൽനിന്ന് സംക്ഷിപ്ത വിവരം ശേഖരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ അനാശാസ്യ സംഭവങ്ങൾ ഉണ്ടാകാനിടയില്ലെന്ന് ഉറപ്പുള്ള കേസുകളിൽ മാത്രമേ പോലീസ് സഹായം കൂടാതെ തന്നെ അധികാരപ്പെടുത്തിയിരിക്കുന്ന സംഘത്തിലെ ഉദ്യോഗസ്ഥൻമാരോടൊപ്പം മാത്രം ജപ്തി നടപടികൾക്ക് പോകാവൂ.
2. പോലീസ് സഹായം ഉറപ്പുവരുത്തിയതിനു ശേഷം മാത്രമേ ജപ്തി നടപടിയ്ക്കു പോകാവൂ എന്നു കാണുന്ന കേസുകളിൽ ജപ്തി നടപടികളെ സ്വീകരിക്കാൻ പോകുന്ന സ്ഥലത്ത് അധികാര പരിധിയിലുള്ള പോലീസ് ഓഫീസർക്ക് മുൻകൂട്ടി രേഖാമൂലം പോലീസ് സഹായത്തിന് അപേക്ഷിക്കാവുന്നതാണ്. ഇതനുസരിച്ച് പോലീസ് സഹായം ലഭിയ്ക്കാത്ത പക്ഷം അത്തരം കേസുകളിൽ അതാതു താലൂക്കിലെ അസിസ്റ്റന്റു രജിസ്ട്രാർ മുഖാന്തിരം പ്രശ്നം ജില്ലാ ജോയിന്റു രജിസ്ട്രാറുടെ ശ്രദ്ധയിൽകൊണ്ടുവരേണ്ടതും ഇപ്രകാരം റിപ്പോർട്ടു ലഭിക്കുമ്പോൾ ജോയിന്റ് രജിസ്ട്രാർ ഓരോ കേസും അർദ്ധ ഔദ്യോഗിക കത്തുകൾ മുഖാന്തിരം അതാതു പോലീസ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽ

കൊണ്ടുവരേണ്ടതും ഓരോ കേസിലും പോലീസ് സഹായം സെയിലാഫീസറൻമാർക്ക് ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

3. ജപ്തി നടപടികൾക്ക് പോകുന്ന സെയിലാഫീസറൻമാർ ബന്ധപ്പെട്ട കക്ഷികളോടും പൊതു ജനങ്ങളോടും സംയമനത്തോടും ആത്മ നിയന്ത്രണത്തോടും കൂടി മാത്രമേ സംസാരിക്കുകയും ഇടപെടുകയും ചെയ്യാൻ പാടുള്ളൂ. ഔദ്യോഗിക കൃത്യ നിർവഹണ സമയത്ത് നിയമാനുസൃതമല്ലാത്ത യാതൊരു പ്രവർത്തിയിലും സംഭാഷണത്തിലും ഏർപ്പെട്ട് വിധി നടത്തുമായി ബന്ധപ്പെട്ടവരോ അല്ലാത്തവരോ ആയ ആരേയും സെയിലാഫീസറും പാർട്ടിയും പ്രകോപിക്കാൻ പാടുള്ളതല്ല.

4. വൈരാഗ്യ ബുദ്ധിയോടുകൂടി ജപ്തി നടപടികൾ സ്വീകരിച്ചേ അടങ്ങുകയുള്ളുയെന്ന് മറ്റുള്ളവർക്കു തോന്നത്തക്ക നിലപാട് സെയിൽ നടപടിയുടെ തുടക്കത്തിൽ തന്നെ സെയിലാഫീസർമാർ സ്വീകരിക്കാൻ പാടില്ല. അനുനയത്തോടുകൂടി രൊക്കം പണമടച്ച് തീർക്കാവുന്ന കേസുകളിൽ ബന്ധപ്പെട്ട കക്ഷികളിൽ നിന്ന് തുക ഒന്നു കൂടി വാക്കാൽ ആവശ്യപ്പെടുകയും അപ്രകാരം ആവശ്യപ്പെട്ട് ലഭിക്കുകയില്ലെന്നു കാണുന്ന പക്ഷം മാത്രം ജപ്തി നടപടികൾ സ്വീകരിക്കാൻ മുതിരുകയും ചെയ്യേണ്ടതാണ്.

മേൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ എല്ലാ ജോയിന്റ് രജിസ്ട്രാർമാരും എല്ലാ സെയിലാഫീസർമാരുടെയും അസിസ്റ്റന്റ് രജിസ്ട്രാർമാരുടേയും സംഘം ഭാരവാഹികളുടെയും ശ്രദ്ധയിൽ കൊണ്ടു വരേണ്ടതാണ്.

എ. വി. ഹരികൃഷ്ണൻ നായർ
സഹകരണസംഘം രജിസ്ട്രാർ

നമ്പർ സി.പി.(1) 54421/85.

സഹകരണസംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 1–1–86

സർക്കുലർ നമ്പർ 1/86

വിഷയം: **പ്രാഥമിക സഹകരണ സംഘങ്ങൾ–പിഴ പലിശ ഈടാക്കുന്നതു സംബന്ധിച്ച്.**

സൂചന: **ഈ ആഫീസിലെ 21–7–79 ലെ സി.സി.(4) 24567/78 നമ്പർ കത്ത്.**

സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്തു കുടിശ്ശികയാക്കുന്ന അംഗങ്ങളിൽ നിന്നും 3% വരെ പിഴ പലിശ ഈടാക്കാവുന്നതാണെന്ന സൂചനയിലെ കത്തിൽ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം പിഴ പലിശ ഈടാക്കേണ്ട ആവശ്യവും പ്രസ്തുത കത്തിൽ നിർദ്ദേശിച്ചിരുന്നതാണ്. സഹകരണ സ്ഥാപനങ്ങളിൽ വായ്പ അനുവദിക്കുമ്പോൾ കുടിശ്ശികക്ക് മൂന്നു ശതമാനം പിഴ പലിശ ഈടാക്കുന്നതാണ് എന്നു പ്രമാണത്തിൽ വ്യക്തമാക്കേണ്ടതാണ്. എല്ലാ സംഘങ്ങളും 3% പിഴ പലിശ അംഗീകരിച്ചതായി കാണുന്നില്ല. സംഘവും വായ്പാക്കാരനുമായുള്ള കരാറിൽ പിഴ

പലിശയുടെ കാര്യം വ്യക്തമാക്കിയിരിക്കേണ്ടതാണ്. അത്തരം വ്യവസ്ഥകളുടെ അഭാവത്തിൽ വായ്പ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതിൽ പ്രയാസങ്ങൾ നേരിടുന്നു. വ്യക്തമായ കരാറുകളുടെ അഭാവത്തിൽ ആർബിട്രേറ്റർ സ്വയം തീരുമാനിക്കുന്ന നിരക്കിൽ പലിശ ചുമത്തേണ്ടതായും വരുന്നു.

കരാറിൽ പിഴ പലിശ നിരക്കു വ്യക്തമാക്കിയിട്ടുണ്ടെങ്കിൽ അതിൽ കൂടുതൽ നിരക്കിൽ പലിശ അനുവദിച്ചുകൊണ്ടു ആർബിട്രേറ്റർ വിധി നൽകിക്കൂടാ. രജിസ്ട്രാർ അനുവദിച്ചിട്ടുളളതിൽ കൂടാത്ത നിരക്കിലാണ് കരാറിൽ പിഴ പലിശ വ്യവസ്ഥ ചെയ്തിട്ടുളളതു എങ്കിൽ അതിൽ കുറഞ്ഞ ഒരു നിരക്കിൽ വിധി നൽകുന്നതിന് സാധാരണ ഗതിയിൽ ന്യായീകരണമില്ല. അങ്ങനെ ചെയ്യുന്നതിന് വിവേചനാധികാരവുമില്ല.

കുറഞ്ഞ നിരക്കിൽ വിധി നൽകുന്നുവെങ്കിൽ അതിനു വ്യക്തവും സാധുതയുളളതുമായ കാരണങ്ങൾ പ്രത്യേകം കാണിച്ചിരിക്കണം. ഇക്കാര്യം എല്ലാ ആർബിട്രേറ്റർമാരുടെയും സംഘങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

കെ. വി. ഹരികൃഷ്ണൻ നായർ
സഹകരണ സംഘം രജിസ്ട്രാർ

നമ്പർ എ.ഡി.എൽ. 3.57505/85. സഹകരണസംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 1986. ഫെബ്രുവരി 10

സർക്കുലർ നമ്പർ 8/86

കേരള സഹകരണ നിയമത്തിലെ 69 ാം വകുപ്പനുസരിച്ച് രജിസ്ട്രാറുടെ തീരുമാനത്തിനു വേണ്ടി സമർപ്പിക്കപ്പെടുന്ന തർക്കങ്ങൾ വിചാരണ ചെയ്യുന്നതിലും തീർപ്പു കൽപ്പിക്കുന്നതിലും പല വിധത്തിലുളള അപാകതകളും സംഭവിച്ചു വരുന്നതായി ശ്രദ്ധയിൽ പെട്ടിരിക്കുന്നു. പ്രതികൾക്കുളള സമൻസ് നടത്തുന്നതിലും, സാക്ഷികളെ വിസ്തരിക്കുന്നതിലും പ്രമാണങ്ങൾ അക്കമിട്ടു തെളിവിൽ സ്വീകരിക്കുന്നതിലും പലപ്പോഴും നിയമാനുസൃതമല്ലാത്ത നടപടിക്രമങ്ങൾ ചില ഉദ്യോഗസ്ഥൻമാർ സ്വീകരിച്ചുവരുന്നു. ഈ സാഹചര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

2. മദ്ധ്യസ്ത തീർപ്പിന് കേസുകൾ സമർപ്പിക്കുന്ന അവസരത്തിൽ തന്നെ കേരള സഹകരണ ചട്ടം 67–ൽ അനുശാസിക്കുന്ന വിധം വേണ്ട എല്ലാ രേഖകളും, തെളിവുകൾക്കു വാദി ഭാഗത്തു നിന്നും ആശ്രയിക്കുന്ന രേഖകളുടെ ഒരു ലീസ്റ്റും സമർപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതാണ്. ഏതെങ്കിലും ന്യൂനതകൾ കാണുന്ന പക്ഷം അവ പരിഹരിക്കുവാൻ ഹർജിക്കാരനോടു ആവശ്യപ്പെടേണ്ടതും അതിലേക്ക് ഒരു ക്ലിപ്ത സമയം അനുവദിക്കേണ്ടതുമാണ്.

3. കേരള സഹകരണ നിയമത്തിലെ 98 ാം വകുപ്പനുസരിച്ച് അതിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്ന 4 കാര്യങ്ങളെ സംബന്ധിച്ച്, രജിസ്ട്രാർക്കും,

ആർബിട്രേറ്റർക്കും തർക്കങ്ങളിൻമേൽ തീരുമാനമെടുക്കുന്ന മറ്റേതൊരാൾക്കും, സിവിൽ നടപടി (കോഡ് ഓഫ് സിവിൽ പ്രൊസീഡിയർ) ക്രമമനുസരിച്ച് കേസ് വിചാരണ ചെയ്യുന്ന സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ്. സത്യവാങ്മൂലത്തിനുമേൽ തെളിവ് സ്വീകരിക്കുക, ഏതൊരാളേയും സമൻസ് അയച്ചു വരുത്തുക, സമൻസ് നടപ്പാക്കുക സത്യം ചെയ്യിപ്പിച്ച് മൊഴി രേഖപ്പെടുത്തുക എന്നീ കാര്യങ്ങളും 98 ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതിൽ പെടുന്നവയാണ്. ഈ കാര്യങ്ങളിൽ സിവിൽ നടപടി ക്രമമനുസരിച്ച് സിവിൽ കോടതിയ്ക്കുള്ള എല്ലാ അധികാരങ്ങളും രജിസ്ട്രാർക്കും മദ്ധ്യസ്ഥനും തർക്കം കേട്ടു തീരുമാനിക്കുന്ന മറ്റേതൊരാൾക്കും ഉണ്ട്.

4. യഥാവിധി സമൻസ് നടത്തപ്പെട്ട (ഡ്യൂലി സമൻഡ്) കേസിലെ ഏതെങ്കിലും കക്ഷി വിചാരണ ദിവസം ഹാജരാകാതെയിരുന്നിൽ കേസ്സ് എക്സ്പാർട്ടിയായി തീരുമാനിക്കാമെന്ന് കേരള സഹകരണ ചട്ടത്തിലെ 67 (4) (ബി) ചട്ടം വ്യവസ്ഥ ചെയ്തിരിക്കുന്നു. സമൻസ് നടത്തിയത് യഥാവിധി നിയമത്തിൽ അനുശാസിക്കുന്ന വിധം ആയിരുന്നാൽ മാത്രമേ കക്ഷികളെ എക്സ് പാർട്ടിയായി തീരുമാനം എടുക്കുവാൻ കഴിയുകയുള്ളൂ. സമൻസ് യഥാവിധി അല്ല നടത്തിയതെങ്കിൽ പ്രതികളെ എക്സ്പാർട്ടിയാക്കി പ്രഖ്യാപിച്ച് എടുക്കുന്ന തീരുമാനത്തിന് നിയമസാധുത ഉണ്ടായിരിക്കുകയില്ല. സമൻസ് നടത്തപ്പെടുത്തേണ്ടത് ഒന്നുകിൽ കേരള സഹകരണ നിയമത്തിലെ 104–ാം വകുപ്പിൽ വ്യവസ്ഥ ചെയ്യുന്ന പോലെയോ അല്ലെങ്കിൽ സിവിൽ നടപടിക്രമത്തിലെ 1–ാം ഷെഡ്യൂൾ, ഓർഡർ V–എൽ. വ്യവസ്ഥ ചെയ്യുന്ന വിവിധ മാർഗ്ഗങ്ങളിലൂടെയോ മാത്രം ആയിരിക്കേണ്ടതാണ്. കേരള സഹകരണ നിയമത്തിലെ 104–ാം വകുപ്പനുസരിച്ച് സമൻസ് രജിസ്റ്റർ ചെയ്തു അയക്കുന്നതാണ്. സിവിൽ നടപടി ക്രമമനുസരിച്ച് പ്രതിക്കോ അല്ലെങ്കിൽ അധികാരപ്പെടുത്തിയിട്ടുള്ള ഏജന്റുണ്ടെങ്കിൽ അയാൾക്കോ കൊടുത്ത് നേരിട്ടു നടത്തുകയോ, പ്രതി അയാളുടെ താമസസ്ഥലത്ത് ഇല്ലാതിരിക്കുകയും മിതമായ ഒരു കാലത്തേക്ക് വാസ സ്ഥലത്ത് ഉണ്ടാകുവാൻ സാധ്യത ഇല്ലാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രതിയുടെ കുടുംബത്തിൽപ്പെട്ട പ്രായപൂർത്തിയായ ആളിന് നൽകി നടത്തുകയോ ചെയ്യാവുന്നതാണ്. ഒരു പ്രതിയ്ക്കുള്ള സമൻസ് അയാളുടെ കുടുംബാഗമല്ലാത്ത മറ്റു പ്രതികൾക്ക് നടത്തിവരുന്നത് നിയമവിരുദ്ധമാണ്.

5. അതുപോലെ സമൻസ് നടത്തുന്ന ഉദ്യോഗസ്ഥൻ ചെല്ലുമ്പോൾ പ്രതിയെ വാസസ്ഥലത്ത് കണ്ടില്ല എന്ന ഒറ്റ കാരണത്താൽ സമൻസ് പതിച്ചു നടത്തി വരുന്ന നടപടിയും ശരിയല്ല. പ്രതിയോ, അധികാരപ്പെടുത്തിയിട്ടുള്ള ഏജന്റോ പ്രായപൂർത്തിയായ കുടുംബാംഗമോ സമൻസ് കൈപ്പറ്റുവാൻ വിസമ്മതിക്കുകയോ, അല്ലെങ്കിൽ ശുഷ്ക്കാന്തിയോടെ അന്വേഷണം നടത്തിയിട്ടും പ്രതിയെ അയാളുടെ വാസസ്ഥലത്തു കാണാതിരിക്കുകയും മിതമായ ഒരു കാലത്തേക്ക് പ്രതി വാസ സ്ഥലത്ത് ഉണ്ടാകുവാൻ സാധ്യത ഇല്ലായെന്നു ബോദ്ധ്യപ്പെടുകയും ചെയ്താൽ മാത്രമേ പ്രതിയുടെ വീട്ടിൽ സമൻസ് പതിച്ച് നടത്തുന്നതിന് സമൻസ് നടത്തുന്ന ഉദ്യോഗസ്ഥന് അധികാരം ലഭിക്കുന്നുള്ളൂ. പതിച്ച് നടത്തുമ്പോൾ അതിനിടയായ സാഹചര്യങ്ങൾ എന്തൊക്കെയാണെന്നും പ്രതിയുടെ വീട് തിരിച്ചറിഞ്ഞ് സമൻസ്

പതിച്ചു നടത്തിയത് ആരുടെ സാന്നിദ്ധ്യത്തിലാണോ അവരുടെ പേരും വിലാസവും തുടങ്ങിയതും സമൻസ് നടത്തുന്ന ഉദ്യോഗസ്ഥൻ സത്യവാങ്മൂലപ്രകാരം സമൻസിന്റെ അസ്സലിലോ അല്ലെങ്കിൽ അതിനോടൊപ്പമുള്ള ഒരു അനുബന്ധത്തിലോ ഒരു റിപ്പോർട്ടു പ്രകാരം സമൻസ് പുറപ്പെടുവിച്ച അധികാരസ്ഥനു സമൻസിന്റെ അസ്സൽ മടക്കേണ്ടതാണ്. (ഓർഡർ V ചട്ടം 17) മേൽ വിവരിച്ച പ്രകാരം റിപ്പോർട്ടു ചെയ്യാതിരുന്നതിൽ സമൻസ് നടത്തിയ ഉദ്യോഗസ്ഥനെ സത്യം ചെയ്യിപ്പിച്ച് സമൻസ് നടത്തിയതിനെപ്പറ്റി അയാളുടെ മൊഴി രേഖപ്പെടുത്തി ഉത്തമബോദ്ധ്യം വന്നാൽ മാത്രമേ സമൻസ് ശരിയായ രീതിയിൽ നടത്തിയതായി സ്വീകരിക്കാവൂ.

6. സമൻസ് നേരിട്ടു കൊടുത്ത് ഒപ്പിടുവിച്ച് വാങ്ങുമ്പോഴും എന്ന് എപ്പോൾ എങ്ങനെയാണ് സമൻസ് നടത്തിയതെന്നും സമൻസിന്റെ അസ്സലിൽ പുറത്തെഴുതിയോ, അനുബന്ധത്തിലോ സമൻസ് നടത്തുന്ന ഉദ്യോഗസ്ഥൻ റിപ്പോർട്ടു ചെയ്യേണ്ടതാണ്. സംഘങ്ങളിലെ ജീവനക്കാരെ കൊണ്ട് സമൻസ് നടത്തിക്കുന്നതും നിയമാനുസരണമല്ല.

7. പ്രതി ഹാജരാകുന്നതിന് തീയതി നിശ്ചയിക്കുന്നത് സമൻസ് കിട്ടിയ ശേഷം കോടതി മുൻപാകെ ഹാജരായി സമാധാനം ബോധിപ്പിക്കുന്നതിന് പ്രതിക്ക് മതിയായ സമയം ലഭിക്കത്തക്കവണ്ണം ആയിരിക്കണം. ചിലപ്പോൾ വിചാരണ തീയതിക്കു രണ്ടോ മൂന്നോ ദിവസം മുൻപു മാത്രമേ സമൻസ് നടത്തുവാൻ കഴിഞ്ഞുള്ളൂ എന്നു വന്നാൽ പ്രതി ഹാജരല്ല എന്ന കാരണത്താൽ എക്സ്പാർട്ടിയായി തീരുമാനം എടുക്കുന്നതു ശരിയല്ല. സമൻസ് നടത്തിയ തീയതിക്കു ശേഷം പ്രതിയ്ക്ക് ഹാജരാകുവാൻ കുറഞ്ഞത് ഏഴു ദിവസത്തെ സമയമെങ്കിലും ലഭിച്ചിരിക്കണം. തപാലിൽ അയയ്ക്കുകയാണെങ്കിൽ വിചാരണ തീയതിക്കു പതിനഞ്ചു ദിവസമെങ്കിലും മുൻപ് സമൻസ് അയച്ചിരിക്കേണ്ടതാണ് എന്ന് 7/72-ാം നമ്പർ സർക്കുലറിലെ നിർദ്ദേശം കൃത്യമായി പാലിച്ചിരിക്കേണ്ടതാണ്.

8. കേരള സഹകരണ ചട്ടത്തിലെ 67 (4) (എ) ചട്ടമനുസരിച്ച് കേസിൽ വിസ്തരിക്കപ്പെടുന്ന കക്ഷികളുടേയും സാക്ഷികളുടേയും മൊഴിയുടെ ഒരു ചെറിയ കുറിപ്പ് രജിസ്ട്രാർ/മദ്ധ്യസ്ഥൻ തർക്കം കേൾക്കുന്ന മറ്റാൾ പ്രാദേശിക ഭാഷയിലോ ഇംഗ്ലീഷിലോ രേഖപ്പെടുത്തേണ്ടതാണ്. മൊഴി രേഖപ്പെടുത്തേണ്ടതു കേസു കേൾക്കുന്ന ആളിന്റെ കൈപ്പടയിലായിരിക്കണം. സാക്ഷികളെ സത്യം ചെയ്യിപ്പിച്ച ശേഷമാണ് മൊഴി രേഖപ്പെടുത്തേണ്ടത്. പല കേസുകളിലും വിശേഷിച്ച് വായ്പാ കേസുകളിൽ, സാക്ഷികളുടെ മൊഴി നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നതുപോലെ രേഖപ്പെടുത്തി കാണുന്നില്ല. എളുപ്പത്തിനു വേണ്ടി സംഘം സെക്രട്ടറിയുടെ മൊഴി എന്ന പേരിൽ അച്ചടിപ്പിച്ചു വച്ച് ഒപ്പിട്ടു കൊടുത്ത് വരുന്നതിന് യാതൊരു വിധ നിയമസാധുതയും ഇല്ലാത്തതാണ്. അതൊരിക്കലും സാക്ഷി മൊഴിയായി കണക്കാക്കുവാൻ കഴിയുകയില്ല. ''അച്ചടിച്ച മൊഴി'' വാങ്ങി സൂക്ഷിക്കുന്ന ഏർപ്പാട് ഉടനടി നിർത്തേണ്ടതാണ്.

9. പ്രതികൾ മുഴുവനും എക്സ്പാർട്ടിയായിട്ടുള്ള കേസുകളിലും സാധാരണയായി വാദിയെ വിസ്തരിച്ച് പ്രമാണങ്ങൾ അക്കമിട്ടു വരുന്നതായി കാണുന്നു. ശരിയായ രീതിയിൽ സമൻസ് നടത്തിയ ശേഷവും ഹാജരാകാത്തതിനാൽ പ്രതികളെ

എക്സ്പാർട്ടിയായി തീർപ്പു കൽപ്പിക്കുന്ന കേസുകളിലും നിർബന്ധമായും വാദിയെ വിസ്തരിക്കുകയും പ്രമാണങ്ങൾ അക്കമിട്ടു തെളിവിൽ സ്വീകരിക്കുകയും ചെയ്യേണ്ട ആവശ്യമില്ലാത്തതാണ്. പ്രതികൾ എക്സ് പാർട്ടിയാണെങ്കിൽ വാദിയുടെ മൊഴി രേഖപ്പെടുത്തുന്നതിനു പകരം യുക്തമെന്നു തോന്നുന്ന കേസുകളിൽ വാദി ഫയൽ ചെയ്യുന്ന ഒരു സത്യവാങ്മൂലം തെളിവിൽ സ്വീകരിച്ച് കേസ് തീർപ്പു കൽപ്പിക്കാവുന്നതാണ്. സത്യവാങ്മൂലപ്രകാരം തെളിവ് സ്വീകരിക്കുന്നതിന് സിവിൽ കോടതിക്കുള്ള അധികാരം രജിസ്ട്രാർക്ക്/മദ്ധ്യസ്ഥന്/കേസ് തീർപ്പു കൽപ്പിക്കുന്ന മറ്റാളിന് ഉണ്ടെന്ന് കേരള സഹകരണ നിയമം 98–ാം വകപ്പ് വ്യക്തമായി വ്യവസ്ഥ ചെയ്യുന്നുണ്ട്. സത്യവാങ്മൂലത്തിൽ തന്നെ പ്രമാണങ്ങൾ അക്കമിടാവുന്നതാണ്. (ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്ന റിട്ട് ഹർജികളിൽ ചെയ്യുന്നതുപോലെ) ഇപ്രകാരം ചെയ്യുന്നതു മൂലം വാദിയുടെ മൊഴി രേഖപ്പെടുത്തുവാൻ എടുക്കുന്ന സമയം ലാഭിക്കാവുന്നതാണ്.

    റൂൾ 144 വിദേശ സേവന വ്യവസ്ഥകൾ പ്രകാരം അയക്കുന്ന ഉദ്യോഗസ്ഥൻമാരുടെ ലീവ് സാലറി, പെൻഷൻ കോൺട്രിബ്യൂഷൻ ഉദ്യോഗകാലാവധികളെ സംബന്ധിച്ച രജിസ്റ്റർ
23. വായ്പ രജിസ്റ്റർ (സർക്കാർ വായ്പകൾ.)
24. ഓഹരി മൂലധനരജിസ്റ്റർ
25. കുടുംബ ക്ഷേമനിധിയെ സംബന്ധിച്ച രജിസ്റ്റർ
26. സേവന പുസ്തക രജിസ്റ്റർ
27. ഡിപ്പാർട്ടുമെന്റ് വരവിന്റേയും ചെലവിന്റേയും വിവരങ്ങളുടേയും രജിസ്റ്റർ (റിക്കൺസിലിയേഷൻ സ്റ്റേറ്റുമെന്റ്)
28. ആഫീസ് ഇൻസ്പെക്ഷൻ റിപ്പോർട്ടിലെ സംബന്ധിച്ച രജിസ്റ്റർ
29. ഇൻക്രിമെന്റ് രജിസ്റ്റർ

ജോയിന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ (ആഡിറ്റ്) അവരവരുടെ കീഴിലുള്ള താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാറുടെ ആഫീസ് 3 മാസത്തിലൊരിക്കൽ പരിശോധിക്കേണ്ടതും മേൽ സൂചിപ്പിച്ചിരിക്കുന്ന അധികാരങ്ങൾ യഥാവിധി നിർവഹിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുകയും തെറ്റുകൾ ഉടനടി തിരുത്തുകയും വേണം. ആവശ്യമായ എല്ലാ രജിസ്റ്ററുകളും മുറപ്രകാരം എഴുതി സൂക്ഷിക്കുന്നുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ്. ഇതിനുപരിയായി രജിസ്ട്രാറും രജിസ്ട്രാർ ആഫീസിലെ ഫൈനാൻസ് ഓഫീസറും ഇടവിട്ട് പരിശോധന നടത്തുന്നതുമാകുന്നു.

7. കേന്ദ്ര ഭൂപണയ ബാങ്കിലേയും, ജില്ലാ ബാങ്കുകളിലേയും സെയിലാഫീസറുടെയും, പ്രാഥമിക ഭൂപണയ ബാങ്കുകളിലെ വാല്യൂവേഷൻസ് ഇൻസ്പെക്ടർമാരുടെയും ശമ്പള ബില്ലുകളും യാത്രാ ബത്ത ബില്ലുകളും കൗണ്ടർ സൈൻ ചെയ്യുന്നത് സംബന്ധിച്ച്.

സഹകരണവകുപ്പു ജീവനക്കാര്യവും ജീവനക്കാർക്കുളള രജിസ്ട്രാരുടെ നിർദ്ദേശങ്ങളും

കേന്ദ്ര ഭൂപണയ ബാങ്കിലേയും, ജില്ലാ സഹകരണ ബാങ്കിലെ സെയിലാഫീസർമാരുടെയും, പ്രാഥമിക ഭൂപണയ ബാങ്കിലെ വാല്യൂവേഷൻ ഇൻസ്പെക്ടർമാരുടെയും ശമ്പള ബില്ലുകൾ, ക്ഷാമ ബത്ത ബില്ലുകൾ, അഡ്വാൻസ് ബില്ലുകൾ, കുടിശിക ബില്ലുകൾ മുതലായവ ജില്ലാ ജോയിന്റ് രജിസ്ട്രാർ കൗണ്ടർ സൈൻ ചെയ്തു കൊടുക്കേണ്ടതും കെ.എസ്.ആറിലെ 156 ാം വകുപ്പനുസരിച്ച് പ്രവർത്തിക്കുന്ന കൺകറന്റ് ആഡിറ്റർമാരുടേയും സെയിലാഫീസർമാരുടെയും പ്രവർത്തന പരിധി ഒന്നിൽ കൂടുതൽ താലൂക്കാണെങ്കിൽ അവരുടെ ബില്ലുകൾ ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ (ആഡിറ്റ്) കൗണ്ടർ സൈൻ ചെയ്തു കൊടുക്കേണ്ടതും ആകുന്നു. എന്നാൽ ഒരു താലൂക്ക് മാത്രം പ്രവർത്തന പരിധിയായി നിശ്ചയിച്ചിട്ടുളള ഉദ്യോഗസ്ഥൻമാരുടെ ബില്ലുകൾ ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ കൗണ്ടർ സൈൻ ചെയ്തു കൊടുണ്ടേണ്ടതുമാകുന്നു.

കെ. പി. ശ്രീനിവാസൻ
അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)
ഇൻ–ചാർജ് ഓഫ് സഹകരണസംഘം രജിസ്ട്രാർ

നമ്പർ ഇ.എ.4/29291/85.

സഹകരണസംഘം രജിസ്ട്രാറാഫീസ്
തിരുവനന്തപുരം, 4–12–1985

സർക്കുലർ നമ്പർ 39/85

വിഷയം: **സഹകരണ ഡിപ്പാർട്ടുമെന്റ് – എസ്റ്റാബ്ലിഷ്മെന്റ് – കെ.എസ്.ആർ.144 പാർട്ട് 1 അനുസരിച്ച് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഡിപ്പാർട്ടുമെന്റൽ ആഫീസർമാരെ നിയമിക്കുന്നതു സംബന്ധിച്ച്.**

കെ.എസ്.ആർ.144 പാർട്ട് 1 അനുസരിച്ച് സംഘങ്ങളിലേക്ക് അയച്ചിട്ടുളള ഡിപ്പാർട്ടുമെന്റൽ ആഫീസറൻമാരുടെ ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിക്കുന്നതിനും, ഡെപ്യൂട്ടേഷൻ കാലാവധി അവസാനിക്കുന്ന മുറക്ക് ഡെപ്യൂട്ട് ചെയ്ത ഉദ്യോഗസ്ഥനെ പിൻവലിക്കുന്നതിനും വേണ്ട കമ്മിറ്റി തീരുമാനങ്ങൾ സംഘങ്ങളിൽ നിന്നും കാലേകൂട്ടി വാങ്ങി കാലാവധി തീരുന്നതിനു മുൻപു തന്നെ ഈ ആഫീസിൽ അംഗീകാരത്തിനായി അയച്ചു തരണമെന്നു മുൻപ് പല തവണ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ ആ നിർദ്ദേശങ്ങൾ കണക്കിലെടുക്കാതെ കാലാവധി തീർന്നു വളരെ ദിവസങ്ങൾ കഴിഞ്ഞ ശേഷമാണ് പല ജില്ലാ ആഫീസുകളിൽ നിന്നും പ്രൊപ്പോസൽസ് അയച്ചു വരുന്നത്.

സംഘങ്ങൾക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഉദ്യോഗസ്ഥൻമാരെ ആവശ്യമില്ലാതെ വരുമ്പോൾ അവരെ പിൻവലിക്കണമെന്നുളള അപേക്ഷകൾ പോലും കാലേകൂട്ടി കിട്ടാത്തതുകൊണ്ട് അത്തരം ഉദ്യോഗസ്ഥൻമാരെ സംസ്ഥാന സർവീസിൽ തിരികെ പ്രവേശിപ്പിയ്ക്കാൻ തക്ക സമയത്തു സാധിക്കാതെ വന്നിട്ടുണ്ട്.

പ്രൊപ്പോസൽസ് താമസിച്ച് അയക്കാൻ ഇടവന്നതിനുള്ള കാരണം പോലും പലരും സൂചിപ്പിക്കാറില്ല. പ്രത്യേകം നിർദ്ദേശം നൽകിയിട്ടുള്ള കാര്യത്തിൽ വീഴ്ച

വരുത്തുന്നതിനുള്ള പ്രധാന കാരണങ്ങൾ സംഘങ്ങളിൽ നിന്നും കാലേകൂട്ടി കമ്മിറ്റി തീരുമാനം വാങ്ങാതിരിക്കുന്നതും, ഡെപ്യൂട്ടേഷനിൽ അയച്ചിരിക്കുന്നവരുടെ കാലാവധി തീരുന്നത് മനസ്സിലാക്കാൻ വേണ്ട രജിസ്റ്റർ സൂക്ഷിക്കാത്തതുമാണ്.

ഓരോ ജില്ലയിൽ നിന്നും ഡെപ്യൂട്ടേഷനിൽ അയച്ചിട്ടുള്ളവരുടെ എണ്ണം കുറവായതിനാൽ കമ്മിറ്റി തീരുമാനം കാലേകൂട്ടി വാങ്ങുന്നതിനും രജിസ്റ്റർ നേരാം വണ്ണം എഴുതി സൂക്ഷിക്കുന്നതിനും പ്രയാസം ഉണ്ടാകാൻ കാരണം കാണുന്നില്ല.

സർക്കാരിൽ നിന്നും ഉത്തരവ് കിട്ടേണ്ട പ്രൊപ്പോസൽസ് യഥാസമയം ലഭിക്കാത്തതുകൊണ്ട് ഇക്കാര്യത്തിൽ വേണ്ട നടപടി മുൻകൂട്ടി എടുക്കണമെന്ന നിർദ്ദേശം സർക്കാരിൽ നിന്നും കിട്ടിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച കാരണങ്ങൾ കണക്കിലെടുത്ത് ഉദ്യോഗസ്ഥൻമാരെ ഡെപ്യൂട്ടേഷനിൽ നിയമിക്കുമ്പോഴും അവരെ പിൻവലിക്കുമ്പോഴും താഴെ പറയുന്ന നടപടിക്രമങ്ങൾ കൂലംകഷമായി പാലിക്കേണ്ടതാണെന്ന് ഇതിനാൽ നിർദ്ദേശം നൽകിയിരിക്കുന്നു.

1. കെ.എസ്.ആർ. 144 പാർട്ട് I അനുസരിച്ച് സംഘത്തിൽ ഡിപ്പാർട്ടുമെന്റൽ ആഫീസർമാരെ ഡെപ്യൂട്ടേഷനിൽ നിയമിക്കാനും, ഡെപ്യൂട്ടേഷനിൽ തുടരുന്നവരെ മാറ്റി പകരം മറ്റൊരാളെ നിയമിക്കാനും, ഡെപ്യൂട്ടേഷനിൽ തുടരുന്നവരുടെ കാലാവധി ദീർഘിപ്പിക്കാനും കാലാവധി തീർന്നവരെ തിരികെ സംസ്ഥാനസർവീസിൽ നിയമിക്കാനും ഉള്ള അധികാരം രജിസ്ട്രാർക്കുള്ളതാണ്. രജിസ്ട്രാറിൽ മാത്രം നിക്ഷിപ്തമാണ് പ്രസ്തുത അധികാരം എന്ന വസ്തുത കണക്കിലെടുക്കാതെ പലപ്പോഴും ജോയിന്റ് രജിസ്ട്രാർമാർ വേണ്ട ഉത്തരവ് പുറപ്പെടുവിച്ച ശേഷം ശരിവക്കലിനുവേണ്ടി അപേക്ഷിക്കുന്നുണ്ട്. മേലിൽ ജോയിന്റ് രജിസ്ട്രാർമാർ ഈ വിധത്തിൽ ഉത്തരവു പുറപ്പെടുവിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഡെപ്യൂട്ടേഷനെ സംബന്ധിച്ച കാര്യങ്ങളെല്ലാം രജിസ്ട്രാറുടെ ഉത്തരവിനു വേണ്ടി അയക്കേണ്ടതാണ്.

2. പുതുതായി ഡെപ്യൂട്ടേഷൻ നടത്തുന്നതിനു വേണ്ട പ്രൊപ്പോസൽ അയക്കുന്നതിനുമുൻപ് സർക്കാർ ഉദ്യോഗസ്ഥനെ നിയമിക്കുന്നത് അതേ തസ്തികയിൽ തുടരുന്ന സംഘം ജീവനക്കാരന്റെ പ്രമോഷൻ/സീനിയോറിട്ടി എന്നിവയെ പ്രതികൂലമായി ബാധിക്കുമോ എന്നുള്ളതു സംബന്ധിച്ച് സർക്കാർ/കോടതി തലത്തിൽ എന്തെങ്കിലും സ്റ്റേയോ, കേസ്സോ നിലവിലുണ്ടോ എന്നും തിട്ടപ്പെടുത്തിയിരിക്കേണ്ടതാണ്.

3. ഡെപ്യൂട്ടേഷനിൽ അയക്കാൻ യോഗ്യനായ ഉദ്യോഗസ്ഥന്റെ പേരു വിവരം കൂടി പുതുതായി ഡെപ്യൂട്ടേഷൻ നടത്തുന്നതിനു വേണ്ട പ്രൊപ്പോസൽ അയക്കുമ്പോൾ ജോയിന്റ് രജിസ്ട്രാർ നിർദ്ദേശിച്ചു അയക്കേണ്ടതാണ്. പേരു വിവരം നിർദ്ദേശിച്ചു അയക്കാത്തതുകൊണ്ട് ഇക്കാര്യത്തിനുവേണ്ടി മാത്രം കത്തിടപാട് നടത്തി പലപ്പോഴും ഉത്തരവു പുറപ്പെടുവിക്കാൻ കാലതാമസം നേരിടുന്നുണ്ട്.

സഹകരണവകുപ്പു ജീവനക്കാര്യവും ജീവനക്കാർക്കുള്ള രജിസ്ട്രാരുടെ നിർദ്ദേശങ്ങളും

4. ഡെപ്യൂട്ടേഷൻ കാലാവധി ദീർഘിപ്പിക്കാൻ വേണ്ട അപേക്ഷ, സർക്കാരിന്റെ ഉത്തരവ് കിട്ടേണ്ടതാണെങ്കിൽ 3 മാസത്തിനു മുൻപും രജിസ്ട്രാറുടെ ഉത്തരവ് കിട്ടേണ്ടതാണെങ്കിൽ 2 മാസത്തിനു മുൻപും ഈ ആഫീസിൽ കിട്ടിയിരിക്കത്തക്ക വിധത്തിൽ ജോയിന്റ് രജിസ്ട്രാർ അയക്കേണ്ടതാണ്. ഈ വിഷയത്തിൽ രജിസ്ട്രാറുടെ 2–7–1984 ലെ ഇ. എ.4/27793/84 ാം നമ്പർ കത്തിലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്. ബന്ധപ്പെട്ട യൂണിറ്റ് ഇൻസ്പെക്ടർമാർക്ക് കാലേകൂട്ടി തന്നെ ഇതിനു വേണ്ട കമ്മിറ്റി തീരുമാനം വാങ്ങി അയക്കാൻ വേണ്ട നിർദ്ദേശം ജോയിന്റ് രജിസ്ട്രാർ നൽകേണ്ടതാണ്. കമ്മിറ്റി കൂടാൻ താമസിച്ചുപോയി എന്നത് പ്രൊപ്പോസൽ അയക്കാൻ താമസിച്ചതിനുള്ള കാരണമായി പറയാൻ ഇട നൽകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

5. ഡെപ്യൂട്ടേഷൻ നിറുത്തലാക്കണമെന്ന് സംഘം ആവശ്യപ്പെടുമ്പോൾ വേണ്ട കമ്മിറ്റി തീരുമാനത്തോടുകൂടി മേൽ വിവരിച്ച കാലയളവിനുള്ളിൽ ഈ ആഫീസിൽ കിട്ടത്തക്ക വിധത്തിൽ പ്രൊപ്പോസൽ അയക്കേണ്ടതണ്. തിരികെ സംസ്ഥാന സർവീസിൽ പ്രവേശിപ്പിക്കുവാൻ ശൂപാർശ ചെയ്യുമ്പോൾ ഇൻസ്പെക്ടറുടേയോ അസിസ്റ്റന്റു രജിസ്ട്രാറുടേയോ ഒഴിവുകൾ ജില്ലയിൽ ഉണ്ടോ എന്ന വിവരം കൂടി സൂചിപ്പിക്കേണ്ടതാണ്.

6. ഡെപ്യൂട്ടേഷനിൽ അയക്കുന്നവരെപ്പറ്റി ഈ സർക്കുലറിനോടൊപ്പം അടക്കം ചെയ്തിട്ടുള്ള പ്രൊഫോർമയിൽ കാണുന്ന രീതിയിൽ ഒരു രജിസ്റ്റർ ജോയിന്റ് രജിസ്ട്രാറുടേയും അസിസ്റ്റന്റ് രജിസ്ട്രാറുടേയും ആഫീസിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. രജിസ്റ്ററിൽ വേണ്ട വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നുണ്ടോയെന്നും, കാലാകാലങ്ങളിൽ വരുന്ന മാറ്റങ്ങൾ രേഖപ്പെടുത്തുന്നുണ്ടോ എന്നും ഉറപ്പു വരുത്തുന്നതിന് ഡെപ്യൂട്ടേഷൻ രജിസ്റ്റർ കൂടി ഈ ആഫീസിലെ ഒ.& എം. സെക്ഷൻ പരിശോധിക്കുന്നതാണ്. ജോയിന്റ് രജിസ്ട്രാർ ആഫീസിൽ നിന്നും അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസിൽ ഇൻസ്പെക്ഷന് പോകുമ്പോഴും ഡെപ്യൂട്ടേഷൻ രജിസ്റ്റർ പരിശോധിച്ചു ശരിയായി വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നു തിട്ടപ്പെടുത്തേണ്ടതാണ്.

7. ഡെപ്യൂട്ടേഷനിൽ അയയ്ക്കുന്നവരുടെ എഫ്.എസ്.അക്കൗണ്ടു നമ്പർ സമയത്തു കിട്ടാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതും അവധി, ശമ്പളം, പെൻഷൻ വിഹിതം, പ്രൊവിഡന്റ് ഫണ്ട് മുതലായവ തക്ക സമയത്തുതന്നെ അടയ്ക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ഒരു സാമ്പത്തിക വർഷം കഴിഞ്ഞ ഉടനെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരിൽ നിന്ന് പെൻഷൻ വിഹിതം പ്രോവിഡണ്ട് ഫണ്ട് എന്നിവ അടച്ചതിന്റെ വിവരം ശേഖരിച്ച് അവ യഥാകാലം അടച്ചിട്ടുണ്ടോ എന്നു പരിശോധിക്കേണ്ടതാണ്.

8. ഡെപ്യൂട്ടേഷനിലേക്ക് അയക്കുന്നവരും, തിരികെ സ്റ്റേറ്റ് സർവീസിലേക്ക് നിയമിക്കുന്നവരും ജോലിയിൽ പ്രവേശിയ്ക്കുന്നതും, ജോലിയിൽ നിന്നു വിടുതൽ ചെയ്യുന്നതുമായ തീയതികൾ ഉടനെ അറിയിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും പല ഓർമ്മക്കുറിപ്പുകൾ അയച്ചാലും വിവരം കിട്ടാറില്ല. പ്രസ്തുത വിവരം കാലതാമസം കൂടാതെ അറിയിക്കേണ്ടതാണ്.

മേൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർമാരുടേയും ശ്രദ്ധയിൽ കൊണ്ടു വരേണ്ടതും സർക്കുലറിൽ പറഞ്ഞിരിക്കുന്ന രീതിയിൽത്തന്നെ പ്രവർത്തിക്കാൻ ജോയിന്റ് രജിസ്ട്രാർമാർ ശ്രദ്ധിക്കേണ്ടതുമാണ്. മുകളിൽ നാലാമതായി പറഞ്ഞിരിക്കുന്ന കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സംഘങ്ങൾക്ക് ജോയിന്റ് രജിസ്ട്രാർ നൽകേണ്ടതാണ്.

സർക്കുലർ കിട്ടിയെന്ന വിവരം മടക്കത്തപാലിൽ അറിയിക്കേണ്ടതാണ്.

കെ. വി. ഹരികൃഷ്ണൻ നായർ
സഹകരണസംഘം രജിസ്ട്രാർ

രഹസ്യം

നമ്പർ ജി.48792/86

സഹകരണസംഘം രജിസ്ട്രാറാഫീസ്
തിരുവനന്തപുരം, 5–10–1986

സർക്കുലർ നമ്പർ 39/86

വിഷയം: **സഹകരണ നിയമം അനുസരിച്ച് രജിസ്ട്രാറുടെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനെപ്പറ്റിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.**

കേരള സഹകരണ നിയമം അനുസരിച്ച് രജിസ്ട്രാർക്കുള്ള അധികാരങ്ങൾ സഹകരണ വകുപ്പിലെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥൻമാർക്ക് മുഴുവനുമായോ ഭാഗികമായോ സഹകരണ നിയമത്തിലെ 3(2) വകുപ്പ് അനുസരിച്ച് 28–6–1969 ലെ ജി.ഒ.(എം.എസ്) 255/69എ.ഡി നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം നൽകിയിട്ടുണ്ട്. രജിസ്ട്രാർക്കുള്ള എല്ലാ അധികാരങ്ങളും മേൽപ്പറഞ്ഞ നോട്ടിഫിക്കേഷൻ പ്രകാരം ജോയിന്റ് രജിസ്ട്രാർമാർക്ക് നൽകിയിട്ടുണ്ട്. എന്നിരുന്നാലും ജില്ലാ തലത്തിലും അതിനു മുകളിലുമുള്ള സംഘങ്ങളെ സംബന്ധിച്ചിടത്തോളം സഹകരണ നിയമം അനുസരിച്ച് രജിസ്ട്രാറുടെ അധികാരങ്ങൾ രജിസ്ട്രാർ തന്നെയാണ് വിനിയോഗിക്കേണ്ടതെന്നും അതിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ ജില്ലാ ആഫീസുകളിൽ നിന്നും ജോയിന്റ് രജിസ്ട്രാർമാർ ഈ ആഫീസിലേക്ക് സമർപ്പിക്കേണ്ടതാണെന്നും പലപ്പോഴായി നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് അപ്രകാരമുള്ള സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതികൾ, ഭരണസമിതി തീരുമാനങ്ങൾ റദ്ദുചെയ്യുക, സ്ഥാവര വസ്തുക്കൾ വാങ്ങുന്നതിന് അനുവാദം കൊടുക്കുക, തസ്തികകൾക്ക് അനുവാദം നൽകൽ, പ്രമോഷനു വേണ്ടി പരീക്ഷാ യോഗ്യതയിൽനിന്നുള്ള ഇളവുകൾ, വരണാധികാരിയെ നിയമിക്കൽ, ഭരണസമിതിയെ പിരിച്ചു വിടൽ, 33–ാം വകുപ്പനുസരിച്ചുള്ള അഡ്മിനിസ്ട്രേറ്റർ/കമ്മിറ്റി നിയമനം, ഭരണസമിതിയിലേക്കുള്ള നോമിനേഷൻ തുടങ്ങിയ കാര്യങ്ങളിൽ ജില്ലാ ആഫീസുകളിൽ നിന്നും പ്രൊപ്പോസലുകൾ ഈ ആഫീസിൽ സമർപ്പിക്കുകയും ഈ ആഫീസിൽ നിന്നും ഉത്തരവ് പുറപ്പെടുവിക്കുകയോ, അല്ലെങ്കിൽ ഉത്തരവ് പുറപ്പെടുവിക്കുവാൻ ജോയിന്റ് രജിസ്ട്രാർമാരെ അധികാരപ്പെടുത്തുകയോ ആണ് ചെയ്തുവരുന്നത്. എന്നാൽ ഇതിനു വിരുദ്ധമായി ചില ജോയിന്റ് രജിസ്ട്രാർമാർ അടുത്ത കാലങ്ങളിലായി പ്രവർത്തിച്ചു

വരുന്നതായി രജിസ്ട്രാറുടെ ശ്രദ്ധയിൽ പ്പെട്ടിരിക്കുന്നു. ജില്ലാതല സംഘങ്ങളിൽ തസ്തികകൾക്ക് അനുവാദം നൽകുക, പരീക്ഷാ യോഗ്യതയിൽ നിന്നും ജീവനക്കാരെ ഒഴിവാക്കുക, കമ്മിറ്റി തീരുമാനങ്ങൾ റദ്ദു ചെയ്യുക തുടങ്ങിയ നടപടികൾ ഈ ആഫീസിൽ നിന്നും അനുവാദം വാങ്ങാതെ തന്നെ ചില ജോയിന്റ് രജിസ്ട്രാർമാർ ചെയ്തു വരുന്നതായി കാണുന്നു. ഇപ്രകാരമുള്ള നടപടികൾ ഉടനടി അവസാനിപ്പിക്കേണ്ടതും ജില്ലാ തലത്തിലും അതിനു മുകളിലുമുള്ള സംഘങ്ങളുടെ കാര്യത്തിൽ രജിസ്ട്രാറുടെ അധികാരം വിനിയോഗിക്കേണ്ടി വരുമ്പോൾ അതിനുള്ള നിർദ്ദേശം ജോയിന്റ് രജിസ്ട്രാർമാർ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതും അതിൻമേൽ രജിസ്ട്രാർ പുറപ്പെടുവിക്കുന്ന നിർദ്ദേശം അനുസരിച്ച് മാത്രം പെരുമാറേണ്ടതുമാണ് എന്ന് ഇതിനാൽ വീണ്ടും നിർദ്ദേശിക്കുന്നു.

2. മറ്റു സംഘങ്ങളുടെ കാര്യത്തിലും രജിസ്ട്രാറുടെ അധികാരങ്ങൾ വിനിയോഗിക്കുമ്പോൾ പലപ്പോഴും ജോയിന്റ് രജിസ്ട്രാർമാർ വേണ്ട നടപടിക്രമങ്ങൾ പാലിക്കാതിരിക്കുക, സന്ദർഭത്തിന് ആവശ്യമായതിൽ കൂടുതൽ നടപടികൾ സ്വീകരിക്കുക മുതലായ നടപടികളും ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. സഹകരണനിയമത്തിലെ 32-ാം വകുപ്പനുസരിച്ച് സ്വീകരിക്കുന്ന നടപടികൾ സ്വാഭാവികമായും മറ്റു നിയമപരമായ നടപടികൾ മൂലം പരിഹാരം കണ്ടെത്തുവാൻ കഴിയാതെ വരുമ്പോൾ മാത്രം സ്വീകരിക്കേണ്ടതാണ്. വിശേഷിച്ചും നോട്ടീസ് കൂടാതെയും സർക്കിൾ യൂണിയനും ധനസഹായ സ്ഥാപനവുമായും കൂടിയാലോചിക്കാതെയും കമ്മിറ്റി പിരിച്ചു വിടുമ്പോൾ 176-ാം ചട്ടപ്രകാരം പരിഹാരം കണ്ടെത്താവുന്ന ഒരു കേസിൽ നോട്ടീസ് നൽകാതെ കമ്മിറ്റിയെ പിരിച്ചു വിട്ട ഒരു സംഭവം അടുത്ത കാലത്ത് റിപ്പോർട്ടു ചെയ്യപ്പെട്ടിരുന്നു. ഇത് വളരെയധികം ഗുരുതരമായ ഒരു കാര്യമാണ്. 176-ാം ചട്ടമനുസരിച്ച് നടപടി സ്വീകരിക്കാതിരുന്നതോ പോകട്ടെ നോട്ടീസ് നൽകാതെ കമ്മിറ്റിയെ പിരിച്ചു വിടുവാൻ മതിയായ സാഹചര്യമുണ്ടായിരുന്നുമില്ല. ഈ സാഹചര്യത്തിൽ നിയമപ്രകാരം ജോയിന്റ് രജിസ്ട്രാർമാർക്ക് അധികാരമുണ്ടെങ്കിൽപ്പോലും തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റികളെ പിരിച്ചു വിടുന്നതിനു മുമ്പ് അപ്രകാരം നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന വിവരം കാലേക്കൂട്ടി രജിസ്ട്രാറെ നിർബന്ധമായും അറിയിച്ചിരിക്കേണ്ടതാണെന്ന് എല്ലാ ജോയിന്റ് രജിസ്ട്രാർമാരേയും ഉപദേശിക്കുന്നു.

3. 176-ാം ചട്ടമനുസരിച്ച് നടപടി സ്വീകരിക്കുന്നതിനു മുൻപ് സംഘത്തിന് ആക്ഷേപം ബോധിപ്പിക്കുവാൻ പോലും അവസരം നൽകാതിരുന്ന സംഭവവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 176-ാം ചട്ടത്തിൻ പ്രകാരം വ്യവസ്ഥ ചെയ്യാത്തതുകൊണ്ട് അതിന്റെ ആവശ്യമില്ലെന്ന ജോയിന്റ് രജിസ്ട്രാറുടെ മറുപടി വിചിത്രമായിരിക്കുന്നു. ആർക്കെതിരായിട്ടാണോ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് അപ്രകാരം നടപടി സ്വീകരിക്കുന്നതിനു മുൻപ് അയാൾക്ക് പറയുവാനുള്ളത് എന്താണെന്ന് അറിയേണ്ടത് കേവലം സാമാന്യ നീതി മാത്രമാണ്. ഇതു നിർവഹിച്ചിട്ടില്ലെങ്കിൽ ആ ഒറ്റ കാരണത്താൽ തന്നെ സ്വീകരിച്ച നടപടി റദ്ദു

ചെയ്തുപോകും. നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ ഇല്ലയോ എന്ന് നോക്കാതെതന്നെ സാമാന്യ നീതി നടപ്പിലാക്കുന്നുവെന്ന് ഉറപ്പു വരുത്തുവാൻ എല്ലാ ജോയിന്റ് രജിസ്ട്രാർമാരും ശ്രദ്ധിക്കേണ്ടതാണ്.

4. സഹകരണ പരിശീലനം ആവശ്യമായ തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനത്തിന് സഹകരണ പരിശീലനത്തിൽ നിന്ന് ഒഴിവാക്കി ഉത്തരവ് നൽകിയ ഒരു ജോയിന്റ് രജിസ്ട്രാറുടെ നടപടിയും ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. സഹകരണ നിയമത്തിലെ വ്യവസ്ഥകളിൽ നിന്ന് ഒഴിവു നൽകുവാൻ ജോയിന്റ് രജിസ്ട്രാർക്ക് എങ്ങിനെ അധികാരം സിദ്ധിച്ചു എന്ന് മനസ്സിലാകുന്നില്ല. ഇതുപോലുള്ള നടപടികൾ ഗുരുതരമായി വീക്ഷിക്കുന്നതും ഗൗരവമായ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതുമാണ്.

5. ഈ ആഫീസിൽ നിന്ന് നൽകിയിട്ടുള്ള പല നിർദ്ദേശങ്ങളും കൃത്യമായി പാലിക്കുന്നതിൽ ചില ജോയിന്റ് രജിസ്ട്രാർമാർ തികഞ്ഞ അലംഭാവം കാണിച്ചു വരുന്നതായി കാണുന്നു. ദിവസകൂലി അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനെതിരായി വിവിധ അവസരങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പലരും വിമുഖത കാണിച്ചു വരുന്നു. ക്രമരഹിതമായി അഡ്വാൻസ് ഇൻക്രിമെന്റ് നൽകുക, നിയമാനുസരണമല്ലാത്ത മറ്റു പേയ്മെന്റുകൾ നടത്തുക തുടങ്ങിയവക്കെതിരെ ഉടനടി നടപടി സ്വീകരിക്കുന്ന കാര്യത്തിലും ജോയിന്റ് രജിസ്ട്രാർമാർ പലപ്പോഴും ശ്രദ്ധിക്കുന്നില്ല.

6. ജോയിന്റ് രജിസ്ട്രാർമാരുടെ ഭാഗത്തു നിന്നും സാധാരണയായി കണ്ടുവരാറുള്ള ഏതാനും അപാകതകൾ മാത്രമാണ് മുകളിൽ ചൂണ്ടി കാണിച്ചിട്ടുള്ളത്. ഇതുപോലുള്ള അപാകതകൾ സംഭവിക്കാതിരിക്കുവാൻ ജോയിന്റ് രജിസ്ട്രാർമാർ പരമാവധി ശ്രദ്ധിക്കേണ്ടതാണ്. ചില ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ള സമ്മർദ്ദങ്ങൾ മൂലമാണ് തങ്ങൾ അപ്രകാരം ക്രമരഹിതമായി പ്രവർത്തിക്കുവാൻ ഇടയായത് എന്നുള്ള ചില ജോയിന്റ് രജിസ്ട്രാർമാരുടെ മറുപടി യാതൊരു കാരണവശാലും സ്വീകാര്യമല്ലെന്നും അവരവരുടെ നടപടികളുടെ പരിപൂർണ്ണ ഉത്തരവാദിത്വം അവരവർക്കു തന്നെ ആയിരിക്കുമെന്നും എല്ലാ ജോയിന്റ് രജിസ്ട്രാർമാരേയും ഓർമ്മപ്പെടുത്തുന്നു.

7. മുകളിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നത് ഗുരുതരമായ കൃത്യവിലോപമായി കാണുമെന്നും ഗൗരവമായ ശിക്ഷണ നടപടികൾക്കു കാരണമായി തീരുമെന്നും എല്ലാ ജോയിന്റ് രജിസ്ട്രാർമാരേയും അറിയിക്കുന്നു.

കെ. വി. നമ്പ്യാർ
സഹകരണ സംഘം രജിസ്ട്രാർ

സഹകരണവകുപ്പു ജീവനക്കാര്യവും ജീവനക്കാർക്കുള്ള രജിസ്ട്രാരുടെ നിർദ്ദേശങ്ങളും

GOVERNMENT OF KERALA
ABSTRACT

Co-operation Establishment-Election to the Committee of Co-operative Societies Remuneration to Returning Officers fixed-Orders issued.

COOPERATION 'A' DEPARTMENT

G.O.Rt. 167/86/Coop. Trivandrum, 10-4-1986

Read: **1. G.O.Rt.1751/77/AD. Dated 8-6-77.**

2. Letter No. G.514/86. Dated, 14-1-86 from the Registrar of Co-operative Societies.

3. G.O.Rt. No.96/86/Coop. Dated, 5-3-1986.

ORDER

Government are pleased to enhance the rate of remuneration being paid to the Returning Officer to Rs.75/- (Rupees Seventy five) from the existing rate of Rs. 50/- (Rupees fifty only).

By Order of the Governor
S. K. Bhanu Das
Under Secretary

നമ്പർ എസ്.സി.റ്റി.2.38788/86. സഹകരണസംഘം രജിസ്ട്രാറാഫീസ്
തിരുവനന്തപുരം, 9–12–1986

സർക്കുലർ നമ്പർ 51/86

വിഷയം: **സ്റ്റോക്ക് തിട്ടപ്പെടുത്തുവാനും ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുവാനും നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥൻമാർ ഔദ്യോഗിക കൃത്യ നിർവഹണത്തിന് യാത്ര ചെയ്യുന്നതിന് വാടകക്കാറുകൾ ഉപയോഗിക്കുന്നതു സംബന്ധിച്ച്.**

ഈ ആഫീസിൽ നിന്നും നടത്തിയ പരിശോധനയിൽ ചില സഹകരണ സ്ഥാപനങ്ങളിൽ സ്റ്റോക്ക് തിട്ടപ്പെടുത്തുവാനും ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുവാനും നിയോഗിക്കപ്പെടുന്ന വകുപ്പ് ഉദ്യോഗസ്ഥൻമാർ ഔദ്യോഗിക കൃത്യ നിർവഹണത്തിനായി യാത്ര ചെയ്യുന്നതിന് വാടകക്കാറുകളും മറ്റും ഉപയോഗിക്കുന്നതായും അതിന്റെ ചെലവ് അതാതു സ്ഥാപനങ്ങൾ തന്നെ വഹിക്കുന്നതായും കാണുവാൻ കഴിഞ്ഞു. സഹകരണ സ്ഥാപനങ്ങളിലെ സ്റ്റോക്ക് പരിശോധന നടത്തുന്നതിന്, സ്റ്റോക്ക് പരിശോധനാ ഉദ്യോഗസ്ഥൻമാരായും

തെരഞ്ഞെടുപ്പ് നടത്തുന്നതിന് വരണാധികാരികളായും നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥൻമാർക്ക് അവരുടെ ഔദ്യോഗിക കൃത്യ നിർവഹണത്തിന് യാത്ര ചെയ്യേണ്ടി വന്നാൽ അതിന് യാത്രപ്പടി, ദിനബത്ത മുതലായവ സർക്കാരിൽ നിന്നു തന്നെ ലഭിക്കുന്നുണ്ട്. അതിനാൽ അവരുടെ യാത്രച്ചെലവ് മുതലായവ സഹകരണ സ്ഥാപനങ്ങൾ വഹിക്കുന്നത് നിയമാനുസരണമല്ല. ഇപ്രകാരം വകുപ്പ് ഉദ്യോഗസ്ഥൻമാർ ഔദ്യോഗിക കൃത്യ നിർവഹണത്തിന് യാത്ര ചെയ്യുന്നതിന് വാടകക്കാറുകളും മറ്റും ഉപയോഗിക്കുകയും അതിന്റെ ചെലവ് സഹകരണ സ്ഥാപനങ്ങൾ വഹിക്കേണ്ടി വരികയും ചെയ്യുന്ന നടപടിക്രമം നിരുത്സാഹപ്പെടുത്തുകയും അപ്രകാരം ചെയ്യുന്നവരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

കെ. വി. നമ്പ്യാർ
സഹകരണസംഘം രജിസ്ട്രാർ

പ്രത്യേക ശ്രദ്ധക്ക്

നമ്പർ എ.ഡി.എൽ(5) 10744/89

സഹകരണസംഘം രജിസ്ട്രാറാഫീസ്
തിരുവനന്തപുരം, 8-6-89

സഹകരണസംഘം രജിസ്ട്രാർ,
തിരുവനന്തപുരം.

എല്ലാ ആഡിറ്റ് ഡെപ്യൂട്ടി രജിസ്ട്രാർമാർക്കും.

സർ,

വിഷയം: **ആഡിറ്റ് – സ്ഥലം മാറ്റം ലഭിയ്ക്കുന്ന ആഡിറ്റർമാർ സമർപ്പിക്കപ്പെടുന്ന ആഡിറ്റ് റിപ്പോർട്ടുകളുടെ ന്യൂനതാ പരിഹരണം – അംഗീകാരം – സംബന്ധിച്ച്.**

ഒരു ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേക്ക് സ്ഥലം മാറി പോകുന്ന അഡിറ്ററൻമാരെ വിടുതൽ ചെയ്തു പുതിയ സ്ഥലത്തു പ്രവർത്തിച്ചു വരുന്ന അവസരത്തിൽ, വിടുതൽ ചെയ്യുന്നതിനു മുൻപ് അവർ സമർപ്പിക്കപ്പെട്ടിരുന്ന ആഡിറ്റ് റിപ്പോർട്ടുകളുടെ ന്യൂനതാ പരിഹരണത്തിനായി പ്രവർത്തിയെടുത്തിരുന്ന ജില്ലയിലേക്ക് വീണ്ടും വരുത്തുക എന്നൊരു പ്രവണത മിക്ക ആഡിറ്റ് ഡെപ്യൂട്ടി രജിസ്ട്രാറൻമാരും അനുവർത്തിച്ചു പോരുന്നതായി ഈ ആഫീസിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇത് ശരിയായ നടപടിക്രമമല്ല. സ്ഥലം മാറ്റം ലഭിച്ച് വിടുതൽ ചെയ്യപ്പെടേണ്ട ആഡിറ്റർമാരിൽ നിന്നും വിടുതൽ ചെയ്യുന്ന ദിവസം വരെ ലഭിക്കേണ്ടിയിരുന്ന ആഡിറ്റ് റിപ്പോർട്ടുകൾ വാങ്ങി, പരിശോധന നടത്തി, ന്യൂനതാ പരിഹരണം നടത്തി മടക്കി വാങ്ങുക എന്നതു ബന്ധപ്പെട്ട മേലധികാരിയുടെ ചുമതലയാണ്. സർക്കിൾ തലത്തിലേയും ജില്ലാ തലത്തിലേയും നിയന്ത്രണ ഉദ്യോഗസ്ഥൻമാർ തങ്ങളുടെ ചുമതല വേണ്ട വിധത്തിൽ നിർവഹിയ്ക്കപ്പെടാത്തതിനാലാണ് ഇത്തരം ഒരു സ്ഥിതി സംജാതമാകുന്നത്. ചില ഡെപ്യൂട്ടി രജിസ്ട്രാർമാരാകട്ടെ ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് ഈ ആഫീസിലേക്ക് കത്തുകൾ അയച്ചു വരുന്നു.

സഹകരണവകുപ്പു ജീവനക്കാര്യവും ജീവനക്കാർക്കുള്ള രജിസ്ട്രാരുടെ നിർദ്ദേശങ്ങളും

മറ്റൊരു ജില്ലയിൽ പ്രവർത്തിച്ചു വരുന്ന ഒരാളെ അസിസ്റ്റന്റ് രജിസ്ട്രാർമാരുടെയോ ഡെപ്യൂട്ടി രജിസ്ട്രാർമാരുടെയോ വീഴ്ച മൂലം സംഭവിച്ച ഒരാവശ്യത്തിലേക്ക് വീണ്ടും വരുത്തുക എന്ന പ്രവണത ടിയാൻ പ്രവർത്തിച്ചു വരുന്ന തസ്തികയിലെ ഔദ്യോഗിക കൃത്യ നിർവഹണത്തെ പ്രതികൂലമായി ബാധിക്കാൻ ഇടയുണ്ട്. ഈ സാഹചര്യം കണക്കിലെടുത്ത് താഴെ പറയും പ്രകാരമുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സ്ഥലം മാറ്റം ലഭിച്ച് വിടുതൽ ചെയ്യപ്പെടേണ്ട ആഡിറ്റർമാർ ആഡിറ്റ് സംബന്ധിച്ച് മിക്കവാറും എല്ലാ പരിശോധനകളും പൂർത്തിയാക്കുകയും, റിപ്പോർട്ടുകൾ തയ്യാറാക്കുവാൻ മാത്രം ബാക്കിയാവുകയും ചെയ്യുന്ന സാഹചര്യത്തിൽ അപ്രകാരമുള്ളവരിൽ നിന്നും ലഭിക്കുവാനുള്ള റിപ്പോർട്ടുകൾ ലഭിച്ചതിനു ശേഷം മാത്രം വിടുതൽ ചെയ്യാൻ ബന്ധപ്പെട്ട മേലധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. (27–12–87ലെ 62/87 ാം നമ്പർ സർക്കുലർ)

2. ആഡിറ്റ് റിപ്പോർട്ട് പരിശോധിച്ച് തൃപ്തികരമാം വിധം ന്യൂനതാ പരിഹരണം നടത്തി കിട്ടുന്നതിനു മുൻപായി ഒരു ആഡിറ്ററെ വിടുതൽ ചെയ്യേണ്ട സാഹചര്യമുണ്ടാകുന്ന അവസരത്തിൽ, ടിയാനിൽ നിന്നും ചാർജ് ഏറ്റെടുക്കുന്ന ആഡിറ്ററെ കൊണ്ടോ, ടിയാന്റെ തസ്തികയിൽ നിയമിക്കപ്പെടുന്ന ആഡിറ്ററെക്കൊണ്ടോ ആയത് നടത്തിക്കാമെന്ന് ബന്ധപ്പെട്ട മേലധികാരികൾ ഉറപ്പു വരുത്തേണ്ടതാണ്.

3. യാതൊരു കാരണവശാലും വിടുതൽ ചെയ്യപ്പെട്ട ഒരു ആഡിറ്ററെ, വിടുതൽ ചെയ്യുന്നതിനു മുൻപുണ്ടായിരുന്ന ഒരു ജോലിക്കായി മറ്റൊരു ജില്ലയിൽ നിന്നും വരുത്തുവാനുള്ള സാഹചര്യം സൃഷ്ടിക്കാതിരിയ്ക്കാൻ ബന്ധപ്പെട്ട മേലധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. അപ്രകാരം ഒരു സ്ഥിതി ഉളവാകുന്ന പക്ഷം ബന്ധപ്പെട്ട ഡെപ്യൂട്ടി രജിസ്ട്രാർമാരുടെ ലവലിൽ ടി പ്രശ്നം പരിഹരിക്കേണ്ടതാണ്.

4. സഹകരണസംഘം രജിസ്ട്രാർ ആഫീസിൽ നിന്നും അംഗീകരിച്ച് സർട്ടിഫിക്കറ്റ് നൽകേണ്ട ആഡിറ്റ് റിപ്പോർട്ടുകളുടെ കാര്യത്തിൽ റിപ്പോർട്ടു സമർപ്പിച്ച ആഡിറ്ററുടെ സേവനം ന്യൂനതാ പരിഹരണത്തിന് അത്യന്താപേക്ഷിതമാണെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം ടി ആഡിറ്ററെ ഇതിലേക്കായി നിയോഗിക്കേണ്ടതാണ്.

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി

നമ്പർ ജി.4047/89

സഹകരണസംഘം രജിസ്ട്രാറാഫീസ്
തിരുവനന്തപുരം 19–10–89

സർക്കുലർ നമ്പർ 60/89

വിഷയം: **ഓഫീസ് നടപടിക്രമങ്ങൾ–എം.എൽ.എമാരിൽ നിന്നും ലഭിക്കുന്ന നിവേദനങ്ങൾ യഥാസമയം നടപടി സ്വീകരിക്കുന്നതു സംബന്ധിച്ച്.**

സൂചന: **എം.എൽ.എ മാരിൽ നിന്നും ലഭിക്കുന്ന നിവേദനങ്ങൾ സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശം നൽകുന്നു.**

എം.എൽ.എ മാരിൽ നിന്ന് നേരിട്ടോ അല്ലാതെയോ ലഭിക്കുന്ന നിവേദനങ്ങൾ യഥാസമയം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ കൈപ്പറ്റി യഥാവിധി നടപടി സ്വീകരിക്കുന്നുണ്ടെന്ന് ഓഫീസ് മേധാവി ഉറപ്പു വരുത്തേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന നിവേദനങ്ങൾ സംബന്ധിച്ച് വിവരങ്ങൾ അനുബന്ധം–1 ൽ പറയും പ്രകാരമുള്ള ഒരു പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. നിവേദനത്തിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയശേഷം ബന്ധപ്പെട്ട സെക്ഷന് അതേ ദിവസം തന്നെ ഏൽപ്പിക്കേണ്ടതതുമാണ്. നിവേദനങ്ങൾക്ക് എത്രയും വേഗം തന്നെ മറുപടി നൽകേണ്ടതും ഏതെങ്കിലും വിവരം ശേഖരിക്കുവാനുള്ളതിനാൽ ഒഴിച്ചു കൂടാൻ പറ്റാത്ത കാലതാമസം ഉണ്ടാകുമെന്നുണ്ടെങ്കിൽ ആയതു നീതീകരിക്കുവാൻ ഉതകത്തക്കതാണെങ്കിൽ കാര്യം ചൂണ്ടിക്കാണിച്ച് ഒരു ഇടക്കാല മറുപടി നൽകേണ്ടതും അന്തിമ മറുപടി കാലതാമസം കൂടാതെ അയച്ചിരിക്കേണ്ടതും ആണ്. കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തു നിന്നും എന്തെങ്കിലും വീഴ്ച ഉണ്ടാകുന്നുണ്ടോയെന്നു അതത് ഓഫീസ് മേധാവി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ

നമ്പർ ഇ.ബി.7/51025/90.

സഹകരണസംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം 8–11–1990

സർക്കുലർ നമ്പർ 36/90

വിഷയം: **സഹകരണ സർക്കിൾ ആഫീസുകളിലെ യൂണിറ്റ് ഇൻസ്പെക്ടർമാർ അവർക്കു ലഭിക്കുന്ന തപാലുകളും കൈവശമുള്ള ഫയലുകളെ സംബന്ധിച്ച വിവരങ്ങളും എഴുതി സൂക്ഷിക്കുന്നത് സംബന്ധിച്ച്.**

സൂചന: **7–8–90 ൽ കോഴിക്കോടു വച്ചു കൂടിയ ജോയിന്റ് രജിസ്ട്രാറുടേയും അസിസ്റ്റന്റ് രജിസ്ട്രാറുടേയും സമ്മേളനം.**

സൂചന സമ്മേളനത്തിൽ ഇപ്പോൾ ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസുകളിലെ ഓരോ യൂണിറ്റ് ഇൻസ്പെക്ടറുടേയും കൈവശം ഏതെങ്കിലും ഫയലുകൾ റിപ്പോർട്ടിനായി ബാക്കിയുണ്ടെന്നതിനെ സംബന്ധിച്ച് വ്യക്തമായ യാതൊരു രേഖകളും സൂക്ഷിക്കുന്നില്ലെന്ന് മനസ്സിലായതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

തപാലുകൾ അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസിൽ സ്വീകരിച്ച ശേഷം ക്രമനമ്പർ മുറക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും പൊതുസ്വഭാവം ഉള്ളവ ആഫീസിലെ ക്ലാർക്ക് തൻ പതിവേടിൽ ചേർത്തു നടപടികൾ എടുക്കേണ്ടതും ഇൻസ്പെക്ടർ കൈകാര്യം ചെയ്യേണ്ടവ തപാൽ രജിസ്റ്റർ മുഖേന ബന്ധപ്പെട്ട യൂണിറ്റ്

ഇൻസ്പെക്ടറുടെ ഒപ്പു വാങ്ങിയ ശേഷം കൊടുക്കേണ്ടതുമാകുന്നു. തൻ പതിവേട് എഴുതി സൂക്ഷിക്കേണ്ടതിന്റെ ചുമതല ക്ലാർക്കിനായിരിക്കും. ബന്ധപ്പെട്ട യൂണിറ്റ് ഇൻസ്പെക്ടർ/സെയിൽ ആഫീസർ താഴെ പറയുന്ന വിവരങ്ങൾ അറിയത്തക്ക വിധത്തിലുള്ള ഒരു രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

ക്രമ നമ്പർ	തപാൽ രജിസ്റ്ററിലെ ക്രമ നമ്പർ	ഏറ്റെടുത്ത തപാലിലെ വിവരം ചുരുക്കത്തിൽ	ലഭിച്ച തീയതി	റിപ്പോർട്ട് നൽകേണ്ട തീയതി	സ്വീകരിച്ച നടപടിയുടെ വിവരം ചുരുക്കത്തിൽ	റിപ്പോർട്ട് നൽകിയ തീയതി	ഒപ്പ്
1	2	3	4	5	6	7	8

തപാലിനെ സംബന്ധിച്ച് കുറിക്കുമ്പോൾ സംഘത്തിന്റെ പേരും വിഷയവും രേഖപ്പെടുത്തണം. അസിസ്റ്റന്റ് രജിസ്ട്രാറുടെ ക്രമ നമ്പറും ടി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഈ രജിസ്റ്റർ അസിസ്റ്റന്റ് രജിസ്ട്രാർ മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും പരിശോധിച്ച് തൃപ്തിപ്പെട്ടു സാക്ഷ്യപ്പെടുത്തേണ്ടതാണ്. പൊതു സ്വഭാവമുള്ള കേസുകളിലും ഇൻസ്പെക്ടർമാരുടെ റിപ്പോർട്ട് ആവശ്യപ്പെട്ടാൽ ആ വിവരവും ഇൻസ്പെക്ടർമാരുടെ രജിസ്റ്ററുകളിൽ രേഖപ്പെടുത്തേണ്ടതാണ്. ജോയിന്റ് രജിസ്ട്രാർമാർ സർക്കിൾ ഓഫീസുകൾ സന്ദർശിക്കുമ്പോഴും ഈ രജിസ്റ്ററുകൾ പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. 1990 നവംബർ മാസം 12 ാം തീയതി മുതൽ ഈ സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് പ്രാബല്യമുണ്ടായിരിക്കും.

കെ. ജെ. തോമസ്
സഹകരണസംഘം രജിസ്ട്രാർ

No. V (1) 3123/91. Office of the Registrar of Co-operative Societies
Thiruvananthapuram, 9-2-1991

CIRCULAR No. 5/91

Sub: **Co-operative Department-No Objection Certificate for Passport - Submission - of application-Instructions-Regarding.**

Ref: **This Office Circular No.V (1) 11344/85 dated 27-2-83.**

In the circular cited, instructions were issued for the submission of applications for no objection certificate for obtaining passport. Now it has come to the notice that application for no objection certificate are being received in this office without scrutiny and verification by the Immediate Superior Officers and the Controlling Officers as to the applicants liabilities, bonded obligations against Government and the disciplinary proceedings, vigilance enquiry pending etc., against the applicants.

It is therefore directed that in future, the applications for no objection certificate shall be scrutinised by the Immediate Superior Officer as to the liabilities, bonded obligations, disciplinary proceedings etc., if any pending against the applicant and furnish the certificates prescribed in the application form.

The Controlling Officers viz., the Joint Registrars and Deputy Registrars (Audit) of the Districts, should forward the applications after a second scrutiny duly recommended for the issue of no Objection Certificate if they are fully satisfied that there is no objection in issuing such certificate.

The application form for No Objection Certificate modified is also appended.

K. J. Thomas

Encl: Proforma application form. **Registrar of Cooperative Societies**

Application for No Objection Certificate for Passport.

1. Name of the applicant
2. Designation and scale of pay
3. Purpose of visit outside India
4. Country/Countries proposed to be visited
5. Duration of the proposed visit/stay
6. Likely date of departure
7. The approximate expenses and source(s) of financing these expenses
8. Names and addresses of the friends/relatives whom he proposes to contact during his tour/stay
9. Whether any disciplinary proceedings are pending against the applicant
10. Whether he has any bonded obligations and if yes, details thereof.

Place

Date Signature of the applicant with designation and home address

1. Certified that

(i) no bonded obligation/bonded obligation on account of

(ii) no liability/liability against Government on account of

(iii) no disciplinary proceedings or Vigilance enquiry is pending against the above applicant.

2. The issue of No Objection Certificate for passport is recommended/is not recommended/recommended subject to the condition that the liabilities on account of .... should be settled as per rules while applying for leave to go abroad.

Immediate	Signature	:
Superior	OfficerDate	:
A.R. (Gl.) / A.R.(A)	Name	:
A.R. (Adm.) etc.	Designation	:

Seal of the Office.

3. I have verified the concerned files and records personally. The issue of No Objection Certificate in respect of .... is recommended/not recommended.

Head of Office	Signature	:
Controlling Officer	Date	:
J.R./D.R.(A)/D.R. (Prl) etc.	Name	:
	Designation	:

Seal of the Office.

GOVERNMENT OF KERALA

No. 1495/A2/91/Coop.

Co-operation (A) Department
Thiruvananthapuram, 19-7-1991

From

The Commr.& Secretary to Government.

To

The Registrar of Co-operative Societies,
Thiruvananthapuram.

Sir,

Sub: **Co-operation Department-Exercise of powers under Kerala Civil Services (Classification Control and Appeal) Rules 1960 by the Officers working on other duty under Rule 156, Part I, K.S.Rs-Clarification sought for-Regarding.**

Ref : **Your letter No.V (1) 5274/91 dated 31-1-1991.**

With reference to your letter cited, I am to inform you that in view of Rule 13 (2a) of the K.C.S. (C.C&A) Rules, the immediate Superior Gazetted Officer or any other higher authority can impose the penalties stipulated therein, on the members of subordinate service, regardless of the nature of appointment of such authority.

Yours faithfully

P. G. Zacharias
Under Secretary
For Commr. & Secretary to Government

No.CP (5) 62279/91. Office of the Registrar of Co-operative Societies
Thiruvananthapuram, 20-1-1992

CIRCULAR No. 2/92

Sub : **Co-operative Societies rules (Kerala) 1969-Rule 176-rescinding of resolutions compliance with the principles of natural Justice-Regarding.**

Ref : **High Court Judgement in O.P. No. 768/89 date 6-9-91.**

In the judgement cited, the Hon. High Court of Kerala had observed that rescinding of resolutions without proper notice to all affected parties is violative of the principles of natural justice. Before passing an order under Rule 176 of Kerala Co-operative Societies Rules, it is directed to issue notice to affected parties and give them reasonable opportunity to show-cause against the proposed action, if the order is to be not liable to be quashed on the ground of violation of the principles of natural justice. All the joint Registrars are therefore instructed to comply with the direction of the High Court while initiating action under Rule 176 of the Kerala Co-operative Societies Rules.

Receipt of this circular should be acknowledged.

K. Shamsuddin
Additional Registrar (Credit)

Most immediate

No.PT (1) 49257/91. Office of the Registrar of Co-operative Societies
Thiruvananthapuram, 21-2-1992

CIRCULAR No. 11/92

Sub : **Deputation of departmental officers for various training programmes-Non participation by the officers-Instructions issued.**

It has come to the notice of the undersigned that some of the departmental officers deputed for participation in various training programmes organised by Institute of Management in Government and Institute of Co-operative Management are evading such programmes on one pretext or other. Illness of the members of the family and ill-health of the officer himself are very often cited as reasons for not attending the programmes. In fact, their non participation creates hurdles in the smooth execution of the training programmes by the Institutes. Moreover since the inability of the officers to participate in the training programmes is reported only after the commencement of the programme, very often it becomes impossible to substitute another officer in his place so that the required strength of the programme could be maintained and any short fall in the number of officers of the department to be trained could be averted. Training to the officers should be a must and it should be continuous through out the service of the officer enabling him to equip himself better in serving the people. It also gives him the modern trends in the field in which he is working and provides him with better know-how and practical experience.

2. One of the major benefits attributed to any training programme is the opportunity offered to the trainees for interaction between themselves. This interaction helps them to resolve problems quickly and efficiently.

3. Officers of this department are now deputed for only short-term programmes of say a maximum of 14 days duration at the Institute of Management in Government and at the Institute of Co-operative Management, Thiruvananthapuram. Deputation for training outside the State has been banned by Government as a measure of economy. In the circumstances, there is no cause for any difficulty in attending the short-term programmes; conducted inside the state and as such non-participation in programmes on one pretext or other does not deserve any justification.

4. All the officers of the department are therefore requested to promptly attend the training programmes for which they are deputed. In future, failure by any officer to attend a training programme which he is deputed will be viewed very seriously and disciplinary action taken against him.

5. The Joint Registrars/Deputy Registrars (Audit)/Deputy Registrar-Principals are requested to bring the contents of this circular to the notice of subordinates.

V. S. Senthil
Registrar of Co-operative Societies

GOVERNMENT OF KERALA
GENERAL ADMINISTRATION (SC) DEPARTMENT

CIRCULAR

No. 182/SC/92/GAD. Trivandrum, 15th July, 1992

Sub: **Public Functions organised by Government Departments/Public undertakings-Courtesies to be extended to MPs/MLAs-Revised instructions-issued.**

Ref: **i) Government Circular No. 138/SC/82/GA (SC) dated 6-12-1982.**

ii) Government Circular No. 60/SC/85/GA (SC) dated 29-6-1985.

iii) Government Circular No. 58/SC/88/GA (SC) dated 23-6-1988.

iv) Government Circular No. 72/SC/91/GA (SC) dated 28-10-1991.

In partial modification of the instructions already issued on the courtesies to be extended to MPs/MLAs in Public functions arranged by Government Departments/Public Undertakings, it is hereby clarified that MPs are to be given precedence in Central Government functions while the MLAs to be given precedence in State Government functions.

The Circulars cited are modified to this extent.

S. Padmakumar
Chief Secretary to Government

കേരള സർക്കാർ

പേഴ്സോണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് (അഡ്വൈസ്–സി) ഡിപ്പാർട്ടുമെന്റ്

നമ്പർ 1721/സി.3/93 ഉ.ഭ.പ.വ. തിരുവനന്തപുരം, 1993 ഫെബ്രുവരി 18

സർക്കുലർ

വിഷയം: **ജനപ്രതിനിധികൾക്ക് മറുപടി നൽകുന്നതു സംബന്ധിച്ച്.**

സൂചന: **1. 30–6–1975 ലെ 134160/എസ്.ഡി.3/74/പി.ഡി.നമ്പർ സർക്കുലർ**

2. 24–7–1985 ലെ 66128/എസ്.ഡി.3/85 ജി.എ.ഡി. നമ്പർ സർക്കുലർ

3. 25–4–1988 ലെ 4416/ഉപദേശ–സി.3/88/ഉ.ഭ.പ.വ. നമ്പർ സർക്കുലർ

4. 14–10–1988ലെ 14958/ഉപദേശ–സി.3/88/ഉ.ഭ.പ.വ. നമ്പർ സർക്കുലർ

എം.പി.മാരിൽ നിന്നും, എം.എൽ.എ.മാരിൽ നിന്നും ലഭിയ്ക്കുന്ന നിവേദനങ്ങൾ എത്രയും പെട്ടെന്ന് തീർപ്പാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും അവർക്ക് മറുപടി നൽകുന്നത് സംബന്ധിച്ചും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ മുകളിൽ പരാമർശിച്ചിട്ടുള്ള സർക്കുലറുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ജനപ്രതിനിധികളിൽ നിന്നും ലഭിക്കുന്ന നിവേദനങ്ങൾക്ക് അർഹമായ പരിഗണന ലഭിക്കുന്നില്ലെന്നും വകുപ്പദ്ധ്യക്ഷൻമാർ മുതലായവർ അന്വേഷണം നടത്തി എടുക്കുന്ന തീരുമാനം ബന്ധപ്പെട്ട എം.എൽ.എ.യെ അറിയിക്കാറില്ലെന്നുമുള്ള വസ്തുത നിയമസഭാസമ്മേളനത്തിൽ ഉൾപ്പെടെ പലപ്പോഴും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇക്കാര്യത്തിൽ നിലവിലുള്ള നിർദ്ദേശങ്ങൾ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടെ കർശനമായി പാലിക്കുവാൻ ഗവൺമെന്റ് സെക്രട്ടറിമാരും വകുപ്പദ്ധ്യക്ഷൻമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മുഖ്യമന്ത്രി/വകുപ്പു മന്ത്രിയിൽ നിന്നും താൽക്കാലിക മറുപടിയോടുകൂടി സെക്രട്ടറിയേറ്റിലെ വിവിധ വകുപ്പുകളിൽ ലഭിക്കുന്ന എം.പി./എം.എൽ.എ.മാരുടെ ആമുഖ കത്തുള്ള നിവേദനങ്ങൾ/അപേക്ഷകൾ യഥാർത്ഥത്തിൽ പരിശോധിക്കേണ്ട സെക്ഷനിൽ എത്തിയാലുടൻ അതിന്റെ നമ്പർ കൈകാര്യം ചെയ്യുന്ന സെക്ഷൻ, വകുപ്പ് എന്നിവ വ്യക്തമാക്കിക്കൊണ്ടും അതിൻമേൽ വകുപ്പു തലവന്റേയോ ജില്ലാ കളക്റ്ററുടേയോ പി.എസ്.സി. സെക്രട്ടറിയുടേയോ അഭിപ്രായങ്ങൾ/റിപ്പോർട്ടുകൾ ആരായുന്നുണ്ടെന്നും, അഥവാ അപേക്ഷയുടെ അനന്തര നടപടി ജില്ലാ കളക്ടറോ, വകുപ്പ് തലവനോ, പി.എസ്.സി.സെക്രട്ടറിയോ ആണ് എടുക്കേണ്ടതെങ്കിൽ അവ അവർക്ക് കൈമാറ്റം ചെയ്യുന്നുണ്ടെന്ന് കാണിച്ചു കൊണ്ടുള്ള നടപടി അയയ്ക്കണം. നടപടി പൂർത്തിയായാലുടൻ അവയെ സംബന്ധിച്ചുള്ള പൂർണ്ണ വിവരം

എം.പി.മാരേയും എം.എൽ.എ.മാരേയും അറിയിക്കണം. വകുപ്പ് അദ്ധ്യക്ഷൻമാർ അന്വേഷണം നടത്തി എടുക്കുന്ന തീരുമാനം നടപടി പൂർത്തിയായാലുടൻ എം.പി/ എം.എൽ.എ.യെ നേരിട്ട് അറിയിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ യാതൊരു വീഴ്ചയും വരുത്തരുതെന്നും വീഴ്ച വരുത്തുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു.

പി. ഷൺമുഖസുന്ദരം
കമ്മീഷണർ ആന്റ് സെക്രട്ടറി

GOVERNMENT OF KERALA
LAW (INSPECTION WING) DEPARTMENT

No. 9448/B3/93/Law. Thiruvananthapuram, 29-7-1993

CIRCULAR

Sub: **Delay in complying court orders-contempt of Court Cases-Further instructions-regarding.**

Ref: **Government circular No.17071/B3/92/Law dated 22-12-1992.**

It has been brought to the notice of Government that the number of contempt of court cases in the High Court alleging violation of court orders is increasing. Instances where extension of time is sought after filing of contempt of court case have also been noticed.

The main reason for the increase in the number of such cases, is the delay on the part of the officers in taking action on court directions within the stipulated time.

Since such instances badly reflect on the Government, in the circular cited, instructions were given to observe strictly the time limit in taking action on court directions. In continuation, the following instructions are also issued for strict compliance.

1. Once the order of the court has become final, the officers concerned should implement it within the stipulated time.
2. In cases where it is found not possible to do so due to any reason a responsible officer should go over to the Advocate Generals office to file affidavit and petition for extension of time at least a week before the time limit expires.

3. In order to watch the implementation of the court directions in every section of the office/Department a separate register should be maintained showing the following details:

   a. Number of the OPs and gist of Court order to be implemented.
   b. Date of receipt of the order
   c. Date on which time limit expires.
   d. Date on which petition for extension of time filed.
   e. Date on which extension of time, if any granted, expires.
   f. Date on which the order of the court implemented.
   g. No&date of the appeal/review/revision if any filed, and gist of the order.
   h. Date of receipt of the final order of the court.
   i. Date of expiry of the time limit in the final order.
   j. Whether moved for further extension of time, if so, date on which affidavit filed.
   k. Whether extension of time granted, if so date on which time limit expires.
   l. Date on which final orders of the court are implemented. The Supervisory officer designated by the Head of the Office shall verify this register frequently, at least once in a fortnight, and shall satisfy himself that prompt action is taken with regard to the orders of the court and any possibility of contempt of court proceedings is avoided.

Failure to comply with the above instructions will be viewed seriously.

K. V. Rabindran Nair
Chief Secretary

നമ്പർ എ.ഡി.എൽ.(4) 8946/93.

സഹകരണസംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 22–9–1993

സർക്കുലർ 61/93

വിഷയം: **കെ.എസ്.ആർ.ഭാഗം 156 ാം ചട്ടം പ്രകാരം നിയമിച്ചിട്ടുള്ള പ്രാഥമിക കാർഷിക വികസന ബാങ്കുകളിലെ ഗ്രൂപ്പ് സ്പെഷൽ സെയിൽ ആഫീസർമാരുടെ ആസ്ഥാനം സംബന്ധിച്ച്.**

സൂചന: **24–2–93 ലെ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിലെ അഡീഷണൽ രജിസ്ട്രാർ/സ്പെഷൽ ഓഫീസറുടെ കത്ത്.**

എറണണാകുളത്തു വച്ച് 24–7–92ൽ കൂടിയ പ്രാഥമിക കാർഷിക വികസന ബാങ്കുകളുടെ അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസറൻമാരുടെ സമ്മേളനത്തിലെ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ കെ.എസ്.ആർ. 156 ാം ചട്ടം അനുസരിച്ച്, പ്രാഥമിക കാർഷിക വികസന ബാങ്കുകളിൽ നിയമിച്ചിട്ടുള്ള ഗ്രൂപ്പ് സെയിൽ ആഫീസർമാരുടെ ആസ്ഥാനം നിശ്ചയിക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പ്രാഥമിക കാർഷിക വികസന ബാങ്കുകൾക്കായി അനുവദിച്ചിട്ടുള്ള ഗ്രൂപ്പ് സ്പെഷൽ ആഫീസർമാരുടെ ആസ്ഥാനം പ്രസ്തുത ഗ്രൂപ്പ് ഏതു സ്ഥാപനത്തിന്റെ പേരിലാണോ അനുവദിച്ചിരിക്കുന്നത് ആ സ്ഥാപനമായിരിക്കും. പ്രസ്തുത സ്ഥാപനത്തിലെ അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർ ടി ഗ്രൂപ്പ് സെയിലാഫീസറുടെ പ്രവർത്തനം വിലയിരുത്തുന്നതുമാണ്.

വി. എസ്. സെന്തിൽ
സഹകരണ സംഘം രജിസ്ട്രാർ

നമ്പർ ഇ.എ.(4) 31101/93(1)

സഹകരണ സംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം 20–4–1994

സർക്കുലർ നമ്പർ 16/94

വിഷയം: **സഹകരണ വകുപ്പ് എസ്റ്റാബ്ലിഷ്മെന്റ്–ഡെപ്യൂട്ടേഷൻ–ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സഹകരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ പ്രസ്തുത കാലയളവിൽ അടക്കേണ്ട പ്രോവിഡന്റ് ഫണ്ട് പ്രതിമാസ വിഹിതവും ടി ഇനത്തിലുള്ള വായ്പാ തിരിച്ചടക്കൽ പ്രതിമാസ വിഹിതവും യഥാ സമയം അടക്കുന്നതു സംബന്ധിച്ച്.**

സൂചന: **22–7–93ലെ പി.എഫ്.27/VII /93–94/234 നമ്പറിലെ അക്കൗണ്ടന്റ് ജനറലിന്റെ കത്ത്.**

കേരള സർവീസ് ചട്ടങ്ങളിലെ 144 ാം ചട്ട പ്രകാരം സഹകരണ സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്ന സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ അവരവരുടെ പ്രോവിഡന്റ് ഫണ്ട് പ്രതിമാസ വരിസംഖ്യ, പ്രോവിഡന്റ് ഫണ്ട് വായ്പാ പ്രതിമാസ റിക്കവറി തുക എന്നിവ കൃത്യമായി ശമ്പളത്തിൽ നിന്നും പിടിച്ച് അടക്കുന്നില്ലെന്ന സംഗതി കേരള അക്കൗണ്ടന്റ് ജനറൽ (ഏ. ആന്റ് ഇ) സൂചന കത്ത് പ്രകാരം അറിയിച്ചിരിക്കുന്നു.

ടി സാഹചര്യത്തിൽ സഹകരണ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥൻമാർ അവരവരുടെ പ്രോവിഡന്റ് ഫണ്ട് പ്രതിമാസ വരിസംഖ്യയും പ്രോവിഡന്റ് ഫണ്ട്

സഹകരണവകുപ്പു ജീവനക്കാര്യവും ജീവനക്കാർക്കുളള രജിസ്ട്രാരുടെ നിർദ്ദേശങ്ങളും

വായ്പാതിരിച്ചടക്കലും കൃത്യമായി ശമ്പളത്തിൽ നിന്നും റിക്കവറി നടത്തി യഥാസമയം ബന്ധപ്പെട്ട ട്രഷറിയിൽ നിശ്ചിത ശീർഷകത്തിൽ അടച്ച് ചെല്ലാൻ രശീതിന്റെ പകർപ്പ് അക്കൗണ്ടന്റ് ജനറലിന്റെ ആഫീസിൽ അയച്ചു കൊടുക്കേണ്ടതാണ്. വിദേശ സേവനത്തിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥൻമാർ ഓരോ മാസവും പ്രോവിഡന്റ് ഫണ്ട് വരിസംഖ്യയായും വായ്പാ തിരിച്ചടക്കലായും എൽ.ഐ.സി., എഫ്. ബി.എസ്. എന്നിവയുടേയും മറ്റു വായ്പാ തിരിച്ചടക്കലുകളുടേയും ട്രഷറിയിൽ അടച്ചത് സംബന്ധിച്ചുള്ള വിവരങ്ങൾ ഇതോടൊപ്പം ചേർത്തിട്ടുളള പ്രൊഫോർമയിൽ ബന്ധപ്പെട്ട ജില്ലാ ജോയിന്റ് രജിസ്ട്രാറെ അറിയിക്കേണ്ടതാണ്. അടുത്ത മാസത്തെ ബില്ല് കൊടുക്കുമ്പോൾ മുൻ മാസത്തിൽ മേൽ വിവരിച്ച എല്ലാ റിക്കവറികളും കുറക്കലും നടത്തിയിട്ടുണ്ടെന്നതിന് സർട്ടിഫിക്കറ്റും ടി ബില്ലുകളിൽ രേഖപ്പെടുത്തേണ്ടതാണ്. പ്രോവിഡന്റ് ഫണ്ട് വരിസംഖ്യ, വായ്പാ റിക്കവറി എന്നിവ കൃത്യമായി പിടിക്കാതെ ശമ്പളം വാങ്ങുന്നത് ഗുരുതരമായ വീഴ്ചയാണ്.

അതിനാൽ വിദേശ സേവന വ്യവസ്ഥയിൽ ജോലി നോക്കുന്ന എല്ലാ ജീവനക്കാരും മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. ഇക്കാര്യത്തിൽ എന്തെങ്കിലും വീഴ്ച വരുത്തുന്നവർക്ക് എതിരായി കേരള സിവിൽ സർവീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരമുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്.

എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർമാരും ടി നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ പെടുത്തേണ്ടതും വിദേശ സേവനത്തിൽ സഹകരണ സ്ഥാപനങ്ങളിൽ ജോലി നോക്കുന്ന സഹകരണ വകുപ്പിലെ ജീവനക്കാർ പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

വി. എസ്. സെന്തിൽ
സഹകരണ സംഘം രജിസ്ട്രാർ

കേരള സർവീസ് ചട്ടങ്ങളിലെ 144 ാം വകുപ്പ് പ്രകാരം വിദേശ സേവനത്തിൽ..സഹകരണ സ്ഥാപനത്തിൽ ....തസ്തികയിൽ ജോലി നോക്കുന്ന ശ്രീ..ടെ......................................

മാസത്തിലെ പ്രോവിഡന്റ് ഫണ്ട് വരിസംഖ്യ വായ്പ എന്നിവ ട്രഷറിയിൽ അടച്ചതു സംബന്ധിച്ച റിപ്പോർട്ട്.

ക്രമ നമ്പർ	സഹകരണ സ്ഥാപനത്തിന്റെ പേരും വിദേശ സേവന ത്തിൽ ജോലി നോക്കുന്ന വ്യക്തികളുടെ പേരും തസ്തികയും	മാസം	ശമ്പളവും അലവൻസുകളും മൊത്തം തുക	പ്രോവിഡന്റ് ഫണ്ട് വരിസംഖ്യ	പ്രോവിഡന്റ് ഫണ്ട് വായ്പാതിരിച്ചടവ് തുക	ആകെ തുക	പ്രോവിഡന്റ് തുക ട്രഷറിയിൽ അടച്ച വിവരം			ചെല്ലാൻ രശീതിന്റെ പകർപ്പ് എ.ജിക്ക് അയച്ച തീയതി	മറ്റു വായ്പകൾ തിരിച്ചടക്കൽ			മറ്റു തുകകൾ			14–ാം കോളത്തിലെ തുക ട്രഷറിയിൽ അടച്ച വിവരം	15,16 എന്നീ കോളങ്ങളിലെ തുക അടച്ച വിവരങ്ങൾ
							ചെല്ലാൻ രസീത് നമ്പർ തീയതി	തുക രൂ.	ട്രഷറിയുടെ പേര്		കെട്ടിട വായ്പ തുക	വാഹന വായ്പ തുക	ആകെ	എൽ.ഐ.സി.മാസവരി തുക	എഫ്.ബി.എസ്.മാസവരി തുക	ആകെ		
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19

ഉദ്യോഗസ്ഥന്റെ പേരും ഒപ്പും തീയതിയും

സഹകരണ സ്ഥാപനത്തിന്റെ പേര്

സഹകരണവകുപ്പു ജീവനക്കാര്യവും ജീവനക്കാർക്കുള്ള രജിസ്ട്രാരുടെ നിർദ്ദേശങ്ങളും

GOVERNMENT OF KERALA
Abstract

Ban on payment of deputation allowance-extension of orders issued.

G.O. (P) No. 409/94/Fin. Thiruvananthapuram, 28-6-1994

FINANCE (SECRET) DEPARTMENT

Read: **1. G.O. (P) No. 366/92/Fin. Dated 15-4-1992.**
2. G. O. (P) No. 374/93/Fin. Dated 25-6-1993.

ORDER

In continuation of Government orders read above, Government Order that no deputation allowance will be paid to Government Servants on deputation until further orders.

By Order of the Governor
F. Joseph
Joint Secretary

നമ്പർ വി.(1) 42653/95 സഹകരണ സംഘം രജിസ്ട്രാറാഫീസ്, തിരുവനന്തപുരം, 27–12–95

സർക്കുലർ നമ്പർ 34/95

വിഷയം: **സഹകരണ വകുപ്പ്: കേരള സർവീസ് ചട്ടങ്ങളിലെ ചട്ടം 144 പ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥൻമാരുടെ ബോണസ്സ് സംബന്ധിച്ച്.**

സൂചന: **1. രജിസ്ട്രാറുടെ 16–5–94 ലെ 12/94 ാം നമ്പർ കത്ത്.**
2. രജിസ്ട്രാറുടെ 3–2–95 ലെ വി.(1) 33390/94 നമ്പർ കത്ത്.
3. സർക്കാരിന്റെ 4–11–95 ലെ 10594/എ.3/94 സഹ: നമ്പർ കത്ത്.

ഒന്നാം സൂചന സർക്കുലർ പ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് കാലാകാലങ്ങളിൽ സർക്കാർ ഉദ്യോഗസ്ഥർക്ക്/അനുവദിക്കുന്ന നിരക്കിലുള്ള ബോണസ്സിനു മാത്രമേ അർഹതയുള്ളൂ എന്ന് ഉത്തരവായിട്ടുണ്ടായിരുന്നു. ഇതു സംബന്ധിച്ച് നിരവധി പരാതികൾ ഈ

ആഫീസിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് ബോണസ്സ് നൽകുന്നത് സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കായി സർക്കാരിലേക്ക് എഴുതിയിട്ടുണ്ടായിരുന്നു. പെൻഷൻ അനുവദിക്കുന്നതിനായി ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റ് അയച്ചു കൊടുക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ സർക്കാരിൽ നിന്നും ഇതു സംബന്ധിച്ച് ഉണ്ടാകുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ അധിക തുക തിരിച്ചടക്കേണ്ടി വന്നാൽ ആയതു തിരിച്ചടച്ചുകൊള്ളാം എന്നുള്ള ഒരു സത്യവാങ്മൂലം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും എഴുതി വാങ്ങിയിട്ട് സർട്ടിഫിക്കറ്റ് നൽകിയാൽ മതിയാകും എന്ന് രണ്ടാം സൂചന കത്തു പ്രകാരം നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു.

കാലാകാലങ്ങളൽ സർക്കാർ ഉദ്യോഗസ്ഥർക്ക് അനുവദിക്കുന്ന നിരക്കിലുള്ള ബോണസ്സിന് മാത്രമേ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്കു അർഹതയുള്ളൂയെന്നും അധികം കൈപ്പറ്റിയ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തിരിച്ചു പിടിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണെന്നും മൂന്നാം സൂചന കത്തു പ്രകാരം സർക്കാർ അറിയിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി ബോണസ്സിനത്തിൽ അധികം തുക കൈപ്പറ്റിയിട്ടുള്ള സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർ പ്രസ്തുത തുക ഉടൻ തന്നെ ബന്ധപ്പെട്ട സ്ഥാപനത്തിൽ തിരിച്ചടച്ച് രശീത് വാങ്ങി ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർക്ക് അയച്ചു കൊടുക്കേണ്ടതാണ്. വിദേശ സേവന വ്യവസ്ഥയിൽ ഉദ്യോഗസ്ഥർ ജോലി നോക്കിയിരുന്ന സ്ഥാപനങ്ങളിൽ നിന്നും ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റ് ഹാജരാക്കുമ്പോൾ ടി സർട്ടിഫിക്കറ്റിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ജോലി നോക്കിയിരുന്ന കാലയളവിൽ, ഗവൺമെന്റ് ഉത്തരവിനു വിരുദ്ധമായി പരിധിയിൽ കവിഞ്ഞ തുക ബോണസ്സ് ഇനത്തിൽ കൈപ്പറ്റിയിട്ടില്ലെന്നും കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അധിക തുക തിരിച്ചടച്ചിട്ടുണ്ടെന്നും (രശീത് നമ്പർ,തുക, തീയതി) കൂടി എഴുതി വാങ്ങേണ്ടതാണ്.

രണ്ടാം സൂചിക കത്തിൽ നിർദ്ദേശിച്ചിരുന്ന പ്രകാരം സത്യവാങ്മൂലം നൽകി പെൻഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റിയ ഉദ്യോഗസ്ഥരിൽ നിന്നും ബോണസ്സ് ഇനത്തിൽ അധികം കൈപ്പറ്റിയ തുക ഈടാക്കാനുള്ള നടപടി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ സഹകരണ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരും കർശനമായി പാലിക്കേണ്ടതാണ്. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരുടെ മേൽ കർശന നടപടി കൈക്കൊള്ളുന്നതാണ്.

സഹകരണ സംഘം രജിസ്ട്രാർ

സഹകരണവകുപ്പു ജീവനക്കാര്യവും ജീവനക്കാർക്കുളള രജിസ്ട്രാരുടെ നിർദ്ദേശങ്ങളും

നമ്പർ ഇ.എം.(3) 44676/97

സഹകരണ സംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 9–3–98

സർക്കുലർ നമ്പർ 8/98

വിഷയം: **സഹകരണം–അപേക്ഷകൾ, തീരുമാനങ്ങൾ ഉളളടക്കങ്ങൾ – എന്നിവ പരിശോധിക്കുന്നതും സാക്ഷ്യപ്പെടുത്തുന്നതും – വകുപ്പ് ഉദ്യോഗസ്ഥൻമാരുടെഅലംഭാവം– നിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നത് സംബന്ധിച്ച്.**

സൂചന:

സഹകരണ സംഘം രജിസ്ട്രാറുടെ ആഫീസിലേക്ക് അയക്കുന്ന അപേക്ഷകൾ തീരുമാന പകർപ്പ് ഉളളടക്കങ്ങൾ എന്നിവയിൽ ബന്ധപ്പെട്ട യൂണിറ്റ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് രജിസ്ട്രാർമാർ, ജോയിന്റ് രജിസ്ട്രാർമാർ എന്നിവർ പരിശോധിച്ചുവെന്ന് രേഖപ്പെടുത്താറുണ്ടെങ്കിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ പരിശോധിക്കാതെയാണ് ഇപ്രകാരം രേഖപ്പെടുത്തി ഈ ആഫീസിലേയ്ക്ക് സമർപ്പിക്കുന്നതെന്ന് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. താലൂക്ക് തല ഓഫീസുകളിലെ ബന്ധപ്പെട്ട യൂണിറ്റ് ഇൻസ്പെക്ടർമാരും അസിസ്റ്റന്റ് രജിസ്ട്രാർമാരും വളരെ നിരുത്തരവാദപരമായാണ് ഇക്കാര്യം കൈകാര്യം ചെയ്യുന്നതെന്നും കണ്ടെത്തിയിട്ടുണ്ട്. ഈ ഓഫീസിൽ കൈകാര്യം ചെയ്യുന്ന ഫയലുകളിൽ തീരുമാനം കൈക്കൊളളുന്നത് ബന്ധപ്പെട്ട യൂണിറ്റ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് രജിസ്ട്രാർമാർ, ജോയിന്റ് രജിസ്ട്രാർമാർ എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകളും ശുപാർശയും കൂടി കണക്കിലെടുത്താണെന്നും, ശരിയായി പരിശോധിക്കാതെ ഈ ഓഫീസിലേക്ക് സമർപ്പിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ ഉത്തരവുകൾ പുറപ്പെടുവിക്കുകയും തീരുമാനങ്ങൾ കൈക്കൊളളുകയും ചെയ്യുന്നത് കീഴ് ഓഫീസുകളിൽ നിന്ന് തെറ്റായി ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ്, ടി ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടി വന്നതെന്നും തീരുമാനങ്ങൾ കൈക്കൊളേളണ്ടി വന്നതെന്നും പിന്നീട് പരിശോധനയിൽ കണ്ടെത്തുകയും ചെയ്താൽ, ആയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥൻമാരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിക്കുന്നു സഹകരണസംഘം രജിസ്ട്രാർ ഓഫീസിലേക്ക് അയക്കുന്ന രേഖകളും, ഉളളടക്കങ്ങളും യഥായോഗ്യം പരിശോധിച്ചതിനു ശേഷമാണ് ഈ ഓഫീസിലേക്ക് അയക്കുന്നതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ഉറപ്പു വരുത്തേണ്ടതും, അവരവരുടെ നിയന്ത്രണത്തിലുളള ഉദ്യോഗസ്ഥൻമാർ ഇക്കാര്യം ശരിയായി പാലിക്കുന്നുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ്.

ഷീലാ തോമസ് ഐ. എ. എസ്.
സഹകരണ സംഘം രജിസ്ട്രാർ

No.ADL (4) 12299/98. Office of the Registrar of Co-operative Societies
Thiruvananthapuram, 28-03-98

CIRCULAR No. 9/98

Sub: **Creation and continuance of posts under Rule 156 Part I .K.S.R. and recovery of cost there of Instructions issued.**

Ref: **Circular No.11/85 dated 27/2/85 of Registrar of Co-operative Societies.**

As per reference cited detailed instructions were issued for the formulation of proposals for creation/continuance of posts under Rule 156 Part I K.S.R. But many of the proposals received from the Joint Registrar/Deputy Registrar are not in accordance with the instructions contained in the above Circular especially with regard to time schedule. Further all the required are also not provided. Hence this office found it difficult to accord sanction or recommend the proposals to Government. Therefore the following instructions are issued for strict compliance of all concerned.

1. In the case of creation/continuance of posts under Rule 156 part I K.S.R. separate proposals for each post should be forwarded.
2. In the proposals of creation of a post/realignment of existing groups by drafting societies from the unit, the supporting details as per the proforma prescribed as Appendix-I should be invariably furnished.
3. In the proposals for upgradation of a particular post justification for the same should be reported in detail.
4. In all the proposals sufficient details regarding financial assistance from Government to the societies should be furnished.
5. In the case of proposals for reorganisation/realignment/the fact of the remaining societies in each group should also be reported instead of sending piecemeal proposals later on for the continuance/re-grouping of the remaining societies with other groups.
6. In the proposals for continuance of existing posts, proposals for the realignment of groups reorganisation of groups/upgradation of posts should not be mingled.
7. A Certificate (Appendix II) to the effect that cost of the post for each quarter has been remitted in advance by the institution/institutions before

the commencement of the quarter, is also to be forwarded along with the proposal. The first quarter will begin from the date of assumption of charge/the date of further continuance of the cost and the subsequent quarters will follow till the date of expiry of the post. Advance collection of cost is to be made before the beginning of each quarter.

For E.g.: If a post is beginning from 15th APRIL of a year and expiring on 14th April of next year, the first demand for a quarter will be for the period from 15th April to 14th July and so on. Particulars of remittance of cost should also be furnished with the proposal. It is imperative that advance collection of three months cost should be made before submitting the proposal for continuance or before the officer assumes charge in a newly created post.

8. All proposals for continuance of posts shall be accompanied by a review (model form given in Appendix.III) of the work done by the Auditor/ Special Sale Officer. In the review report, the Deputy Registrar/Joint Registrar should specifically state whether the work of the Concurrent Auditor/Special Sale Officer is satisfactory or not.

9. Proposals for continuance of posts under Rule 156 Part I K.S.R. shall reach this office at least two months before the expiry date of the post. In the case of gazetted posts for which Government sanction is required the proposal should reach the Registrar's Office at least three months before the date of expiry of the sanction for the post. This time schedule should be strictly followed. No Auditor/Special Sale Officer should be allowed to continue in the post under any circumstance without continuance sanction.

10. The resolution of the society/Societies requiring for creation/continuance of the post of auditors/Special Sale Officers should contain all the required details. A specimen form is indicated in Appendix IV for guidance. The period of said extension of the post requested for, and the designation of the posts should be clearly stated in the resolution.

According to Rule 183 (2) of the rules under section 80 of the Act, no employee shall be eligible to continue in the service of a society after he attains the age of 58 years. There is no provision in the Act and Rules to exempt any person from the operation of the rule or to sanction extension of the term of Service any further beyond the age of 58.

But in several cases it is seen that employees who are due for retirement apply for extension of service and pending orders thereon such employees are

allowed to continue in service anticipating orders on the request for extension. In as much as there is no provision to give extension of service beyond the age of 58 no employee should be allowed to continue in service after he attains the age of 58.

All the Co-operative Institutions are hereby informed that unauthorised extension of service beyond the age of 58 should not be allowed to employees and that the provisions in Rule 183 (2) should be followed strictly.

M. S. Joseph
Registrar of Co-operative Societies

സി.ബി.3/1308/86

സഹകരണസംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 31–5–1986

സർക്കുലർ നമ്പർ 28/86

വിഷയം: **സഹകരണ സ്ഥാപനങ്ങൾ–നിയമനത്തിലെ അപാകതകൾ സംബന്ധിച്ച്**

ചില ജില്ലാ സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള ഏതാനും സഹകരണ സ്ഥാപനങ്ങൾ ഡിപ്പാർട്ടുമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദമോ അംഗീകാരമോ ഇല്ലാതെ സഹകരണ ചട്ടത്തിലെ അനുബന്ധം 3 ൽ വ്യവസ്ഥ ചെയ്തിരിക്കുന്നതിൽ കൂടുതലായി പുതിയ തസ്തികകൾ സൃഷ്ടിക്കുകയും അതിൽ നിയമനം നടത്തുകയും ചെയ്യുന്നതായി ഈ ആഫീസിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇപ്രകാരം അനുവാദമില്ലാതെ നിയമനം നടത്തിയ നടപടി അംഗീകരിക്കണമെന്ന് കാണിച്ചും ചില ബാങ്കുകൾ പിന്നീട് അപേക്ഷയും സമർപ്പിച്ചിട്ടുണ്ട്. സഹകരണ നിയമത്തിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കും ഇക്കാര്യത്തിലുള്ള രജിസ്ട്രാറുടെ നിർദ്ദേശങ്ങൾക്കും വിരുദ്ധമായിട്ടാണ് പല സ്ഥാപനങ്ങളും നിയമനം നടത്തുന്നതെന്ന് പല പരാതികളും ആക്ഷേപങ്ങളും ഉണ്ടായിട്ടുണ്ട്. അത്തരം ചില പരാതികളിൽ കഴമ്പുണ്ടെന്ന് അന്വേഷണത്തിൽ തെളിഞ്ഞിട്ടുമുണ്ട്.

ദിവസക്കൂലി വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുന്ന പ്രവണത പല സ്ഥാപനങ്ങളിലും ഉള്ളതായി കണ്ടിരിക്കുന്നു. ദിവസക്കൂലിയിൽ നിയമിച്ച് കുറച്ചു നാൾ കഴിഞ്ഞ് പിന്നീട് അവരെ പിരിച്ചു വിടുവാൻ തൊഴിൽ നിയമങ്ങൾ അനുവദിക്കുന്നില്ല എന്ന വാദഗതികളും ചില സ്ഥാപനങ്ങൾ പുറപ്പെടു വിക്കാറുമുണ്ട്. സഹകരണ നിയമത്തിലെയും ചട്ടങ്ങളിലേയും വ്യവസ്ഥകളേയും രജിസ്ട്രാറുടെ നിർദ്ദേശങ്ങളേയും മറി കടന്ന് അവിഹിതമായി നിയമനം നടത്തുകയാണ് ഇതിനെ പുറകിലുള്ള ഉദ്ദേശമെന്ന് വ്യക്തമാണ്. ഇപ്രകാരമുള്ള ക്രമരഹിതമായ നടപടികൾ അനുവദനീയമല്ലെന്ന് ഓർമ്മപ്പെടുത്തുന്നതോടൊപ്പം ഉദ്യോഗനിയമന നടപടികളിൽ താഴെ പറയുന്ന കാര്യങ്ങൾ സഹകരണ സ്ഥാപനങ്ങൾ കർശനമായി പാലിച്ചിരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

1. എല്ലാ നിയമനങ്ങളും സഹകരണ നിയമത്തിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കും രജിസ്ട്രാറുടെ നിർദ്ദേശങ്ങൾക്കും അനുസൃത മായിരിക്കണം. പരീക്ഷാ യോഗ്യത, വയസ് ക്ലിപ്തത, പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്കുള്ള റിസർവേഷൻ, സഹകരണ ചട്ടം 187 ൽ പറഞ്ഞിരിയ്ക്കു ന്നതുപോലെ അപ്പക്സ് ഫെഡറൽ സംഘങ്ങൾ അതിന്റെ അംഗസംഘ ങ്ങളിലെ ജീവനക്കാർക്ക് മാറ്റി വക്കേണ്ട 50% ഒഴിവുകൾ എന്നിവ കൃത്യമായും പാലിച്ചിരിക്കണം.

2. സഹകരണ ചട്ടം 3 ൽ വ്യവസ്ഥ ചെയ്തിരിക്കുന്നതിൽ കൂടുതലായി തസ്തിക ചേർക്കുന്നതിന് രജിസ്ട്രാറുടെ കാലേകൂട്ടിയുള്ള അനുവാദം വാങ്ങിയിരിക്കണം.

3. രജിസ്ട്രാറുടെ അനുവാദമില്ലാതെ തസ്തികകൾ സൃഷ്ടിക്കുവാനോ അപ്രകാരമുള്ള തസ്തികകളിൽ നിയമനം നടത്തുവാനോ പാടില്ല. നിയമനം നടത്തിയ ശേഷം അത് അംഗീകരിച്ച് തരണമെന്ന ആവശ്യം യാതൊരു കാരണവശാലും അംഗീകരിക്കുകയില്ല.

4. ദിവസക്കൂലി വ്യവസ്ഥയിൽ ആരേയും നിയമിക്കുവാൻ പാടില്ല. അങ്ങനെ നിയമിക്കപ്പെട്ടിട്ടുള്ളവരുണ്ടെങ്കിൽ അവരെ ഉടനടി പിരിച്ചു വിടേണ്ടതാണ്.

5. രജിസ്ട്രാറുടെ അനുവാദമില്ലാതെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ അവ ഉടനടി നിറുത്തൽ ചെയ്യേണ്ടതാണ്.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ എല്ലാ സഹകരണ സ്ഥാപനങ്ങളും കർശനമായി പാലിച്ചിരിക്കണമെന്ന് ഉപദേശിക്കുന്നു. ഈ നിർദ്ദേശങ്ങളുടെ ലംഘനം ഗുരുതരമായ വീഴ്ചയായി കാണുമെന്നും അത് സംബന്ധിച്ച മേൽ നടപടികൾ സ്വീകരിക്കേ ണ്ടിവരുമെന്നും അറിയിക്കുന്നു.

ജില്ലയിലെ ജോയിന്റ് രജിസ്ട്രാർമാരും താലൂക്കിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാരും ഈ നിർദ്ദേശങ്ങൾ എല്ലാ സംഘങ്ങളുടേയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

കെ. വി. നമ്പ്യാർ
സഹകരണസംഘം രജിസ്ട്രാർ

No.SCT (4) 51875/86. Office of the Registrar of Co-operative Societies, Trivandrum, 31-12-1986

CIRCULAR No. 54/86

Sub: **Scheduled Castes and Scheduled Tribes candidates-Appointment in Co-operative Institutions-Maintenance of list of qualified persons.**

The State Government have recently issued instructions in the form of an ordinance to the effect that 10% of the total vacancies arising in Co-operative

institutions should be reserved to candidates belonging to Scheduled Castes/Scheduled Tribes Communities. Despite the above instructions, it has been observed that even now proper representation is not being received by the qualified candidates belonging to the communities said above in the appointments in Co-operative institutions. Since the social as well as financial conditions of the members belonging to Scheduled Castes/Scheduled Tribes communities have not improved to the desired extent, it is only just and proper to ensure them due representation in the appointments in Co-operative institutions also as in the case of the various Departments of Government.

At present the State Co-operative Union is maintaining a District wise list of candidates belonging to Scheduled Caste/Scheduled Tribe communities and who have successfully undergone the J.D.C./H.D.C. The State Co-operative Union has been requested from this office to advice the names of such qualified persons as and when requested by the societies concerned. In this connection all the Co-operative institutions are requested to approach the Secretary, State Co-operative Union for advice of names of qualified candidates belonging to Scheduled Castes/Scheduled Tribes for appointment in the respective Society where vacancies arise. The Societies are also requested to see that 10% of the posts reserved for Scheduled Castes/Scheduled Tribes are not filled up with others on the plea that candidates belonging to Scheduled Castes/Scheduled Tribes are not available unless it is informed by the Secretary, State Co-operative Union that candidates belonging to the communities said above are not available for advice.

K. V. Nambiar
Registrar of Co-operative Societies

സി.ബി.3/62756/86.

സഹകരണ സംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 30–1–1987

സർക്കുലർ നമ്പർ 5/87

വിഷയം: **കേരള സഹകരണ സംഘം നിയമം – 80 ാം വകുപ്പിന് വിരുദ്ധമായി നിയമനം നൽകപ്പെട്ട ഉദ്യോഗസ്ഥൻമാരെ പിരിച്ചു വിടുന്നത് സംബന്ധിച്ച്**

സഹകരണ സംഘങ്ങളിൽ നിയമിക്കപ്പെടുന്നതിന് സഹകരണ നിയമത്തിലും ചട്ടങ്ങളിലും നിശ്ചയിച്ചിട്ടുള്ള പരീക്ഷാ യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണെന്നും അപ്രകാരം യോഗ്യതയില്ലാത്തവർക്ക് രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അനുവാദം

കൂടാതെ നൽകപ്പെടുന്ന നിയമനം സ്വയമേവ അസാധുവാണെന്നും 1986 ലെ കെ.എൽ.റ്റി.801 ൽ റിപ്പോർട്ടു ചെയ്തിട്ടുള്ള വിധിന്യായത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിച്ചിരിക്കുന്നു. പ്രസ്തുത വിധിന്യായത്തിന്റെ പകർപ്പ് ഇതോടൊപ്പം അയക്കുന്നു.

രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അനുവാദം ഇല്ലാതെ 188-ാം ചട്ടപ്രകാരം അനുവദിച്ചിട്ടുള്ള തസ്തികകൾക്ക് അതീതമായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനോ അപ്രകാരം സൃഷ്ടിക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിനോ സംഘങ്ങൾക്ക് അധികാരം ഇല്ല. ഇപ്രകാരം ഉള്ള നടപടികൾ നിയമവിരുദ്ധമാണ്. ചട്ടങ്ങൾക്ക് വിരുദ്ധമായി നടത്തുന്ന നിയമനം അക്കാരണത്താൽ തന്നെ സ്വയമേ അസാധുവാണ്. അവർക്ക് യാതൊരു നിയമ പരിരക്ഷയും ലഭിക്കുന്നതല്ല. അവർക്ക് സർവീസിൽ തുടരാനുള്ള അർഹതയുമില്ല. ഇക്കാര്യം 1986 കെ.എൽ.റ്റി.801 ൽ വ്യക്തമാക്കിയിട്ടുണ്ട്.

ആയതിനാൽ നിയമവിരുദ്ധമായി സംഘങ്ങളിൽ ഏതെങ്കിലും നിയമനം നടത്തിയിട്ടുണ്ടെങ്കിൽ അത്തരം നിയമനങ്ങൾ റദ്ദാക്കപ്പെടേണ്ടതാണ്. ഇത്തരത്തിലുള്ള നിയമനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ അപ്രകാരം നിയമിക്കപ്പെട്ടവരെ പിരിച്ചു വിടുവാൻ ജോയിന്റ് രജിസ്ട്രാർമാർ സംഘങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതാണ്.

കെ. ജെ. തോമസ്
സഹകരണസംഘം രജിസ്ട്രാറുടെ ചാർജ് വഹിക്കുന്ന
അഡീഷണൽ രജിസ്ട്രാർ(കൺസ്യൂമർ)

ഇ.എം.2/26908/87

സഹകരണസംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 13-5-1987

സർക്കുലർ നമ്പർ 20/87

വിഷയം: **സഹകരണ സ്ഥാപനങ്ങളിൽ പ്രായപരിധി കഴിഞ്ഞ / പെൻഷൻ പറ്റിയ ജീവനക്കാരെ നിയമിക്കുന്നത് സംബന്ധിച്ച്.**

1969 ലെ കേരള സഹകരണ സംഘം ചട്ടം 183 (2) ലെ വ്യവസ്ഥ അനുസരിച്ച് 58 വയസ്സു കഴിഞ്ഞ യാതൊരു ജീവനക്കാരനും സംഘം സർവീസിൽ തുടരുവാൻ അർഹതയില്ല. എന്നാൽ ഇതിനു വിരുദ്ധമായി പ്രായപരിധി കഴിഞ്ഞ ജീവനക്കാരെ പരിജ്ഞാനത്തിന്റേയും പരിചയത്തിന്റേയും മറ്റും പേരിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചും അല്ലാതെയും അതാതു സംഘങ്ങളിൽ തുടരുന്നതിനോ ഇതര സംഘങ്ങളിൽ പുനർ നിയമനം നടത്തുന്നതിനോ ഉള്ള പ്രവണത സംഘങ്ങളിൽ ഈയിടെ വളർന്നു വരുന്നതായി കാണുന്നു. കൂടാതെ സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും പെൻഷൻ പറ്റിയ ഉദ്യോഗസ്ഥൻമാർക്ക് സംഘങ്ങളിൽ പുനർ നിയമനം നൽകി വരുന്നുണ്ട്.

നിയമനങ്ങൾ

2. സ്വാഭാവികമായും, പെൻഷൻ പറ്റിയ ശേഷം/പ്രായ പരിധി കഴിഞ്ഞ് പുനർനിയമനം നൽകിയവർക്ക് ഉത്തരവാദിത്വബോധം കുറവാകാനാണ് സാദ്ധ്യത. എന്നാൽ ഇതുമൂലം സംഘങ്ങൾ വഹിക്കേണ്ടി വരുന്ന സാമ്പത്തിക ഭാരം താരതമ്യേന കൂടുതലും കൂടാതെ സംഘം ജീവനക്കാരുടെ ഇടയിൽ അസംതൃപ്തി ഉളവാക്കുന്നതിനും ഒരളവു വരെ അഭ്യസ്ത വിദ്യരുടെ ഇടയിലുള്ള തൊഴിലില്ലായ്മ വർദ്ധിക്കുവാനും മേൽ പറഞ്ഞ പുനർനിയമനങ്ങൾ കാരണമാകുന്നു. തൽഫലമായി സംഘങ്ങളുടെ പ്രവർത്തനത്തിൽ കോട്ടമുണ്ടാകാനും സാദ്ധ്യതയുണ്ട്. ഇക്കാരണങ്ങൾ കണക്കിൽ എടുത്തും സംഘങ്ങളുടെ ഉത്തമ താൽപര്യം ലാക്കാക്കിയും പ്രായ പരിധി കഴിഞ്ഞവരെ / പെൻഷൻ പറ്റിയവരെ സംഘങ്ങളിൽ നിയമനം നൽകുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

3. മേൽ സാഹചര്യത്തിൽ സംഘങ്ങളിൽ ജീവനക്കാർക്ക് പുനർനിയമനം നൽകുന്ന കാര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1). അംഗീകരിച്ച സ്റ്റാഫ് പാറ്റേണിനതീതമായി യാതൊരു തസ്തികയും താൽക്കാലികാടിസ്ഥാനത്തിലോ കോൺട്രാക്റ്റ് വ്യവസ്ഥയിലോ മറ്റോ രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അനുവാദമില്ലാതെ സൃഷ്ടിക്കുവാൻ പാടുള്ളതല്ല.

(2) യാതൊരു സംഘത്തിലും യാതൊരു തസ്തികയിലും പ്രായ പരിധി കഴിഞ്ഞ സംഘം ജീവനക്കാരേയും പെൻഷൻ പറ്റിയ സംസ്ഥാന സർക്കാർ/ കേന്ദ്രസർക്കാർ /പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരേയും യാതൊരു കാരണവശാലും നിയമിയ്ക്കുവാൻ പാടുള്ളതല്ല.

(3) ഏതെങ്കിലും സംഘത്തിൽ ഏതെങ്കിലും തസ്തികയിൽ പുനർ നിയമനം നൽകിയ സംഘം ജീവനക്കാരോ സംസ്ഥാന സർക്കാർ/കേന്ദ്രസർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരോ തുടരുന്ന പക്ഷം അവരുടെ സേവനം അവസാനിപ്പിച്ച് അതാതു സംഘത്തിൽ നിന്നും ഉടനടി പിരിച്ചു വിടേണ്ടതാണ്.

(4) സംഘത്തിൽ ജീവനക്കാരെ നേരിട്ടു നിയമിക്കുമ്പോൾ കേരള സഹകരണ ചട്ടം 183 (1) ൽ പറഞ്ഞിരിക്കുന്ന പ്രായ പരിധി കർശനമായും പാലിച്ചിരിക്കേണ്ടതാണ്.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ എല്ലാ സംഘങ്ങളും കൃത്യമായി പാലിക്കുന്നുണ്ടെന്ന് ജനറൽ അസിസ്റ്റന്റ് രജിസ്ട്രാർമാരും ജോയിന്റ് രജിസ്ട്രാർമാരും ഉറപ്പു വരുത്തേണ്ടതാണ്.

കെ. വി. നമ്പ്യാർ
സഹകരണസംഘം രജിസ്ട്രാർ

No.G-43765/87. Office of the Registrar of Co-operative Societies
Trivandrum, 27-8-87

CIRCULAR No. 38/87

Sub: **Appointment in Co-operative Societies- 10% reservation to Scheduled Castes/Scheduled Tribes- instances of noncompliance noticed-instructions issued.**

Ref: **This office Circular No. 14/87 dated 4-4-87 (in File No. G-18187/86)**

As per the Kerala Cooperative Societies (Amendment) Act, 1986 (Act 29 of 1986) a new Sub-Section (4) was added to Section 80 of the Kerala Co-operative Societies Act, 1969 and the provisions of which had given retrospective effect from 25th February, 1985. According to this Sub-Section, ten percent of the posts of employees of every Society shall be reserved for appointment from persons belonging to the Scheduled Castes and Scheduled Tribes where the method of appointment to such posts is by direct recruitment. In the light of the above provision, instructions have already been given to all Joint Registrars in the Circular cited to ensure the implementation of the provision regarding reservation in Co-operative institutions as and when appointment is made in such institutions. But certain instances of noncompliance of the stipulation in the Act regarding reservation to Scheduled Castes/ Scheduled Tribes communities in Co-operative Societies have come to the notice of this office.

2. All Joint Registrars are requested to ensure that the 10% reservation to Scheduled Caste/Scheduled Tribe candidates in Co-operative Societies is strictly complied with in spirit and letter. Any failure on the part of any Society to comply with this reservation will entail severe action against the committee in office under the provisions of the Act.

3. The Joint Registrars will instruct the field staff working under them to look into this aspect during their periodical inspections (surprise & detailed) visit etc. and report instances of noncompliance to the Joint Registrar for further action. The Assistant Registrars (Vigilance) will also ensure during their inspections, enquiries, etc. that the necessary reservation for Schedules Castes/Scheduled Tribes communities in the appointment made by societies is given and any lapse on the parts of societies is brought to the notice of Joint Registrar concerned with a special report for necessary follow up action.

4. The Auditors of Cooperative Societies will also specifically examine this issue during the audit of societies and report the noncompliance, if any, to the notice of concerned Joint Registrar through the Deputy Registrar (Audit).

K. J. Thomas
Additional Registrar of Cooperative Societies, (Credit)

No.EM (2) 1674/89 Office of the Registrar of Co-operative Societies
Trivandrum, 2-5-1989

CIRCULAR No. 26/89

Sub: **Co-operation Department-Employees of Co-operative Societies-Employment assistance to dependants of employees dying in harness-Furnishing of application-Instruction issued.**

Ref: **G.O.(Ms.) No.43/88/Coop. Dated 13-10-1988.**

As per the G.O. cited Government have issued orders incorporating amendment to the Kerala Co-operative Societies Rules, introducing a new Rule 188 A, making necessary provision to give employment assistance to the dependants of employees of Co-operative Societies, dying in harness. It is seen that the applications received for the employment assistance under the above said scheme are often devoid of essential details rendering it impossible to examine the case in the light of the G.O. cited. The following instructions are therefore issued with regard to the procedure to be followed in the submission of applications for employment assistance under the said scheme and for their disposal.

(1). It shall be competent for the committee of a society to appoint a person, who is a dependant of an employee, who dies while in service, with the prior concurrence of the Registrar of Co-operative Societies. The application for such appointment, should therefore, be submitted by the eligible dependant in the 'Form A' appended to the president of the society concerned.

(2). The list of relatives of the deceased employee, eligible for employment assistance under the rules has been given in the G. O. cited. The application for appointment under the scheme shall be made by the dependant within one year from the date of death of the employee, where the dependant happens to be a minor the application shall be submitted within a period of 3 years from the date of

attaining the age of majority. In case the application for employment assistance under the scheme is furnished by a dependant, not in accordance with the priority assigned in the rules, the persons who have higher priority for such employment assistance over the applicant shall furnish an unconditional statement agreeing to forfeit their claim for employment assistance under the scheme and giving consent to give appointment under the scheme to the applicant. A specimen form for giving the consent is appended as “Form B”.

(3). The Board of Directors/Committee of the society concerned shall consider the application with reference to the rules issued in the G.O. cited and take a decision on the request for employment assistance. A Model form of Resolution to the adopted in the matter is appended as “Form C”.

(4). The application in “Form A”, the agreement in “Form B” and the Board Resolution in “Form C” shall be forwarded by the society concerned to the Joint Registrar of the District. In the case of Apex Societies and Co-operative Institutions having area of operation extending to one District and above the applications may be furnished to Registrar of Co-operative Societies direct by the Society concerned.

(5). Registrar of Co-operative Societies/Joint Registrar of Co-operative Societies of the District as the case may be will communicate his decision on the applications thus received as early as possible. No appointment under the scheme shall be made without the prior concurrence of the Registrar/Joint Registrar of the District as the case may be in writing.

(6). Joint Registrars are requested to bring the contents of this circular to the notice of the field officers as well as the societies under their administrative control and ensure that all appointments made hereafter in the societies under the scheme conform to the guidelines issued in the G.O. cited. The receipt of the circular should be acknowledged.

P. Prabhakaran
Registrar of Co-operative Societies

FORM-A

Application for employment assistance under Rule 188-A,
Kerala Co-operative Societies Rules.

(Vide circular No.26/89 dated 2-5-1989 of Registrar of Co-operative Societies)

A. Details of the dependant applicant:

1. Name in full (in Block Letters) :
2. House Address :
3. Date of Birth (in figures and words) (Enclose attested copy of proof of Date of Birth) :
4. Qualifications (Enclose attested copy of certificates) :
5. Relationship with the deceased employee :
6. Name of Co-operative Society and the post to which appointment is applied for :

B. Details of the deceased employee

1. Name in full :
2. House address at the time of death :
3. Date of Death :
4. Name of Co-operative Society in which employed at the time of death and the post held :
5. Date of first joining duty in the society mentioned in Col.4, and the post in which joined. :
6. Total Service in the Society as on the date of death : Y . M . D .

C. Details of dependants of the deceased employee:

Relationship	Name	Date of Birth	Occupation
Widow/Widower			
Son			
Daughter			
Brother			
Sister			
Father			
Mother			
Nephew/Niece			

D. Other details in respect of the applicant

1. Whether the applicant has ever been convicted in a criminal case. If so give full details. :
2. Whether any criminal case is pending against the applicant :
3. Whether 2 Conduct Certificates have been enclosed. (Conduct certificates issued by an MP/MLA/Panchayat President, Municipal Chairman, Corporation Mayor, Gazetted Officers may be accepted). :
4. Whether the undertaking from the dependants, who have higher priority for the employment assistance has been enclosed, (giving consent to give the appointment to the applicant) :
5. Whether Medical Fitness Certificate has been enclosed. :

I..................do hereby declare that the particulars given above are true to the best of my knowledge and belief. I also agree to the appointment secured by me under the scheme being terminated without notice in the event of any misrepresentation or suppression of material facts on my part being detected subsequently.

Place:

Date: SIGNATURE OF APPLICANT

FORM-B

(Vide Circular No. 26/89 dated: 2-5-1989 of Registrar of Co-operative Societies)

We, the undersigned, are the dependants of Late

Sri ....
....

(Name and address) who died while in service of the ....
....

(Name and address of the society). We hereby agree to forfeit our claims for employment assistance (under the Rules for giving employment assistance to the dependants of Co-operative employees who die while in service) in favour of Sri/ Smt..
....
(Name and address), who is the ....
(give relationship) of the deceased employee, we also hereby give our unconditional consent to give the appointment under the Rules to Sri
.... mentioned above.

Name and Address	Relationship with the deceased	Signature
1.		
2.		
3.		
4.		

Signature in my presence
Witness (1)
(2)

(N.B. Witness should be gazetted officers of the State Government)

FORM-C

(Vide Circular No. 26/89 dated 2-5-1989 of Registrar of Co-operative Societies)

The application dated ....
Submitted by (Name and address) ....
Who is the (Relationship) ....
Of Late Sri ....
....
(Name and address of the deceased employee) who was working as ....

(designation) in this society has been considered in the light of Rule 188 A, Kerala Co-operative Societies Rules. He has passed .... and is qualified for the post of .... in the Society. He is eligible for the appointment as per the Rules. There is a vacancy of .... in the society for giving the appointment to the applicant. It is therefore resolved that Sri/Smt .... may be appointed as a .... in the society under the scheme for giving employment assistance to dependants of co-operative employees dying in harness. Also resolved to request Registrar of Co-operative Societies/joint Registrar for concurrence as required in the Rules.

നമ്പർ എസ്.റ്റി(1) 42021/89 സഹകരണസംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 27-7-1989

സർക്കുലർ നമ്പർ 46/89

വിഷയം: **സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് 10% പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതു സംബന്ധിച്ച്.**

1. കേരള സഹകരണ സംഘങ്ങൾ (ഭേദഗതി) നിയമം, 1969 (1989 ലെ 29 ാം ആക്ട്) അനുസരിച്ച് 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ 80 ാം വകുപ്പിൽ (4) എന്നൊരു പുതിയ ഒരു ഉപവകുപ്പ് കൂട്ടിച്ചേർത്തിട്ടുണ്ട്. 25-2-1985 മുതൽ പ്രാബല്യത്തിൽ വന്ന ടി നിയമത്തിന്റെ അടിസ്ഥാനത്തിൽ നേരിട്ട് നിയമനം നടത്തുന്ന മൊത്തം തസ്തികകളുടെ 10% പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കായി സംവരണം ചെയ്യേണ്ടതാണെന്നും ഇപ്രകാരം ടി തീയതിക്കു ശേഷം നടത്തുന്ന നേരിട്ടുള്ള നിയമനങ്ങൾക്ക് സംവരണം കർശനമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണെന്നും 25-2-1985 നു ശേഷം നടന്ന നേരിട്ടുള്ള നിയമനങ്ങളിൽ 10% പ്രാതിനിധ്യം നൽകുന്നതിൽ എന്തെങ്കിലും കുറവ് ഉണ്ടായിട്ടുള്ള പക്ഷം ആയത് ഭാവിയിലുള്ള നിയമനങ്ങളിൽ നികത്തേണ്ടതാണെന്നും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥൻമാർ മുഖേന എല്ലാ സംഘങ്ങളുടേയും ശ്രദ്ധയിൽ കൊണ്ടു വന്നിരുന്നു. ഈ നിയമം കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന് വകുപ്പുദ്യോഗസ്ഥൻമാർക്കും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ടി നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ലെന്ന് രജിസ്ട്രാറുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

2. കേരള നിയമസഭയുടെ പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമ സമിതി സഹകരണ മേഖലയിലുള്ള സ്ഥാപനങ്ങളിൽ പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കുള്ള പ്രാതിനിധ്യം സംബന്ധിച്ച് പരിശോധന നടത്തുന്നതിന്റെ ഭാഗമായി സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ എന്നീ സ്ഥാപനങ്ങളിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ഇപ്രകാരം നടത്തിയ തെളിവെടുപ്പുകളിൽ കൂടി ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സമിതിയുടെ 9-ാം റിപ്പോർട്ടിൽ പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കുള്ള 10% സംവരണം നടപ്പിലാക്കുന്നതിലുണ്ടായിട്ടുള്ള പോരായ്മകൾ ചൂണ്ടിക്കാണിക്കുകയും, എല്ലാ സംഘങ്ങളിലും ഈ നിയമപരമായ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിന് അനുവർത്തിക്കേണ്ട ചില നിർദ്ദേശങ്ങൾ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്.

ടി റിപ്പോർട്ടിന്റെ നിർദ്ദേശങ്ങൾക്കനുസരണമായി സഹകരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നും നിയമനങ്ങളിൽ വേണ്ടത്ര പ്രതിനിധ്യം പാലിക്കാത്ത ഇടങ്ങളിൽ ആ വൈകല്യം നികത്തുന്നതിനുള്ള സത്വര നടപടി കൈക്കൊള്ളണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച പശ്ചാത്തലത്തിൽ ടി റിപ്പോർട്ടിന്റെ പരാമർശങ്ങളും അഭിപ്രായങ്ങളും കൂടി കണക്കിലെടുത്ത് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

നിയമനങ്ങൾ

1. 25–2–1985 നു ശേഷം നടത്തിയ നേരിട്ടുള്ള നിയമനങ്ങളിൽ പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് 10% പ്രാതിനിധ്യം ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ടി തീയതിയ്ക്കുശേഷം വിവിധ തസ്തികകളിൽ നടത്തിയ നേരിട്ടുള്ള നിയമനങ്ങളുടെ അടിസ്ഥാനത്തിലാണ് 10% കണക്കാക്കേണ്ടത്. ഇപ്രകാരം പ്രാതിനിധ്യം നൽകുമ്പോൾ വിവിധ തസ്തികകളിൽ അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ്.

2. ഓരോ പ്രാവശ്യം നിയമനം നടക്കുമ്പാഴും 25–2–1985 മുതൽ നടത്തിയിട്ടുള്ള നേരിട്ടുള്ള നിയമനങ്ങളുടെ അടിസ്ഥാനത്തിൽ 10% സീറ്റുകളുടെ എണ്ണം കണക്കാക്കി പട്ടികജാതി പട്ടിക വർഗ്ഗക്കാരിൽ നിന്നും നിയമനം നടത്തേണ്ടതാണ്.

3. നിയമനത്തിനു വേണ്ടിയുള്ള പരസ്യത്തിൽ സംവരണം ചെയ്ത സീറ്റുകളുടെ എണ്ണം (തസ്തികയുടെ അടിസ്ഥാനത്തിൽ) പ്രത്യേകം കാണിച്ചിരിക്കേണ്ടതും സംസ്ഥാനാടിസ്ഥാനത്തിൽ പട്ടികജാതി പട്ടിക വർഗ്ഗക്കാരിൽ നിന്നും അപേക്ഷകൾ സ്വീകരിക്കേണ്ടതുമാണ്. ഇപ്രകാരം നൽകുന്ന പരസ്യങ്ങളിൽ പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് അപേക്ഷ സമർപ്പിക്കുന്നതിന് ആവശ്യമായ സമയപരിധിയും അനുവദിച്ചിരിക്കണം.

4. അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള പരസ്യങ്ങൾ അതാതു ജില്ലയിലെ വില്ലേജ് ആഫീസുകളിലും, പഞ്ചായത്താഫീസുകളിലും, ബ്ലോക്ക് ഡെവലപ്മെന്റ് ആഫീസുകളിലും, സർക്കിൾ യൂണിയൻ ആഫീസിലും, പട്ടികജാതി പട്ടിക വർഗ്ഗ വകുപ്പുകളുടെ കീഴിലുള്ള ആഫീസുകളിലും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും, പട്ടികജാതി പട്ടിക വർഗ്ഗ സഹകരണ ഫെഡറേഷന്റെ എല്ലാ ആഫീസുകളിലും പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഇപ്രകാരം നൽകുന്ന പരസ്യത്തിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി പട്ടിക വർഗ്ഗക്കാരിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ കുറവാണെന്നു കണ്ടാൽ പരസ്യങ്ങൾ തുടർന്ന് മറ്റു ജില്ലകളിലെ വില്ലേജ് ആഫീസുകളിലും, പഞ്ചായത്ത് ആഫീസുകളിലും, ബ്ലോക്ക് ഡെവലപ്മെന്റ് ആഫീസുകളിലും, സർക്കിൾ യൂണിയൻ ആഫീസുകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും പട്ടികജാതി പട്ടിക വർഗ്ഗ വകുപ്പുകളുടെ കീഴിലുള്ള ആഫീസുകളിലും പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

5. സംവരണം ചെയ്തിട്ടുള്ള നിയമനങ്ങളിൽ എട്ടു ശതാനം പട്ടികജാതിക്കാർക്കും രണ്ടു ശതമാനം പട്ടിക വർഗ്ഗക്കാർക്കുമായി ക്ലിപ്തപ്പെടുത്തേണ്ടതാണ്. എന്നാൽ പട്ടിക വർഗ്ഗക്കാരിൽ നിന്നും അപക്ഷകൾ ലഭ്യമാകാതെ വന്നാൽ അ തസ്തികകൾ പട്ടികജാതിക്കാരെക്കൊണ്ട് നികത്താവുന്നതാണ്.

6. 25–2–1985 നു ശേഷം 30–6–1989 വരെ നടന്ന നേരിട്ടുള്ള നിയമനങ്ങളിൽ നിയമപരമായി ഉറപ്പു വരുത്തേണ്ട പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കുള്ള 10% പ്രാതിനിധ്യം നൽകിയിട്ടുണ്ടോ എന്ന് ഓരോ സംഘവും പരിശോധിക്കേണ്ടതും എന്തെങ്കിലും കുറവുള്ള പക്ഷം ആയത് 31–10–1989നു മുൻപായി നികത്തുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതുമാണ്. ടി നിർദ്ദേശം പാലിക്കുവാൻ സാധ്യമാകാത്ത പ്രത്യേക സാഹചര്യം നിലവിലുള്ള പക്ഷം ആയത് ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാറുടെ/ രജിസ്ട്രാറുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും സമയ പരിധിയിൽ യുക്തമായ മാറ്റത്തിന് പ്രത്യേകം അനുവാദം വാങ്ങിയിരിക്കേണ്ടതുമാണ്.

7. ഏതെങ്കിലും തസ്തികയിലേക്ക് നിശ്ചിത യോഗ്യതയുള്ള പട്ടികജാതി പട്ടിക വർഗ്ഗ ഉദ്യോഗാർഥികളെ ലഭ്യമാകാതെ വരുന്ന പക്ഷം വിവരം യഥാ സമയം ജോയിന്റ് രജിസ്ട്രാറുടെ/ രജിസ്ട്രാറുടെ ശ്രദ്ധയിൽ കൊണ്ടു വരേണ്ടതും ആവശ്യമായ പരിഹാരം കണ്ടെത്തേണ്ടതുമാണ്.

8. മേൽ നിർദ്ദേശങ്ങൾ കൃത്യമായും കർശനമായും പാലിയ്ക്കേണ്ടത് ഓരോ സംഘത്തിന്റേയും ഭരണസമിതിയുടെ ഉത്തരവാദിത്വം ആയിരിക്കും. സംഘങ്ങൾ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്നും നിയമപ്രകാരം അനുവദിച്ചിട്ടുള്ള പ്രാതിനിധ്യം നൽകുന്നുണ്ടെന്നും ബന്ധപ്പെട്ട ജനറൽ അസിസ്റ്റന്റ് രജിസ്ട്രാറും ജോയിന്റ് രജിസ്ട്രാറും ഉറപ്പു വരുത്തേണ്ടതാണ്. സ്റ്റാഫ് പാറ്റേൺ പുനർ നിർണ്ണയം ചെയ്യുക, സംഘത്തിന്റെ തരംതിരിവ് ഉയർത്തുക തുടങ്ങിയ ജീവനക്കാരടെ കാര്യങ്ങൾ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ പരിഗണിക്കുമ്പോഴും സംഘം പരിശോധനാ വേളയിലും ഇതിനുപരി കൃത്യമായി ഒരോ മുന്നു മാസം കൂടുമ്പോഴും അതായത് മാർച്ച്, ജൂൺ, സെപ്തംബർ, ഡിസംബർ എന്നീ മാസാവസാനത്തെ ജീവനക്കാരുടെ സ്ഥിതി വിവരം കണക്കിലെടുത്തും ടി നിയമ വ്യവസ്ഥ ഓരോ സംഘത്തിലും പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ജനറൽ അസിസ്റ്റന്റ് രജിസ്ട്രാരും ജോയിന്റ് രജിസ്ട്രാറും ബോദ്ധ്യപ്പെടുകയും വേണം.

9. ഈ സർക്കുലർ കൈപ്പറ്റിയ വിവരം മടക്കത്തപാലിൽ തന്നെ അറിയിക്കേണ്ടതാണ്.

സഹകരണസംഘം രജിസ്ട്രാർ

നമ്പർ സി.റ്റി.(1) 42021/89

സഹകരണസംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 21–10–1989

സർക്കുലർ നമ്പർ 61/89

വിഷയം: **സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതി /പട്ടിക വർഗ്ഗക്കാർക്ക് 10% പ്രാതിനിധ്യം ഉറപ്പു വരുത്തുന്നത് സംബന്ധിച്ച്.**

സൂചന: **27–7–1989 ലെ 46/89 നമ്പർ സർക്കുലർ.**

സൂചനയിലെ സർക്കുലർ പ്രകാരം സഹകരണ സംഘങ്ങളിൽ 25–2–1985 മുതൽ നടന്ന നേരിട്ടുള്ള നിയമനങ്ങളിൽ 10% പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് നൽകുന്നതിന് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് വിശദമായ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ടി നിർദ്ദേശങ്ങളുടെ തുടർച്ചയായി ഇതു സംബന്ധിച്ച് സംഘം ബൈലാകളിൽ അവശ്യം ഉൾക്കൊള്ളിക്കേണ്ട വ്യവസ്ഥകളുടെ മാതൃക താഴെ കൊടുക്കുന്നു.

ഭരണ സമിതിയുടെ ചുമതലകൾ പ്രതിപാദിക്കുന്ന ഭാഗത്ത് ‘‘സംഘത്തിൽ/ ബാങ്കിൽ നടത്തുന്ന നേരിട്ടുള്ള നിയമനങ്ങളിൽ 10% പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പു വരുണ്ടേണ്ടത് ഭരണസമിതിയുടെ ചുമതലയായിരിക്കും.’’

നിയമനങ്ങൾ

ജീവനക്കാരുടെ നിയമനങ്ങളെ സംബന്ധിച്ച ഭാഗത്ത് ''സംഘത്തിൽ /ബാങ്കിൽ നടത്തുന്ന നേരിട്ടുള്ള നിയമനങ്ങളിൽ 10 ശതമാനത്തിൽ കുറയാത്ത എണ്ണം പട്ടികജാതി പട്ടിക വർഗ്ഗത്തിൽ പെട്ടവരിൽ നിന്നായിരിക്കും''.

മേൽ സൂചിപ്പിച്ച വിധം സംഘം / ബാങ്ക് ബൈലാകളിൽ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നു എന്ന് ജോയിന്റ് രജിസ്ട്രാർമാർ ഉറപ്പു വരുത്തേണ്ടതാണ്. പുതിയതായി രജിസ്റ്റർ ചെയ്യുന്ന സംഘങ്ങളിലും ഈ വ്യവസ്ഥകൾ ഉൾപ്പെടു ത്തിയിട്ടുണ്ടെന്ന് സംഘം രജിസ്റ്റർ ചെയ്യുന്ന അവസരത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

പി. പ്രഭാകരൻ
സഹകരണസംഘം രജിസ്ട്രാർ

നമ്പർ ഇ.എം.(2) 2054/90

സഹകരണസംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 19–7–90

സർ,

വിഷയം: **കടവല്ലൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3023 വാച്ച്മാൻ തസ്തിക അനുവദിക്കുന്നത് ശമ്പള സ്കെയിൽ നിർണ്ണയിക്കുന്നത് സംബന്ധിച്ച്**

സൂചന: **താങ്കളുടെ 13–3–90 ലെ സി.ആർ.പി.1343/90 നമ്പർ കത്ത്.**

പ്രാഥമിക സഹകരണ സംഘങ്ങളിൽ സംഘത്തിന്റെ പ്രവർത്തന സ്വഭാവം കണക്കിലെടുത്ത് അസിസ്റ്റന്റ് രജിസ്ട്രാറുടെ മുൻകൂർ അനുമതിയോടു കൂടി വാച്ച്മാൻ തസ്തിക സൃഷ്ടിക്കാവുന്നതാണ്. അങ്ങനെ സൃഷ്ടിക്കപ്പെടുന്ന വാച്ച്മാൻ തസ്തികകൾ പ്യൂൺ തസ്തികക്കനുസരിച്ചുള്ള ശമ്പള സ്കെയിൽ അനുവദിച്ചു കൊടുക്കാവുന്നതാണ്.

സഹകരണ സംഘം രജിസ്ട്രാർക്കു വേണ്ടി

നമ്പർ ഇ.എം.(2) 28183/88

സഹകരണസംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 22–3–90

സർക്കുലർ നമ്പർ 12/90

വിഷയം: **സഹകരണ വകുപ്പ്–സഹകരണ സംഘങ്ങളിൽ ജീവനക്കാരെ മത്സര പരീക്ഷ വഴി തെരഞ്ഞെടുത്ത് നിയമനം നടത്തുന്ന നടപടികളിൽ സഹകരണ വകുപ്പ് ഉദ്യോഗസ്ഥൻമാർ ഉൾപ്പെടുന്നതു വിലക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ**

സൂചന: **ഈ ആഫീസിലെ 22–7–90 ലെ ഇം.എം.31407/80 നമ്പർ സർക്കുലർ (സർക്കുലർ നമ്പർ 52/80).**

സഹകരണ സർക്കുലർ സമാഹാരം

സൂചനയിലെ സർക്കുലറിലെ നിർദ്ദേശങ്ങൾ അനുസരിച്ച് സഹകരണ സംഘങ്ങളിൽ ജീവനക്കാരെ നിയമിക്കുന്നതിനായി ഉദ്യോഗാർത്ഥികൾക്കു വേണ്ടി നടത്തുന്ന എഴുത്തു പരീക്ഷയും അതു സംബന്ധിച്ച മറ്റു ജോലികളും സംഘത്തിനു വെളിയിലുള്ള ഒരു ഏജൻസിയെ കൊണ്ട് നടത്തിക്കേണ്ടതാണ്. എന്നാൽ പല സംഘങ്ങളും ടി നിയമനം നടത്തുന്നതിനുള്ള പ്രാരംഭ ജോലികൾക്കും എഴുത്തു പരീക്ഷ തുടത്തിയവ നടത്തുന്നതിനു വേണ്ടി ഈ വകുപ്പിലെ ഉദ്യോഗസ്ഥൻമാരെ സമീപിക്കുന്നതായും അവരുടെ സേവനം ആവശ്യപ്പെടുന്നതായും പല ഉദ്യോഗസ്ഥൻമാരും ഈ ജോലി ഏറ്റെടുത്തു നടത്തുന്നതായും ശ്രദ്ധയിൽ പെട്ടിരിക്കുന്നു.

കേരള സർവീസ് റൂൾസിലെ റൂൾ 46 പ്രകാരം, സർക്കാർ ഉദ്യോഗസ്ഥൻമാർ അവരുടെ ഉദ്യോഗ പരിധിക്കു പുറത്ത് ഏതെങ്കിലും ജോലി സ്വീകരിക്കണമെങ്കിൽ, ആയത് സർക്കാരിൽ നിന്നും അനുവാദം വാങ്ങിയിരിക്കേണ്ടതാണ്. അപ്രകാരം പൊതു ഉത്തരവുകൾ പ്രകാരം സർക്കാർ അനുവാദം കൊടുത്തിട്ടുള്ള മറ്റു ജോലികൾ ഏതൊക്കെയാണെന്ന് ടി റൂളിൽ എടുത്തു പറഞ്ഞിട്ടുണ്ട്. അവയിൽ മുൻ പ്രസ്താവിച്ച സഹകരണ സംഘങ്ങൾ നടത്തുന്ന പരീക്ഷകൾ ഉൾപ്പെടുത്തിയിട്ടില്ല. അതുപോലെ, സർക്കാർ ഉദ്യോഗസ്ഥൻമാരുടെ പെരുമാറ്റ ചട്ടങ്ങൾ പ്രകാരവും, ഇതു പോലെയുള്ള ജോലികൾ സ്വീകരിക്കുന്നതിന് സർക്കാരിൽ നിന്നും അനുവാദം വാങ്ങിയിരിക്കേണ്ടതാണ്. എന്നാൽ ചട്ടപ്രകാരമുള്ള അനുവാദം വാങ്ങാതെയാണ് ഈ വകുപ്പിലെ ചില ഉദ്യോഗസ്ഥൻമാർ, സംഘങ്ങൾ നടത്തുന്ന പരീക്ഷ സംബന്ധിച്ച ജോലികൾ സ്വീകരിക്കുന്നത്.

സഹകരണ നിയമം/ചട്ടങ്ങൾ പ്രകാരം സംഘങ്ങളുടെ സൂപ്പർ വിഷൻ, പരിശോധന തുടങ്ങിയവ നടത്തുന്നവരാണ് ഈ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ. സംഘങ്ങളിൽ ഉണ്ടാകുന്ന തർക്കങ്ങളിൽ മദ്ധ്യസ്ഥന്മാരായും ഇവർ പ്രവർത്തിക്കേണ്ടതുണ്ട്. ഈ ഉദ്യോഗസ്ഥൻമാർ ജീവനക്കാരെ നിയമിക്കുന്നതിനു വേണ്ടി സംഘങ്ങൾ നടത്തുന്ന എഴുത്തു പരീക്ഷ തുടങ്ങി ഏതു നടപടികളിലും ഭാഗഭാക്കാകുന്നത് ഉചിതമല്ലെന്നു മാത്രമല്ല, തീർത്തും ഒഴിവാക്കേണ്ടതുമാണ്. സംഘങ്ങൾ നടത്തുന്ന നിയമനങ്ങളെ സംബന്ധിച്ച് പരാതികൾ കേൾക്കാനും നടപടികൾ സ്വീകരിക്കാനും ബാദ്ധ്യസ്തരായ ഉദ്യോഗസ്ഥൻമാർ , സംഘങ്ങളിലെ നിയമന നടപടികളിൽ പങ്കാളികളാകുന്നത് ശരിയല്ലെന്നുള്ളത് വ്യക്തമാണ്. മാത്രമല്ല സംഘങ്ങളിലെ നിയമനങ്ങളിൽ നടക്കുന്ന അഴിമതികളെക്കുറിച്ചും, അവയിൽ പലതിലും വകുപ്പുദ്യോഗസ്ഥൻമാർ കൂട്ടു നിൽക്കുന്നതു സംബന്ധിച്ചും പല കേന്ദ്രങ്ങളിൽ നിന്നും പരാതികൾ ലഭിച്ചു വരുന്നുമുണ്ട്. മേൽ പറഞ്ഞ സാഹചര്യങ്ങളിൽ സഹകരണ സംഘങ്ങളിലെ നിയമനത്തിനുള്ള നടപടികളിൽ നിന്നും വകുപ്പുദ്യോഗസ്ഥൻമാർ പൂർണ്ണമായും മാറി നിൽക്കേണ്ടത് ആവശ്യമാണെന്ന് കാണുന്നു.

സഹകരണ സംഘങ്ങൾ, ജീവനക്കാരെ നിയമിക്കുന്നതിനു വേണ്ടി നടത്തുന്ന പരീക്ഷയെ സംബന്ധിച്ച ചോദ്യ പേപ്പർ തയ്യാറാക്കൽ, എഴുത്തുപരീക്ഷ നടത്തൽ,

ഉത്തര കടലാസ്സു പരിശോധിക്കൽ, ഇന്റർവ്യൂ നടത്തൽ തുടങ്ങി യാതൊരു നടപടികളിലും ഈ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ ഉൾപ്പെടരുതെന്ന് നിർദ്ദേശിക്കുന്നു. ഈ നിർദ്ദേശത്തിന് വിപരീതമായി പ്രവർത്തിക്കുന്നത് ഗുരുതരമായ കുറ്റമായി പരിഗണിച്ച് ശിക്ഷണ നടപടിക്ക് കാരണമാകുമെന്നും അറിയിക്കുന്നു.

സഹകരണസംഘം രജിസ്ട്രാർ

No.EM (3) 69682/89. Office of the Registrar of Co-operative Societies, Trivandrum, 15-2-1991

CIRCULAR No. 6/91

Sub: **Recruitment for appointment of employees in Co-operative Societies-Procedure prescribed-Modification to the conditions-Instructions issued.**

Ref: **Registrar's Circular Number 52/80 dated 22-7-80 and 66/89 dated 29-11-1989.**

In the Circulars referred to above, instructions were issued prescribing certain conditions to be followed while making recruitment for appointment of employees in Co-Operative Society. One of the conditions so prescribed requires conducting of writing test and interview allotting 90% marks for the written test and 10% marks for the interview.

2. In the Conference of Presidents and Chief Executives of District Co-operative Banks held on 26-7-1990 the desirability of revising the percentage of marks allotted for written test and interview came up for consideration and the consensus was to revise the same on the lines of the norms followed by the Kerala Public Service Commission in similar circumstances.

3. The matter has been further examined in detail in consultation with the Kerala Public Service Commission. It is revealed that where the selection to a post is finalised by written test and interview, the criteria followed by the Kerala Public Service Commission are to allot 20% of the maximum marks for written test as the maximum marks for interview and to rank the candidates on the basis of the total marks scored both for written test and interview. It is considered desirable to adopt the same norms as followed by the Kerala Public Service Commission in respect of the recruitments made in the Co-Operative Societies also.

4. In the circumstances in partial modification to the said Circulars No. 52/80 and 66/89, the condition with regard to the maximum marks to be allotted for written test and interview is modified as follows:-

"Selection shall be made after conducting written test and interview allotting 100 marks for written test and 20 marks for interview"

5. The Joint Registrars are requested to advise the societies suitably.

K. J. Thomas
Registrar of Co-operative Societies

No. EM (2) 25846/90. Office of the Registrar of Co-operative Societies, Thiruvananthapuram, 7-6-1991

CIRCULAR No. 18/91

Sub: **Co-operation-Recruitment for appointment of employee in co-operative institution-procedure-codification of circular instructions.**

Ref:
1. **Registrar's Circular No. 52/80 dated 22-7-80**
2. **Registrar's Circular No. 28/86 dated 6-7-86**
3. **Registrar's Circular No. 66/89 dated 29-11-89.**
4. **Registrar's Circular No. 6/91. Dated 15-2-91.**
5. **Government Letter No 3015/ B1/90/Coop. Dt.19-6-90**
6. **Government Letter No 9346/B1/90/Coop. Dt. 20-9-90**
7. **Government Letter No 2496/B1/90/ coop. Dt. 17-4-91.**

In the circulars 1 to 4 referred to above, instructions regarding the procedure to be followed for appointments in the Co-operative institutions had been issued. This was done with a view to check and avoid any possible malpractices in the recruitments and also to ensure recruitment of right persons in conformity with the conditions stipulated in the K C S Rules.

II. It is proposed to codify the specific instructions or guidelines so far issued from this office from time to time so that by and large, the societies can follow them scrupulously and the departmental officers can periodically review whether the societies are complying with those instructions.

III. Accordingly, the guidelines already issued regarding the procedure to be followed while making appointments in the Co-operative institutions, vide circulars cited above are codified and given below:

നിയമനങ്ങൾ

1. All appointments in Co-operative institutions should strictly be in accordance with the provisions of K. C. S. Rules.

2. Prior permission should be obtained by the institution concerned from Registrar before creating any post over and above the posts prescribed under Appendix III of K C S Rules.

3. No appointment on daily wages shall be made under any circumstances.

4. The following procedure shall be strictly followed while making direct recruitments for appointment of employees.

(a) Applications for the posts shall be invited through Advertisement in leading dailies having wide circulation in the area.

(b) Selection shall be made only after conducting written test and interview, allotting 100 marks for written test and 20 marks for interview.

(c) The written test shall be conducted by an outside agency.

(d) False numbers should be assigned to the answer scripts.

(e) The conditions with regard to age-limit, qualification mode of appointment etc. as laid down in the rules framed under section 80 viz. Rules 183, 186 187 of the KCS Rule shall be strictly followed.

(f) Ten percent of the vacancies should be reserved for candidates belonging to scheduled castes/tribes.

5. The following procedure shall be followed for appointments through promotion.

(a) Appointments to higher categories of service in a society shall ordinarily be made by promotion.

(b) Only in the absence of qualified and suitable candidate to be promoted, the society shall resort to direct recruitment to higher categories of posts, provided that if the approved service regulations provide for direct recruitment even for higher categories, the same shall be made subject to the rule.

(c) Promotions to the higher categories of posts shall be made from among the eligible employees on the basis of seniority in accordance with the approved feeder category sub rules framed under Rule 185 (i)

(d) The feeder category for the purpose of promotion of employees shall be prescribed by the society by framing suitable subsidiary regulation with the approval of Registrar of Co-operative Societies.

(e) The conditions with regard to qualifications as laid down in rule 186 of the KCS Rules should be observed, or relaxation with the prior approval of Registrar as provided under Rule 185 (2) should be obtained before appointment.

K. J. Thomas
Registrar of Co-operative Societies

നമ്പർ ഇ.എം. (3) 35826/92

സഹകരണസംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 17–12–1993

സഹകരണസംഘം രജിസ്ട്രാർ,
തിരുവനന്തപുരം

എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും

സർ,

വിഷയം: **നാട്ടിക റൂറൽ ബാങ്കിലും കൊല്ലങ്കോടു അഗ്രിക്കൾച്ചറൽ സർവീസ് സഹകരണ ബാങ്കിലും സർവീസിലിരിക്കേ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ജോലി നൽകുന്ന പദ്ധതി പ്രകാരം ജോലി നൽകുന്നതിന് പുതിയ തസ്തികകൾ സൃഷ്ടിക്കരുതെന്നുള്ള നിർദ്ദേശം മേൽ നടപടി സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ**

സൂചന: **സർക്കാരിന്റെ 1–11–93 ലെ 150/ബി.1/93/ സഹ: നമ്പർ കത്ത്.**

സഹകരണസ്ഥാപനങ്ങളിൽ സർവീസിലിരിക്കേ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്നതിനുള്ള പദ്ധതി (സഹകരണ ചട്ടം 188 (എ) പ്രകാരം) അനുസരിച്ച് ആശ്രിതർക്ക് നിയമനം നൽകുന്നതിന് സംഘത്തിൽ ഒഴിവുകൾ ഉണ്ടായിരിക്കണം. ഇല്ലാത്ത പോസ്റ്റ് ഉണ്ടാക്കിക്കൊണ്ട് ആശ്രിതർക്ക് നിയമനം കൊടുക്കുന്നത് ശരിയായ നടപടിയല്ല. പുതിയ വേക്കൻസി ഉണ്ടാകുമ്പോൾ മാത്രമേ പൊതുവിൽ നിലവിലുള്ള നിബന്ധനകൾക്കു വിധേയമായി പരിഗണിക്കുവാൻ പാടുള്ളൂ എന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നുള്ള വിവരം അറിയിക്കുന്നു.

ഈ പൊതു നിയമം കർശനമായി പാലിക്കുവാൻ എല്ലാ സ്ഥാപനങ്ങൾക്കും ആവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

താങ്കളുടെ വിശ്വസ്ത്ൻ
സഹകരണസംഘം രജിസ്ട്രാർക്കു വേണ്ടി

നിയമനങ്ങൾ

നമ്പർ സി.പി.(3) 26761/95 — സഹകരണ സംഘം രജിസ്ട്രാറാഫീസ്, തിരുവനന്തപുരം, 21–5–1996

സർക്കുലർ നമ്പർ 16/96

വിഷയം: **സഹകരണ വകുപ്പ്–സഹകരണ സംഘങ്ങളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് അംഗീകാരം നൽകുന്നത് സംബന്ധിച്ച്.**

സംസ്ഥാനത്തെ സഹകരണ പ്രാഥമിക വായ്പാ സംഘങ്ങളിൽ ക്ലാസ്സിഫിക്കേഷൻ മാറ്റം വരുത്തുമ്പോൾ അതിൻ പ്രകാരം അർഹതയുള്ള അധിക തസ്തികകൾ സൃഷ്ടിക്കുന്നതിന് രജിസ്ട്രാറുടെ മുൻകൂർ അനുവാദം വാങ്ങിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജില്ലയിലെ ജോയിന്റ് രജിസ്ട്രാർമാർ, രജിസ്ട്രാറുറട ഈ അധികാരം വിനിയോഗിക്കുമ്പോൾ വ്യത്യസ്തമായ രീതിയിലും, വിവേചന പരമായും, സംഘങ്ങളുടെ സാമ്പത്തിക നിലവാരവും പ്രവർത്തനവും കണക്കിലെടുക്കാതെയും അധിക തസ്തികകൾക്ക് അംഗീകാരം നൽകി വരുന്നതായി ഈ ആഫീസിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

ആയതിനാൽ ജില്ലയിലെ ജോയിന്റ് രജിസ്ട്രാർമാർ സംഘങ്ങളിൽ പുതിയ തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകുമ്പോൾ വളരെ ഗൗരവപൂർവം സംഘങ്ങളുടെ സാമ്പത്തിക പുരോഗതി, പ്രവർത്തന ക്ഷമത എന്നിവ വിലയിരുത്തേണ്ടതും ആയതിന് ഈ ആഫീസിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയിരിക്കണമെന്നും കർശനമായി നിർദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ ഏതെങ്കിലും വീഴ്ചയുണ്ടാകുന്നതായും അതുവഴി പരാതിക്കിട വരുന്നതും ശ്രദ്ധയിൽപ്പെട്ടാൽ അത്തരം നടപടികളെ വളരെ ഗുരുതരമായി വീക്ഷിക്കുന്നതുമായിരിക്കും.

സഹകരണസംഘം രജിസ്ട്രാർ

No.EM (3) 20860/94. — Office of the Registrar of Co-operative Societies, Thiruvananthapuram, 29-8-1996

CIRCULAR No. 18/96

Sub: **Co-operation-Recruitment for appointment in Co-operative Institutions-Procedure to be adopted-Instructions cancelled.**

Read: **Registrar's Circular No. 18/94 dated 8-6-94.**

Since appointments in the Apex Co-operative Societies including District Co-operative Bank have been entrusted to the Kerala Public Service Commission this department circular cited is here by Cancelled.

Nalini Netto
Registrar of Co-operative Societies

നമ്പർ സി.പി. (3) 39492/96 സഹകരണസംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 22–10–96

സർക്കുലർ നമ്പർ 24/96

വിഷയം: **സഹകരണവകുപ്പ്–സഹകരണ സംഘങ്ങളിൽ പുതിയ തസ്തികകൾ സൃഷ്ടിയ്ക്കുന്നതിന് അംഗീകാരം നൽകുന്നത് സംബന്ധിച്ച.**

സൂചന: **രജിസ്ട്രാറുടെ 21–5–95 ലെ 16/96 നമ്പർ സർക്കുലർ**

സംസ്ഥാനത്തെ സഹകരണ പ്രാഥമിക വായ്പാ സംഘങ്ങളിൽ ക്ലാസ്സിഫിക്കേഷൻ മാറ്റം വരുന്ന അവസരങ്ങളിൽ അർഹതയുള്ള അധിക തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുവാദത്തിനായി സംഘങ്ങൾ സമർപ്പിക്കുന്ന അപക്ഷകളിൻമേൽ ജോയിന്റ് രജിസ്ട്രാർമാർ തീരുമാനം കൈക്കൊള്ളുന്നതിന് ഈ ആഫീസിന്റെ മുൻകൂർ അനുവാദം വാങ്ങിയിരിക്കമെന്ന് സൂചന സർക്കുലർ പ്രകാരം നൽകിയിരുന്നു. ഇപ്രകാരം സംഘങ്ങളുടെ അപേക്ഷകൾ ഈ ആഫീസിൽ സമർപ്പിച്ച് ആയതിൻമേൽ ആവശ്യമായി വരുന്ന പക്ഷം വീണ്ടും വിശദീകരണങ്ങൾ നേടേണ്ടി വരുന്നതും ആയത് മൂലമുണ്ടാകുന്ന കാലതാമസം സംഘങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി ഈ ആഫീസിന്റെ ശ്രദ്ധയിൽ പെട്ടിരിക്കുന്നു.

ആയതിനാൽ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെ ക്ലാസ്സിഫിക്കേഷൻ മാറ്റം വരുത്തുമ്പോൾ അതിൽ അർഹതയുള്ള അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ വളരെ ഗൗരവ പൂർവം സംഘങ്ങളുടെ സാമ്പത്തിക സ്ഥിതി, പ്രവർത്തന ക്ഷമത എന്നിവ വിലയിരുത്തേണ്ടതും അപ്രകാരം അനുവദിക്കുന്ന തസ്തികകൾ 3–7–92 ലെ ജി.ഒ.എം.എസ്.58/92/സഹകരണ നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുള്ള അഹതപ്പെട്ട തസ്തികകളിൽ അധികരിക്കുന്നില്ലെന്നും അപ്രകാരം അനുവദിക്കുന്ന അധിക തസ്തികകൾക്കുണ്ടാക്കുന്ന ചെലവ് സംഘത്തിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുകയില്ലെന്നും ഉറപ്പു വരുത്തേണ്ടതാണ്. അപ്രകാരമുള്ള അപേക്ഷ കളിൻമേൽ പറഞ്ഞ വിശദമായ പരിശോധനകളുടെ അടിസ്ഥാനത്തിൽ വ്യക്തമായ തീരുമാനം ജില്ലാ ജോയിന്റ് രജിസ്ട്രാർമാർക്ക് തന്നെ കൈക്കൊള്ളാവുന്നതുമാണ്. ഇക്കാര്യത്തിൽ എങ്ങിനെയെങ്കിലും വീഴ്ചയുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരം നടപടികളെ വളരെ ഗൗരവമായി വീക്ഷിക്കുന്നതായിരിയ്ക്കും.

സഹകരണസംഘം രജിസ്ട്രാർ

നിയമനങ്ങൾ

നമ്പർ സി.ബി.(3) 41389/96

സഹകരണസംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 23–12–96

സർക്കുലർ നമ്പർ 31/96

വിഷയം: **സഹകരണം– അപ്പക്സ് സ്ഥാപനങ്ങളിൽ താൽക്കാലികാടി സ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തിയതിൻമേൽ നിയമന കാലാവധി– നിർദ്ദേശം നടപ്പിലാക്കുന്നതിനെ സംബന്ധിച്ച്.**

സൂചന: **1. ഈ ആഫീസിലെ സി.ബി.(3) 21068/95 ാം നമ്പറായുളള 28–11–95 ലെ 31/95 ാം നമ്പർ സർക്കുലർ.**

2. 21–11–96 ലെ ഒ.പി. 17824/96 വിധിയിൻമേൽ അപ്പീൽ നമ്പർ 1752/96 പ്രകാരമുളള ബഹു: ഹൈക്കോടതി ഉത്തരവ്

കേരള സഹകരണ നിയമം 80 ാം വകുപ്പിന് വരുത്തിയ ഭേദഗതി പ്രകാരം അപ്പക്സ് സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിയിൽ വരുത്തിയ സാഹചര്യത്തിൽ സെലക്റ്റ് ലിസ്റ്റു വരാൻ കാലതാമസം ഉണ്ടാകുമെന്ന വസ്തുത കണക്കിലെടുത്ത്, ടി സ്ഥാപനങ്ങളിലെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി നിർവഹിക്കുന്നതിന്, അതാതു ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നിശ്ചിത യോഗ്യതയുളള ജീവനക്കാരെ തികച്ചും താൽക്കാലികാടി സ്ഥാനത്തിൽ 180 ദിവസത്തിൽ കൂടാത്ത കാലയളവിലേക്ക് തെരഞ്ഞെടുത്ത് നിയമനം നടത്തുന്നതിന് വേണ്ട അനുമതി സൂചന 1 പ്രകാരം നൽകിയിരിക്കുന്നു.

എന്നാൽ പി.എസ്.സി. തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന ലിസ്റ്റിൽ നിന്നും സ്ഥിര നിയമനം ഉണ്ടാകുന്നതുവരെ നിലവിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചവരെത്തന്നെ തുടർന്നും, ജോലി ചെയ്യുന്നതിന് അനുവദിക്കണമെന്നുളള പല അപേക്ഷകളും ഈ ആഫീസിൽ ലഭിച്ചു വരുന്നു. താൽക്കാലികമായി 180 ദിവസത്തിൽ കൂടാതെയുളള കാലത്തേയ്ക്ക് നിയമിക്കപ്പെട്ടിട്ടുളള ആളുകൾക്ക് സർവീസിൽ തുടരാൻ യാതൊരു അർഹതയുമില്ലെന്ന് ബഹു: ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ മുകളിൽ കാണിച്ചിരിയ്ക്കുന്ന വിധിയിൽ അസന്ദിഗ്ദ്ധമായി പ്രസ്താവിച്ചിട്ടുളളതാകുന്നു.

ആകയാൽ ബാങ്കുകളുടെ സുഗമമായ പ്രവർത്തനത്തിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും തെരഞ്ഞെടുത്ത ഉദ്യോഗാർഥികളെ തികച്ചും താൽക്കാലികാടിസ്ഥാനത്തിൽ മാത്രമേ നിയമനം നടത്തുവാൻ പാടുളളൂവെന്നും അങ്ങനെ നിയമനം ലഭിക്കുന്നവരെ 180 ദിവസത്തിൽ കൂടുതൽ തുടരാൻ യാതൊരു കാരണവശാലും അനുവദിക്കാൻ പാടില്ല. ഒരിക്കൽ താൽക്കാലികമായി തെരഞ്ഞെടുക്കപ്പെട്ടവരെ വീണ്ടും തെരഞ്ഞെടുക്കപ്പെടുവാൻ ഇടവരുത്തരുതെന്നും, ഒരിക്കൽ കൂടി നിർദ്ദേശിയ്ക്കുന്നു.

ഈ നിർദ്ദേശങ്ങൾ വീഴ്ച കൂടാതെ പൂർണ്ണമായും പാലിക്കപ്പെടാൻ ബന്ധപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതും ഇപ്രകാരം എന്തെങ്കിലും വീഴ്ച യുണ്ടായാൽ ആയത് ഗൗരവമായി കണക്കിലെടുക്കുമെന്നും അറിയിക്കുന്നു.

ടി നിർദ്ദേശം കർശനമായി പാലിക്കുന്നു എന്ന് ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സഹകരണസംഘം രജിസ്ട്രാർ

നമ്പർ ഇ.എം.(2)–1327/99

സഹകരണസംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 23–03–1999

സർക്കുലർ നമ്പർ 11/99

വിഷയം: **സഹകരണ സ്ഥാപനങ്ങളിലെ നിയമനം–പത്ര പരസ്യം ചെയ്യുന്നതു സംബന്ധിച്ച്.**

സൂചന: **7–06–1991 – ലെ 18/91 നമ്പർ സർക്കുലർ.**

സഹകരണ സ്ഥാപനങ്ങളിലെ നിയമനത്തിന് പത്ര പരസ്യം മുഖാന്തിരം അപേക്ഷ ക്ഷണിക്കേണ്ടതാണെന്ന് 18/91 സർക്കുലർ പ്രകാരം നിർദ്ദേശിച്ചിരുന്നു. എന്നാൽ ചില സഹകരണ സ്ഥാപനങ്ങൾ പേരും അഡ്രസ്സും വെളിപ്പെടുത്താതെ ബോക്സ് നമ്പർ കാണിച്ച് പത്ര പരസ്യം നൽകുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങൾ പൊതു സ്ഥാപനങ്ങളാകയാൽ പേരും അഡ്രസ്സും വെളിപ്പെടുത്താതെ ബോക്സ് നമ്പർ കാണിച്ച് പത്രപരസ്യം നൽകുന്നത് ശരിയായ നടപടിക്രമമല്ല. നിയമനങ്ങൾക്കായി പത്ര പരസ്യം നൽകുമ്പോൾ താഴെ പറയുന്ന വിവരങ്ങൾ കൂടി ഉൾപ്പെടുത്തി വേണം പത്ര പരസ്യം പുറപ്പെടുവിക്കാൻ എന്ന് നിർദ്ദേശിക്കുന്നു.

1. സംഘത്തിന്റെ പൂർണ്ണമായ പേരും മേൽവിലാസവും
2. എ. ഒഴിവുള്ള തസ്തികയുടെ പേര്
   ബി. ഒഴിവുകളുടെ എണ്ണം
   സി. ശമ്പള സ്കെയിൽ
3. പ്രായപരിധി
4. എ. വിദ്യാഭ്യാസ യോഗ്യത
   ബി. മുൻപരിചയം (ആവശ്യമുണ്ടെങ്കിൽ)
5. സംവരണം സംബന്ധിച്ചിട്ടുള്ള വിവരം
6. ഉദ്യോഗാർഥിയുടെ പേര്, ജാതി, മേൽവിലാസം, വയസ്, വിദ്യാഭ്യാസ യോഗ്യത, മുൻ പരിചയം, സംവരണാനുകൂല്യം ലഭിക്കുവാൻ അർഹതയുള്ള

വ്യക്തിയാണെങ്കിൽ ആയത് തെളിയിക്കാനുളള രേഖകൾ, ഫോട്ടോ ആവശ്യമെങ്കിൽ ആയത് എന്നിവ സഹിതം സംഘത്തിൽ അപേക്ഷ ലഭിയ്ക്കേണ്ടുന്ന അവസാന തീയതി

7. എഴുത്തുപരീക്ഷയും ഇന്റർവ്യൂവും ഉണ്ടെങ്കിൽ ആ വിവരം

8. അപേക്ഷാ ഫീസ്

9. അപേക്ഷ അയക്കേണ്ട വിലാസം

ഷീലാ തോമസ് ഐ. എ. എസ്.
സഹകരണ സംഘം രജിസ്ട്രാർ

നമ്പർ സി.ബി.1.17728/99

സഹകരണസംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 3–5–1999

സർക്കുലർ നമ്പർ 18/99

വിഷയം: **സഹകരണം – പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ സഹകരണ സർവീസ് റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വരുന്നതു വരെ നിയമനം നടത്തുന്നത് സംബന്ധിച്ച്**

സൂചന: **813/99 വി.നമ്പർ ഒ.പി.യിൻമേൽ ബഹു: ഹൈക്കോടതി 30–3–99 ൽ പുറപ്പെടുവിച്ച ഉത്തരവ്**

സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ നിയമനം സംബന്ധിച്ച് വ്യവസ്ഥകൾ സഹകരണ നിയമം വകുപ്പ് 80 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിയമനം സംബന്ധിച്ച് പൊതുവായ ചില മാർഗ്ഗ നിർദ്ദേശങ്ങൾ പലപ്പോഴായി സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുമുണ്ട്.

നിയമനവുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള നിരവധി പരാതികൾ കണക്കിലെടുത്ത് ജില്ലാ സഹകരണ ബാങ്കുകളിലെയും അപ്പക്സ് സ്ഥാപനങ്ങളിലേയും നിയമനം കേരള പബ്ലിക് സർവീസ് കമ്മീഷനെ ചുമതലപ്പെടുത്തിക്കൊണ്ട് 10/95 നമ്പറായി ഓർഡിനൻസ് പുറപ്പെടുവിക്കുകയും തദനുസരണമായി വ്യവസ്ഥകൾ ഉപവകുപ്പ് 3 എ. ആയി സഹകരണ നിയമം വകുപ്പ് 80 ൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിലെ നിയമനങ്ങൾ സംബന്ധിച്ച് നിരവധി പരാതികൾ ലഭിച്ചത് കണക്കിലെടുത്ത ഇത്തരം സ്ഥാപനങ്ങളിൽ ജീവനക്കാരെ നിയമിക്കുന്നതിനായി ഒരു പ്രത്യേക സഹകരണ സർവീസ് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനുളള വ്യവസ്ഥകൾ ഗവൺമെന്റ് തയ്യാറാക്കിയിട്ടുള്ള കേരള സഹകരണ സംഘം ഭേദഗതി ബിൽ 1999 ൽ ഉൾപ്പെടുത്തി നിയമസഭയുടെ പരിഗണനയിൽ ഇരിക്കുകയാണ്.

മേൽപ്പറഞ്ഞ സഹകരണ സർവീസ് റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വരുന്നതു വരെ പ്രാഥമിക സഹകരണ സംഘങ്ങളിൽ താൽക്കാലിക നിയമനം നടത്തുന്നത് സംബന്ധിച്ച് ബഹു: ഹൈക്കോടതി സൂചനയിലെഉത്തരവു പ്രകാരം പൊതുവായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ, സഹകരണ അർബൻ ബാങ്കുകൾ പ്രാഥമിക സഹകരണ കാർഷിക / ഗ്രാമ വികസന ബാങ്കുകൾ മുതലായവ അനുവദനീയമായ ഒഴിവുള്ള തസ്തികകളിൽ സഹകരണ സർവീസ് റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വരുന്നതുവരെ നിശ്ചിത യോഗ്യതയുള്ളവരെ അതാതു ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രം നിയമനം നടത്തുന്നത് തികച്ചും താൽക്കാലി കാടിസ്ഥാനത്തിൽ ആയിരിക്കേണ്ടതും യാതാരു കാരണവശാലും അപ്രകാരം നിയമിക്കപ്പെടുന്നവർക്ക് തുടർച്ചയായി 180 ദിവസത്തിൽ കൂടുതൽ സേവനകാലം അനുവദിക്കാൻ പാടില്ലാത്തതുമാകുന്നു. അതാത് സഹകരണ സ്ഥാപനങ്ങളുടെ ദൈനം ദിന പ്രവർത്തനത്തിന് അത്യാവശ്യം വേണ്ട ജീവനക്കാരെ മാത്രം ഇപ്രകാരം താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

എന്നാൽ സാഹചര്യം അനിവാര്യമാണെങ്കിൽ മാത്രം സഹകരണ സർവീസ് റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വരുന്നതുവരെ രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അനുമതിയോടെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റോ മറ്റ് പ്രശസ്തമായ സർക്കാർ ഏജൻസിയോ മുഖേന എഴുത്തു പരീക്ഷ നടത്തി നിയമനം നടത്താവുന്നതാണ്.

വി.പി.ജോയ് ഐ. എ. എസ്.
സഹകരണ സംഘം രജിസ്ട്രാർ

നമ്പർ ഈ.എം.(1) 49487/99

സഹകരണസംഘം രജിസ്ട്രാഫീസ്,
തിരുവനന്തപുരം, 30–11–99

സർക്കുലർ നമ്പർ 45/99

വിഷയം: **ജില്ലാ സഹകരണ ബാങ്കുകൾ–നിയമനം പി.എസ്.സി.മുഖേന നടത്തുന്നത്–അംഗസംഘങ്ങളിലെ ജീവനക്കാർക്ക് പരിചയ സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.**

സൂചന: **ജില്ലാ സഹകരണ ബാങ്കുകളിലെ വിവിധ തസ്തികകളിലേക്കുള്ള നിയമനത്തിന് അപേക്ഷ ക്ഷണിച്ചു കൊണ്ട് കേരള പബ്ലിക് സർവീസ് കമ്മീഷൻ കേരള സർക്കാർ ഗസറ്റിൽ 26–10–99 ൽ പ്രസിദ്ധീകരിച്ച വിജ്ഞാപനം.**

നിയമനങ്ങൾ

ജില്ലാ സഹകരണ ബാങ്കുകളിലെ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് പി.എസ്.സി.പുറപ്പെടുവിച്ച സൂചന നോട്ടിഫിക്കേഷനിൽ ടി ബാങ്കുകളിലെ അംഗങ്ങളായിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് അപേക്ഷയോടൊപ്പം താലൂക്കിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) നൽകുന്ന പരിചയ സർട്ടിഫിക്കറ്റ് കൂടെ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. മേൽ സാഹചര്യത്തിൽ ജില്ലാ സഹകരണ ബാങ്കുകളിൽ അംഗങ്ങളായിട്ടുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക്, ജില്ലാ സഹകരണ ബാങ്കുകളിലെ നിയമനത്തിന്/ അപേക്ഷ സമർപ്പിക്കുന്നതിനായി ജീവനക്കാർക്ക് ആവശ്യമായ അന്വേഷണം നടത്തി പരിചയ സർട്ടിഫിക്കറ്റ് നൽകാൻ എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും നിർദ്ദേശം നൽകുന്നു.

വി. പി. ജോയ് ഐ. എ. എസ്.
സഹകരണ സംഘം രജിസ്ട്രാർ

നമ്പർ ഇ.എം (1) 49487/99

സഹകരണസംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 10–12–99

സർക്കുലർ നമ്പർ 49/99

സർ,

വിഷയം: **ജില്ലാ സഹകരണ ബാങ്കുകൾ – നിയമനം–പി.എസ്.സി.മുഖേന നടത്തുന്നത്– അംഗ സംഘങ്ങളിലെ ജീവനക്കാർക്ക് പരിചയ സർട്ടിഫിക്കറ്റ് നൽകുന്നത് – ക്ലാരിഫിക്കേഷൻ സംബന്ധിച്ച്.**

സൂചന: **ഈ ഓഫീസിലെ 45/99–ാം നമ്പർ സർക്കുലർ.**

സൂചനയിലെ സർക്കുലറിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ടി സർക്കുലറിൽ പരാമർശിച്ചിട്ടുള്ള ജില്ലാ സഹകരണ ബാങ്കുകളിലെ അംഗങ്ങൾ എന്നതിനെ സംബന്ധിച്ച് സംശയങ്ങൾ ഉന്നയിയ്ക്കപ്പെട്ടിരിക്കുന്നു.ഈ സംശയങ്ങൾ ദൂരീകരിക്കുന്നതിനായി താഴെ പറയുന്ന ക്ലാരിഫിക്കേഷൻ നൽകുന്നു. "അംഗം എന്നാൽ സഹകരണ നിയമത്തിലെ 2 (എൽ) വകുപ്പിൽ നിർവചിച്ചിട്ടുള്ള പ്രകാരം നോമിനൽ അംഗവും അസ്സോസിയേറ്റ് അംഗവും ഉൾപ്പെടെയുള്ള അംഗങ്ങൾ എന്ന് കണക്കാക്കേണ്ടതാണ്."

താങ്കളുടെ വിശ്വസ്തൻ
സഹകരണസംഘം രജിസ്ട്രാർ

നമ്പർ ഇ.എം. 46963/82

സഹകരണസംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 28–9–82

സർക്കുലർ നമ്പർ 44/82

വിഷയം: **പ്രൈമറി സഹകരണ സംഘങ്ങളിൽ ശിപായി, അറ്റൻഡർ തുടങ്ങിയവരുടെ പ്രമോഷൻ സംബന്ധിച്ച് പോഷക വിഭാഗം ഉപനിബന്ധനയിൽ വ്യവസ്ഥ ഉൾക്കൊള്ളിയ്ക്കുന്നത് നിർദ്ദേശം.**

Sub: **Co-operative Societies – Employees of Co-operative Societies-Securities to be furnished-Form and Standard prescribed-Clarification issued.**

Ref: **1. Registrar's Proceedings No. G3-52106/73/D.Dis dated 15-1-1977.**

2. Government letter No. 58200/C3/77/AD. Dated 20-1-1978.

In the proceedings cited above the form and standard of securities to be furnished by the Employees of Co-operative Societies have been prescribed. A few Co-operative Institutions have requested the Registrar of Co-operative Societies to issue clarification on certain points. The matter has been examine in detail and the following clarifications are issued in consultation with Government.

1. Security need generally be given only by those employees as are specified in the proceedings cited above.
2. Cheques, demand draft, bills, promissory notes will also be treated as those requiring securities.
3. Peons etc. engaged in clearing house operations will also have to furnish security.
4. If the Board of Directors of any society is of the opinion that higher amounts are to be prescribed for any particular post the same can be prescribed with the prior sanction of the Registrar of Co-operative Societies. Similarly if the rates of security prescribed in Registrar's proceedings are higher than that of the rates of security prescribed by the Board of Directors of any society earlier than if the Board is of the view that the rates of security fixed by the Board is to be retained then the same can be permitted in exceptional cases with the prior sanction of the Registrar of Co-operative Societies. In the case of Primary Co-operative Societies the Deputy Registrar (General) of the district concerned is competent to exercise the powers of the Registrar of Co-operative Societies in this regard.
5. Security allowance which was being paid to the employees on the date of coming into force of the rules issued under rule 80 of the Kerala Co-operative Societies Act can be continued to be paid in lieu of interest on security deposit.

(Sd/-)
Registrar of Co-operative Societies

മറ്റു നിർദ്ദേശങ്ങൾ

നമ്പർ ഇ. എം. 37438/80 സഹകരണസംഘം രജിസ്ട്രാറാഫീസ്
തിരുവനന്തപുരം, 20–11–1980

സർക്കുലർ 76/80

വിഷയം: **സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കു ബോണസ്സ് നൽകുന്നതു സംബന്ധിച്ച്**

രജിസ്ട്രാറുടെ 23–7–1975ാം തീയതിയിലെ 60/75–ാം നമ്പർ സർക്കുലറിൽ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കു ബോണസ്സ് നൽകേണ്ടതു ബോണസ്സ് ആക്റ്റ് ബാധകമുള്ള സംഘങ്ങളിൽ അപ്രകാരമോ അല്ലാത്തപക്ഷം ബൈലോയിലെ വ്യവസ്ഥ പ്രകാരമോ ആയിരിക്കണമെന്നും വ്യക്തമാക്കിയിരുന്നു. എന്നാൽ ബോണസ്സ് ആക്ടിന്റെ പരിധിയിൽ വരാത്തതും ബോണസ്സ് നൽകുന്നതിനു ബൈലോയിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതുമായ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കു ബോണസ്സ് നൽകുന്നതിനെ സംബന്ധിച്ചു വ്യക്തമായ നിർദ്ദേശം നൽകണമെന്ന കാര്യം ശ്രദ്ധയിൽ പെടുകയുണ്ടായി.

2. ബോണസ്സ് ആക്ടിന്റെ പരിധിയിൽ വരാത്തതും ജീവനക്കാർക്കു ബോണസ്സ് നൽകുന്നിനു ബൈലോയിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതുമായ സഹകരണ സംഘങ്ങൾക്കു ആഡിറ്റ് പ്രകാരം ലാഭമുള്ള പക്ഷം ബൈലോയിൽ വ്യവസ്ഥ ചെയ്യുന്നതു വരെ കുറഞ്ഞ ബോണസ്സ് നിരക്കിൽ അതായത് 81/3 ശതമാനത്തിൽ അധികരിക്കാത്ത സംഖ്യ ലാഭ വിഭജനത്തിൽ ജീവനക്കാർക്കു എക്സ് ഗ്രേഷ്യയായി നൽകാവുന്നതാണ്.

എം. എസ്. ജോസഫ്
സഹകരണ സംഘം രജിസ്ട്രാർ

No.G/38206/80 (ii) Office of the Registrar of Co-operative Societies
Trivandrum, 2-12-1980

CIRCULAR No. 82/80

Sub: **Acceptance of Collateral securities from Employees of Co-operative Societies-Clarification.**

Ref: **Registrar's Proceedings G3 52106/73/D.Dis dated 15-1-1977.**

In the proceedings cited, orders were issued prescribing the from and standard of securities to be furnished by the employees of societies. It was also ordered that collateral security of Rs. 1000 should be obtained in addition to the cash security, from employees (who are handling cash and securities or stocks) holding the posts the starting pay of which is above Rs. 250. In other cases, in the category requiring securities, the collateral security was prescribed as Rs. 500 each.

2. It has come to the notice of this Office that the Co-operative Banks/ Societies are not taking adequate care and caution while accepting collateral securities from employees. Fixed deposit receipts in the name of third parties are seen accepted as collateral securities by certain societies. But, in these cases, the letters of the third parties did not indicate the right of the bank/society in relation to the deposit receipts. For this reason, such fixed deposit receipts had become not enforceable in law. The banks/societies have to take utmost care to see that the Collateral securities accepted by them are legally valid. Collateral security has to take the form of guarantee/deposit/promissory notes etc., as the case may be where by the third party is to be made answerable for the amount due from the employee concerned who is called upon to furnish the security. It is therefore clarified that for the purpose of staff security Collateral security is one of which the Bank/Society can easily enforce its charge in case of necessity and realise the loss that may be incurred. The societies, before accepting any collateral security has to ensure that all the legal formalities are complied with for easy recovery of the amount in case of necessity. The interest of the institutions should be well safeguarded while accepting such securities.

(Sd/-)
For Registrar of Co-operative Societies

No.CP (2) 34117/83/K.Dis. Office of the Registrar of Co-operative Societies
Trivandrum.

CIRCULAR No. 46/83

Sub: **Primary Agricultural Credit Societies-Sanction of extra monetary benefits-Objection raised.**

Ref: **Letter No.CSM (2) 7509/79 dated, 9-6-1981 addressed to the Presidents of the Central Banks.**

The requests received from various Primary Agricultural Credit Societies, to waive the objection raised in audit, against the sanction of extra monetary benefits like bonus, ex-gratia in excess of the permissible limit under the Bonus Act, etc. have been examined in all its aspects. As per the letter cited the objection against the payment of similar benefits to the employees of the Central Banks up to 28-3-1979 was waived as a special case. In the circumstances the instructions issued as per the letter cited is extended in the case of Primary Agricultural Credit Societies also.

2. The objection raised regard to the payment of bonus, allowance, salary, additional increments or other allowances made upto 28-3-1979, except those sanctioned in the manner of interim relief pending revision of pay or other monetary benefit to be accounted in pay revision or recovered will be waived as a special case. Interim relief if any sanctioned pending revision of pay or other monetary benefit sanctioned to be accounted in pay revision is to be adjusted in any revision and these instructions are not applicable to such payments and also to advance etc., to be recovered.

3. It is also made clear that additional/advance increments or other extra monetary benefits sanctioned after 28-3-1979 without specific sanction from competent authority should be recovered. All Primary Agricultural Credit Societies in the State should adhere to these instructions. Officers of the department should be watchful in this matter and see that the primary agricultural credit societies do not make any such irregular payments. Hereafter, and that the amount if any paid irregularly after 28-3-1979 are recovered.

K. M. Balakrishnan
Registrar of Co-operative Societies

No.CP (2) 54029/83. Office of the Registrar of Co-operative Societies
Trivandrum, 30-1-1984

CIRCULAR No. 56/83 (A)

Sub: **Primary Societies-Sanction of extra monetary benefits- Amendments to the Circular-Regarding.**

Read: **This Office letter No. CP (2) 34117/83/K.Dis. dated 27-8-1983 (Circular No. 46/83).**

In the Circular cited instructions have been issued to the Joint Registrars to recover the additional/advance increments or other extra monetary benefits sanctioned to employees by the Primary Agricultural Credit Societies, after 28-3-1979, without specific sanction from competent authority. Now the Joint Registrar, Palghat has requested for clarification whether these instructions are applicable to Primary Societies other than the Primary Agricultural Credit societies.

2. Payment of bonus, ex-gratia allowance etc., without authorisation by any society will be irregular. Such item will have to be recovered. Therefore the Circular 46/83 dated 27-8-1983 may be taken as applicable to all Primary Societies.

K. M. Balakrishnan
Registrar of Co-operative Societies

സഹകരണ സർക്കുലർ സമാഹാരം

നമ്പർ സി.ജി.(1) 59736/84

സഹകരണസംഘം രജിസ്ട്രാറാഫീസ്
തിരുവനന്തപുരം, 7–10–1985

സർക്കുലർ നമ്പർ 35/85

വിഷയം: **സഹകരണ ബാങ്കിലെ ജീവനക്കാർ ശമ്പള പട്ടികയിൽ റവന്യൂ സ്റ്റാമ്പ് പതിക്കാതെ വേതനം പറ്റുന്നതിനെതിരായി നിർദ്ദേശം**

സൂചന: **2–9–1985 ാം തീയതിയിലെ സി.26943/ഇ.2/84/ടി.ഡി.നമ്പർ സർക്കാർ കത്ത്**

ഈ ആഫീസിൽ നിന്നും നടത്തിയ പരിശോധനകളിൽ പല ജില്ലാ സഹകരണ ബാങ്കുകളിലേയും അർബൻ സഹകരണ ബാങ്കുകളിലേയും ജീവനക്കാർ ശമ്പളം, യാത്രപ്പടി, ബോണസ്സ് തുടങ്ങി വിവിധ ഇനം പ്രതിഫലം പറ്റുമ്പോൾ ശമ്പള പട്ടികയിൽ (അക്വിറ്റൻസ് റോൾ) നിയമപ്രകാരമുള്ള റവന്യൂ സ്റ്റാമ്പ് പതിച്ച് ഒപ്പിടുന്നില്ല എന്ന ന്യൂനത കണ്ടു പിടിക്കുകയും ആയത് ബാങ്കുകളുടെ ശ്രദ്ധയിൽ പെടുത്തിയപ്പോൾ വേതന തുകകൾ ജീവനക്കാരുടെ നിർദ്ദേശാനുസരണം അവരുടെ സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപമായി വകയിരുത്തുകയാൽ ഇന്ത്യൻ സ്റ്റാമ്പ് ആക്റ്റ് ആർട്ടിക്കിൾ 53 (എച്ച്) 1 ാം ഷെഡ്യൂൾ പ്രകാരം സ്റ്റാമ്പ് നികുതിയിൽ നിന്നും വിമുക്തമാക്കപ്പെട്ടിട്ടുണ്ട് എന്ന വിശദീകരണമാണ് ലഭിച്ചത്. പ്രസ്തുത വിശദീകരണം തൃപ്തികരമല്ല. ജീവനക്കാരുടെ ശമ്പളവും മറ്റും കൈപ്പറ്റുമ്പോൾ അവർ ഇടുന്ന ഒപ്പ് സ്റ്റാമ്പ് ആക്റ്റ് സെക്ഷൻ 23 (സി) പ്രകാരമുള്ള രസീത് ആയി പരിഗണിയ്ക്കപ്പെടും. ആകയാൽ ആർട്ടിക്കിൾ 53 (എച്ച്) ഒന്നാം ഷെഡ്യൂളിലെ ഒഴിവാക്കൽ ഇക്കാര്യത്തിൽ ബാധകമാവുകയില്ല.

ഈ സാഹചര്യത്തിൽ എല്ലാ സഹകരണ ബാങ്കിലേയും ജീവനക്കാർ ശമ്പളവും ബോണസ്സും തുടങ്ങിയുള്ള മറ്റു പ്രതിഫലങ്ങളും കൈപ്പറ്റുമ്പോൾ ആയതു നിക്ഷേപ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്താലും ശരി, രൊക്കം പണമായി സ്വീകരിച്ചാലും ശരി നിയമാനുസൃതമായി റവന്യൂ സ്റ്റാമ്പ് ഒട്ടിച്ചു ശമ്പള പട്ടികയിൽ ഒപ്പിടേണ്ടതു നിർബന്ധമാണെന്നു ഇതിനാൽ നിർദ്ദേശിക്കുന്നു.

ഈ നിർദ്ദേശം കൃത്യമായി പാലിക്കുന്നുണ്ടെന്ന് ബാങ്കു ഭരണാധികാരികളും ആഡിറ്റർമാരും ഉറപ്പു വരുത്തേണ്ടതാണ്.

കെ. വി. ഹരികൃഷ്ണൻനായർ
സഹകരണസംഘം രജിസ്ട്രാർ

മറ്റു നിർദ്ദേശങ്ങൾ

നമ്പർ സി.പി.(4)33383/86

സഹകരണസംഘം രജിസ്ട്രാറാഫീസ്
തിരുവനന്തപുരം, 24–10–86

സഹകരണസംഘം രജിസ്ട്രാർ,
തിരുവനന്തപുരം

എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും

സർ,

വിഷയം: **പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘം ജീവനക്കാർക്ക് ഓവർ ഡ്രാഫ്റ്റ് അനുവദിക്കുന്നതു സംബന്ധിച്ച്.**

ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ റെക്കറിംഗ് നിക്ഷേപക്കണക്കുകളുടെ ഉറപ്പിൻമേൽ ജില്ലാ സഹകരണ ബാങ്കു ജീവനക്കാർക്ക് ഓവർ ഡ്രാഫ്റ്റ് അനുവദിച്ചിട്ടുള്ള പ്രകാരം തന്നെ പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങളിലെ ജീവനക്കാർക്കും അവരവരുടെ റെക്കറിംഗ് നിക്ഷേപക്കണക്കുകൾ പൂർത്തിയാകുമ്പോൾ ലഭിക്കാവുന്ന മൂല്യത്തെ അധികരിക്കാത്ത തുക ഓവർ ഡ്രാഫ്റ്റ് ആയി അനുവദിക്കുന്ന കാര്യം എല്ലാ തരത്തിലും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതി താഴെ പറയുന്ന നിബന്ധനകൾക്കു വിധേയമായി പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങളിൽ കൂടി നടപ്പിൽ വരുത്തുന്നതിന് എല്ലാ ജോയിന്റ് രജിസ്ട്രാർമാരേയും അനുവദിക്കുന്നു.

1. ഈ പദ്ധതിക്കുവേണ്ടി തയ്യാറാക്കുന്ന ഉപനിബന്ധനകൾക്കു ഈ പദ്ധതി നടപ്പാക്കുന്ന സംഘങ്ങൾ ബന്ധപ്പെട്ട ജോയിന്റു രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അംഗീകാരം വാങ്ങേണ്ടതാണ്.
2. ഈ പദ്ധതിയുടെ പ്രയോജനം സ്ഥിരം ജീവനക്കാർക്കു മാത്രമേ ലഭിക്കുകയുള്ളൂ.
3. ജീവനക്കാരന്റെ റിക്കറിംഗ് നിക്ഷേപത്തുക അയാളുടെ പ്രതിമാസ ശമ്പളത്തുകയിൽ നിന്നും കുറവ് ചെയ്ത് നിക്ഷേപക്കണക്കിൽ സംഘം വരവ് വക്കേണ്ടതാണ്.
4. 100 രപയുടെ ഗുണിതങ്ങളായി മാത്രമേ ഓവർ ഡ്രാഫ്റ്റ് അനുവദിക്കാവൂ. പരമാവധി തുക ജീവനക്കാരന്റെ 15 മാസത്തെ ശമ്പളമോ 15000 രൂപയോ ഇതിൽ ഏതാണ് കുറവെന്നാൽ അതു മാത്രമായിരിക്കുന്നതാണ്.
5. അംഗീകരിച്ച ഉപനിബന്ധനകൾക്കു വിധേയമായി ജീവനക്കാരുടെ അപേക്ഷ അനുവദിക്കുവാൻ ചീഫ് എക്സിക്യൂട്ടീവിന് അധികാരമുണ്ട്. ചീഫ് എക്സിക്യൂട്ടീവിന് ഓവർ ഡ്രാഫ്റ്റ് അനുവദിക്കേണ്ടതു പ്രസിഡണ്ടാണ്.
6. ഓവർ ഡ്രാഫ്റ്റിന്റെ പലിശ 9% ആയിരിക്കും.
7. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന ജീവനക്കാരൻ കിഴിവു കഴിച്ചുള്ള അയാളുടെ ശമ്പളം ഓവർ ഡ്രാഫ്റ്റ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. ഓവർ ഡ്രാഫ്റ്റ്

ക്രെഡിറ്റ് തുകക്ക് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് പലിശ അനുവദിക്കേണ്ടതാണ്. ജീവനക്കാരന് ആവശ്യാനുസരണം പിന്നീട് തുക പിൻവലിക്കാവുന്നതാണ്.

8. ഓവർ ഡ്രാഫ്റ്റ് കണക്ക് അവസാനിപ്പിക്കുന്നതു വരെ ഒരു ജീവനക്കാരന് സംഘത്തിൽ നിന്നും കൊടുക്കേണ്ടുന്ന ഏതു തുകയും സംഘത്തിന് അയാളുടെ ഓവർ ഡ്രാഫ്റ്റ് കണക്കിലേക്ക് പിടിച്ചെടുക്കുന്നതിനുള്ള അധികാരമുണ്ടായിരിക്കും.

9. ഓവർ ഡ്രാഫ്റ്റിനു വേണ്ട ഉറപ്പുകൾ സംഘം ജീവനക്കാരനിൽ നിന്നും വാങ്ങേണ്ടതാണ്.

10. റെക്കറിംഗ് നിക്ഷേപക്കണക്ക് പൂർത്തീകരിക്കുന്ന തീയതിയിൽ ഓവർ ഡ്രാഫ്റ്റിന്റെ കാലാവധിയും അവസാനിക്കും.

11. പൂർത്തീകരിച്ച റെക്കറിംഗ് നിക്ഷേപപ്രകാരമുള്ള തുക ഓവർ ഡ്രാഫ്റ്റ് അക്കൗണ്ടിലേക്ക് മാറ്റേണ്ടതും ഓവർ ഡ്രാഫ്റ്റ് അവസാനിപ്പിച്ച ശേഷം ക്രെഡിറ്റിൽ വല്ലതുമുണ്ടെങ്കിൽ അതു ജീവനക്കാരനു പിൻവലിക്കാവുന്നതുമാണ്. ഓവർ ഡ്രാഫ്റ്റ് കണക്ക് അവസാനിപ്പിക്കാൻ റിക്കറിംഗ് നിക്ഷേപത്തുക അപര്യാപ്തമായി വന്നാൽ അതു മേൽ 8 ൽ പറയും പ്രകാരം പിടിച്ചെടുക്കാവുന്നതാണ്.

12. ജോയിന്റ് രജിസ്ട്രാറുടെ മുൻ അനുവാദത്തോടുകൂടി മാത്രം ഉപ നിബന്ധനകളിൽ മാറ്റം വരുത്തുന്നതിന് സംഘം ഭരണ സമിതിക്ക് അനുവാദമുണ്ടായിരിക്കും.

13. ഓവർ ഡ്രാഫ്റ്റ് അനുവാദം ലഭിക്കേണ്ടത് ജീവനക്കാരൻ അവകാശമായി കരുതാവുന്നതല്ല.

ഈ പദ്ധതി നടപ്പിലാക്കാൻ അനുവദിക്കുന്നതിനു മുൻപായി സംഘത്തിന് സാമ്പത്തിക ഭദ്രതയുണ്ടെന്ന് ജോയിന്റ് രജിസ്ട്രാർ ഉറപ്പാക്കേണ്ടതാണ്. സാമ്പത്തിക ഭദ്രതയില്ലാത്ത സംഘങ്ങളിൽ ഇതു നടപ്പിൽ വരുത്താവുന്നതല്ല. പദ്ധതിയുടെ അംഗീകാരം നൽകുമ്പോൾ ജോയിന്റ് രജിസ്ട്രാർ സംഘത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുക്കേണ്ടതുണ്ട്. സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും സംഘത്തിന് ഈ പദ്ധതിയ്ക്കു അംഗീകാരം നൽകാതിരിക്കുവാനോ അല്ലെങ്കിൽ ഒരു പരിധി നിശ്ചയിക്കുവാനോ ജോയിന്റ് രജിസ്ട്രാർക്ക് അധികാരമുണ്ടായിരിക്കും. സംഘം അംഗീകാരത്തിന് തയ്യാറാക്കി അയക്കേണ്ടതായ നിബന്ധനകളുടെ കരട് ഇതോടൊപ്പം അയക്കുന്നുണ്ട്. അംഗീകരിക്കുന്ന നിബന്ധനകൾ ഇതിൽ നിന്നും വ്യത്യസ്തമല്ലെന്ന് ജോയിന്റ് രജിസ്ട്രാർ ബോദ്ധ്യപ്പെടേണ്ടതാണ്. കരടു നിബന്ധനകളിൽനിന്നും വ്യത്യസ്തമായി ലഭിച്ചേക്കാവുന്ന ഉപനിബന്ധനകൾക്കു ഈ ആഫീസിന്റെ മുന്നനുവാദത്തോടുകൂടി മാത്രമേ അംഗീകാരം നൽകാവൂ.

ഈ കത്തും കരട് ഉപനിബന്ധനകളും കൈപ്പറ്റിയ വിവരം മടക്കത്തപാലിൽ തന്നെ അറിയിക്കേണ്ടതാണ്.

കെ. വി. നമ്പ്യാർ
സഹകരണസംഘം രജിസ്ട്രാർ

മറ്റു നിർദ്ദേശങ്ങൾ

No.CB (2) 514/91 — Office of the Registrar of Co-operative Societies
Thiruvananthapuram, 15-2-1993

CIRCULAR No. 5/93

Sub: **Interests rates on Deposits of employees of Primary Co-operative Societies-allowing additional discretionary interest-instructions issued.**

Ref:

The Reserve Bank of India has allowed discretionary power to the State Co-operative Bank, The District Co-operative Banks and Primary Co-operative (Urban) Banks to allow additional interest at the rate of one percent on the deposits of their employees. Some of the Primary Co-operative Societies also requested that similar procedure be followed in respect of the deposits of their employees.

The matter was examined in all aspects. The matter was also discussed in the meeting of the presidents and Chief Executives of the Kerala State Co-operative Bank and the District Co-operative Banks held on 21-11-1992. The consensus of opinion was to allow additional one present interest by the Primary Co-op: Societies on the deposits of their employees also. It was also suggested that the societies may take such a decision at their own discretion, taking into account the viability of the society and the deposit structure. In the above circumstances the Primary Co-operative Societies are permitted to allow additional interest not exceeding one percent on the deposits of their employees, at their own discretion, if the bylaws of the societies so permit, taking into account their viability and structure of deposits.

S. Senthil
Registrar of Co-operative Societies

നമ്പർ സി.പി.(2)28462/96 — സഹകരണസംഘം രജിസ്ട്രാഫീസ്
തിരുവനന്തപുരം, 9–12–1996

സഹകരണസംഘം രജിസ്ട്രാർ,
തിരുവനന്തപുരം

എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും.

സർ,

വിഷയം: **പ്രാഥമിക/കാർഷികേതര വായ്പാ സഹകരണ ബാങ്കുകളിൽ നിന്നും ജീവനക്കാർക്ക് നൽകിവരുന്ന ഓവർ ഡ്രാഫ്റ്റ് പരിധി വർദ്ധിപ്പിക്കുന്നത്–സംബന്ധിച്ച്.**

സൂചന: 1. **കേരള കോ–ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയൻ ബഹു: സഹകരണ മന്ത്രിക്കു നൽകിയ 11–7–96 ലെ നിവേദനം**

2. **രജിസ്ട്രാറുടെ 24–10–96 ലെ സി.പി. (4) 33383/86 നമ്പർ കത്ത്.**

സഹകരണ സംഘം ജീവനക്കാർക്ക് 6 വർഷത്തിനു മുൻപ് അനുവദിച്ചു നൽകിയിട്ടുണ്ടായിരുന്ന ഓവർ ഡ്രാഫ്റ്റ് പരിധി 15000 രൂപ ഇന്നത്തെ സാഹചര്യത്തിൽ വളരെ അപര്യാപ്തമാണെന്നും ആയത് ജില്ലാ സഹകരണ ബാങ്ക്, അർബൻ സഹകരണ ബാങ്ക് എന്നീ മേഖലകളിലെ ജീവനക്കാർക്ക് വർദ്ധിപ്പിച്ച് നൽകിയിട്ടുള്ളതുപോലെ 25000 രൂപ ആയി വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ലഭിച്ച നിവേദനം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാറുടെ 24–10–96 ലെ സി.പി.(4) 33383/86 നമ്പർ കത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രാഥമിക കാർഷിക/കാർഷികേതര വായ്പാ സഹകരണ ബാങ്കുകൾ ജോയിന്റ് രജിസ്ട്രാർമാരുടെ അംഗീകാരത്തിനായി തയ്യാറാക്കി സമർപ്പിക്കുന്ന ഉപനിബന്ധനകളിൽ ഒ.ഡിയുടെ പരമാവധി തുക 25,000 രൂപ ആയി നിശ്ചയിച്ച് നൽകാവുന്നതാണ്. ഇപ്രകാരം ഉപനിബന്ധനകൾക്ക് അംഗീകാരം നൽകുമ്പോൾ ഒ.ഡി.യുടെ പലിശ നിരക്ക് 24–10–86 ലെ കത്തിൽ നിശ്ചയിച്ച് നൽകിയിട്ടുള്ള 9% ത്തിൽനിന്നും 14.5% ആയി വർദ്ധിപ്പിച്ച് സംഘങ്ങൾ സ്വീകരിക്കുന്ന നിക്ഷേപങ്ങളുടെ ശരാശരി പലിശ നിരക്ക് നൽകുന്ന കാര്യവും പരിഗണിക്കേണ്ടതാണ്.

താങ്കളുടെ വിശ്വസ്തൻ
അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

സി.പി.(2)31663/98

സഹകരണസംഘം രജിസ്ട്രാറാഫീസ്
തിരുവനന്തപുരം, 3–5–1999

സഹകരണസംഘം രജിസ്ട്രാർ
തിരുവനന്തപുരം

എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും

സർ,

വിഷയം: **പ്രാഥമിക കാർഷിക/കാർഷികേതര വായ്പാ സഹകരണ ബാങ്കുകളിൽ നിന്നും ജീവനക്കാർക്ക് നൽകി വരുന്ന ഓവർ ഡ്രാഫ്റ്റിന്റെ പലിശ നിരക്ക് കുറക്കുന്നത് സംബന്ധിച്ച്.**

സൂചന: 1. **കേരള കോ ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയൻ ബഹു: സഹകരണ വകുപ്പു മന്ത്രിക്ക് നൽകിയ 10–7–98ലെ നിവേദനം.**

2. **ഈ ആഫീസിലെ 24–10–96ലെ സി.പി (4) 33383/86 നമ്പർ കത്തും 9–12–96 ലെ സി.പി.(2) 28462/96 നമ്പർ കത്തും.**

പ്രാഥമിക കാർഷിക/കാർഷികേതര വായ്പാ സഹകരണ ബാങ്കുകളിലെ ജീവനക്കാരുടെ ഓവർ ഡ്രാഫ്റ്റിന് ഈടാക്കുന്ന പലിശ നിരക്ക് സംഘങ്ങൾ

മറ്റു നിർദ്ദേശങ്ങൾ

സ്വീകരിക്കുന്ന നിക്ഷേപങ്ങളുടെ ശരാശരി പലിശ നിരക്കിനേക്കാൾ വർദ്ധിക്കാത്ത വിധത്തിൽ പുനർ നിർണ്ണയം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ലഭിച്ച നിവേദനം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാറുടെ 24–10–96 ലെ സി.പി.(4) 33383/86 നമ്പർ കത്തിലെ വ്യവസ്ഥകൾക്ക് വിധേയമാക്കി പ്രാഥമിക കാർഷിക/കാർഷികേതര വായ്പാ സഹകരണ ബാങ്കുകൾ ജോയിന്റ് രജിസ്ട്രാറുടെ അംഗീകാരത്തിനായി തയ്യാറാക്കി സമർപ്പിച്ച ഉപനിബന്ധനകളിൽ ഒ.ഡിയുടെ പലിശ നിരക്ക് 9–12–96 ലെ സി.പി.(2) 28462/96 നമ്പർ കത്തിൽ നിശ്ചയിച്ച് നൽകിയിട്ടുള്ള 14.5% എന്ന വ്യവസ്ഥയിൽ മാറ്റം വരുത്തി സ്ഥിര നിക്ഷേപങ്ങൾക്ക് സംഘം സ്വീകരിക്കുന്ന കൂടിയ പലിശ നിരക്കിൽ നിന്നും 2% കുറച്ചു നൽകുന്ന കാര്യം പരിഗണിക്കേണ്ടതാണ്.

താങ്കളുടെ വിശ്വസ്തൻ
സഹകരണ സംഘം രജിസ്ട്രാർക്കു വേണ്ടി

നമ്പർ സി.പി.(1) 6151/99

സഹകരണ സംഘം രജിസ്ട്രാറാഫീസ്
തിരുവനന്തപുരം, 2–11–99

സർക്കുലർ നമ്പർ 43/99

വിഷയം: **സഹകരണ വകുപ്പ് – പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പാ പരിധി ഉയർത്തുന്നത്–സംബന്ധിച്ച്.**

സൂചന: 1. **സർക്കാരിന്റെ 3–2–99 ലെ 1388/ബി.1/99/സഹകരണ നമ്പർ കത്തിനോടൊപ്പം ലഭിച്ച കേരള കോ ഓപ്പറേറ്റീവ് എംപ്ലോയീസ് യൂണിയന്റെ നിവേദനം**

2. **സർക്കാരിന്റെ 18–9–99 ലെ 1388/ബി.1/99/സഹകരണ നമ്പർ കത്ത്.**

കേരളത്തിലെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പാ അനുവദിക്കുന്നതിന് 2–9–97 ലെ ജി.ഒ.(പി) 111/97/സഹകരണ നമ്പർ പ്രകാരം സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാറുടെ 29–9–96 ലെ സി.പി.1 1326/96 നമ്പർ കത്തു പ്രകാരം "പ്രാഥമിക വായ്പാ സഹകരണ സംഘം ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പാ ഇനത്തിൽ നൽകാവുന്ന വായ്പാ പരിധി അതിന്റെ പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനവും, സ്റ്റാറ്റ്യൂട്ടറി റിസർവും ചേർന്ന സ്വന്തം ഫണ്ടിന്റെ 12 ശതമാനവും ഒരു ജീവനക്കാരന് നൽകാവുന്ന പരമാവധി തുക രണ്ട് ലക്ഷം രൂപയുമാണ്" എന്ന് വ്യവസ്ഥ ചെയ്ത് അനുവദിച്ചിരുന്നു.

ജില്ലാ സഹകരണ ബാങ്ക് ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പാ നൽകുന്നത് സംബന്ധിച്ച് ജില്ലാ ബാങ്ക് ജീവനക്കാരുടെ സർവീസ് റെഗുലേഷനിൽ സർക്കാർ ഭേദഗതി വരുത്തിയതു പ്രകാരം ഭവന നിർമ്മാണ വായ്പക്ക് ജീവനക്കാർ നൽകേണ്ട പലിശ മുൻ സാമ്പത്തിക വർഷം മാർച്ച് മാസത്തെ ഒടുവിലത്തെ വെള്ളിയാഴ്ചയിലെ

ശരാശരി നിക്ഷേപ പലിശയിൽ കുറയാൻ പാടില്ല എന്ന് നിശ്ചയിച്ചിട്ടുള്ളതും അതേ പലിശ നിരക്കുകൾ പ്രാഥമിക വായ്പാ സംഘങ്ങളിലെ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പക്കും ബാധകമാക്കാവുന്നതാണെന്ന് രജിസ്ട്രാറുടെ 25-11-97 ലെ സി.പി. 1. 1325/96 നമ്പർ കത്തു പ്രകാരവും അറിയിച്ചിട്ടുണ്ട്.

സഹകരണ സംഘം ജീവനക്കാർക്ക് ഭവന നിർമ്മാണാവശ്യത്തിന് നൽകുന്ന വായ്പാ പരിധി ഉയർത്തി അനുവദിക്കണമെന്ന സൂചന 1 പ്രകാരമുള്ള ആവശ്യം പരിഗണിച്ചതിൽ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പാ അനുവദിക്കുന്നതിനുള്ള പരിധി അതാതു സംഘത്തിന്റെ സ്വന്തം ഫണ്ടിന്റെ പരമാവധി 15% വരെ സഹകരണ നിയമങ്ങൾക്ക് വിധേയമായി നൽകുന്നതിന് അനുവാദം നൽകാവുന്നതാണ് എന്ന് സൂചന 2 കത്ത് പ്രകാരം സർക്കാർ അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ താഴെ പറയും പ്രകാരം ഉത്തരവാകുന്നു. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പാ ഒരു ജീവനക്കാരന് പരമാവധി രണ്ടു ലക്ഷം രൂപ എന്ന നിരക്കിൽ അതാതു സംഘത്തിന്റെ സ്വന്തം ഫണ്ടിന്റെ പരമാവധി 15% വരെ നൽകാവുന്നതാണ്. ടി വായ്പക്ക് ജീവനക്കാർ നൽകേണ്ട പലിശ മുൻ സാമ്പത്തിക വർഷം മാർച്ച് മാസത്തെ ഒടുവിലത്തെ വെള്ളിയാഴ്ചയിലെ ശരാശരി നിക്ഷേപ പലിശയിൽ കുറയാൻ പടില്ലാത്തതുമാണ്. ആയത് സഹകരണ നിയമങ്ങൾക്ക്, സംഘത്തിന്റെ സാമ്പത്തിക സ്ഥിതിക്കും, ഭരണസമിതി തീരുമാനത്തിന് വിധേയമായി മാത്രമേ നൽകാൻ പാടുള്ളൂ. കൂടാതെ ജില്ലാ സഹകരണ ബാങ്ക് ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പാ നൽകുന്നതിന് അംഗീകരിച്ച് നൽകിയിട്ടുള്ള സബ് റൂളിന്റെ മാതൃകയിൽ തന്നെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ഭവന നിർമ്മാണ വായ്പാ അനുവദിക്കുന്നതിനുള്ള സബ് റൂൾ തയ്യാറാക്കി അതാത് ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരുടെ അംഗീകാരത്തോടുകൂടി നടപ്പിൽ വരുത്തേണ്ടതുമാണ്.

വി. പി. ജോയി. ഐ. എ. എസ്.
സഹകരണസംഘം രജിസ്ട്രാർ

GOVERNMENT OF KERALA
Abstract

Co-operation-Kerala State Co-operative Employees Welfare Board-Scheme for the Welfare of Commission Agents/Salesmen working in the Co-operative Institution-approved-Orders issued.

CO-OPERATION (C) DEPARTMENT

G.O. (Ms) No.27/2001/Co-op. Thiruvananthapuram, 31-1-2001

Read: **1. G.O.363/86/Co-op. Dated, 30-9-86.**

2. Resolution No.11 dated 18-10-2000 of the Managing Committee of the Kerala State Co-operative Employees Welfare Board.

3. Letter No. EM (2) 43169/2000 dated, 24-11-2000 of the Registrar of Co-operative Societies, Thiruvananthapuram.

ORDER

The Managing committee of the Kerala State Co-operative Employees Welfare Board as per Resolution read as 2nd paper above resolved to approve the scheme for the welfare of Commission Agents/Salesman working in the Co-operative Institutions. The Registrar of Co-operative Societies as per letters read as 3rd paper above have recommended the scheme and requested Government issue necessary approval to the scheme.

2. After having considered the scheme furnished by the Kerala State Co-operative Employees Welfare Board and the recommendations of the Registrar of Co-operative Societies.

Government are pleased to approve the scheme for the Welfare of the Commission Agents working in the Co-operative Institutions, as appended to this order.

By Order of the Governor
C. P. Sreelatha
Additional Secretary to Government

Appendix

THE KERALA STATE CO-OPERATIVE COMMISSION AGENTS WELFARE SCHEME

1. Short Title and Commencement:- The scheme may be called The Kerala State Co-operative Commission Agents Welfare Scheme 2001.

2. Definition:- In this scheme unless the context otherwise requires:-

a. Board, Managing Committee, Chairman, Vice-Chairman, Secretary-Treasurer, Year, shall have the same meaning assigned to them under the Kerala State Co-operative Employees Welfare Board rules.

b. Form:- Means a form appended to this scheme.

c. Commission Agents/Salesmen:- Means a person who is engaged as deposit collectors/Bill collectors/Salesman persons working in Neethi

Stores and Neethi Medical Stores or any persons working in any other name on commission basis in a Co-operative Society registered or deemed to be registered. Constituted or established under the KCS Act 1969 (Act 21 of 1969) and coming under the administrative control of the Registrar of Co-operative Societies and co-operatives coming under other departments of the State Government.

d. Employer:- Means any Co-operative Institution who engage any persons as commission agent as defined in clause 2 (c) of Rule 2, to his institution.

e. Member:- Means any persons as defined in clause of Rule (2) of this rules and who contributes to the scheme. And who come with in the age group from 18 to 60 years.

f. Scheme:- Means scheme formed under these rules.

g. Nominee:- Means a member of the family of the commission agent or any other persons nominated by the commission agent for the purpose of these rules and family shall mean wife, husband, children, dependant parents and children of a deceased son of the subscriber.

h. All other words and expressions used in the scheme but not defined shall have the meaning respectively assigned to them in the Kerala State Co-operative Employees Welfare Board rules.

3. OBJECTS:- The objects of the Scheme are:-

a. To raise and administer funds for the Welfare of the commission agents as defined in Rule (2) generally and to alleviate the distress of the said commission agents and their dependants in indigent circumstances and

b. To do what is incidental to the above object such as providing relief by grant of money or other aid to help otherwise as the Managing Committee may deem fit.

4. MANAGEMENT:- The management and administration of the scheme shall vest with a Managing Committee constituted as per section 4 of the Kerala State Co-operative Employees Welfare Board rules.

5. FUNDS OF THE SCHEME:- It shall consist of the following:-

a. Monthly contribution from the members of this scheme.

b. Contribution from Co-operative Institutions towards this scheme.

c. Income arising out of the investments of the funds.

d. Contribution from State or central Government and Local Bodies and other approved agents.

6. MODE OF JOINING THE SCHEME:- Every member (commission agents) shall apply for the membership to the secretary in form No. C.1 through the Chief Executive of the institution along with a copy of resolution of the Management and a Certificate Issued by the Chief Executive as prescribed in the form No. C7.

7. CONTRIBUTION:- Every member shall pay a monthly contribution Rs. 30 to the scheme from the date on which he/she joins the scheme and every institution shall contribute an equal amount contributed by the member towards the scheme (as defined in the Rules of Kerala State Co-operative Employees Welfare Board.)

8. RECOVERY AND DEPOSIT OF CONTRIBUTION:-

a. Every institution shall recover the monthly contribution at the rates prescribed in Rule 7 from each member from his/her commissions who exercised their option to come over to the scheme. Separate ledger shall be maintained by the institution for each commission Agent in the form prescribed in form No. C-3.

b. The amount so recovered along with contribution from the side of the institution under Rule 8 (a) shall be remitted by the institution in the nearest branch of the concerned District Co-operative Bank within five days from the date of recovery along with a schedule in four copies in the form prescribed in form No. C,4. In the account number specially opened for this purpose.

c. The concerned branch shall after making necessary entries thereon send the copy of the schedule to the societies who remit the amount and once copy of the same to be retained in the branch of the District Co-operative Bank concerned. The secretary shall sent in copy directly to the Secretary Treasurer of the Board immediately.

d. On the basis of the schedules received, the secretary shall maintain separate ledger account of each Commission Agent besides other accounts and registers.

e. The amount received by the branches of the District Co-operative Banks under the scheme shall be credited in a separate savings Bank Account (Maximum interest bearing Saving Bank Account) in the name of the Additional Registrar/Secretary Treasurer, Kerala State Co-operative

Employees Welfare Board, Trivandrum opened specially for this scheme in the Head Office branch of the concerned District Co-operative Bank Ltd.

9. WITHDRAWAL OF FUNDS:- Withdrawal of any amount from the accounts of the scheme shall be regulated in the manner to be determined by the managing committee. Such withdrawal shall be made by cheque or requisitions (as the case may be signed by the Secretary-Treasurer.

10. DEATH BENEFIT TO THE FAMILY OF THE MEMBER:- If a member coming under the clause 7 dies while in service an amount of Rs. 25,000 shall be paid to his/her family.

In the event of death of a member covered by the scheme, the president of the institution shall obtain an application, in the form prescribed in form No. C5 addressed to the Secretary-Treasurer of the Board from the nominees claiming the amount and forward the same with the relevant details, duly recommended by the President, Secretary and two Board of Directors of the institution with in 60 days from the date of death of the member.

11. RETIREMENT BENEFITS:- On retirement/relief on other grounds, of a member coming under the scheme the actual amount contributed by him/her along with the contribution by the Management shall be paid to him/her.

On the retirement/relief of a member coming under the scheme the President of the institution shall obtain and forward an application in the form prescribed in Form No C6 from the commission agent with the resolution to this effect duly recommended by the President, Secretary and two Board of directors of the Institution, to the Secretary-Treasurer of the Board within 60 days from the date of retirement/relief.

12. CASH AWARD:- At state level, children of the commission agents coming under rule of this scheme who secure the first two places in the S.S.L.C. examination in every academic year shall be given cash awards of Rs. 5,000 and Rs. 3,000 respectively for the 1st and 2nd places.

Similarly at District level one cash award of Rs. 1,000/- shall be given in every academic year to the child of the employees coming under rule of this scheme who secure the highest marks in the S.S.L.C. examination in the District.

Those students who intend to apply for the cash award shall submit their applications in the Prescribed Form shown in Form No.C.9 along with the true copy of the mark list of S.S.L.C. Certificate duly attested by the concerned Headmaster/Headmistress of the school in which he/she has studied and forward the same to the Secretary-Treasurer of the Kerala State Co-operative

Employees Welfare Board, duly recommended by the concerned President and Secretary and two Board of Directors of the Institution within thirty days from the date of publication of the S.S.L.C. results.

13. After thorough scrutiny of the application received, the Secretary-Treasurer of the Board, shall places them before the Managing Committee for sanction. In urgent cases, the applications will be submitted to the vice-chairman of the Board, for sanctioning the claim under Rule 10 and the Secretary-Treasurer of the Board shall sanction the claim under Rule 11.

On getting sanction from the Managing Committee/Vice chairman, as the case may be the Secretary-Treasurer shall issue order to disburse the amount admissible to the employees according to Rule 10,11,12.

14. DISBURSEMENT OF THE AMOUNT:-

a In a case where some person/persons other than a member of the family has/have been nominated, and it is found on an enquiry conducted or cause to be conducted by the Managing Committee that the deceased commission agent had a family at the time of his/her death, then the amount due shall be paid to the family of the deceased. The order of preference for payment shall be that given in the definition of family member to whom the amount due happen to be a minor, the amount/share due to such minor(s) under the scheme should be paid to the surviving wife/husband i.e.. Mother/ father of the minor of the deceased subscriber for the benefit of the minor after obtaining stamped receipt for the payment. In the absence of wife/ husband (i.e.. Mother/father of the minor) of the deceased, the amount will be paid to legal guardian of the minor for the benefit of the minor.

b If the enquiry shows that the subscriber had not acquired a family, the amount can be disbursed to the nominee(s) specified in the nomination filed by him.

c In case of subscribers who do not have a family but die in harness without filing a nomination, the Managing Committee shall consider the claim for payment, if any, preferred and on being satisfied of the genuineness of the claim, after making or causing to make such enquiries as they deem fit, sanction the same. The payment shall be made only after getting an indemnity bond duly executed by the claimant in the form prescribed in Form No. C-11 duly stamped for the gross amount due for the payment with two sureties of known financial stability. The claimant as well as the sureties executing the bond should be persons who have attained majority. Where two or more persons claim the amount, each should execute indemnity bond individually.

d In case there arise any doubt to the claimants on the legal right to the amount under the scheme, payment will be sanctioned only to the person who produces a succession certificate. In case where the claimants are minors the amount due under the scheme will be sanctioned only on production of a succession certificate from the court.

e The amount sanctioned will be disbursed by a crossed cheque drawn in favour of the claimant/employee or their nominee(s) as the case may be.

15. ACCOUNTS AND AUDIT:- Separate accounts shall be maintained with regard to the contribution as well as disbursement of assistance towards this scheme and same is to be produced before audit.

Audit of accounts relating to the fund at batch level shall be conducted by the Auditors of the Co-operative Department conducting the annual audit of institutions concerned and the accounts incorporated in the balance sheet of each institutions.

The accounts kept by the Secretary-Treasurer of the fund shall be audited annually by an Auditor appointed by the Registrar of Cooperative Societies and a report consisting of income and expenditure statement and balance sheet duly certified, furnished to the Secretary-Treasurer of the Board. He will place the report before the Managing Committee within 30 days of its receipt.

Copies of the annual accounts of the Board audited and certified by the Auditor shall be submitted by the Secretary Treasurer to the Government of Kerala every year.

16. ANNUAL REPORT:- An annual report on the working of the scheme shall be prepared by the Secretary-Treasurer along with a report of the scheme and shall after approval by the Managing Committee be presented to the Government of Kerala.

17. The Managing Committee with the approval of Government may appoint such other staff or make such other arrangements as they deem necessary for the efficient control and administration of the scheme.

18. ADMINISTRATIVE EXPENSES:- Administrative expenses shall be a legitimate charge on the assets of the funds.

19. REPEAL AND SAVINGS:- The Managing Committee shall, within the frame work of the constitution of the scheme as laid down above, have full powers to repeal amend or revise any or all of these rules with the prior approval of Government whenever, in the opinion of the Managing Committee, it is expedient to do so.

സംഘങ്ങളുടെ പൊതുഭരണം

വാഹനങ്ങളുടെ ഉപയോഗം
ടെലഫോൺ സ്ഥാപിക്കുന്നതിൽ നിയന്ത്രണം
തരള ധനം
ഇൻഷ്വറൻസ്
ശാഖ തുറക്കൽ
പൊതു നിർദ്ദേശങ്ങൾ
നിയമലംഘനങ്ങളിൻമേലുള്ള നടപടികൾ
സർക്കാർ സഹായം
ബന്ധപ്പെട്ട മറ്റു നിയമങ്ങൾ
സഹകരണ യൂണിയനുകൾ

No.G3/53299/73. Office of the Registrar of Co-operative Societies
Thiruvananthapuram, 10th April 1974

CIRCULAR No. 13/74

Sub: **Co-operative Societies-Use of vehicles instructions issued.**

It has been brought to my notice that there is no uniform rules at present regulating the use of vehicles owed by the Co-operatives. In view of the present scarcity in the supply and the high cost of petrol it is considered imperative that there should be a uniform pattern of rules to control the use of vehicles owned by Co-operatives. With the above objective in view the following model Rules are suggested for adoption by co-operatives, for the use of vehicles owned by them. On the basis necessary subsidiary rules with such minor modifications as found necessary may be framed and got approved by the authorities concerned.

(1) The Chief Executive Officer of the society shall be responsible for the proper use, care and maintenance of the vehicle and regulating its journeys in accordance with the sub rules approved by the committee.

(2) The vehicle shall ordinarily be used only for the bonafide purposes connected with the business of the society. The committee will specify the purposes to which it may be utilised.

(3) The following accounts shall be maintained in respect of the vehicle

(i) Log Book

(ii) A register showing the cost of petrol, oil etc. consumed and all incidental receipts and expenditure.

(iii) A record of repairs and replacements indicating the cost and the dates on which they were carried at and of spare parts.

(iv) An inventory of the equipments including condemned parts.

(4) The Controlling Officer shall check the above records periodically.

(5) The vehicle may be permitted to be used on non-duty journeys/other private purposes with the permission of the Controlling Officer. Charges at the rates fixed by the Committee shall be levied for such use.

(6) The vehicle shall be got tested by a reputed workshop at the nearest Centre, at least once in six months. Along with the testing, the rate of fuel consumption shall also be got fixed. Where any decrease in the normal or previously certified rate of consumption of fuel is noticed and there is

reason to suspect that the decrease is due to mechanical defect, the testing officer should also record the nature of defect and recommend further action.

(7) The vehicle shall be serviced properly at intervals in consultation with a technical expert.

(8) The vehicle shall ordinarily be garaged at the premises of the society or at other places approved by the Committee.

(9) The Controlling Officer shall check the actual fuel consumption periodically with reference to tested mileage and actual mileage obtained.

(10) If the meter record is found defective the driver shall immediately report the fact to the Chief Controlling Officer who shall take necessary steps to have the meter repaired.

(11) The vehicle shall ordinarily be driven only by the driver appointed for the purpose. In exceptional cases, other persons who possess valid driving licences may be allowed to drive, with the permission of the Controlling Officer.

(12) The Vehicle shall carry a plate in front and rear indicating the name of the society.

The Deputy Registrars are requested to ensure that the societies adhere to these instructions.

T. R. Sankara Pillai
For Registrar of Co-operative Societies

No.CB (3) 7951/84/R.Dis. Office of the Registrar of Co-operative Societies, Trivandrum, 8-2-1984

CIRCULAR No. 12/84

Sub: **District Co-operative Banks-use of Vehicles by the President and General Manager-permission-orders issued.**

Read: **1. Circular No. 13/74 dated 16-4-1974 of the Registrar of Co-operative Societies.**

2. Circular No 106/75 dated 16-12-75 of the Registrar of Co-op. Societies.

വാഹനങ്ങളുടെ ഉപയോഗം

In the circular read as first paper above uniform pattern of Rules to Control the use of vehicles owned by Co-operative Societies were prescribed. In the circular read as second paper above it was ordered that the vehicles of Co-operative Societies shall not be used for non-duty journeys or journeys in connection with private purposes. This order was issued to safe guard the interest of the Societies/Banks and prevent possible misuse of vehicles.

Since then it has been represented on various occasions that the Presidents and General Managers of the District Co-operative Banks may be permitted to use the cars owned by the banks for personal purposes. The question came up for discussion in the Central Banks conference held on 4-2-84 and it was decided that the Presidents and General Managers of the banks may be allowed to use the cars owned by the banks for personal purposes also. The conference also requested the Registrar of Co-operative Societies to issue necessary orders in the matter.

The question has been examined in detail and the following orders are issued.

1) The Presidents and General Managers of the District Co-operative Banks may use the cars for personal purposes free of cost upto (a) 500 KMs by the Presidents in a month (b) 250 KMs by the General Managers in a month.

   They have to pay rent/hire for journeys performed over and above the above limit at the rates prescribed by the bank and approved by the Registrar.

2) The District Co-operative Banks will make necessary amendment to the subsidiary rules framed for the purpose and get it approved by the Registrar.

3) These orders will come into force with effect from 10-2-1984.

K. M. Balakrishnan
Registrar of Co-operative Societies

No.CP(3) 28438/96. Office of the Registrar of Co-operative Societies,
Thiruvananthapuram, 20-8-1996

CIRCULAR No. 17/96

Sub: **District Co-operative Bank use of vehicle by the president and General Manager-permission revised orders-issued.**

Ref: **1. Circular No. 12/84 dated 8-2-84 of the Registrar of Co-operative Societies.**

2. Circular No. 8/92 dated 13-2-92 of the Registrar of Co-operative Societies.

As per circular 1st cited the president and General Manager of District Co-operative Banks were permitted to use the cars owned by the Bank for their personal purposes free of cost upto 500 KMs. And 250 KMs in a month respectively. As per circular 2nd cited the permission to use Bank cars for the private use of presidents/General Managers was cancelled. Taking into account of the increased Business, transaction, of these District Co-operative Bank the instruction issued in Circular No. 8/92 dated 13-2-92 is hereby cancelled. The instruction issued as per circular No. 12/84 dated 8-2-84 will be in force from the date of this circular with regard to the use of the vehicle of the Bank for personal purposes.

Nalini Netto I. A. S.
Registrar of Co-operative Societies

ടെലഫോൺ സ്ഥാപിക്കുന്നതിൽ നിയന്ത്രണം

നമ്പർ സി.പി.(3)16033/91

സഹകരണ സംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 28–8–1991

സർക്കുലർ നമ്പർ 24/91

വിഷയം: **പ്രാഥമിക സഹകരണ സംഘങ്ങൾ – ഫണ്ടുകൾ ദുർവിനിയോഗം ചെയ്യുന്നത്–ടെലിഫോൺ സ്ഥാപിക്കുന്നത് സംബന്ധിച്ച് – നിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നു.**

സൂചന: **തിരുവനന്തപുരം സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ 7–6–1991 ലെ സി.ആർ.പി.(2) 3217/91 ാം നമ്പർ കത്ത്.**

സംസ്ഥാനത്തിലെ പ്രാഥമിക സഹകരണ സംഘങ്ങളിൽ ചിലത് സംഘങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുകയോ, ഗണ്യമായ എണ്ണം നഷ്ടത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയോ ആണ്. സംഘത്തിന്റെ ആദായവും ചെലവുകളും തമ്മിൽ യാതൊരു പൊരുത്തവുമില്ലാത്തതാണ് നഷ്ടത്തിന്റെ പ്രധാന കാരണമെന്ന് ഇതിനെ സംബന്ധിച്ചുള്ള വിലയിരുത്തലിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്. വളരെ ചുരുങ്ങിയ പ്രവർത്തന പരിധിയുള്ള പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ബാങ്കിംഗ് മുതലായ പ്രവർത്തനങ്ങളിൽ നിന്നുള്ള ലാഭമുണ്ടാകുമ്പോൾ ഒരു ജനകീയ പ്രസ്ഥാനമെന്ന നിലവിൽ സാമൂഹ്യ ബാധ്യതയുള്ള മറ്റു ജനക്ഷേമകരമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തേണ്ടതുള്ളതിനാൽ അത്തരം പ്രവർത്തനങ്ങളിൽ നഷ്ടമുണ്ടാകുന്നതിനുള്ള സാധ്യതകൾ പലപ്പോഴും ഉണ്ടാകാറുണ്ട്. ഈ സാഹചര്യത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളുടെ ചിലവുകൾ പരമാവധി കുറക്കുക മാത്രമേ കരണീയമായിട്ടുള്ളൂ. വർദ്ധിച്ചു വരുന്ന അനുബന്ധ ചിലവുകൾ കുറയ്ക്കുന്നതിലൂടെ സംഘങ്ങളുടെ നില ഒരു പരിധി വരെ മെച്ചപ്പെടുത്താനും കഴിയും. പ്രാഥമിക സഹകരണ സംഘങ്ങളിലെ അനുബന്ധ ചിലവുകളിൽ പ്രധാനമായ സംഘം വക ടെലിഫോൺ ഇനത്തിലുള്ള ചിലവ്, സംഘത്തിന്റെ പ്രവർത്തനവുമായി യാതൊരു പൊരുത്തവുമില്ലാത്ത രീതിയിലാണെന്ന് കണ്ടതിന്റേയും സംഘം വക ടെലിഫോണുകൾ ദുരുപയോഗം ചെയ്യുന്നുവെന്ന പൊതു ആക്ഷേപത്തിന്റേയും അടിസ്ഥാത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

ഭൂരിഭാഗം പ്രാഥമിക സഹകരണ സംഘങ്ങളുടേയും പ്രവർത്തനപരിധി ഒരു പഞ്ചായത്ത്/വില്ലേജ്/ബ്ലോക്ക് എന്നിവയിൽ ഒതുങ്ങി നിൽക്കുകയാണ്. സഹകരണ സ്ഥാപനങ്ങളുടെ ദൈനം ദിന പ്രവർത്തനത്തിന് പ്രവർത്തന പരിധിക്കകത്തും പുറത്തും ടെലിഫോണുമായി ബന്ധപ്പെടേണ്ടതുമുണ്ട്. എന്നാൽ സഹകരണ സംഘങ്ങളുടെ ഫണ്ടുപയോഗിച്ച് പ്രസിഡണ്ട്/ഭരണസമിതി അംഗങ്ങൾ ചീഫ് എക്സിക്യൂട്ടീവ് എന്നിവരുടെ വസതികളിൽ ടെലിഫോൺ സ്ഥാപിക്കുകയും ടെലിഫോണുകളുടെ ഉപയോഗത്തിന് യാതൊരു നിയന്ത്രണവും ഏർപ്പെടുത്താത്തതു മൂലം ആയത് ദുരുപയോഗം ചെയ്യുന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വളരെ ചുരുങ്ങിയ പ്രവർത്തന പരിധി മാത്രമുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ, അതാതു പ്രവർത്തന പരിധിക്കകത്തുള്ള അംഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി മാത്രമേ

പ്രവർത്തിക്കേണ്ടൂ എന്നിരിക്കേ സംഘം ഭാരവാഹികൾ സംഘത്തിന്റെ ചിലവിൽ സ്വന്തം വീടുകളിൽ ടെലിഫോൺ സ്ഥാപിക്കുന്നതിനും ആയതിന് സംഘം ഫണ്ട് ഉപയോഗിക്കുന്നതും നീതീകരിക്കാനാവുന്നില്ല എന്നതിനും പുറമേ സംഘം ധനത്തിന്റെ ദുർവിനിയോഗവുമാണ്.

ചില സഹകരണ സംഘങ്ങളുടെ പ്രസിഡണ്ട്/ഭരണ സമിതി അംഗങ്ങൾ/ചീഫ് എക്സിക്യൂട്ടീവ് തുടങ്ങിയവർ സഹകരണ സംഘങ്ങളുടെ പേരിലുള്ള ടെലിഫോണിൽ നിന്നും എക്സ്റ്റൻഷൻ എന്ന പേരിൽ സ്വന്തം ചിലവിൽ, വീടുകളിലേക്ക് എടുത്തിരിക്കുന്നതായും ടി ടെലിഫോൺ വാടകയും ചിലവുകളും പിന്നീട് സംഘത്തിന്റെ ചിലവിൽ കൊണ്ടുവരുന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. മറ്റു ചില സഹകരണ സംഘങ്ങളുടെ ഭാരവാഹികൾ സംഘം ഫണ്ടുപയോഗിച്ച് ഔദ്യോഗിക ഭാരവാഹി എന്ന നിലയിൽ വീട്ടിലേക്ക് ടെലിഫോണിന് അപേക്ഷിയ്ക്കുകയും എന്നാൽ അപേക്ഷയിൽ ടിയാന്റെ പേരും വീട് അഡ്രസ്സും മാത്രം നൽകുകയും അങ്ങനെ സഹകരണ സംഘങ്ങൾക്ക് പുതിയ കണക്ഷൻ ലഭിക്കുന്നതിലുള്ള പ്രത്യേക പരിഗണന ദുരുപയോഗം ചെയ്യുകയും, സംഘം ഫണ്ടുപയോഗിച്ച് എടുക്കുന്ന ടെലിഫോൺ, ടിയാൻ ഔദ്യോഗിക ഭാരവാഹി അല്ലാതെ ആകുന്നതോടുകൂടി, ടിയാന്റെ പേരിലാണ് ടെലിഫോൺ എന്നതിനാൽ സംഘത്തിന് തിരികെ ലഭിക്കാത്ത സാഹചര്യവുമുണ്ടാകുന്നുണ്ട്.

സംഘത്തിന്റെ പ്രവർത്തന പരിധിയുമായി യാതൊരു ബന്ധവുമില്ലാത്ത വിദൂര സ്ഥലങ്ങളിലേക്കു പോലും ട്രങ്ക്/എസ്. റ്റി. ഡി. കാളുകൾ നടത്തുകയും എന്നാൽ സംഘവുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ചാണെന്നോ അതോ സ്വന്ത ആവശ്യത്തിനാണെന്നോ, എന്നൊന്നും അറിയാൻ കഴിയാതിരിക്കുകയും ആയതിന് വ്യക്തമായ രജിസ്റ്ററുകൾ സൂക്ഷിക്കാതിരിക്കുകയും ചെയ്യുന്ന നടപടി മൂലം കാര്യമായ തുകകൾ പ്രതിവർഷം ടെലിഫോൺ ചാർജിനത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾ അടക്കാൻ ഇടവരുന്ന നടപടി സംഘം ഫണ്ടിന്റെ ദുർവിനിയോഗമായി മാത്രമേ കണക്കാക്കാൻ കഴിയുകയുള്ളൂ.

ഈ സാഹചര്യത്തിൽ ഈ ദുർവിനിയോഗം തടയുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങളുടെ ചിലവിൽ ടെലിഫോൺ കണക്ഷനോ, എക്സ്റ്റൻഷനോ ഔദ്യോഗിക ഭാരവാഹികളുടേയും സംഘം ഉദ്യോഗസ്ഥൻമാരുടേയും വസതികളിലേക്ക് എടുക്കാൻ പാടുള്ളതല്ലെന്ന് നിർദ്ദേശിയ്ക്കുന്നു. നിലവിലുള്ള ഇത്തരം കണക്ഷനുകൾ വിഛേദിക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. ഇത്തരം ധന ദുർവിനിയോഗത്തിന് അതാതു പ്രാഥമിക സഹകരണ സംഘങ്ങളുടെ സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ്മാരായിരിക്കും ഉത്തരവാദികളെന്നും ഓർമ്മിപ്പിക്കുന്നു.

സഹകരണ സംഘങ്ങളിൽ പരിശോധന ആഡിറ്റു നടത്തുമ്പോൾ ടെലിഫോൺ ഇനത്തിലുള്ള ചിലവുകൾ സൂക്ഷ്മമായി വിലയിരുത്തേണ്ടതും അവയുടെ നിജസ്ഥിതി ബോദ്ധ്യപ്പെടുത്തേണ്ടതും ആവശ്യമായ രജിസ്റ്ററുകൾ

മതിയായ രേഖപ്പെടുത്തലുകൾ വരുത്തി യഥായോഗ്യം സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ഈ ഇനത്തിലുള്ള ക്രമക്കേടുകൾ വകുപ്പിലെ മേലുദ്യോഗസ്ഥൻമാരുടെ ശ്രദ്ധയിൽ കർശനമായും കൊണ്ടു വരേണ്ടതും ഇക്കാര്യത്തിലുള്ള വീഴ്ച ഗൗരവമായി വീക്ഷിക്കുന്നതുമായിരിക്കും.

മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുകയും, സംഘം അംഗങ്ങളിൽ നിന്നും മറ്റു സഹകാരികളിൽ നിന്നുമുള്ള ആക്ഷേപങ്ങൾ ഒഴിവാക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

വി. എസ്. സെന്തിൽ
സഹകരണ സംഘം രജിസ്ട്രാർ

നമ്പർ സി.എൽ.റ്റി.(4) 4514/94

സഹകരണസംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 28/3/1994

സർക്കുലർ നമ്പർ 9/94

വിഷയം: **പ്രാഥമിക സഹകരണ സംഘങ്ങൾ ഔദ്യോഗിക ഭാരവാഹികളുടെ വസതികളിൽ സംഘങ്ങളുടെ ചിലവിൽ ടെലിഫോൺ കണക്ഷനുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ.**

സൂചന: **സഹകരണ സംഘം രജിസ്ട്രാറുടെ 28-8-91 ലെ 24/91 നമ്പർ സർക്കുലർ**

പ്രാഥമിക സഹകരണ സംഘങ്ങളിൽ ടെലിഫോൺ ഉപയോഗിക്കുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സൂചനയിലെ സർക്കുലർ പ്രകാരം നൽകിയിട്ടുണ്ടായിരുന്നു. പ്രാഥമിക സഹകരണ സംഘങ്ങളുടെ ചിലവിൽ ഔദ്യോഗിക ഭാരവാഹികളുടേയും സംഘം ഉദ്യോഗസ്ഥൻമാരുടെയും വസതികളിലേക്ക് ടെലഫോൺ കണക്ഷനുകളോ എക്സ്റ്റൻഷനോ നൽകാൻ പാടുള്ളതല്ലെന്നും നിലവിലുള്ള ഇത്തരം കണക്ഷനുകൾ വിഛേദിക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ ചില പ്രാഥമിക സഹകരണ സംഘങ്ങളിൽ ഔദ്യോഗിക ഭാരവാഹികളുടെ വസതികളിൽ സംഘങ്ങളുടെ ചിലവിൽ നൽകിയിട്ടുള്ള ടെലിഫോൺ കണക്ഷനുകൾ തുടർന്ന് നൽകേണ്ടത് സംഘങ്ങളുടെ താൽപ്പര്യത്തിന് ആവശ്യമാണെന്നും അതിനാൽ അവ തുടർന്നു നൽകാൻ അനുമതി നൽകണമെന്നും കാണിച്ച് ലഭിച്ച നിവേദനങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചനയിലെ സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് ചില ഭേദഗതി ആവശ്യമാണെന്നു കാണുന്നു.. അതിന്റെ അടിസ്ഥാനത്തിൽ സൂചനയിലെ സർക്കുലറിന് ചുവടെ പറയും പ്രകാരം സർക്കുലറിൽ ഭാഗികമായി ഭേദഗതി വരുത്തിയിരിക്കുന്നു.

ഔദ്യോഗിക ഭാവവാഹികളുടെ വസതികളിൽ സഹകരണ സംഘങ്ങളുടെ ചിലവിൽ നൽകിയിട്ടുള്ള ടെലിഫോൺ കണക്ഷനുകൾ തുടർന്ന് നൽകേണ്ടത് ആവശ്യമാണെന്ന് സംഘത്തിന് ബോധ്യമുള്ള പക്ഷം ആയതിന് പ്രത്യേക അനുവാദം അതാത് ജോയിന്റ് രജിസ്ട്രാർമാരിൽ നിന്നും വാങ്ങിക്കേണ്ടതാണ്. ഇത്തരം അപേക്ഷകൾ ലഭിക്കുന്ന പക്ഷം ബന്ധപ്പെട്ട സംഘത്തിന്റെ സാമ്പത്തിക സ്ഥിതിയിലും ടെലിഫോൺ കണക്ഷനുകൾ തുടർന്നു നൽകേണ്ടത് സംഘത്തിന്റെ താൽപ്പര്യങ്ങൾക്ക് എത്രമാത്രം സഹായകരമാണെന്നും ബന്ധപ്പെട്ട സംഘത്തിന് ഇതിനാവശ്യമായ ചിലവു വഹിക്കാൻ കഴിയുമെന്നും ബോദ്ധ്യമായ ശേഷം അതാതു ജോയിന്റ് രജിസ്ട്രാർമാർ താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകാവുന്നതാണ്.

1. നിലവിൽ സംഘം പ്രസിഡണ്ടിന്റെ വസതിയിലേക്കുള്ള ടെലിഫോൺ കണക്ഷൻ മാത്രമേ പരിഗണിക്കേണ്ടതുള്ളൂ.

2. ടെലിഫോണിന്റ റെന്റൽ ചാർജ് മാത്രമേ സംഘം സ്വന്തം ഫണ്ടിൽ നിന്നും വഹിക്കുവാൻ പാടുള്ളൂ. ടെലിഫോണിന്റെ ഇതര ചാർജുകൾ സംഘം പ്രസിഡണ്ടു സ്വന്തമായി വഹിക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ അവ സംഘം ചിലവാക്കുന്നുവെങ്കിൽ പ്രസ്തുത തുക ബന്ധപ്പെട്ട വ്യക്തിയിൽ നിന്നും ഉടൻ ഈടാക്കേണ്ടതാണ്.

3. സംഘം പ്രസിഡന്റു സ്ഥാനത്തു നിന്നും ബന്ധപ്പെട്ട വ്യക്തി മാറുന്ന അവസരത്തിൽ പ്രസ്തുത വ്യക്തിയുടെ വസതിയിലേക്ക് സംഘത്തിന്റെ പേരിൽ നൽകിയിട്ടുള്ള പ്രസ്തുത കണക്ഷൻ ഉടൻ വിഛേദിക്കേണ്ടതും സംഘത്തെ തിരിച്ചേൽപ്പിക്കേണ്ടതുമാണ്.

പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രസിഡന്റുമാരുടെ വസതികളിലേക്ക് ഇനിമേൽ ടെലിഫോൺ കണക്ഷനുകൾ ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർമാരിൽ നിന്നും പ്രത്യേക അനുമതി ലഭിച്ച ശേഷം മാത്രമേ നൽകാൻ പാടുള്ളൂ. അത്തരം അപക്ഷകൾ വല്ലതും ലഭിക്കുകയാണെങ്കിൽ ജോയിന്റു രജിസ്ട്രാർമാർ മേൽ നിർദ്ദേശിച്ച മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമേ അനുമതി നൽകാൻ പാടുള്ളൂ.

നിലവിലുള്ള കേസുകളിൽമേൽ പ്രസ്താവിച്ച പ്രകാരം അപേക്ഷ നൽകി രണ്ടു മാസത്തിനകം പ്രത്യേകാനുമതി വാങ്ങിയിട്ടില്ലാത്ത ഔദ്യോഗിക ഭാരവാഹികളുടെ വസതികളിലേക്ക് സംഘങ്ങളുടെ നിലവിൽ നൽകിയിട്ടുള്ള എല്ലാ ടെലിഫോൺ കണക്ഷനുകളും ഉടൻ വിഛേദിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

വി. എസ്. സെന്തിൽ
സഹകരണസംഘം രജിസ്ട്രാർ

ടെലഫോൺ സ്ഥാപിക്കുന്നതിൽ നിയന്ത്രണം.

നമ്പർ സി.എൽ.റ്റി. (4) 44906/94 സഹകരണസംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 19–6–95

സർക്കുലർ നമ്പർ 13/95

വിഷയം: **പ്രാഥമിക സഹകരണസംഘങ്ങൾ – സംഘത്തിലെ ഉദ്യോഗസ്ഥൻമാരുടെ വസതികളിൽ സംഘങ്ങളുടെ ചെലവിൽ ടെലഫോൺ കണക്ഷനുകൾ നൽകുന്നതു സംബന്ധിച്ച്**

സൂചന: 1. **സഹകരണസംഘം രജിസ്ട്രാറുടെ 28–8–91ലെ 24/91 നമ്പർ സർക്കുലർ**

2. **സഹകരണസംഘം രജിസ്ട്രാറുടെ 28–3–94 ലെ 9/94 നമ്പർ സർക്കുലർ**

പ്രാഥമിക സഹകരണസംഘങ്ങളിൽ ടെലഫോൺ ഉപയോഗിക്കുന്നതു സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സൂചനയിലെ സർക്കുലർ പ്രകാരം നൽകിയിട്ടുണ്ടായിരുന്നു. പ്രാഥമിക സഹകരണസംഘങ്ങളുടെ ചെലവിൽ ഔദ്യോഗിക ഭാരവാഹികളുടേയും സംഘം ഉദ്യോഗസഥൻമാരുടേയും വസതികളിലേക്ക് ടെലഫോൺ കണക്ഷനുകളോ എക്സ്റ്റൻഷനോ നൽകാൻ പാടുള്ളതല്ലെന്നും നിലവിലുള്ള ഇത്തരം കണക്ഷനുകൾ വിഛേദിക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണെന്നും സൂചന (1) സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ ചില പ്രാഥമിക സഹകരണസംഘങ്ങളിൽ സംഘം ഔദ്യോഗിക ഭാരവാഹികളുടെ വസതികളിൽ സംഘങ്ങളുടെ ചെലവിൽ നൽകിയിട്ടുള്ള ടെലഫോൺ കണക്ഷനുകൾ തുടർന്ന് നൽകേണ്ടത് സംഘങ്ങളുടെ താൽപ്പര്യത്തിന് ആവശ്യമാണെന്നും അതിനാൽ അവ തുടർന്നു നൽകാൻ അനുമതി നൽകമെന്നും കാണിച്ച് ലഭിച്ച നിവേദനങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന (1)ലെ സർക്കുലർ നിർദ്ദേശങ്ങൾക്ക് ഭാഗിക ഭേദഗതി ആവശ്യമാണെന്നു കണ്ട് അതിന്റെ അടിസ്ഥാനത്തിൽ സൂചന (2) സർക്കുലർ ഭാഗികമായി ഭേദഗതി വരുത്തി സംഘം പ്രസിഡണ്ടിന്റെ വസതിയിലേക്കുള്ള ടെലഫോൺ കണക്ഷൻ പരിഗണിക്കുന്നതിനും ജോയിന്റ് രജിസ്ട്രാർമാർക്കു നിർദ്ദേശം നൽകിയിരുന്നു.

പ്രാഥമിക സഹകരണസംഘങ്ങളിലെ മുഖ്യ ഉദ്യോഗസ്ഥൻമാരുടെ വസതികളിൽ സംഘങ്ങളുടെ ചെലവിൽ നൽകിയിട്ടുള്ള ടെലഫോൺ കണക്ഷനുകൾ തുടർന്ന് നൽകേണ്ടത് ആവശ്യമാണെന്നും ആയത് തുടർന്ന് നൽകാൻ അനുവദിക്കണമെന്നുമുള്ള അപേക്ഷകളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള സർക്കുലർ നിർദ്ദേശങ്ങൾക്ക് ഭാഗികമായി വീണ്ടും ഭേദഗതി വരുത്തുന്നു. ഇത്തരം ആവശ്യം സംഘം ഭരണസമിതിക്കു ബോദ്ധ്യമാകുന്ന പക്ഷം ആയതിന് പ്രത്യേക അനുവാദം അതാത് ജില്ലയിലെ ജോയിന്റ് രജിസ്ട്രാറിൽ നിന്നും

വാങ്ങിക്കേണ്ടതാണ്. ഇത്തരം അപേക്ഷകൾ ലഭിക്കുന്ന പക്ഷം ബന്ധപ്പെട്ട സംഘത്തിന്റെ സാമ്പത്തിക സ്ഥിതിയും ടെലഫോൺ കണക്ഷൻ തുടർന്നു നൽകുന്നതു സംഘത്തിന്റെ താൽപ്പര്യങ്ങൾക്ക് എത്രമാത്രം സഹായകരമാണെന്ന കാര്യവും ബന്ധപ്പെട്ട സംഘത്തിന് ഇതിന് ആവശ്യമായ ചെലവ് വഹിക്കാൻ കഴിയുമെന്നും സംഘം ലാഭത്തിലാണോ പ്രവർത്തിക്കുന്നതെന്നും ബോദ്ധ്യമായ ശേഷം അതാതു ജോയിന്റ് രജിസ്ട്രാർമാർ താഴെ പറയുന്ന വ്യവസ്ഥകൾക്കു വിധേയമായി അനുമതി നൽകാവുന്നതാണ്.

1. നിലവിൽ സംഘം മുഖ്യ ഉദ്യോഗസ്ഥന്റെ വസതിയിലുള്ള ടെലഫോൺ കണക്ഷൻ കൂടി മാത്രമേ പരിഗണിക്കേണ്ടതുള്ളൂ.
2. ടെലഫോണിന്റെ റെന്റൽ ചാർജ്ജു മാത്രമേ സംഘം സ്വന്തം ഫണ്ടിൽ നിന്നും വഹിക്കാൻ പാടുള്ളൂ.
3. സംഘത്തിന്റെ ഔദ്യോഗിക സ്ഥാനത്തു നിന്നും ബന്ധപ്പെട്ട വ്യക്തി മാറുന്ന അവസരത്തിൽ പ്രസ്തുത വ്യക്തിയുടെ വസതിയിലേക്ക് സംഘത്തിന്റെ പേരിൽ നൽകിയിട്ടുള്ള പ്രസ്തുത ടെലഫോൺ കണക്ഷൻ ഉടൻ വിഛേദിക്കേണ്ടതും സംഘത്തെ തിരിച്ച് ഏൽപ്പിക്കേണ്ടതുമാണ്.
4. ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ അപേക്ഷ മാത്രമേ പരിഗണിക്കേണ്ടതുള്ളൂ.

പ്രാഥമിക സഹകരണ സംഘങ്ങളിലെ ഉദ്യോഗസ്ഥൻമാരുടെ വസതികളിലേക്ക് ഇനിമേൽ ടെലഫോൺ കണക്ഷൻ ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാറിൽ നിന്നും പ്രത്യേക അനുമതി ലഭിച്ച ശേഷം മാത്രമേ നൽകാൻ പാടുള്ളൂ.

നിലവിലുള്ള കേസുകളിൽ മേൽ പ്രസ്താവിച്ച പ്രകാരം അപേക്ഷ നൽകി രണ്ടു മാസത്തിനകം പ്രത്യേക അനുമതി വാങ്ങിയിട്ടില്ലാത്ത സംഘം ഉദ്യോഗസ്ഥൻമാരുടെ വസതികളിലേക്ക് സംഘങ്ങളുടെ ചെലവിൽ നൽകിയിട്ടുള്ള ടെലഫോൺ കണക്ഷൻ ഉടൻ വിഛേദിക്കുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്.

മിന്നി മാത്യൂ
സഹകരണസംഘം രജിസ്ട്രാർ

നമ്പർ സി.പി.(1) 56776/85

സഹകരണസംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 11–12–85

സർക്കുലർ നമ്പർ 40/85

വിഷയം: **പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ–തരളധനം(ഫ്ളൂയിഡ് റിസോഴ്സ്) സൂക്ഷിക്കുന്നതു സംബന്ധിച്ച്**

സംസ്ഥാനത്തെ ഭൂരിപക്ഷം വായ്പാ സംഘങ്ങളും, അവയുടെ പ്രവർത്തന മൂലധനം വർദ്ധിപ്പിക്കുന്നതിലേക്ക് നിക്ഷേപങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള സഹകരണ സ്ഥാപനങ്ങൾ നിക്ഷേപകരുടെ താൽപ്പര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതും അതിലേക്ക് സാമ്പത്തിക അച്ചടക്കം പാലിക്കേണ്ടതുമുണ്ട്. തരളധനം സൂക്ഷിക്കുന്നതിൽ ഏതാനും സംഘങ്ങൾ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

ബാങ്കിംഗ് റെഗുലേഷന്റെ പരിധിയിൽ വരുന്ന സഹകരണ സ്ഥാപനങ്ങൾ എത്രത്തോളം തരളധനം സൂക്ഷിക്കണമെന്ന് റിസർവ് ബാങ്ക് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ചെയ്യാത്ത സഹകരണ സ്ഥാപനങ്ങളെ, പ്രസ്തുത വീഴ്ചക്ക് ടി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ശിക്ഷക്ക് വിധേയരാക്കുവാൻ റിസർവ് ബാങ്കിന് അധികാരമുണ്ട്.. ബാങ്കിംഗ് റെഗുലേഷന്റെ പരിധിയിൽ വരുന്ന സഹകരണ സ്ഥാപനങ്ങൾ റിസർവ് ബാങ്ക് നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ തരളധനം(ഫ്ളൂയിഡ് റിസോഴ്സ്) സൂക്ഷിക്കേണ്ടതാണ്.

ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത, നിക്ഷേപങ്ങൾ സ്വീകരിക്കുന്ന സഹകരണ സംഘങ്ങൾ തരള ധനം സൂക്ഷിക്കേണ്ട വിധം സഹകരണ റൂൾ 63 ൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം സംഘങ്ങൾ റൂളിൽ വ്യക്തമാക്കിയിട്ടുള്ള നിരക്കിൽ തരള ധനം സൂക്ഷിക്കേണ്ടത് നിക്ഷേപകരുടെ താൽപ്പര്യത്തിന് അത്യാവശ്യവും ഇതിൽ വീഴ്ച വരുത്തുന്നത് കുറ്റകരവുമാണ്.

മേൽ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങൾ ജോയിന്റ് രജിസ്ട്രാർമാർ പ്രാഥമിക വായ്പാ സംഘങ്ങളുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടു വരേണ്ടതും അവ നിശ്ചിത നിരക്കിലുള്ള തരളധനം (ഫ്ളൂയിഡ് റിസോഴ്സ്) സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

വീഴ്ച വരുത്തുന്ന സംഘങ്ങളുടെ മേൽ നിയമപ്രകാരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. നിക്ഷേപങ്ങൾ സ്വീകരിക്കുന്ന സഹകരണ സ്ഥാപനങ്ങൾ സാമ്പത്തിക അച്ചടക്കം പാലിക്കുന്നുണ്ടോയെന്ന് പരിശോധനാ വേളയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് എല്ലാ പരിശോധനാ ഉദ്യോഗസ്ഥൻമാർക്കും നിർദ്ദേശം നൽകേണ്ടതാണ്.

കെ. വി. ഹരികൃഷ്ണൻ നായർ
സഹകരണസംഘം രജിസ്ട്രാർ

No.CP (2) 8217/89. Office of the Registrar of Co-operative Societies, Trivandrum, 29-11-1989

CIRCULAR No. 68/89

Sub: **Maintenance of Fluid Resources by Co-operative Societies not coming under the purview of the Banking Regulation Act-provision of Rule 61 of the Kerala Co-operative Societies Act-compliance-Regarding.**

Majority of the Primary Agricultural Credit Societies in Kerala are at present having satisfactory level of deposits and the deposits constitute considerable portion of their working capital. It is needless to point out that strong public confidence is the prime requisite for any financial institution or class of such institutions for attracting and maintaining satisfactory level of deposits. This naturally brings with it the inevitable liability and added responsibility on the part of the institutions concerned to see that the deposits mobilised by them are profitably utilised and are promptly repaid on maturity. Therefore the administrative authorities have the necessary duty to ensure that none of the Primary Agricultural Credit Societies which receive deposits fail in this regard.

It is only with this end in view, specific provision has been made in the Kerala Co-operative Societies Rules (Rule 61) that every society which accept deposits but not coming within the purview of the B. R. Act shall maintain Fluid Resources at the rates prescribed therein, so that such societies shall not have any difficulty in discharging their deposit liabilities on maturity. There should not have been any failure on the part of the societies in adhering to this mandatory provision of the statute and further that the administrative and supervisory authorities of these societies should have ensured the compliance of the same.

However, it has come to notice that many of the Primary Agricultural Credit Societies which accept deposits are not maintaining the statutory 'Fluid Resource and consequently some of them are finding it difficult to discharge liabilities towards their depositors in time. This kind of situation cannot be allowed to continue as it is disgrace to the whole co-operative sector. Such a situation will affect not only the working of the societies concerned but other societies accepting deposits also causing damage to public confidence and opinion.

If the inspecting and supervising officers of the department and District Co-operative Banks give due importance and attention to see that all the Primary

Agricultural Credit societies working under their control maintain the required fluid resources without fail this undesirable situation can be checked and avoided. It is therefore instructed that all officers of the department as well as those of District Co-operative Banks shall ensure that all Primary Agricultural Credit Societies working under their control which receive deposits maintain the minimum fluid resources as required by Rule 61 of the Kerala Co-operative Societies Rules. All Unit Inspectors are required to furnish from January, 1990 a monthly certificate to the Assistant Registrars (General) to the effect that all the Primary Agricultural Credit Societies working under their control have maintained the required fluid resources during the preceding month and action have been initiated in defaulted cases. Based on these certificates Assistant Registrars shall submit a further certificate to the Joint Registrar and the Joint Registrars in turn furnish the certificate to this office by 15th of each month.

The District Co-operative Banks are also required to obtain a similar certificate from the supervisory staff and review the position in the monthly staff conference. District Co-operative Banks are also requested to ensure that maintenance of required fluid resources by Primary Agricultural Credit Societies shall be made one of the conditions while sanctioning of loans.

It is also brought to the notice of the Joint Registrars and District Co-operative Banks that Government have taken serious note of the above situation. It is therefore desired that the actual position as it stands now has to be ascertained and reported to Government. All the Joint Registrars are required to furnish the following details so as to reach here before 15th December 1989.

1. No. of Co-operative institutions in the District not coming under the purview of the B. R. Act which receive deposits
2. Of the above No. of societies which do not maintain the required fluid resources.
3. Action taken to ensure that all the societies in item (2) above maintain the required fluid resources.

It may please be noted that any failure for proper and effective supervision and control of the societies will cause far reaching consequences and therefore all are requested to ensure that there is no case of defaults in this regard.

P. Prabhakaran
Registrar of Co-operative Societies

No. CG (1) 60846/91. Office of the Registrar of Co-operative Societies, Thiruvananthapuram, 9-12-91

CIRCULAR No. 38/91

Sub: **National Savings Scheme-Investment in Indira Vikas Patra treated as Government Security for the purpose of Fluid Resources by Co-operatives-instructions-issued.**

According to Clause under "Note" to Rule 63 of the K. C. S. Rules 1969, 90% of the market value of the Govt. securities including postal cash Certificate or National Savings Certificates can be taken for the purpose of Fluid Resources to be maintained by the Co-operative Institutions. In the Conference convened by the Hon'ble Minister for Finance in the presence Hon'ble Minister for Co-operation on 27-11-91, the postal authorities have agreed that the names of the societies who invest funds in Indira Vikas Patra would be affixed on the reverse side of the certificates, so that the risk of getting money on the Certificate by the bearer can be avoided. Though, Indira Vikas Patra has not been specifically mentioned in the clause to the Rule, the same also being Government security, 90% of its market value can be taken into account for the purpose of arriving at the Fluid resources to be maintained by the cooperatives as per rules. Under the circumstances, all credit Co-operative institutions which are not coming under the purview of the B. R. Act 1949, are informed that they can invest a portion of their resources in Indira Vikas Patra for the purpose of maintaining Fluid Resources as provided in Rule 63 of the K. C. S. Act, subject to the condition that such investment may not exceed 10% of the total fluid resources to be maintained by any society at any time.

V. S. Senthil
Registrar of Co-operative Societies

No.CP (1) 48996/91. Office of the Registrar of Co-operative Societies Thiruvananthapuram, 10-12-1992

CIRCULAR No. 50/92

Sub: **Co-operation- maintenance of fluid resources by Co-operative Credit institutions not coming within the purview of Banking Regulation Act 1949 Provision under Rule 63 of the Kerala Co-operative Societies Rules-compliance-Regarding.**

Ref: **Circular No. 68/89 dated 29-11-89 of Registrar of Co-operative Societies.**

According to Rule-63 of the Kerala Co-operative Societies Rules 1969, the Cooperative credit Institutions not coming within the purview of Banking Regulation Act 1949 shall maintain fluid resources to the full value of fixed deposits matured and due for payment at the close of business on any day and 25% of the total of its demand and time liabilities at the close of business in any day (excluding the –full value of deposits matured and due for payment on that day) This provision is made in the Rules with a view to ensure that such Societies shall not have any difficulty in discharging their deposit liability on maturity, as such It is the statutory obligation on the part of all these Co-operatives to maintain prescribed level of fluid resources on every day without fail. Therefore all these credit co-operativs as well as the administrative and supervisory authorities has to ensure the compliance of the legal provisions.

It is however noticed that some of the Cooperative credit Institutions which accepts deposits are not maintaining the fluid resources to the prescribed extent. Consequently some of them are finding it difficult to discharge the liabilities towards their depositors in time. Since such a situation will adversely affect the working not only of the societies concerned, but other societies accepting deposits also causing damage to public confidence and opinion. Specific instructions were issued as per the reference cited for the proper maintenance of fluid resources and watching the same by the inspecting-and supervisory officers. But those instructions are not seen strictly adhered to by all concerned. There fore the following further instructions are issued with regard to the maintenance of fluid resources by the Credit Co-operatives which accept deposits but not coming within the purview of Banking Regulation Act and to watch the maintenance of the same.

All officers of the department as well as those of the District Co-operative Banks shall ensure that all Co-operative Credit Institutions working under their control which receives deposits maintain the minimum fluid resources as required under Rule 63 of the Kerala Co-operative Societies Rules without fail. The District Co-operative Banks are required to obtain a monthly return from each Primary Agricultural Credit Societies and Non Agricultural Credit Societies not coming within the purview of Banking Regulation Act showing particulars of the fluid resources maintained and the time and demand liabilities at the close of business on each Friday during the month. It shall be the responsibility of each of the above Primary co-operative society to furnish the monthly return in the enclosed proforma on or before 15th day of the month succeeding the month to which it relates to the respective branch of the District co-operative Bank concerned.

The District co-operative Banks shall review the position of each of the Primary societies quarterly and shall furnish the review report to the Registrar of Co-operative Societies Kerala State Co-operative Bank and the Joint Registrar of Co-operative Societies in the respective District before 25th of the month succeeding the quarter. The Joint Registrar on receipt of the review reports shall immediately take appropriate action against those societies which failed to maintain the required fluid resources and to ensure that all the credit co-operatives under their control maintain the required fluid resources adhering the mandatory provision of the statute. The District Co-operative Banks are also requested to ensure that maintenance of required fluid resource by the Primary Agricultural Credit Societies shall be made one of the necessary condition while sanctioning of loans.

It may please be ensured that the above instructions are strictly adhered to by all concerned.

Receipt of this circular is to be acknowledged.

V. S. Senthil
Registrar of Cooperative Societies

PROFORMA

Details of fluid resources maintained during the month of................................

Name of society:

(To be furnished to the District Co-operative Bank within 15 days from the end of the month to which it relates)

(Rounded off to the nearest thousand)
(At the close of business on)

1st 2nd 3rd 4th 5th
Fri. Fri. Fri. Fri. Fri.

1. Total time and demand liabilities
2. Minimum amount of liquid assets to be held under Rule 63 of Kerala Coop. Societies Rules.
3. Surplus-(+)/deficit (-) in the fluid resources actually maintained.
4. Details of liquid cover

   (i) Cash in hand

 തരള ധനം

(ii) Balance with Banks, Post Office Savings Bank, unencumbered investments representing statutory reserve fund.

(iii) 90% of Market Value of Govt. securities and other such securities approved.

(iv) 80% of Market value of Debentures of KSCADB.

(v) 80% of fixed deposits with other Banks approved by the Registrar of Co-op. Societies.

(vi) Undrawn portion of cash credit with any Banks approved by R. C. S. Or with Apex or Central Banks.

Total – 4.

Date: SIGNATURE

GOVERNMENT OF KERALA
Abstract

Finance Department-Co-operatives and Welfare Fund Boards-Investment of surplus funds-Instruction-orders issued.

FINANCE (ADMINISTRATION A) DEPARTMENT

G.O.(P)No.593/96/Fin. Thiruvananthapuram, 27-9-1996.

ORDER

The Collection under National Savings plays a major role in maintaining a healthy ways and mean position of the State Government. In order to boost up the collection under National Savings Schemes the following orders are issued.

(i) Upto 90% of the investments made by the Co-operative Institutions in Indira Vikas Patra and Kissan Vikas Patra will be considered for maintaining their Fluid resources.

(ii) All Welfare Fund boards constituted by the Government should remit their surplus funds either in National Savings Schemes or in Treasury Savings bank only.

By Order of the Governor
S. Varadachary
Principal Secretary (FIN.)

നമ്പർ സി.ആർ (1) 23478/76 സഹകരണസംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 18–5–76

സർക്കുലർ നമ്പർ 30/76

എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളിലും അംഗങ്ങൾക്ക് സ്വർണ്ണ പണയത്തിൻമേൽ വായ്പ കൊടുത്തു തുടങ്ങുന്ന കാര്യം പരിഗണിക്കാവുന്നതാണ്. സ്വർണ്ണ പണയത്തിൻമേൽ വായ്പ കൊടുത്തു തുടങ്ങുവാൻ ആഗ്രഹിക്കുന്ന സഹകരണ സംഘങ്ങൾ ആയതിലേക്ക് പൊതുവായ ചട്ടങ്ങഭൾ തയ്യാറാക്കി അതാത് ഡെപ്യൂട്ടി രജിസ്ട്രാർമാരുടെ അംഗീകാരം വാങ്ങേണ്ടതാണ്. അതിൽ ഡബിൾ ലോക്ക് സമ്പ്രദായം നടപ്പാക്കാനും, ഓഫീസിൽ പ്രത്യേക കൗണ്ടറും സേഫും ഉണ്ടാക്കാനും, പാക്കേജ് ഇൻഷ്വറൻസിന് വിധേയമാക്കാനുമുളള വ്യവസ്ഥകൾ ഉൾക്കൊളളിച്ചിരിക്കേണ്ടതാണ്. ഇതിനകം തന്നെ സ്വർണ്ണ പണ്ട പണയത്തിൻമേൽ വായ്പ നൽകുന്ന സംഘങ്ങൾ ടി നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയും അവ അനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്.

സഹകരണസംഘം രജിസ്ട്രാർക്കു വേണ്ടി

നമ്പർ ജി.(3) 24291/76 സഹകരണസംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 15–7–76

സർക്കുലർ നമ്പർ 49/78

വിഷയം: **സഹകരണ സ്ഥാപനങ്ങൾ അവയുടെ ഇൻഷ്വറൻസ് ആവശ്യങ്ങൾ നിർവഹിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുന്നത്.**

സൂചന: **ഈ ആഫീസിലെ 28–11–1973 ലെ 40/73 ാം നമ്പർ സർക്കുലറും 3–1–1975 ലെ 2/75 ാം നമ്പർ സർക്കുലറും.**

സംസ്ഥാനത്തെ മിക്കവാറും എല്ലാ സഹകരണ സ്ഥാപനങ്ങളും അംഗങ്ങളിൽനിന്നും പൊതുജനങ്ങളിൽ നിന്നും നിക്ഷേപങ്ങളും മറ്റും സ്വീകരിക്കുന്നുണ്ട്. പ്രത്യേകിച്ച് ഈ അടുത്ത കാലത്ത് നിക്ഷേപ സമാഹരണ പദ്ധതി പ്രകാരം കൂടുതൽ തുകകൾ ഓരോ സഹകരണ സംഘത്തിലും നിക്ഷേപമായി ലഭിച്ചിട്ടുണ്ട്. പല നിശ്ചിത ആവശ്യങ്ങൾക്കായി ഈ തുകകൾ വിനിയോഗിക്കുന്നതിനു വേണ്ടി നല്ലൊരു ഭാഗം തുക സംഘത്തിൽ നീക്കിയിരിപ്പായി വന്നേക്കാം. അംഗങ്ങളിൽ നിന്നും പൊതു ജനങ്ങളിൽ നിന്നും സമാഹരിക്കുന്ന തുകകൾ അപഹരണം, കവർച്ച മുതലായവയിൽ നിന്നും ഇൻഷ്വറൻസ് പദ്ധതി മുഖേന കാത്തു സൂക്ഷിക്കേണ്ടത് അനിവാര്യവും ഓരോ സംഘത്തിന്റെ കടമയുമാണ്. ആയതിനാൽ എല്ലാ സഹകരണ സംഘങ്ങളും അവയുടെ മുതൽ കൂടുതൽ അടിയന്തിരമായും ഇൻഷ്വർ ചെയ്തിരിക്കേണ്ടതാണ്.

എല്ലാ സഹകരണ സ്ഥാപനങ്ങളും അവയുടെ ഇൻഷ്വറൻസ് ആവശ്യങ്ങൾ നിർവഹിക്കേണ്ടത് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേനയായിരിക്കമെന്ന് മുകളിൽ പറഞ്ഞിരിക്കുന്ന സർക്കുലറുകൾ മുഖാന്തിരം നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നു.

ഇൻഷ്വറൻസ്

എന്നാൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് ജില്ലാ തലത്തിൽ ഓഫീസുകൾ ഇല്ലാത്തതിനാൽ പ്രസ്തുത വകുപ്പിൽ ഇൻഷ്വറൻസ് ഇടപാടുകൾ നടത്തുന്നതിന് വരെയധികം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നതായി പരാതികൾ ലഭിക്കുന്നുണ്ട്.

ജില്ലാ തലത്തിൽ ആഫീസുകൾ തുടങ്ങുന്നതിനുള്ള നടപടികൾ എടുത്തു വരുന്നതായി ഇൻഷ്വറൻസ് ആഫീസർ അറിയിച്ചിട്ടുണ്ടെങ്കിലും അതിനുണ്ടാകാവുന്ന കാലവിളംബം സഹകരണ സ്ഥാപനങ്ങൾക്ക് ഇൻഷ്വറൻസ് ഇടപാടുകൾ നടത്തുന്നതിന് കൂടുതൽ ബുദ്ധിമുട്ടുണ്ടാക്കുമെന്നുള്ളതുകൊണ്ട് അതൊഴിവാക്കുന്നതിനും സ്വകാര്യ ഇൻഷ്വറൻസ് കമ്പനികൾ ദേശവൽക്കരിക്കപ്പെട്ടിട്ടുള്ളതിനാലും ചുവടെ പറയുന്ന രീതിയിൽ ഇൻഷ്വറൻസ് ആവശ്യങ്ങൾ നിർവഹിക്കേണ്ടതാണ്.

എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളും അവയുടെ ഇൻഷ്വറൻസ് ആവശ്യങ്ങൾ ദേശവൽകൃത ഇൻഷ്വറൻസ് കമ്പനികൾ മുഖാന്തിരം നിർവഹിക്കാവുന്നതാണ്. എന്നാൽ സാധ്യമാകുന്നിടത്തോളം സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന ഇതു നിർവഹിക്കുന്നത് ഉചിതമായിരിക്കും.

എല്ലാ അപ്പക്സ് സഹകരണ സ്ഥാപനങ്ങളും ജില്ലാ സഹകരണ സ്ഥാപനങ്ങളും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന ഇൻഷ്വറൻസ് ഇടപാടുകൾ തുടർന്നു നടത്തേണ്ടതാണ്.

സഹകരണ സംഘം രജിസ്ട്രാർ

No.CP(2) 31113/81K.Dis. Office of the Registrar of Co-operative Societies,
Trivandrum, 16-11-81

CIRCULAR No. 52/81

Sub: **Thefts/Burglaries in Co-op institutions-Preventive measures.**

In continuation to this Office circular no. 17/81 the following instructions are issued.

1. All Joint Registrars are directed to see that all the societies in their district having gold loan business to take up insurance policies against theft, burglaries etc. for the full value of the gold they have from time to time.
2. They should do this within three months.
3. The Assistant Registrars and Co-operative Inspectors should verify this every time they visit the society.
4. Any proposal of Co-operative societies will be considered only if the institutions will strictly adhere to these instructions.

(Sd/-)
Additional Registrar of Co-operative Societies (Credit)

സി.പി. 1/59456/86.

സഹകരണ സംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 26–12–1986

സർക്കുലർ നമ്പർ 52/86

വിഷയം: **സ്വർണ്ണ പണയ പണ്ടങ്ങൾ–ഇൻഷ്വർ ചെയ്യുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ**

സൂചന: **ഈ ആഫീസിലെ 8–2–78 ലെ സി.ആർ.പി.3/50058/77 (സർക്കുലർ നമ്പർ 1/78) നമ്പർ സർക്കുലർ.**

സൂചനയിലെ സർക്കുലറിലേക്ക് എല്ലാ ജോയിന്റ് രജിസ്ട്രാർമാരുടേയും ശ്രദ്ധ ക്ഷണിക്കുന്നു. പ്രസ്തുത സർക്കുലർ അനുസരിച്ച് സ്വർണ്ണ പണയ വായ്പ നൽകുന്ന സഹകരണ സംഘങ്ങൾ സ്വർണ്ണ പണ്ടങ്ങൾക്ക് അവയുടെ മൊത്ത വിലയിൽനിന്നും കുറഞ്ഞത് 10% എങ്കിലും അധികമായ തുകക്ക് ഇൻഷ്വർ ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ടി നിർദ്ദേശം സ്വർണ്ണ പണയ വായ്പ നൽകുന്ന എല്ലാ സംഘങ്ങളും കൃത്യമായി പാലിക്കുന്നില്ല എന്നും ഇക്കാര്യം ജോയിന്റ് രജിസ്ട്രാർമാർ ശ്രദ്ധിക്കുന്നില്ലെന്നും ബോദ്ധ്യമാക്കുന്ന ചില സംഭവങ്ങൾ ഈ ആഫീസിന്റെ ശ്രദ്ധയിൽ പെട്ടിരിക്കുന്നു.

15 ലക്ഷം രൂപ കമ്പോള വിലയുള്ള സ്വർണ്ണ പണ്ടങ്ങൾ വായ്പക്ക് ഈടായി വാങ്ങി സൂക്ഷിക്കുകയും 10 ലക്ഷം രൂപക്ക് മാത്രം ഇൻഷ്വറൻസ് എടുക്കുകയും ചെയ്തിട്ടുള്ള ഒരു സംഘത്തിൽ നിന്നും 5 ലക്ഷം രൂപ കമ്പോള വിലയുള്ള സ്വർണ്ണ പണ്ടങ്ങൾ കളവു പോകുന്നതായാൽ ഇൻഷ്വറൻസ് തുകയായ 10 ലക്ഷം രൂപക്കുള്ള പണ്ടങ്ങൾ സംഘത്തിൽ അവശേഷിക്കുന്നതിനാൽ കവർച്ച പോയ പണ്ടങ്ങളുടെ വില ഇൻഷ്വറൻസ് കമ്പനി നൽകുന്നതല്ല. കൂടാതെ 15 ലക്ഷം രൂപ കമ്പോള വിലയുള്ള സ്വർണ്ണ പണ്ടങ്ങൾ സൂക്ഷിക്കുകയും 10 ലക്ഷം രൂപക്കു മാത്രം ഇൻഷ്വറൻസ് എടുക്കുകയും ചെയ്തിട്ടുള്ള സംഘത്തിൽ നിന്നും മുഴുവൻ സ്വർണ്ണവും കളവ് പോകുന്ന പക്ഷം ഇൻഷ്വർ ചെയ്തിട്ടുള്ള 10 ലക്ഷം രൂപ മാത്രമേ കമ്പനി സംഘത്തിനു നൽകുകയുള്ളു. ബാക്കി വരുന്ന 5 ലക്ഷം രൂപയുടെ നഷ്ടം സംഘം തന്നെ വഹിക്കേണ്ടി വരുന്നതാണ്.

മേൽ വിവരിച്ച സാഹചര്യങ്ങളിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ യാതൊരു വീഴ്ചയും കൂടാതെ സംഘങ്ങൾ പാലിക്കേണ്ടതാണ്.

1. സ്വർണ്ണ പണയ വായ്പ നൽകുന്ന എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളും, പണയ പണ്ടങ്ങളുടെ മൊത്തം കമ്പോള വിലയുടെ 10% എങ്കിലും അധികരിച്ചുള്ള തുകക്ക് ഇൻഷ്വറൻസ് എടുക്കേണ്ടതാണ്.

2. സ്വർണ്ണ പണയ വായ്പ നൽകുന്ന സംഘങ്ങൾ അവർ എത്ര തുകക്കാണോ സ്വർണ്ണ പണ്ട ഇൻഷ്വറൻസ് എടുത്തിട്ടുള്ളത് ആ തുകയെ അധികരിയ്ക്കുന്ന കമ്പോള വിലയുള്ള സ്വർണ്ണ പണ്ടങ്ങളിനുമേൽ സ്വർണ്ണ പണയ വായ്പ നൽകാൻ പാടില്ലാത്തതാകുന്നു.

ഇൻഷ്വറൻസ്

3. സ്വർണ്ണ പണ്ട ഇൻഷ്വറൻസ് കരാറിനെ അധികരിക്കുന്ന കമ്പോള വിലയുള്ള സ്വർണ്ണ പണ്ടങ്ങളിനുമേൽ വായ്പ നൽകുകയും അവ നഷ്ടപ്പെടുകയും ചെയ്താൽ തന്നിമിത്തമുണ്ടാകുന്ന നഷ്ടത്തിനുത്തരവാദി സംഘം സെക്രട്ടറി ആയിരിക്കും.

4. സംഘത്തിന്റെ സാമ്പത്തിക നിലയും ഭദ്രതയും കണക്കിലെടുത്ത് സംഘത്തിൽ നിന്നും ഒരു സമയം നൽകാവുന്ന സ്വർണ്ണ പണയ വായ്പയുടെ പരിധിയും ഇൻഷ്വറൻസ് തുകയും നിശ്ചയിക്കുന്നതിനുള്ള ബാധ്യത ഭരണ സമിതിക്കായിരിയ്ക്കും. ഭരണ സമിതിയുടെ നിശ്ചയത്തിനുൾപ്പെട്ട് സ്വർണ്ണ പണയ ഇൻഷ്വറൻസ് എടുക്കുന്നതിനുള്ള ബാധ്യത സെക്രട്ടറിക്കാണ്. സ്വർണ്ണ പണയ വായ്പയുടെ പരിധിയും ഇൻഷ്വറൻസ് തുകയും നിശ്ചയിക്കാതിരിക്കയും ചെയ്തതു നിമിത്തം ഇൻഷ്വറൻസ് എടുക്കാതിരിക്കെ സംഘത്തിനുണ്ടാകുന്ന നഷ്ടത്തിന് ഉത്തരവാദിത്വം ഭരണ സമിതിക്കും ഭരണ സമിതിയുടെ തീരുമാനം നടപ്പിലാക്കാതിരുന്നത് നിമിത്തമുണ്ടായ നഷ്ടത്തിന് ഉത്തരവാദിത്വം സെക്രട്ടറിക്കുമായിരിക്കുന്നതുമാണ്.

ഈ നിർദ്ദേശങ്ങൾ ജോയിന്റ് രജിസ്ട്രാർമാർ എല്ലാ സഹകരണ സംഘങ്ങളുടേയും ശ്രദ്ധയിൽ കൊണ്ടു വരേണ്ടതും സംഘങ്ങൾ ഇതു നടപ്പിലാക്കുന്നുണ്ടോ എന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

കെ. വി.നമ്പ്യാർ
സഹകരണ സംഘം രജിസ്ട്രാർ

നമ്പർ സി.പി (1) 27078/93

സഹകരണ സംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 5–8–1993

സർക്കുലർ നമ്പർ 49/93

വിഷയം: **സ്വർണ്ണ പണ്ടങ്ങൾ–ഇൻഷ്വർ ചെയ്യുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ.**

സൂചന: **ഈ ആഫീസിലെ 26–12–86ലെ സി.പി.(1) 9456/86(സർക്കുലർ നമ്പർ 52/86) നമ്പർ സർക്കുലർ.**

സൂചനയിലെ സർക്കുലറിലേക്ക് എല്ലാ ജോയിന്റ് രജിസ്ട്രാർമാരുടേയും ശ്രദ്ധ ക്ഷണിക്കുന്നു. പ്രസ്തുത സർക്കുലർ പ്രകാരം സ്വർണ്ണ പണയ വായ്പ നൽകുന്ന എല്ലാ പ്രാഥമിക സഹകരണ സംഘങ്ങളും പണയ പണ്ടങ്ങളുടെ മൊത്തം കമ്പോള വിലയുടെ 10% എങ്കിലും അധികരിച്ചുള്ള തുകക്ക് ഇൻഷ്വർ ചെയതിരിക്കേണ്ടതാണെന്നും അങ്ങനെ ചെയ്യാത്ത പക്ഷം ഉണ്ടാകുന്ന നഷ്ടത്തിന് സംഘം സെക്രട്ടറിയും ഭരണ സമിതി അംഗങ്ങളും ഒരുപോലെ ഉത്തരവാദികളാണെന്നും പ്രത്യേകം നിർദ്ദേശിച്ചിരുന്നു. എന്നാൽ ടി നിർദ്ദേശം സ്വർണ്ണ പണയ വായ്പ നൽകുന്ന എല്ലാ സംഘങ്ങളും പാലിക്കുന്നില്ല എന്നും ജോയിന്റ് രജിസ്ട്രാർമാർ ഇക്കാര്യം ശ്രദ്ധിക്കുന്നില്ലെന്നും ബോദ്ധ്യമാക്കുന്ന ചില സംഭവങ്ങൾ ഈ ആഫീസിന്റെ ശ്രദ്ധയിൽ പെട്ടിരുന്നു.

ഈയിടെ തൃശൂർ ജില്ലയിൽ ഒരു സർവീസ് സഹകരണ ബാങ്കിന്റെ ബ്രാഞ്ചിൽ പണാപഹരണവും കവർച്ചയും നടന്നതിന്റെ ഫലമായി 16 ലക്ഷത്തിലധികം രൂപ വിലയുള്ള സ്വർണ്ണ പണ്ടങ്ങൾ അപഹരിക്കപ്പെട്ടപ്പോൾ ബാങ്ക് ഇൻഷ്വർ ചെയ്തിരുന്നത് കേവലം 8 ലക്ഷം രൂപക്കു മാത്രമാണ്. നഷ്ടപ്പെട്ട മുതലും ഇൻഷ്വറൻസ് പരിരക്ഷയും തമ്മിൽ 8 ലക്ഷത്തിലേറെ വ്യത്യാസമുള്ളതായി കാണുന്നു. സ്വർണ്ണ പണ്ടം സ്വീകരിച്ചു കൊണ്ട് വായ്പ വിതരണം ചെയ്യുന്ന പല സംഘങ്ങളും വായ്പ തുക മാത്രം കവർ ചെയ്യുന്ന വിധത്തിൽ മാത്രമാണ് ഇപ്പോഴും ഇൻഷ്വറൻസ് എടുക്കുന്നത്. ഇങ്ങനെ അപര്യാപ്തമായ തുകക്ക് ഇൻഷ്വർ ചെയ്താലുണ്ടാകാവുന്ന നഷ്ടത്തിന് ഉദാഹരണമാണ് മേൽ വിവരിച്ചത്. ഇത് ഒരു ഒറ്റപ്പെട്ട സംഭവമായി കണക്കാക്കാൻ പറ്റുന്നതല്ല. ആയതിനാൽ ഇത് ഒരു പാഠമായി പരിഗണിച്ച് മേലാലെങ്കിലും ഇത്തരം നഷ്ടമുണ്ടാകാതിരിക്കാൻ എല്ലാ സംഘങ്ങളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ വിവരിച്ച സാഹചര്യങ്ങളിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ യാതൊരു വീഴ്ചയും കൂടാതെ കർശനമായി സംഘങ്ങൾ പാലിക്കേണ്ടതാണെന്നു ആവർത്തിക്കുന്നു.

1. സ്വർണ്ണ പണയ വായ്പ നൽകുന്ന സഹകരണ സംഘങ്ങൾ സ്വർണ്ണ പണ്ടങ്ങളുടെ കമ്പോള വിലയിൽ കുറഞ്ഞത് 10% എങ്കിലും അധികമായ തുകക്ക് നിർബന്ധമായും ഇൻഷ്വർ ചെയ്യേണ്ടതാണ്.

2. സ്വർണ്ണ പണ്ട ഇൻഷ്വറൻസ് പരിരക്ഷക്ക് അധികരിക്കുന്ന കമ്പോള വിലയുള്ള സ്വർണ്ണ പണ്ടങ്ങളിനുമേൽ വായ്പ നൽകുകയും അവ നഷ്ടപ്പെടുകയും ചെയ്താൽ തന്നിമിത്തമുണ്ടാകുന്ന നഷ്ടത്തിനു സംഘം സെക്രട്ടറിയും ഭരണ സമിതി അംഗങ്ങളും കൂട്ടായും വെവ്വേറെയും ഉത്തരവാദികളായിരിക്കും.

3. സംഘത്തിന്റെ സാമ്പത്തിക നിലയും ഭദ്രതയും കണക്കിലെടുത്ത് സംഘത്തിൽ നിന്നും ഒരു സമയം നൽകാവുന്ന മൊത്തം സ്വർണ്ണ പണയ വായ്പയുടെ പരിധിയും ഇൻഷ്വറൻസ് തുകയും നിശ്ചയിക്കുന്നതിനുള്ള ബാധ്യത സംഘം ഭരണ സമിതിക്കായിരിയ്ക്കുന്നതാണ്. ഭരണ സമിതിയുടെ തീരുമാന പ്രകാരം സ്വർണ്ണ പണയ ഇൻഷ്വറൻസ് എടുക്കുന്നതിനുള്ള ബാധ്യത സെക്രട്ടറിക്കാണ്.

4. സ്വർണ്ണ പണയ വായ്പയുടെ പരിധിയും ഇൻഷ്വറൻസ് തുകയും നിശ്ചയിക്കാതിരിക്കുകയും ഇങ്ങനെ ഇൻഷ്വറൻസ് എടുക്കാതിരിക്കെ സംഘത്തിനുണ്ടാകുന്ന നഷ്ടത്തിന് ഉത്തരവാദിത്വം ഭരണ സമിതിക്കും ഭരണ സമിതിയുടെ തീരുമാനം നടപ്പിലാക്കാതിരിക്കുന്നത് നിമിത്തമുണ്ടാകുന്ന നഷ്ടത്തിന് ഉത്തരവാദിത്വം സെക്രട്ടറിക്കുമാണെന്ന് നിശ്ചയിച്ചിരിക്കുന്നു.

ടി നിർദ്ദേശങ്ങൾ സംഘങ്ങളുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടു വരികയും ഇവ പാലിക്കാത്ത സംഘങ്ങളുട മേൽ കർശന നടപടികൾ ജോയിന്റ് രജിസ്ട്രാർമാർ സ്വീകരിക്കേണ്ടതുമാണ്.

വി. എസ്. സെന്തിൽ
സഹകരണ സംഘം രജിസ്ട്രാർ

No.CB (1) 8140 (97)
Office of the Registrar of Co-operative Societies
Thiruvananthapuram, 29-9-1997

CIRCULAR No. 24/97

Sub: **Comprehensive Crop Insurance Scheme-State Crop Insurance Fund Committee-meeting-decision-follow up action-reg.**

During the meeting of States Crop Insurance Fund Committee held on 12-9-1997 in the Chamber of APC the representative of GIC has pointed out that the amount received by the PACS towards the Crop insurance claims are not regularly credited to the accounts of the loanees and the amount thus released by GIC is being kept under suspense account by the societies. In the said meeting held under the chairmanship of Agricultural production commissioner it has been decided that the amount pending adjustment with the PACS on this account should be released to the beneficiaries immediately and the claim received by the societies should be passed on to the beneficiaries then and there itself without keeping the amount under suspense. The amount received from GIC can not be kept under suspense account by the Societies on the simple reason that such loan accounts have been closed.

Under the above circumstances the societies are directed to strictly follow the practice of releasing/crediting the amount received from GIC on account of Crop Insurance claim then and there itself without keeping such amount under suspense account. The amount now being kept under suspense on this account should be released/credited to the accounts of beneficiaries immediately. Any slackness on the part of societies in this regard will be viewed very seriously, and appropriate action will be taken against such societies.

Sheela Thomas
Registrar of Co-operative Societies

GOVERNMENT OF KERALA
FINANCE (ESTABLISHMENT-D) DEPARTMENT

No. 75/97/Fin. Thiruvananthapuram, 6-10-97

CIRCULAR

Sub: **Insurance of Co-operative Institutions and Khadi Board through Kerala State Insurance Department-regarding.**

Ref: **Lr.No.Ins/Estt. A3/37820/97 dtd. 25-8-1997 from the Director of Insurance, Thiruvananthapuram.**

The Insurance Department is to transact Insurance business of all undertakings in which State Government have substantial financial interest, as share holder, lender or guarantor. It has however been brought to the notice of Government that Co-operative Institutions including Co-operative bank and Khadi Board are approaching other insurance companies for their insurance transactions.

2. The Registrar of Co-operative Societies is therefore requested to ensure that insurance business of Cooperative institutions, including Co-operative Banks and Khadi Board working with financial aids from Government should be transacted only through Kerala State Insurance Department. Any lapse in this regard will be viewed seriously by Government.

3. Director of Insurance shall watch the position and report to the Government cases of deviation for taking further action.

Dr. Alok Sheel
Secretary (Finance, Expenditure)

No. CRP (4) 26158/77.

Office of the Registrar of Co-operative Societies
Thiruvananthapuram, 17th June 1978

CIRCULAR No. 23/78

Sub: **Guidelines to implement by all Primary Co-operative Bank (Coming under the B.R.Act 1949) seeking permission to open new places of business.**

Consequent on the discussion the Joint Registrar of Co-operative Societies (Credit) had with the officials of the Agricultural Credit Department of the Reserve Bank of India for giving permission to open new branches of business by the Primary Co-operative Banks, the following guidelines are issued to all Primary Co-operative Banks coming under Banking Regulation Act.

(i) No branch advisory committee can be constituted for effectively achieving the objectives as envisaged in the letter No. A.CD (T) 4516/ X (b) 76/7 dated 27-5-1977 sent by Reserve Bank of India as the Committee will have no legal validity to take decision. For this purpose a sub-committee/ Committees will be constituted by the Primary Urban Co-operative Bank with a member of the Board elected from the area where the branch/ branches are situated.

(ii) Representative General Body will be constituted by every primary Co-operative Bank. The area will be divided into definite ward constituencies in such a way that a branch or in case the Bank has more branches a group or near by branches are situated in such wards or constituencies representation will be given in the board for persons from the ward.

(iii) Loan Sub-Committee/Committees will be constituted in such a way that one representative from the branch or branches will be represented in the Sub-Committee so constituted.

The Sub-Committees will be given/delegated with necessary powers to sanction loans, admit members etc.

(iv). The bye-laws of the Primary/Urban Co-operative Bank will be amended incorporating the above provisions.

(v). All Primary (Urban) banks are directed to adopt the above amendment within a period of six months or before the conduct of the next elections to the Board of Directors.

(Sd/-)

For Registrar of Co-operative Societies

No. CP1-18192/81 Office of the Registrar of Co-operative Societies
Thiruvananthapuram, 23-4-1981

CIRCULAR No. 17/81

Sub: **Opening of branches by primary Agricultural Credit societies and Urban Co-op. Banks not coming under the purview of Banking Regulation Act-Instructions issued.**

In the annual conference of District Co-operative Banks and Deputy Registrars held on 20-1-1981 at Trivandrum, it was decided that the Deputy Registrars should not accord sanction to the Primary Agricultural Credit Societies for opening of new branches. It was also decided that in deserving cases, the Deputy Registrars and District Co-operative Banks concerned will jointly survey and study in detail the feasibility and viability of the proposed branch and make specific recommendation to the Registrar along with survey report and other relevant details for considering sanction for the branch.

2. On receipt of application for a new branch of a primary Agricultural Credit Society, the Deputy Registrar and the District Co-operative Bank will jointly survey the locality for the proposed branch and identify the potential for growth. The area should be capable of providing adequate business for the branch. Detailed study and survey should be conducted regarding the area to assess the potential and prospects for enrolling of new members, for deposit mobilisation and scope for lending with special reference to productive purposes. The potential for the proposed area should be clearly adequate to enable the branch to become self-supporting and to attain viability within a period of one to two years.

3. The Primary Agricultural Credit Society which seeks permission to open new branch should satisfy the following conditions also.

a) There should be provision in the bye-laws of the society to open branches;

b) The proposed branch should be within the area of operation of the society;

c) The overdue position of the society should be reasonably low, and should not, however, exceed 25%;

d) The society should not have any overlapping of area of operation with any other society of similar type. In case, there is overlapping, arrangements should have been made to avoid dual membership;

e) The society should have maintained the minimum fluid resources as required under rule 63 (i) of the K.C.S. rules;

f) The society should have necessary trained staff to man the branch;

g) The society should have attained a reasonable level of loan business and managerial efficiency at the time of application;

h) The financial position and general working of the society should be satisfactory.

4. The Deputy Registrars while forwarding proposals for according sanction to open branches, should ensure that the society has satisfies all the above conditions and that the Joint survey reveals ample scope for the successful working of the proposed branch(es)

5. Before considering the application of the society for a new branch, the Deputy Registrar will also ensure that in the area where the new branch is proposed to be opened, there is no prospect for a new Primary Agricultural Credit Society to come up at least for some time in the near future.

6. The above instructions will also be applicable, mutatis mutandis, for opening of new branches by Urban Co-operative Banks which do not come under the purview of the Banking Regulation Act.

7. Deputy Registrars should instruct the Primary Agricultural Credit societies and Urban Cooperative Banks coming under the purview of the B.R. Act, that, irrespective of the provisions in the bye-laws new branches will here after be opened only with the prior permission from the Department.

8. Receipt of this communication will be acknowledged.

K. J. Thomas
Joint Registrar (Credit)

No.CLT (3) 48754/88 — Office of the Registrar of Co-operative Societies
Trivandrum, 26-5-1988

CIRCULAR No. 20/88

Sub: **Opening of branches of Primary Co-operative Agricultural Development Banks-Norms regarding-Instructions issued.**

Ref: **NABARD's letter No. Plan 11277/PL/150/87-88 dated 25-3-88.**

As per the reference cited, NABARD have conveyed certain norms for opening of new branches of the existing Primary Co-operative Agricultural Development Bank. Based on the same also, the following instructions are issued in this regard.

2. The basic requirement is that the proposed branch and the parent bank after opening the new branch, should be potentially viable. A loan business measured in terms of loans outstanding of about Rs. 80-100 lakhs for a particular unit is considered to make a branch potentially viable. Even if the proposed branch and the parent bank after opening of the new branch, are likely to achieve this level of business within the next 2-3 years and are likely to sustain the same, the unit will be considered as viable.

3. Another criteria to be considered for opening of new branches is that the parent bank should be earning profit for the last 3 years and the proposed unit is also likely to earn profit within the next 2-3 years. However, special consideration will be given to the proposed branch, if the area is predominantly of tribal population.

4. The Primary Co-operative Agricultural Development Bank which seeks permission to open new branch should satisfy the following conditions also.

(a) There should be provision in the bye-laws of the bank to open branches.

(b) The proposed branch should be strictly within the area of operation of the bank.

(c) The overdue position of the bank should be reasonably low and should not exceed 25%. Details of the over due position of the 3 previous co-operative years should accompany the proposal.

(d) The bank should not have any overlapping of area of operation with any other Primary Co-operative Agricultural Development Bank.

(e) The bank should have attained a reasonable level of loan business and managerial efficiency at the time of submitting application for a new branch.

(f) The financial position and general working of the bank should be satisfactory and audit completed up to the previous year.

(g) The bank should have adopted the model bye-laws prescribed by Registrar of Co-operative societies.

(h) The new branch shall be run by development of the existing staff of the bank. A resolution of the Board agreeing to the above condition has also to be forwarded along with the proposal.

5. Before forwarding the proposal to this office the Joint Registrars shall along with a senior officer of the Kerala Co-operative Agricultural Development Bank conduct a joint and detailed study and assess the necessity for the branch

in the area and the potential and the prospects for enrolling new members, scope for lending for productive purposes etc. after study, they should be convinced of the potentiality of the area of the proposed branch and ascertain whether the branch can become self supporting and attain viability within a period of 2 to 3 years. The Joint Registrars and Officer of Kerala State Co-op: Agricultural Development Bank will also ensure that in the area where the new branch is proposed to be opened there is no prospect for registering a new Primary Co-operative Agricultural Development Bank in the near future. Notes on the working of the branch, sketch map showing headquarters of the proposed branch etc. should also accompany the joint study report.

6. The Joint Registrars are instructed that, while forwarding the proposals recommending sanction to open branches they should make sure that the Primary Co-operative Agrl. Development Bank has satisfied all the above conditions, and that there is ample scope for the successful working of the proposed branch. They will also ensure that all the enclosures mentioned below are scrutinised and forwarded to this office along with the proposal. There specific remarks on the proposal should also be communicated in the covering letter addressed to this office.

7. The following proformas duly filled up (Existing) should also accompany the proposal.

a) Proforma No.I (Details regarding the proposed branch)

b) Proforma No.II (Particulars relating to the loaning business of the primary co-op: agricultural development bank and the proposed branch) for the last 3 years and next 3 years proposed)

c) Proforma No.III (Details of probable establishment charges as per the existing staff pattern for the proposed branch)

d) Other enclosures:-

1. Copy of the Registered bye-laws of the bank.
2. Project report of the proposed branch prepared by the Bank.
3. Joint Survey report of the proposed branch (after conducting the study of the Joint Registrar and the Senior Officer of the Kerala State Co-op: Agricultural Development Bank)
4. Tentative balance sheet and profit and loss Account upto the previous quarter.

5. Copies of Board resolutions (in duplicate)
6. Sketch and Map showing Head quarters and proposed branch.
7. Latest profit and loss account and audited balance sheet of the bank.

U. Jayanarayanan
Registrar of Co-operative Societies

No.CB(4) 70034/87. Office of the Registrar of Co-operative Societies
Thiruvananthapuram, 27-12-1989

From
The Registrar of Co-operative Societies

To
The Secretary,
All Urban Banks,
(Through Joint Registrars)

Sir,

Sub: **Issue of no objection certificate to Urban Co-op: Banks for opening branches-regarding.**

As per the instructions of Reserve Bank of India for the opening of a branch of an Urban Co-operative Bank within the area of operation, of the "no-objection certificate was not issued by the Department within 2 months from the date of application. The applications for the license for the opening of a branch might be considered by the Reserve Bank of India without the same. It has been brought to the notice of this office that there are instances where the Reserve Bank of India issued licence for opening branches of Urban Co-operative Banks without No-Objection Certificate from Department on account of the reason mentioned above. On the other side it is also seen that the Urban Banks are not applying to the Department for the No-objection Certificate well in advance, so as to enable them to produce the same to Reserve Bank of India and along with the application. The following instructions are therefore issued in the matter.

1. The Urban Co-operative Banks will hereafter apply to Reserve Bank of India for license to open branches only after obtaining the No-objection Certificate from the Department.
2. For that purpose the application in the proper form with all details should be forwarded to Registrar of Co-op: Societies through Joint Registrar well in advance so that Registrar of Co-operative Societies could consider it and dispose of the same within the prescribed time of two months from the date of application.

ശാഖ തുറക്കൽ

The attention of the Joint Registrar of Co-operative Societies are also invited to letter No. CB (4) 2227/88 dated, 3-10-88 where in they were instructed to ensure that timely action is taken on the proposals of the Urban Banks for No-objection Certificate and to forward the same to Registrar of Co-operative Societies with all details prescribed by Reserve Bank of India so as to enable Registrar of Co-operative Societies to consider the proposal within the prescribed period of 2 months. They are once again requested to strictly adhere to the instructions issued so as to avoid inconveniences to the Banks on account of the delay in issuing the No-objection Certificate.

Yours Faithfully
For Registrar of Co-operative Societies

നമ്പർ സി.എൽ.റ്റി.(3)58350/91

സഹകരണ സംഘം രജിസ്ട്രാറാഫീസ്
തിരുവനന്തപുരം, 11–12–1991

സർക്കുലർ നമ്പർ 45/91

വിഷയം: **പ്രാഥമിക സഹകരണ കാർഷിക വികസന ബാങ്കുകൾ–പുതിയ ബ്രാഞ്ചുകളും സബ് ഓഫീസുകളും തുറക്കുന്നതിനായി അപേക്ഷകൾ നൽകുന്നതു സംബന്ധിച്ച്.**

സൂചന: **12–11–91 ലെ സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ ജി.2/26636/എസ്.ഒ./90–91 ാം നമ്പർ കത്ത്.**

പ്രാഥമിക സഹകരണ കാർഷിക വികസന ബാങ്കുകൾ സബ് ഓഫീസുകൾ തുറക്കുവാൻ തീരുമാനമെടുക്കുകയും അത് സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് അനുവദിക്കുകയും അതിനു ശേഷം അംഗീകാരത്തിനായി ഈ ഓഫീസിലേക്ക് അയക്കുകയും ചെയ്യുന്ന രീതി ശരിയായ രീതിയല്ല. പ്രാഥമിക ബാങ്കുകൾ സബ് ഓഫീസുകളോ, ബ്രാഞ്ചുകളോ തുടങ്ങുന്നതിന് രജിസ്ട്രാറുടെ മുൻകൂട്ടിയുള്ള അനുവാദം ആവശ്യമാണ്. അതിലേക്കുള്ള അപേക്ഷകൾ പ്രാഥമിക ബാങ്കുകൾ ജോയിന്റ് രജിസ്ട്രാർമാർ വഴി ആവശ്യമായ ശുപാർശ സഹിതം ഈ ഓഫീസിലേക്ക് അയക്കേണ്ടതും അത് പരിശോധിച്ച് സംസ്ഥാന കാർഷിക വികസന ബാങ്കിന്റെ അഭിപ്രായം ആരാഞ്ഞശേഷം രജിസ്ട്രാർ യുക്തമായ തീരുമാനം എടുക്കുന്നതുമാണ്. എല്ലാ പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളും മേലിൽ സബ് ഓഫീസുകൾ ആരംഭിക്കുവാൻ മേൽ വിവരിച്ച നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണെന്നറിയിക്കുന്നു.

കെ. ഷംസുദ്ദീൻ
അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്)

സഹകരണ സർക്കുലർ സമാഹാരം

നമ്പർ സി.ബി.(3) 2465/2000

സഹകരണ സംഘം രജിസ്ട്രാറാഫീസ്
തിരുവനന്തപുരം, 4–11–2000

സർക്കുലർ നമ്പർ 48/2000

വിഷയം: **സഹകരണ സ്ഥാപനങ്ങൾ–ശാഖകൾ മാറ്റൽ – അവധി ക്രമീകരിക്കൽ–സമയമാറ്റം വരുത്തൽ തുടങ്ങിയവ – ക്രമീകരിക്കുന്നതിന് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.**

സൂചന: **1. സർക്കാരിന്റെ 18–12–89 ലെ ജി.ഒ.(എം.എസ്) 63/99 സഹ. നമ്പർ ഉത്തരവ്**

2. ഈ ഓഫീസിലെ 23–4–81 ലെ 17/81 ാം നമ്പർ സർക്കുലർ

സംസ്ഥാനത്തെ ചില പ്രാഥമിക സർവീസ് സഹകരണ ബാങ്കുകൾ, സഹകരണ അർബൻ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവ തങ്ങൾക്ക് അനുവദിച്ചു നൽകിയ സ്ഥലത്തു നിന്നും ശാഖകൾ മാറ്റി മറ്റൊരു സ്ഥലത്തേക്ക് പ്രവർത്തനം നടത്തുന്നതായും അവധി ദിനങ്ങൾ, പ്രവർത്തന സമയം എന്നിവയും മാറ്റം വരുത്തിയോ പുതുക്കി നിർണ്ണയിച്ചോ പ്രവർത്തിച്ചു വരുന്നതായും ഈ ഓഫീസിന്റെ ശ്രദ്ധയിൽ പെട്ടിരിക്കുന്നു. രജിസ്ട്രാറുടെ മുന്നനുവാദം കൂടാതെയുള്ള ഇത്തരം നടപടികൾ മൂലം സ്ഥാപനങ്ങളിലെ അംഗങ്ങൾക്കും ഇടപാടുകാർക്കും ജീവനക്കാർക്കും അസൗകര്യവും ബുദ്ധിമുട്ടും ഉണ്ടാക്കുന്നുവെന്നും ശ്രദ്ധയിൽ പെട്ടിരിക്കുന്നു. ഇപ്രകാരമുള്ള പരാതികൾ ഒഴിവാക്കുന്നതിനായി താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. അനിവാര്യമായ കാരണം കൂടാതെയും രജിസ്ട്രാറുടെ അംഗീകാരം വാങ്ങാതെയും ഒരു പ്രദേശത്ത് അനുവദിച്ചു നൽകിയ ശാഖകൾ മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കാൻ പാടുള്ളതല്ല.
2. അനുവദിച്ചു നൽകിയ ശാഖ മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കേണ്ടതുണ്ടെങ്കിൽ ആയതിന്റെ കാരണം കാണിച്ചുള്ള ഭരണസമിതി തീരുമാനം ഈ ഓഫീസിൽ നൽകി അനുവാദം വാങ്ങേണ്ടതാണ്.
3. നിലവിലുള്ള പ്രവൃത്തി ദിനങ്ങളും പ്രവർത്തന സമയവും പാലിക്കേണ്ടതുമാണ്.
4. പ്രവർത്തി ദിവസങ്ങളിലും പ്രവർത്തന സമയത്തിനും മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ ആയതിനുള്ള കാരണം കാണിച്ച് ഈ ഓഫീസിൽ നിന്നും മുന്നനുവാദം വാങ്ങേണ്ടതാണ്.
5. ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ പെടുന്ന സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ റിസർവ് ബാങ്ക് നൽകുന്ന നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

ഇപ്രകാരം സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും പൊതുവായ ഒരു ഏകീകൃത രീതി അവലംബിക്കുന്നത് ഈ മേഖലയുടെ പ്രവർത്തന പുരോഗതിക്ക് ഉചിതമായിരിക്കുമെന്നും ആയതിനാൽ, ഈ സർക്കുലർ നിർദ്ദേശം എല്ലാ സ്ഥാപനങ്ങളും കർശനമായും പാലിക്കേണ്ടതാണെന്നും അറിയിക്കുന്നു.

ധരംവീർ

സഹകരണസംഘം രജിസ്ട്രാർ

No. 41811/69/G3.

Office of the Registrar of Co-operative Societies
Thiruvananthapuram, 15th November 1969

CIRCULAR No. 44/69

Sub: **Co-operative Societies-Irrecoverable items of assets-Write-off proposals-Regarding.**

Ref: **Letter No. PL2-1985/69/PL2 dated 30-9-1969 from the Deputy Registrar, Palghat.**

In his letter cited above, the Deputy Registrar, Palghat has stated that as per rule 62 of the rules framed under the Act every write off proposal should be accompanied by a Certificate signed by the auditor appointed under Section 63 of the Act. He has also solicited instructions regarding the procedure to be adopted in such cases, since it will be difficult for the societies to obtain the certificate from the auditors.

The rules do not stipulate that the write off proposals should be accompanied by a certificate signed by the auditor. It only says that such of the dues to the society including loans and interest thereon which are found irrecoverable, and certified as such by the auditors appointed under Section 63 may be written off with the approval of the general body and sanction of the Registrar. Under clause (iv) of sub rule (5) of rule 64, the auditor has to furnish a schedule with full particulars of any money or property belonging to the society which appears to the auditor to be bad or doubtful debts, along with the audit report. Hence all bad debts included in the Schedule as Bad Debt can be taken as irrecoverable debt as certified by the auditor for the purpose of write off.

നമ്പർ സി.ജി.(1) 37930/96

സഹകരണ സംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 7–11–1996

സർക്കുലർ നമ്പർ 28/96

വിഷയം: **സഹകരണ വകുപ്പ്–സഹകരണ സംഘങ്ങൾ പിരിച്ചു കിട്ടുന്ന വായ്പാ തുകയും പലിശയും ജീവനക്കാരുടെ ശമ്പളചെലവിനും മറ്റും വിനിയോഗിക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തുന്നതു സംബന്ധിച്ച്.**

സൂചന: **ദേശീയ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ 25–9–1996 ലെ എൻ.ബി.ഐ.ഡി.സി. സഹകരണം 2278/വി–20/96–97 ലെ കത്ത്.**

ഏതാനും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും മറ്റു ചില വായ്പാ സഹകരണ സംഘങ്ങളും പിരിഞ്ഞു കിട്ടുന്ന വായ്പാ തുകയും പലിശയും ജീവനക്കാരുടെ ശമ്പളച്ചെലവിനും മറ്റു ചിലവുകൾക്കുമായി വക മാറ്റി വിനിയോഗിക്കുന്നതായും ഇതു കാരണം സംഘങ്ങളുടെ സുഗമമായ വായ്പാ പ്രവർത്തനം തടസ്സപ്പെടുത്തുന്നതായും അത്തരം സംഘങ്ങളുടെ മൊത്തത്തിലുള്ള പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നതായും ദേശീയ കാർഷിക ഗ്രാമവികസനന ബാങ്ക് (നബാർഡ്) ചൂണ്ടിക്കാണിച്ചിരിക്കുന്നു.

പിരിഞ്ഞുകിട്ടുന്ന വായ്പാ തുകയും പലിശയും ജീവനക്കാരുടെ ശമ്പളത്തിനും മറ്റു ചെലവുകൾക്കും അനിയന്ത്രിതമായി വക മാറ്റി വിനിയോഗിക്കുന്നതു കാരണം സംഘങ്ങൾക്ക് പിരിഞ്ഞു കിട്ടാനുള്ള വായ്പാ തുകയും സംഘങ്ങൾ ധനസഹായം ബാങ്കിലേക്ക് തിരിച്ചടക്കാനുള്ള വായ്പാ തുകയും തമ്മിലുള്ള അന്തരം വർദ്ധിച്ചു വരുകയും ധനസഹായ ബാങ്കിൽനിന്നും തുടർന്ന് വായ്പ ലഭിക്കാനുള്ള സാധ്യത ഇല്ലാതാവുകയും ചെയ്യുന്നതായി ശ്രദ്ധയിൽപെട്ടിരിക്കുന്നു. പിരിഞ്ഞുകിട്ടുന്ന വായ്പാ തുകയും പലിശയിൽ സംഘങ്ങൾക്ക് ലഭിക്കുന്ന മാർജിൻ കഴിച്ചുള്ള തുകയും ജീവനക്കാരുടെ ശമ്പളത്തിനും മറ്റു ചെലവുകൾക്കും വക മാറ്റി വിനിയോഗിക്കാൻ പാടില്ലാത്തതുമാണ്. പിരിഞ്ഞു കിട്ടുന്ന വായ്പ തുകയുടേയും, പലിശയുടേയും ശരിയായ വിനിയോഗം ഉറപ്പാക്കി സംഘങ്ങളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് ഓരോ സംഘവും പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ഈ സർക്കുലർ കൈപ്പറ്റിയ വിവരം അറിയിക്കേണ്ടതാണ്.

സഹകരണ സംഘം രജിസ്ട്രാർ

നമ്പർ സി.പി.(3) 8/52/97

സഹകരണ സംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 3–3–1997

സർക്കുലർ നമ്പർ 8/97

വിഷയം: **പ്രാഥമിക സഹകരണ സംഘങ്ങളിൽ പലിശ നിരക്ക് ഏകീകരിക്കുന്നത് സംബന്ധിച്ച്**

വായ്പാ പ്രവർത്തനങ്ങൾ

സൂചന: 1. **രജിസ്ട്രാറുടെ 33/96 നമ്പരിലുള്ള 30–12–96 ലെ സർക്കുലർ**

2. **രജിസ്ട്രാറുടെ 7/97 നമ്പരിലുള്ള 12–2–97 ലെ സർക്കുലർ**

3. **മടവൂർ സർവീസ് സഹകരണ ബാങ്ക് പ്രസിഡണ്ടിന്റെ 19–2–1997ലെ നിവേദനം.**

സംസ്ഥാനത്ത് ബാങ്കിംഗ് റഗുലേഷൻ നിയമത്തിന്റെ പരിധിയിൽ വരാത്ത സഹകരണ വായ്പാ സ്ഥാപനങ്ങൾ വിവിധ കാലാവധികൾക്ക് സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്ക് നൽകാവുന്ന പലിശ നിരക്കുകൾ സൂചന 1 ലേയും, 2 ലേയും സർക്കുലറുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ചില സർവീസ് സഹകരണ സംഘങ്ങൾ രജിസ്ട്രാറുടെ സർക്കുലറുകൾക്ക് വിരുദ്ധമായി കൂടുതൽ നിരക്ക് നൽകി വരുന്നതായി പരാതി ലഭിച്ചിട്ടുണ്ട്. ഇപ്രകാരം സർക്കുലർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നിക്ഷേപങ്ങൾക്ക് കൂടുതൽ പലിശ നൽകുന്നത് പ്രാഥമിക സഹകരണ സംഘങ്ങൾ തമ്മിലുള്ള മത്സരത്തിന് വഴി തെളിക്കുന്നതാണ്. ബാങ്കിംഗ് റഗുലേഷൻ നിയമത്തിന്റെ പരിധിയിൽ വരാത്ത സഹകരണ വായ്പാ സംഘങ്ങൾ രജിസ്ട്രാറുടെ കാലാകാലങ്ങളിലുള്ള നിർദ്ദേശങ്ങൾക്ക് അനുസൃതമായി പലിശ നിരക്കിൽ നിക്ഷേപം സ്വീകരിക്കുന്നതിന് ബാധ്യസ്ഥമാണ്. രജിസ്ട്രാറുടെ ഉത്തരവുകൾക്ക് വിരുദ്ധമായി വർദ്ധിച്ച നിരക്കിൽ പലിശ നൽകുന്ന സംഘങ്ങൾക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കേണ്ടി വരുന്നതാണ്.

മേൽപ്പറഞ്ഞ കാരണങ്ങളാൽ രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി മാത്രമേ സംഘങ്ങൾ നിക്ഷേപങ്ങൾക്ക് പലിശ നൽകുന്നുള്ളൂ എന്ന് ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതും, അതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന സംഘങ്ങൾക്കെതിരെ നിയമപ്രകാരം നടപടി സ്വീകരിക്കേണ്ടതും ആകുന്നു.

സഹകരണ സംഘം രജിസ്ട്രാർ

No.HV (1) 45211/97 Office of the Registrar of Co-operative Societies, Thiruvananthapuram, 20-01-98

CIRCULAR No. 2/98

Sub: **Housing-Primary Housing Co-operative Societies Miscellaneous Charges realised from members Rates of legal fees-Revised-Orders issued.**

Read: **1. This office circular No. 56/89 dated 20-09-89.**

2. Resolution No. 6(b) dated 15-12-1997 of the board of Directors of the Kerala State Co-operative Housing Federation Ltd., Ernakulam.

In consideration of the recommendation of the Board of Directors of the Kerala State Co-operative Housing Federation Ltd., Ernakulam, vide its resolutions read as first paper above and in partial modification of this office Circular read as second paper above, the rates of legal fees realisable by the Primary Housing Co-operative Societies in the state from their members, are revised as follows:

Sl No.	Item	Existing rates as per Circular No. 56/89 dtd.20/9/89	Revised rates as per this circular
(1)	(2)	(3)	(4)
1.	Legal fees	Rs. 25/- for loan application upto Rs. 10,000/- Plus Rs.1/- for every additional Rs.1000/- subject to a maximum of Rs.50/-	Rs. 50/- for loan application up to Rs. 50,000/- Plus Rs.1/- for every additional Rs. 1000 subject to a maximum of Rs. 100/-

N. T. Sathyavan
Additional Registrar of Co-operative Societies (Consumer)

നമ്പർ സി.ജി.(1) 15557/98

സഹകരണ സംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 25–5–1998

സർക്കുലർ നമ്പർ 18/98

വിഷയം: **പ്രാഥമിക കാർഷിക വായ്പാ / സഹകരണ സംഘങ്ങൾക്കും ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കുകൾക്കും നൽകാവുന്ന വായ്പകളും അവയുടെ പരിധികളും നിശ്ചയിക്കുന്നത് സംബന്ധിച്ച്-ഉത്തരവ്.**

സൂചന:
1. **രജിസ്ട്രാറുടെ 25–10–91 ലെ 32/91 ാം നമ്പർ സർക്കുലർ**
2. **രജിസ്ട്രാറുടെ 5–4–93 ലെ 23/93 ാം നമ്പർ സർക്കുലർ**
3. **രജിസ്ട്രാറുടെ 9–6–93 ലെ 36/93 ാം നമ്പർ സർക്കുലർ**
4. **രജിസ്ട്രാറുടെ 16–7–93 ലെ 43/93 ാം നമ്പർ സർക്കുലർ**
5. **രജിസ്ട്രാറുടെ 20–8–93 ലെ 52/93 ാം നമ്പർ സർക്കുലർ**
6. **രജിസ്ട്രാറുടെ 31–8–95 ലെ 25/95 ാം നമ്പർ സർക്കുലർ**
7. **രജിസ്ട്രാറുടെ 25–11–96 ലെ 29/96 ാം നമ്പർ സർക്കുലർ**

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം പഠിച്ച് അത് മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാരിന്

സമർപ്പിക്കുന്നതിന് രൂപീകരിച്ച വിദഗ്ദ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിൽ ഹ്രസ്വ കാല കാർഷിക വായ്പ നൽകുന്നതിനുള്ള വ്യവസ്ഥകളിൽ കാലോചിതമായ മാറ്റങ്ങൾ ആവശ്യമാണ് എന്ന് ശുപാർശ ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കുകൾ എന്നിവയിൽ നിന്നും നൽകാവുന്ന വായ്പകളും ഒരംഗത്തിന് നൽകാവുന്ന വായ്പകളുടെ പരിധികളും പുതുക്കി നിശ്ചയിച്ചുകൊണ്ടും, അവ അനുവദിക്കുന്നതിലുള്ള പൊതു നിർദ്ദേശങ്ങൾ പരിഷ്ക്കരിച്ചുകൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഹ്രസ്വകാല കാർഷിക വായ്പയുടെ പരിധി, നിലവിലുള്ള 50000 രൂപ എന്നത് 100000 രൂപയായി വർദ്ധിപ്പിക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം ആൾ ജാമ്യത്തിൽ നൽകാവുന്ന വായ്പാ പരിധി 25,000 രൂപ ആയിരിക്കും

2. ആൾ ജാമ്യത്തിൽ കാർഷികവും കാർഷികേതരവുമായ വായ്പ അനുവദിക്കുമ്പോൾ ഒരേ വീട്ടിലുള്ള രണ്ടോ മൂന്നോ പേർ പരസ്പരം ജാമ്യം നിന്ന് വായ്പ അനുവദിച്ചു കൂടാത്തതാണ്. ഒരാൾക്ക് ജാമ്യം നിൽക്കാവുന്ന പരമാവധി പരിധി അടച്ച് തീർത്ത ഓഹരി തുകയുടെ 40 ഇരട്ടി വരെ എന്ന് നിശ്ചയിക്കേണ്ടതാണ്.

3. വായ്പാ തിരിച്ചടവിനു സംഘത്തിൽ നിന്നും വായ്പക്കാരന് നോട്ടീസ് അയക്കുമ്പോൾ നോട്ടീസിൽ വായ്പാ മുതൽ, പലിശ, പിഴ പലിശ, മറ്റു ചെലവുകൾ എന്നിവ പ്രത്യേകം കാണിക്കേണ്ടതാണ്. അതുപോലെ വായ്പാ തിരിച്ചടവ് രസീത് നൽകുമ്പോൾ മേൽ കാണിച്ചവ പ്രത്യേകം കാണിക്കേണ്ടതും, വായ്പ മുതൽ, പലിശ ബാക്കി നിൽപ്പുള്ളള തുകകൾ, വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്.

4. അംഗങ്ങൾക്ക് സുഗമമായി കൃത്യ സമയത്ത് വായ്പ ലഭിക്കുന്നതിനായി 5,000 വരെയുള്ള പുതിയ വായ്പകൾ ഒരു ഭരണ സമിതി അംഗത്തിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ചീഫ് എക്സിക്യൂട്ടീവിന്റെ പരിശോധനയോടെ പ്രസിഡണ്ടിന് അനുവദിക്കാവുന്നതും അടുത്ത ഭരണസമിതി യോഗത്തിൽ അംഗീകാരം വാങ്ങിക്കേണ്ടതുമാണ്. അതുപോലെ വായ്പാ തുക കൃത്യമായി തിരിച്ചടക്കുമ്പോൾ ചീഫ് എക്സിക്യൂട്ടീവിന്റെ ശുപാർശയോടെ പ്രസിഡണ്ടിന് മുൻ വായ്പ തുകയിൽ അധികരിക്കാത്ത തുക പുനർ വായ്പയായി അനുവദിക്കാവുന്നതും അടുത്ത ഭരണസമിതി യോഗത്തിൽ അംഗീകാരം വാങ്ങേണ്ടതുമാണ്.

5. സംഘങ്ങളിൽ നിന്നും വിതരണം ചെയ്യപ്പെടുന്ന വായ്പകൾക്ക് പലിശക്ക് പുറമെ മറ്റൊരു തുകയും ഈടാക്കാൻ പാടില്ലാ എന്ന് ഈ ആഫീസിലെ സർക്കുലറുകളിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ സ്വർണ്ണ പണയ വായ്പക്ക് അപ്രൈസർ ചാർജ്, ഇൻഷുറൻസ് ചാർജിനങ്ങളിൽ ഒു നിശ്ചിത തുക ഈടാക്കാൻ അനുവാദം നൽകേണ്ടതാണെന്ന് ടി കമ്മിറ്റി റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്. ആയത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വർണ്ണ പണയ വായ്പക്ക് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പലിശ നിരക്കുകൾക്ക് പുറമേ

മൊത്തം വായ്പാ തുകയുടെ 0.25% അപ്രൈസർ ചാർജായും ഇൻഷുറൻസ് ചാർജായും വായ്പക്കാരിൽ നിന്നും സംഘത്തിന് ആവശ്യമുണ്ടെന്ന് തോന്നുകയാണെങ്കിൽ ഈടാക്കാവുന്നതാണ്. ഇത് യാതൊരു കാരണവശാലും പരമാവധി 125 രൂപയിൽ അധികരിക്കാൻ പാടില്ലാത്തതാകുന്നു.

ഷീലാ തോമസ് ഐ. എ. എസ്.
സഹകരണസംഘം രജിസ്ട്രാർ

നമ്പർ സി.ജി.(1) 20463/98

സഹകരണ സംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 28–5–1998

സർക്കുലർ നമ്പർ 21/98

വിഷയം: **സഹകരണം–സഹകരണ ക്രെഡിറ്റ് പ്ലാൻ തയ്യാറാക്കുന്നതു സംബന്ധിച്ച് വിദഗ്ദ്ധസമിതി ശുപാർശ.**

സൂചന: **വിദഗ്ദ്ധസമിതി റിപ്പോർട്ട്**

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം പഠിച്ച് നിലവാരം മെച്ചപ്പെടുത്തുന്നതിന് രൂപീകരിച്ച വിദഗ്ദ്ധസമിതി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ വാർഷിക പദ്ധതിയുടെ ഭാഗമായി ഓരോ പഞ്ചായത്തിനും അതാത് പ്രദേശത്തെ വികസന പദ്ധതി, പഞ്ചായത്ത് പ്രസിഡണ്ട്, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലെ പ്രസിഡണ്ട്/ചീഫ് എക്സിക്യൂട്ടീവ് എന്നിവ കൂട്ടായി ചർച്ച ചെയ്ത് ഒരു സഹകരണ ക്രെഡിറ്റ് പ്ലാൻ തയ്യാറാക്കേണ്ടതാണെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. ആയത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതി(Annual Plan)യുടെ ഭാഗമായി ഓരോ പഞ്ചായത്തിനും ഒരു സഹകരണ ക്രെഡിറ്റ് പ്ലാൻ ഉണ്ടാകുന്നത് അഭികാമ്യമാണെന്ന് കാണുന്നു. ഓരോ സഹകരണ സംഘവും അവയുടെ പ്രവർത്തന പരിധിയിൽ വരുന്ന പ്രദേശങ്ങളെക്കുറിച്ച് വിശദമായി പഠിച്ച് അതാതു പ്രദേശത്തെ വികസനത്തന് ആവശ്യമായ വായ്പാ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. ഇത്തരം സഹകരണ വായ്പാ പദ്ധതികൾ തയ്യാറാക്കുന്നതിന് നിർദ്ദിഷ്ട പഞ്ചായത്ത് അധികാരികൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥൻമാർ എന്നിവരുമായി ചർച്ച നടത്തുന്നത് പ്രയോജനപ്രദമായിരിക്കും. ആയതിന് അതാതു പഞ്ചായത്തിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘം മുൻകൈ എടുക്കേണ്ടതാണ്. സംഘം അടുത്ത വർഷത്തെ വാർഷിക ബഡ്ജറ്റ് തയ്യാറാക്കുന്നതിനോടൊപ്പം തന്നെ ഇപ്രകാരം സഹകരണ ക്രെഡിറ്റ് പ്ലാൻ തയ്യാറാക്കുന്നത് കൂടുതൽ പ്രയോജനപ്രദമായിരിക്കും

കൂടാതെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ഇപ്രകാരം ഒരു വർഷത്തിൽ സംഘം വഴി നൽകാൻ ഉദ്ദേശിക്കുന്ന വായ്പകളുടെ വിശദ വിവരം മുൻകൂട്ടി തന്നെ സംഘങ്ങൾക്ക് അറിവ് നൽകേണ്ടതാണ്.

ഷീലാ തോമസ് ഐ. എ. എസ്.
സഹകരണ സംഘം രജിസ്ട്രാർ

No.CB (1) 45845/97

Office of the Registrar of Co-operative Societies,
Thiruvananthapuram, 28-08-1998

CIRCULAR No. 40/98

Sub: **Financing self Help Group by Primary Agricultural Credit Societies-Amendment of Bye-laws-regarding.**

Ref: **1. G.O.No.114/97/Co-op: dated 6-9-1997.**

2. Letter No.NB (TVM) 2387/SIB-97 (C) 98-99 dated 16-7-98 of NABARD.

As per the G.O.1st cited the Government have exempted the Primary Agricultural Credit Societies from the provisions of Sub Section (1) of section 59 of the KCS Act 1969 for the purpose of enabling those societies to provide loans to the Self Help Groups organised under them.

NABARD vide letter 2nd cited has requested to issue suitable instructions to the Primary Agricultural Credit Societies to make suitable amendment in their bye-laws to support the Self Help Group linkage programme.

In the above circumstances the Joint Registrars may advice the Primary Agricultural Credit Societies under their control to make suitable amendment in their bye-laws so as to provide loans to the Self Help Groups Organised under them.

Sheela Thomas
Registrar of Co-operative Societies

നമ്പർ സി.ജി.(1) 14151/98

സഹകരണ സംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 26–10–1998

സർക്കുലർ നമ്പർ 45/98

വിഷയം: **സഹകരണം–പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള വിദഗ്ദ്ധ സമിതി ശുപാർശ നടപ്പിലാക്കുന്നതു സംബന്ധിച്ച്.**

സൂചന: **1. വിദഗ്ദ്ധസമിതിയുടെ (14–9) ാം ശുപാർശ**

2. 25–6–1998 ലെ സെൻട്രൽ ബാങ്ക്സ് സമ്മേളനത്തിന്റെ 3 ാം നമ്പർ തീരുമാനം.

സഹകരണ സർക്കുലർ സമാഹാരം

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം പഠിച്ച് നിലവാരം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ രൂപീകരിച്ച് വിദഗ്ദ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ (14–9) ാം നമ്പർ ശുപാർശ താഴെ പറയും പ്രകാരമാണ്.

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലൂടെ കർഷകർക്ക് വായ്പ ലഭിക്കുന്നതിന് ലാന്റ് രജിസ്റ്ററിലെ വിവരങ്ങൾ അടിസ്ഥാനമാക്കേണ്ട കാര്യമില്ല. വസ്തുവിന്റെ പ്രമാണം, കരം ഒടുക്കു രസീത്, ഉടമസ്ഥന്റെ സമ്മതപത്രം, കൈവശാനുഭവ സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ പരിധി നിശ്ചയിക്കേണ്ടതാണ്.

മേൽ ശുപാർശ 25–6–1998 ൽ കൂടിയ സെൻട്രൽ ബാങ്ക്സ് സമ്മേളനവും അംഗീകരിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ കർഷകർക്ക് വായ്പ ലഭിക്കുന്നതിന് സംഘത്തിൽ സൂക്ഷിച്ചിട്ടുള്ള ലാന്റ് രജിസ്റ്ററിലെ വിവരങ്ങൾ മാത്രം അടിസ്ഥാനമാക്കേണ്ട കാര്യമില്ല. വസ്തുവിന്റെ പ്രമാണം, കരം ഒടുക്കു രസീത്, വസ്തു ഉടമസ്ഥന്റെ സമ്മതപത്രം, കൈവശാനുഭവ സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ കർഷകരായ അംഗങ്ങൾക്ക് വായ്പാ പരിധി നിശ്ചയിക്കുന്ന കാര്യം അതാതു സംഘങ്ങൾക്ക് പരിഗണിക്കാവുന്നതാണ്.

ഷീലാ തോമസ് ഐ. എ. എസ്.
സഹകരണസംഘം രജിസ്ട്രാർ

നമ്പർ സി.ബി.(2) 4829/98

സഹകരണ സംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 13–4–1999

സർക്കുലർ നമ്പർ 14/99

വിഷയം: **പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്ക് നിശ്ചിത നിരക്കിൽ കൂടുതൽ പലിശ നൽകുന്നതു സംബന്ധിച്ച്.**

സൂചന: **23–3–99 ൽ കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസിൽ ഉന്നയിച്ച ആവശ്യം.**

സംസ്ഥാനത്തെ ചില കാർഷിക വായ്പാ സഹകരണ സംഘങ്ങൾ സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ച സർക്കുലർ നിർദ്ദേശങ്ങളിലെ പലിശ നിരക്കിൽ നിന്നും അധികരിച്ച് നൽകുന്നതായി സൂചന പ്രകാരം കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസിൽ പരാമർശിക്കപ്പെടുകയും നിലവിലുള്ള സർക്കുലർ നിർദ്ദേശങ്ങൾക്ക് വിപരീതമായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്കെതിരെ കർശന നടപടികൾ

സ്വീകരിക്കേണ്ടതാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇതു സംബന്ധിച്ച് വിവിധ തലങ്ങളിൽ നിന്നും ലഭിച്ചിട്ടുളള പരാതികളെക്കുറിച്ച് അന്വേഷിച്ചതിൽ നിന്നും പരാതിയിൽ വാസ്തവമുണ്ടെന്നും ബോധ്യപ്പെട്ടിരിക്കുന്നു.

ഉയർന്ന നിരക്കിൽ പലിശ നൽകി നിക്ഷേപം സ്വീകരിക്കുന്നത് മറ്റു സഹകരണ സംഘങ്ങളുടെ നിക്ഷേപത്തെ സാരമായി ബാധിക്കുകയും ആയത് സംഘങ്ങളുടെ ആരോഗ്യകരമായ പ്രവർത്തനത്തിന് വിഘാതമാവുകയും ചെയ്യുന്നതാണ്. അതിനാൽ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ നിശ്ചിത നിരക്കിലുള്ള പലിശയല്ലാതെ യാതൊരു വിധ ആനുകൂല്യങ്ങളും നൽകരുതെന്ന് സഹകരണ സംഘം രജിസ്ട്രാറുടെ 17/87 നമ്പർ സർക്കുലറിലും തുടർന്നും നിർദ്ദേശിച്ചിരുന്നതാണ്. കൂടാതെ സഹകരണ സംഘം രജിസ്ട്രാറുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന സംഘങ്ങൾക്കെതിരെ സഹകരണ സംഘ നിയമം അനുശാസിക്കുന്ന കർശന നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ജോയിന്റ് രജിസ്ട്രാർമാർക്ക് നിർദ്ദേശവും നൽകിയിരുന്നു.

ആയതിനാൽ ടി നിർദ്ദേശങ്ങൾക്കു വിപരീതമായി പ്രൈമറി സഹകരണ സംഘങ്ങൾ നിശ്ചിത നിരക്കിൽ അധികരിച്ച് പലിശയോ, കൂടാതെ മറ്റ് ആനുകൂല്യങ്ങളോ നൽകുവാൻ പാടില്ലാ എന്ന് വീണ്ടും കർശനമായി നിർദ്ദേശം നൽകുന്നു. സംസ്ഥാനത്തെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്കു നൽകുന്ന പലിശ നിരക്കുകൾ സഹകരണ സംഘം രജിസ്ട്രാറുടെ കാലാകാലങ്ങളിലുള്ള സർക്കുലർ നിർദ്ദേശങ്ങൾക്ക് അനുസൃതമാണെന്നും ജോയിന്റ് രജിസ്ട്രാർമാർ ഉറപ്പു വരുത്തേണ്ടതും ടി നിർദ്ദേശം എല്ലാ സംഘങ്ങളുടേയും ശ്രദ്ധയിൽ കൊണ്ടു വരേണ്ടതാണെന്നും പ്രത്യേകം അറിയിക്കുന്നു.

ഈ സർക്കുലർ നിർദ്ദേശങ്ങൾക്കു വിപരീതമായി പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ പേരിൽ അതതു ജോയിന്റ് രജിസ്ട്രാർമാർ സഹകരണ നിയമം അനുശാസിക്കുന്ന കർശന നടപടികൾ കൃത്യമായും സ്വീകരിക്കേണ്ടതാണ്.

വി. പി. ജോയി
സഹകരണസംഘം രജിസ്ട്രാർ

No.CLT (3)40535/99 Office of the Registrar of Co-operative Societies, Thiruvananthapuram, 3-11-1999

CIRCULAR No. 42/99

Sub: **Disbursement of Loan-Long Term Loans-Simplification of-Procedure-Modification-Regarding.**

Read: **1. This office circular No. 22/94 dated: 14-7-1994.**

2. Representation received from various Agricultural and Rural Development Banks.

In this office circular No.22/94 dated.14-7-1994 the supervisors and the Agricultural officers of the Primary Agricultural and Rural Development Banks were authorised to value security properties in respect of loan application upto and including Rs.20,000 and Rs. 30,000 respectively. In the case of Primary Agricultural and Rural Development Banks where there are no sanctioned post of Assistant Registrar/Valuation Officer, the Agricultural Officers working in the Banks were authorised to Value Security properties in respect of Loan application upto and including Rs. 50,000 as a Special case till the post of Assistant Registrar/Valuation Officers are sanctioned in these Banks.

Representations from various Agricultural and Rural Development Banks have been received for enhancing the present limit prescribed in the above cited circular to avoid delay in disbursing the loans. It is pointed out that the limit of loans has been tremendously increased as the Banks have widened their loan area. In the above circumstances the following modifications in this office circular No. 22/94 dated, 14-7-1994 are issued.

Valuation

The Supervisors of the Primary Co-operative Agricultural and Rural Development Banks are authorised to value security properties in respect of loan application upto and including Rs. 30,000/-. The Agricultural officers working in the Banks are authorised to value security properties in respect of loan application upto and include Rs. 50,000/- In all other cases the officers of the department who are entrusted with the work are authorised to value the security properties. In the case of primary Co-operative Agricultural and Rural Development banks where there are no sanctioned post of Assistant Registrar/Valuation Officers the Agricultural Officer working in the Banks are authorised to Value Security properties in respect of loan application upto and including Rs. 75,000 as a special case till the post of Assistant Registrar/ Valuation Officers are sanctioned in these Banks.

This modification will have effect from the date of this circular.

K. Chandrasena Prasad
Additional Registrar (Consumer)
In Charge of Registrar of Co-operative Societies

No.G(1) 7961/99. Office of the Registrar of Co-operative Societies,

Thiruvananthapuram, 4-1-2000

CIRCULAR No. 2/2000

Sub: **Co-op. Department Short term Agricultural Advance by Co-operatives Interest charged from members not to exceed principal amount instructions cancelled.**

Ref: **1. Registrar's Circular No. 41/91 Dated: 18-12-'91**

2. Letter No. PCD/28/96-97 dated: 16-12-96 of NABARD

3. Government letter No.5614/B1/97/Co-op: dated: 1-11-'99.

The General Manager of NABARD vide letter 2nd cited has informed that taking into account the views expressed by various State Government and the present interest rate policy of providing freedom to co-operative Banks in the matter fixing lending rates, the desirability or otherwise of enforcing the principle was viewed by them in consultation with Reserve Bank of India. Reserve Banks of India/ NABARD are of the view that if the Co-operatives take appropriate action for prompt recovery of loans, the need for invoking the above principle may not arise. It has been further remarked that Co-operatives should have the right to recover the interest due which may be come equal to or higher than the principal on account of rephasement/delayed payment. As per the letter 3rd cited, Government have directed to cancel the circular 1st cited in the light of the letter dated: 16-12-'96 of NABARD, 2nd cited. In the above circumstances the Circular 1st cited is hereby cancelled.

V. P. Joy IAS
Registrar of Co-operative Societies

നമ്പർ സി.ജി.(1) 49100/99

സഹകരണ സംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 3–1–2000

സർക്കുലർ നമ്പർ 3/2000

വിഷയം: **പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കുകൾ, ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നും നൽകാവുന്ന വിവിധയിനം വായ്പകളുടെ പരിധി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച്.**

സൂചന: 1. **ഈ ഓഫീസിലെ 31–8–95 ലെ 25/95 ാം നമ്പർ സർക്കുലർ.**

2. ഈ ഓഫീസിലെ 25–11–96 ലെ 29/96 ാം നമ്പർ സർക്കുലർ.
3. ഈ ഓഫീസിലെ 25–5–98 ലെ 18/98 ാം നമ്പർ സർക്കുലർ.

സൂചന 1ലെ സർക്കുലർ പ്രകാരം പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, ഫാർമേഴ്സ് സർവീസ് ബാങ്കുകൾ, കാർഷികേതര വായ്പാ സംഘങ്ങൾ എന്നിവയിൽ നിന്നും നൽകാവുന്ന വിവിധയിനം വായ്പകളുടെ പരിധിയും ഒരു അംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധിയും നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സൂചന (2) (3) സർക്കുലർ പ്രകാരം കാർഷിക വായ്പ ഉൾപ്പെടെ ചില ഇനം വായ്പകളുടെ പരിധി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. സംസ്ഥാനത്തെ കാർഷിക വായ്പാ സഹകരണ സംഘങ്ങളും മറ്റു കാർഷികേതര വായ്പാ സഹകരണ സംഘങ്ങളും കൂടുതൽ ജനവിശ്വാസം ആർജിക്കുകയും നിക്ഷേപ സമാഹരണത്തിലൂടെ ഇവയുടെ വിഭവശേഷി ഗണ്യമായ തോതിൽ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ സഹസ്രാബ്ദത്തിലേക്ക് പ്രവേശിക്കുമ്പോൾ സംഘങ്ങളുടെ ഈ വിഭവശേഷി അംഗങ്ങളുടെ വർദ്ധിച്ചു വരുന്ന വായ്പാ ആവശ്യങ്ങൾ നിറവേറ്റുന്നതിലേക്കായി വിനിയോഗിക്കുന്നതിനും അത് വഴി സംഘം പ്രവർത്തനം കൂടുതൽ ലാഭകരമാക്കുന്നതിനും ശ്രമിക്കേണ്ടതുണ്ട്. ഈ ആവശ്യം മുൻനിർത്തി വിവിധയിനം വായ്പകളുടെ പരിധി ഉയർത്തേണ്ടത് ആവശ്യമാണെന്നു കാണുന്നു. മേൽ സാഹചര്യത്തിൽ സഹസ്രാബ്ദ പരിപാടിയോടനുബന്ധിച്ച് സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കുകൾ ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ എന്നിവയിൽ നിന്നും അവയുടെ അംഗങ്ങൾക്ക് നൽകാവുന്ന വിവധയിനം വായ്പകളുടെ പരിധി സംഘങ്ങളുടെ വിഭവശേഷിയുമായി ബന്ധപ്പെടുത്തി ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പുതുക്കി നിശ്ചയിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്രമ നമ്പർ	വായ്പാ പദ്ധതി	പരമാവധി പരിധി	കാലാവധി	ഓഹരി അനുപാതം
1.	**ഉത്പാദന ആവശ്യമുളള വായ്പ**			
എ.	ഹ്രസ്വകാല മധ്യകാല കാർഷിക വായ്പകൾ	2,00,000 രൂപ	ഹ്രസ്വകാലം 1 വർഷം മദ്ധകാലം 2 മുതൽ 5 വർഷം വരെ	1:20
ബി.	സ്വയം തൊഴിൽ വായ്പകൾ	2,00,000	5 വർഷം	1%
സി.	വ്യവസായ വായ്പകൾ	10,00,000	5 വർഷം	1%
ഡി.	ഭൂസ്വത്ത് വാങ്ങുന്നതിനുളള വായ്പ	5,00,000	5 വർഷം	1%
2.	**സ്വർണ്ണ പണയ വായ്പ**	2,00,000	1 വർഷം	
3.	**ഉപഭോക്തൃ വായ്പകൾ**			

വായ്പാ പ്രവർത്തനങ്ങൾ

1.	കുട്ടികളുടെ വിദ്യാഭ്യാസത്തിന്	10,000	1 വർഷം	1%
2.	കുട്ടികളുടെ പ്രൊഫഷണൽ വിദ്യാഭ്യാസത്തിന്	1,50,000	5 വർഷം	1%
3.	കുടുംബാംഗങ്ങളുടെ വിവാഹാവശ്യത്തിന്	1,00,000	5 വർഷം	1%
4.	കുടുംബാംഗങ്ങളുടെ ചികിത്സാ മരണാനന്തര ചിലവുകൾ തുടങ്ങിയവ	10,000	1 വർഷം	1%
5.	താമസിക്കുന്ന വീടുകൾ നന്നാക്കുന്നതിന്	1,00,000	5 വർഷം	1%
6.	വിദേശങ്ങളിൽ ജോലി തേടി പോകുന്നതിന്	1,00,000	3 വർഷം	1%
7.	വീട്ടുപകരണങ്ങൾ വാങ്ങുന്നതിന്	1,00,000	5 വർഷം	1%
8.	വാഹനങ്ങൾ വാങ്ങുന്നതിന്	10,00,000	5 വർഷം	1%
9.	വിവിധ ആവശ്യങ്ങൾക്കുള്ള കാഷ് ക്രെഡിറ്റ്.	50,000	1 വർഷം	1%
10.	ഭവന നിർമ്മാണ വായ്പ.	3,00,000	5 വർഷം	1%

4. **ഒരംഗത്തിന് പരമാവധി നൽകാവുന്ന മൊത്തം വായ്പകളുടെ പരിധി ഇപ്രകാരമായിരിക്കും.**

1.	ഒരു കോടി രൂപ വരെ നിക്ഷേപമുള്ള സംഘങ്ങളിൽ	1,00,000 രൂപവരെ
2.	ഒരു കോടി മുതൽ മൂന്ന് കോടി വരെ നിക്ഷേപമുള്ള സംഘങ്ങളിൽ	2,00,000 രൂപവരെ
3.	3 കോടി മുതൽ 5 കോടി വരെ നിക്ഷേപമുള്ള സംഘങ്ങളിൽ	3,00,000 രൂപവരെ
4.	5 കോടി മുതൽ 10 കോടി വരെ നിക്ഷേപമുള്ള സംഘങ്ങളിൽ	5,00,000 രൂപവരെ
5.	10 കോടിക്കു മേൽ നിക്ഷേപമുള്ള സംഘങ്ങളിൽ	10,00,000 രൂപവരെ

5. പദ്ധതി വായ്പകൾ

നബാർഡ് ദേശീയ വ്യവസായ വികസന ബാങ്ക് ഹൗസിംഗ് ബാങ്ക് തുടങ്ങിയവയിൽ നിന്നും പുനർ വായ്പാ ലഭിക്കുന്ന പദ്ധതികൾ അനുസരിച്ചുള്ള വായ്പകൾക്കു മേൽ പരിധി ബാധകമല്ല.

6. സംഘങ്ങളുടെ നിക്ഷേപത്തിന്റെ 10% ത്തിൽ അധികരിക്കാതെ വാഹന വായ്പയായും 15% ത്തിൽ അധികരിക്കാതെ ഭവന നിർമ്മാണത്തിനുള്ള വായ്പയായും അനുവദിക്കാവുന്നതാണ്. എന്നാൽ വാഹന വായ്പ നിശ്ചിത തോതിൽ നൽകാൻ കഴിയാതെ വന്നാൽ ടി തുക ഭവന നിർമ്മാണ വായ്പ നൽകുന്നതിനായി വിനിയോഗിക്കാവുന്നതാണ്.

7. 25,000 രൂപ വരെയുള്ള കാർഷിക വായ്പകൾ അംഗങ്ങൾ തമ്മിലുള്ള പരസ്പര ജാമ്യത്തിൽ നൽകാവുന്നതാണ്. എന്നാൽ 50,000 രൂപ വരെയുള്ള എല്ലാ കാർഷികേതര വായ്പകളും 2 ൽ കുറയാതെയുള്ള (വായ്പാ തുകയുടേയും ജാമ്യക്കാരുടെ ശമ്പളത്തിന്റേയും അടിസ്ഥാനത്തിൽ ജാമ്യക്കാരുടെ എണ്ണം

നിജപ്പെടുത്തണം). കേന്ദ്ര/സംസ്ഥാന, സർക്കാർ/അർദ്ധ സർക്കാർ ഉദ്യോഗസ്ഥൻമാരുടെ ജാമ്യത്തിലോ, (ശമ്പള സർട്ടിഫിക്കറ്റ് വേണം)വസ്തു ജാമ്യത്തിലോ നൽകാവുന്നതാണ്. 25,000 രൂപയിൽ കൂടുതലുള്ള കാർഷിക വായ്പകളും 50,000 രൂപയിൽ കൂടുതലുള്ള കാർഷികേതര വായ്പകളും വസ്തു ജാമ്യത്തിൻമേൽ മാത്രമേ നൽകുവാൻ പാടുള്ളൂ. (എംപ്ലോയീസ് സഹകരണ സംഘങ്ങൾക്ക് ഈ വ്യവസ്ഥ ബാധകമല്ല)

8. സംഘങ്ങളുടെ വിഭവശേഷി പരിഗണിച്ച് മുകളിൽ പറഞ്ഞ തരത്തിലുള്ള വായ്പകൾ നൽകാൻ ഇപ്പോൾ നിയമാവലിയിലെ വ്യവസ്ഥയില്ലാത്ത സംഘങ്ങൾക്ക് ആവശ്യമായ നിബന്ധനകൾ നിയമാവലിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ എല്ലാ സംഘങ്ങളും ആവശ്യമായ വായ്പാ ഉപനിബന്ധനകൾ തയ്യാറാക്കേണ്ടതും ആയതിന് അതാത് ജോയിന്റ് രജിസ്ട്രാർമാരുടെ (ജനറൽ) അംഗീകാരം വാങ്ങേണ്ടതും പ്രസ്തുത വായ്പാ ഉപനിബന്ധനകൾക്ക് വിധേയമായി മാത്രം വായ്പകൾ നൽകേണ്ടതുമാണ്.

വി. പി. ജോയി ഐ. എ. എസ്.
സഹകരണ സംഘം രജിസ്ട്രാർ

GOVERNMENT OF KERALA
Co-operation (B) Department
NOTIFICATION

G.O.(P) No.149/2000/Co-op. Thiruvananthapuram, 17th November 2000

S.R.O.No.1098/2000- WHEREAS, under sub-section 91 of section 59 of the Kerala Co-operative Societies Act, 1969 (21 of 1969), a Society shall not make a loan to any person or a society other than a member.

AND WHEREAS, a large number of public works of Local Self Government are undertaken through the Beneficiary Committees constituted by the Local Self Government Institutions under peoples campaign programme. Beneficiary Committees enter into an agreement with the Local Self Government Institutions and based on that agreement, an advance not exceeding 25% of the cost of work of Rs.100000/- (Rupees one lakh) whichever is less is given by Local Self Government Institutions for executing the work and such advance is adjusted from future bills by the Local Self Government Institutions. By experience it has come to notice that for works involving huge amounts, mobilization of advance is not enough and that the Beneficiary Committee have to mobilise additional funds for completing the works in time.

AND WHEREAS, Government have considered the proposal of the Ben-

eficiary Committee exploring the possibilities of availing credit facilities from the Primary Agricultural Credit Societies of the locality having surplus funds after meeting the normal loan requirements to their members.

AND WHEREAS, the Government are satisfied that it is necessary in public interest to exempt the Primary Agricultural Credit Societies having surplus funds from the provisions of sub-section (1) of section 59 of the said act for the limited purpose of enabling them to sanction cash credit or overdraft facility to the Beneficiary Committees appointed by the Local Self Government Institutions for the execution of Public Works of such Local Self Government Institutions.

NOW, THEREFORE, in exercise of the powers conferred under section 101 of the Kerala Co-operative Societies Act, 1969, the Government of Kerala hereby exempt all the Primary Agricultural Credit Societies from the provision of sub-section (1) of section 59 of the said Act for the limited purpose of enabling the said Primary Agricultural Credit Societies to sanction cash credit or overdraft facility to the Beneficiary Committees for the execution of Public Works of Local Self Government Institutions under taken by such Committees on condition that such amounts should not exceed 50% of the cost of such work on the recommendation and guarantee executed by the concerned Local Self Government Institutions at the rate prevailing for loans to non-agricultural purpose. The concerned Local Self Government Institutions shall give a guarantee to the said society that all dues to the Beneficiary Committee would be realised from the final bill and credited to the said society.

By Order of the Governor
C. P. Sreelatha
Additional Secretary to Government

No.PL&C (1) 19418/80 Office of the Registrar of Co-operative Societies, Thiruvananthapuram, 9-5-1990

CIRCULAR No. 29/80

Sub: **Investment of fund by Panchayat in approved Co-operative Banks and Societies**

Ref: **1. Registrar's Circular No.35626/70 dated 5-7-1971**

2. Registrar's Circular No.14/71 issued in the PL&C(1) 50979/73 dt.4-4-1974

3. Registrar's Circular No.48/74 issued in the PL&C(1)13357/73 dt.3-10-1974

In the circulars referred above the Apex, Central Co-operative Banks and Co-operative Banks/Societies which fulfil following conditions are approved for the purpose of investment of funds of Panchayats.

(i) The classification in Audit should be 'A'

(ii) Should have been functioning on profit for the three consecutive years and

(iii) Working Capital should not be less than 10 lakhs.

2. The question of approving the Co-operative Bank/Societies coming under 'B' & 'C' classification in Audit to the above purpose is engaging attention of this Office.

3. In addition to the Apex Bank, Central Bank and Co-operative Banks/ Societies approved in circulars referred above the Co-operative Bank/Societies which fulfil the following conditions are also approved for the purpose of investment of funds of Panchayats.

(i) The classification in Audit should be 'B'or 'C'

(ii) Should have been functioning on profit for the past three consecutive years and

(iii) Working Capital should not be less than 5 lakhs for last five years.

4. The Deputy Registrars (General) of the Districts will notify the Co-operative institutions satisfying the above conditions and intimate the Panchayat coming under their jurisdiction for information under copy to this office. The

societies concerned may also be asked to contact the Panchayat & urge them to make use of the facility so that the deposit position of those institutions can be effectively improved upon.

Babu Jacob
Registrar of Co-operative Societies

No.CP(2) 8063/82/K.Dis. Office of the Registrar of Co-operative Societies, Trivandrum, 20-4-1982

CIRCULAR No. 14/82

Sub: **Investments of funds by Panchayats in approved Co-operative Banks and Societies-regarding.**

Read: **1. This office Circular No. 29/80 dt.9-5-1980.**

2. Letter No. L.Dis.77299/81/G2 dt. 10-2-1982 of Director of Panchayats.

1. As per the Circular read as 1st paper above the Co-op: Societies/Banks classified in audit as not below C were allowed to accept deposit from Panchayats.

2. As per the reference read as 2nd paper above the Director of Panchayats has informed that as per rule 4 of Kerala Panchayat Rules 1963, surplus funds of Panchayats can be invested only in Co-operative Banks/Societies whose audit classification is not below 'B'. As such Panchayats are not free to invest their funds in societies/Banks classified in audit as 'C'.

3. In the circumstance, all Co-operative Societies/Banks classified in audit not below 'B' need only be approved to accept deposits from Panchayts.

4. However societies which continue to be classified as 'C' as per audit report of previous years pending audit of accounts of upto date shall not suffer of this account alone. If in the opinion of the Joint Registrar a society/Bank has subsequently satisfied the condition necessary to satisfy for classification as 'A' or 'B' even though audit has not been completed, such societies may also be permitted to accept deposits from Panchayats. The Circular No. 29/80 is modified to this extent. The other conditions stipulated in the circular will be strictly adhered.

M.S.Joseph
Registrar of Co-operative societies

No.CP(1)41852/91 Office of the Registrar of Co-operative Societies,
Trivandrum, 8-9-1991

CIRCULAR No. 25/91

Sub: **Primary Service Co-operative Banks/Societies-Unauthorised retention of Credit instruments sent for collection-instructions issued-regarding.**

Ref: **Letter No.INSP/5739/E-9/91-92 dated: 9-8-1991 from NABARD.**

Most of the Primary Service Co-operative Banks/Societies in the State which are having sizeable amount as deposits loan transaction etc. are capable of doing all banking transactions. In the modern banking system, the collection of cheques/ instruments has a major role and the importance can not be undermined.

But, it has been brought to the notice of the Registrar, that some Service Co-operative Banks/Societies have retained the cheques/credit instruments sent for collection, unauthorisedly, for unknown reasons. NABARD, vide its letter cited had also informed the tendencies unlawful retention of credit instruments/ cheques by some Service Co-operative banks and stressed the necessity of such tendencies to nip in the bud.

The unauthorised retention of cheques, by the Service Co-op: Bank/ Service Co-operative Societies will affect the reputation as well as trustworthiness of the Co-operative institutions. The confidence, which have acquired by the Public during the yester years in which the whole edifice of the Co-operative movement is built, will collapse, and the ultimate result will be the erosion of the funds/deposits to other financial institutions.

In order to check such practices, the following instructions are issued.

The Primary Agricultural Service Co-operative Banks/Societies, should maintain a separate register for recording the particulars of the cheques/instruments received for collection from the collecting Banks. The payments on the above instruments should be made in chronological order. In case if payment cannot be made, the bank should return the cheques instruments to the bank/collecting banks, specifying the reasons, immediately. The Banks/Societies should also maintain separate registers for recording the details in respect of cheques returned/referred.

It is reliably understood that in some cases, the Service Co-operative Banks/Societies are holding the instruments at the behest of the drawer of the cheques ailing in collusion with them. This will not be tolerated at any cost.

If any instances of such unauthorised retention of credit instruments is brought to the notice of the department in future it will be viewed seriously. If any amount has been paid by the Service Co-operative Banks/Service Co-op: Society by way of interest/compensation for the unauthorised retention of cheques/instruments without any sufficient reasons, that should be realised from the Chief executives/Secretary of the Bank/Society itself. No such amount should be allowed to pay at the cost of the institutions.

Since the Managing Committee has the responsibility of general Supervision of the Societies, they should strictly verify the registers, every month, to verify whether any instruments received for collection are kept unpaid without any reasons. If any such instances are noticed, strict action should be initiated against the concerned officers of the society.

The Department officers, particularly the Inspectors, Auditors, should ensure that no credit instruments received for collections, in the Societies under their control have been retained by the bank, unpaid without any reason. If any such instances are noticed, they should bring the matter to the notice of the higher officers, and the board of directors of the bank/Society without fail.

The Joint Registrars, Deputy Registrars (Audit) of the districts should give necessary strict instructions in this regard to the Primary Agricultural Co-operative Bank, Primary Agricultural Credit Societies under their control.

The receipt of this circular has to be acknowledged.

V. S. Senthil
Registrar of Co-operative Societies

No.CB(2) 52022/91 — Office of the Registrar of Co-operative Societies
Thiruvananthapuram, 30-12-1991

CIRCULAR No. 1/92

Sub: **Meeting of National Bank's Managing Director with Government of Kerala Officials –Efforts for raising a mix of deposits so as to maintain economic viability by Co-operative Credit Institutions – Instructions issued.**

In the meeting of the National Bank's Managing Director with Government of Kerala Officials, it was suggested that a mix of deposits with an average cost not exceeding 10% should be raised so as to avoid loss to the Co-operative Credit Institutions and for getting better returns and ensure economic viability.

Since the Interest rates on deposits have since been enhanced and the Primary Agricultural Credit Societies have to pay higher rate of interest on long term deposits maintained with them, a mix of deposits as suggested above has to be maintained in order to avoid heavy loss and to ensure economic viability.

The societies are therefore advised to make efforts to raise a mix of deposits with an economic average cost to ensure that the average interest rate is reduced to the maximum extend possible.

V. S. Senthil
Registrar of Co-operative Societies

CB (2) 27554/90 — Office of the Registrar of Co-operative Societies, Thiruvananthapuram, 6-1-1992

CIRCULAR No. 4/92

Sub: **Recurring Deposits accepted by primary Credit Co-operative Institution need for an Unified rate-instructions issued-regarding.**

Ref: **Directives in Ref.No.RPCD (T) No.363-06 08 01-91-92 dated, 14-12-91 from the Reserve Bank of India.**

It has been brought to the notice of the undersigned that there is no uniformity in allowing interest rates on recurring deposits accepted by the Co-operative credit institutions separate interest rates payable on such deposits have not been fixed. This has normally resulted in variation of interest rates allowed by different Co-operative Credit Institutions.

The matter was examined in all aspects. The views of the Reserve Bank of India was also obtained in the matter. The Reserve Banks of India has advised that the interest rates on term (fixed) deposits prescribed by Reserve Banks of India from time to time are applicable in respect of recurring deposits also. Accordingly it is hereby directed that the interest rates on term (fixed) deposits fixed from time will be equally applicable in respect of recurring deposit also.

K. Shamsuddin
Additional Registrar (Credit)
In Charge of Registrar of Co-operative Societies

No.CB(2) 63350/91 Office of the Registrar of Co-operative Societies,
Thiruvananthapuram, 7-1-93

CIRCULAR No. 1/93

Sub: **Daily Deposit schemes in Co-operatives-profitability of such schemes-continuance-instructions issued-**

The Co-operative Credit Institutions in the State are not permitted to operate the Daily Deposit Scheme subject to the prior approval of the Department implementing such scheme. Though the daily deposit schemes in Co-operatives would help to develop thrift and savings habit among the common man, it should be operated without causing recurring losses to the institutions. Daily Deposit schemes can not be continued with continuous loss and the risk of absorbing the Deposit Collectors/Agents in the regular service of the bank in future and allowing them all the benefits of the regular employees of the Banks. Co-operative Credit institutions which are running daily deposit schemes are therefore instructed to review the profitability of otherwise of the schemes run by them, and to take immediate steps to stop the same if is found that the schemes can not be run profitably. It is also instructed that it should be ensured that before commencing any daily deposit scheme, prior sanction is obtained from the Joint Registrar of Co-operative Societies/Assistant Registrar of Co-operative Societies, as the case may be. The Joint Registrar/Assistant Registrar shall issue such sanction only for a specified period, only after duly satisfying the profitability of the schemes. Further extension need be sanctioned only after reviewing the position of the scheme and after satisfying the continued profitability of the same for a further specified period. The above instructions shall be strictly adhered to by all the Co-operatives and the authorities of the Department sanctioning the schemes.

V. S. Senthil
Registrar of Co-operative Societies

No.CB (2) 42629/93. Office of the Registrar of Co-operative Societies,
Trivandrum, 27-10-93

CIRCULAR No. 72/93

Sub: **Primary Agricultural Credit Societies-Maximum Borrowing Power-enhancement of limit-orders issued.**

Ref: **Circular No. 4/85 dated, 25-1-1985.**

In the Circular read above the Maximum Borrowing power of the Primary Agricultural Credit Societies was fixed at 35 times of the total of the paid up share capital plus reserve fund.

A review of the above limit of maximum borrowing power has now become necessary in view of various factors indicated below. The Deposits of the Primary Agricultural Credit Societies have been considerably increased consequent on the successive deposit mobilisation campaigns and there by the Reserve Borrowing power of societies has been reduced considerably.

Further the Primary Agricultural Credit Societies have been permitted to diversify their loaning programmes by issue of different types of loans for which reduced ratio of Share linking has been prescribed. Since the Borrowing power of several societies have exceeded the limit of Maximum Borrowing Power further borrowings for continued loaning operations of such societies have become impossible. Consequently many of their Primary Agricultural Credit societies have now reached a position under which they cannot avail further borrowings from the District Co-operative Bank and accept further deposits. Such societies have represented for enhancement of the Maximum Borrowing Power.

The matter was examined in detail. It is found that Maximum Borrowing Power of the Primary Agricultural Credit Societies have to be increased reasonably.

The Primary Agricultural Credit Societies are therefore permitted to enhance their Maximum Borrowing power up to 50 times of the total of paid up Share Capital plus reserve fund. Necessary amendments to this effect may be made by the societies to their bye-laws if such enhancement of the Borrowing Power is found necessary. The Joint Registrar will consider such proposals based on the actual necessity and viability of each society.

V. S. Senthil
Registrar of Co-operative Societies

നമ്പർ സി.പി.(2) 42808/93

സഹകരണ സംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 4–12–1993

സർക്കുലർ നമ്പർ 78/93

വിഷയം: **പ്രാഥമിക സഹകരണ സംഘങ്ങൾ വ്യക്തികളിൽ നിന്നും വായ്പ വാങ്ങുന്നത് വിലക്കിക്കൊണ്ടുള്ള നിർദ്ദേശം.**

അനുബന്ധപ്രവർത്തനങ്ങൾ

സംസ്ഥാനത്തെ ചില പ്രാഥമിക സഹകരണ സംഘങ്ങൾ പ്രത്യേകിച്ച് കണ്ണൂർ ജില്ലയിലെ ചില സഹകരണ സംഘങ്ങൾ, പ്രോമിസറി നോട്ട് നൽകിക്കൊണ്ട് വ്യക്തികളിൽ നിന്നും വായ്പയായി തുകകൾ സ്വീകരിക്കുകയും നിക്ഷേപങ്ങൾക്ക് അനുവദനീയമായതിലും അധികം പലിശ ഇപ്രകാരം സ്വീകരിക്കുന്ന വായ്പകൾക്ക് നൽകുകയും ചെയ്യുന്നതായി ശ്രദ്ധയിൽ പെട്ടിരിക്കുന്നു. മുൻ കാലങ്ങളിൽ രജിസ്റ്റർ ചെയ്ത് കിട്ടിയിട്ടുള്ള നിബന്ധന വകുപ്പുകളുടെ ബലത്തിലാണ് ഈ സംഘങ്ങൾ ഇപ്രകാരം വ്യക്തികളിൽ നിന്നും വായ്പകൾ വാങ്ങുന്നത് എന്നു കാണുന്നു. സഹകരണ സാമ്പത്തിക അച്ചടക്കത്തിനു നിരക്കാത്ത ഈ ദൃശ്യ വിഭവ സമാഹരണം സ്ഥാപനത്തിന് ഗുണത്തേക്കൾ ഏറെ ദോഷം മാത്രമേ ചെയ്യുകയുള്ളൂ, മാത്രമല്ല സാമ്പത്തിക ക്രമക്കേടുകൾ സൃഷ്ടിക്കുന്നതിനും സഹോദര സ്ഥാപനങ്ങൾ തമ്മിൽ അനാരോഗ്യകരമായ കിട മത്സരങ്ങൾക്ക് വേദിയൊരുക്കുന്നതിനും സാധ്യതയുണ്ട്. ആകയാൽ സംഘങ്ങൾ വ്യക്തികളിൽ നിന്നും ഏതു വ്യവസ്ഥയിലായാലും വായ്പ വാങ്ങുന്ന പ്രവണത ആശാസ്യമല്ലാത്തതിനാൽ പ്രസ്തുത സമ്പ്രദായം ഉടൻ നിർത്തലാക്കേണ്ടതാണ്. ഇതിനകം വിഭവ സമാഹരണം നടത്തിയതിൽ നല്ലൊരു ഭാഗം മേൽ പറഞ്ഞ വായ്പകളായി സംഭരിച്ചു പോയ സംഘങ്ങൾ അവരുടെ സാമ്പത്തിക ഭദ്രതക്ക് ആഘാതം വരാൻ ഇടയാക്കാത്ത വിധത്തിൽ ക്രമേണ അത്തരം വായ്പാ തുകകൾ തിരികെ കൊടുത്ത് തീർക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പ്രോമിസറി നോട്ടിന്റെ കാലാവധി തീരുന്ന മുറക്ക് തുക മടക്കി കൊടുക്കുകയാകും പ്രായോഗിക മാർഗ്ഗം. ഏതായാലും ഇനി മുതൽ പുതിയ വായ്പകൾ വ്യക്തികളിൽ നിന്നും യാതൊരു കാരണവശാലും സ്വീകരിക്കുവാൻ പാടുള്ളതല്ല. അംഗീകൃത നിക്ഷേപങ്ങൾ അംഗീകാരം നേടിയിട്ടുള്ള പ്രത്യേക നിക്ഷേപ പദ്ധതികൾ തുടങ്ങിയവ മുഖേന അനുവദനീയമായ പലിശ നിരക്കു പ്രകാരം മാത്രം നിക്ഷേപങ്ങളായി മാത്രമേ വ്യക്തികളിൽ നിന്നും വിഭവ സമാഹരണം നടത്താവൂ എന്ന് ഇതിനാൽ നിഷ്ക്കർഷിക്കുന്നു.

ഈ സർക്കുലർ നിർദ്ദേശത്തിന്റെ അന്ത:സത്തക്ക് എതിരായി ഏതെങ്കിലും സംഘത്തിന്റെ നിബന്ധനകളിൽ വ്യവസ്ഥകൾ കടന്നു കൂടിയിട്ടുണ്ടെങ്കിൽ പ്രസ്തുത നിബന്ധന വകുപ്പുകൾ എത്രയും വേഗം നീക്കം ചെയ്യേണ്ടതും ഇപ്രകാരം സംഭരിച്ച് പോയിട്ടുള്ള തുകയിൽ ബാക്കി നിൽപ്പുള്ള മുഴുവൻ തുകയും ബന്ധപ്പെട്ട ഉത്തമർണ്ണൻമാർക്ക് ഒരു നിശ്ചിത കാലയളവിനുള്ളിൽ മടക്കിക്കൊടുത്ത് തീർക്കേണ്ടതുമാണ്.

പുതിയതായി രജിസ്റ്റർ ചെയ്യപ്പെടുന്ന സംഘങ്ങളിൽ ഇത്തരത്തിലുള്ള നിബന്ധന കടന്നുകൂടാതിരിക്കുവാൻ ജോയിന്റ് രജിസ്ട്രാർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വി. എസ്. സെന്തിൽ
സഹകരണസംഘം രജിസ്ട്രാർ

നമ്പർ സി.പി.(1) 36316/97

സഹകരണ സംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 30–9–1997

സർക്കുലർ നമ്പർ 26/97

വിഷയം: **സഹകരണ വകുപ്പ്–സഹകരണ സ്ഥാപനങ്ങൾ ബാങ്കിംഗ് ഇടപാടുകൾ നടത്തുമ്പോൾ കൃത്യത പാലിക്കണമെന്നതു സംബന്ധിച്ച്.**

സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ കളക്ഷനായി ലഭിക്കുന്ന മറ്റു ബാങ്കുകളുടെ ചെക്കുകളും ബില്ലുകളും കാലതാമസം കൂടാതെ കളക്റ്റ് ചെയ്തു തിരികെ അയച്ചു കൊടുക്കുന്ന കാര്യത്തിൽ വളരെ കുറ്റകരമായ അനാസ്ഥ കാട്ടുന്നതായി പല വാണിജ്യ ബാങ്കുകളിൽ നിന്നും ലഭിച്ച കത്തുകളുടെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇതു മൂലം ഇടപാടുകാർക്ക് പലതരം കഷ്ട നഷ്ടങ്ങൾ ഉണ്ടാകുന്നതായി വാണിജ്യ ബാങ്കുകളിൽ നിന്നും റിസർവ് ബാങ്കുകളിൽ നിന്നും പോലും രജിസ്ട്രാറെ നിരന്തരമായി അറിയിച്ചു കൊണ്ടിരിക്കുകയാണ്.

ഇത്തരം പരാതികളുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന സഹകരണ സ്ഥാപനങ്ങളുടെ മേൽ കർശനമായ നടപടി സ്വീകരിക്കണമെന്നു ഇതിനു മുമ്പും എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ ഇപ്പോഴും ഇക്കാര്യത്തിൽ സഹകരണ സ്ഥാപനങ്ങളുടെ ഭാഗത്തു നിന്ന് വീഴ്ചകൾ തുടർന്നുവരുന്നതായി കാണുന്നു. ഇത്തരം നടപടികൾ തുടർന്നാൽ സഹകരണ സ്ഥാപനങ്ങളുടെ മേൽ ഇടപാടുകാർക്കുള്ള വിശ്വാസം നഷ്ടപ്പെടുകയും അതുമൂലം സഹകരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ഭദ്രതക്കുതന്നെ കോട്ടം തട്ടുവാൻ ഇടയാകുന്നതുമാണ്.

ആയതിനാൽ ബാങ്കിംഗ് ഇടപാടുകൾ നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മറ്റു ബാങ്കുകളുമായുള്ള ഇടപാടുകളിൽ കൃത്യത പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ നിർദ്ദേശത്തിന് വിപരീതമായി പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. മാത്രമല്ല ഇതു മൂലം ഇടപാടുകാർക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് അതാത് സഹകരണ സ്ഥാപനങ്ങൾ തന്നെ പൂർണ്ണ ഉത്തരവാദിയായിരിക്കുന്നതുമാണ്. ഇക്കാര്യം ഇല്ലാ ജോയിന്റ് രജിസ്ട്രാർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതും ബന്ധപ്പെട്ട സംഘങ്ങളുടെ ഭാരവാഹികളുടേയും മറ്റു ജീവനക്കാരുടേയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുമാണ്.

ഷീലാ തോമസ് ഐ. എ. എസ്.
സഹകരണസംഘം രജിസ്ട്രാർ

അനുബന്ധപ്രവർത്തനങ്ങൾ

നമ്പർ സി.പി.(1)44849/98

സഹകരണ സംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 29–12–1998

സർക്കുലർ നമ്പർ 55/98

വിഷയം: **സഹകരണ വകുപ്പ്–കളക്ഷൻ ചെക്കുകൾ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നത് – സംബന്ധിച്ച്.**

സൂചന: **ഈ ആഫീസിലെ 30–9–97 ലെ 26/97 ാം നമ്പർ സർക്കുലർ**

സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ കളക്ഷനു വേണ്ടി ലഭിക്കുന്ന ചെക്കുകളും ബില്ലുകളും കാലതാമസം കൂടതെ കളക്റ്റ് ചെയ്ത് തിരികെ അയച്ച് കൊടുക്കുന്ന കാര്യത്തിൽ ചില സംഘങ്ങൾ വളരെ കുറ്റകരമായ വീഴ്ച വരുത്തുന്നതായി സഹകരണ സംഘം രജിസ്ട്രാറുടെ ശ്രദ്ധയിൽ പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന സഹകരണ സ്ഥാപനങ്ങളുടെ മേൽ കർശനമായ നടപടികൾ സ്വീകരിക്കണം എന്ന് സൂചന സർക്കുലർ പ്രകാരം എല്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകിയിരുന്നതാണ്. എന്നാൽ ഇപ്പോഴും പല സഹകരണ സഥാപനങ്ങളുടേയും ഭാഗത്തു നിന്ന് ഇത്തരം വീഴ്ചകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

ആയതിനാൽ സഹകരണ സഥാപനങ്ങളിൽ കളക്ഷനു വേണ്ടി ലഭിക്കുന്ന ചെക്കുകൾ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ കളക്റ്റു ചെയ്ത് അയച്ചു കൊടുക്കേണ്ടതും അഥവാ ചെക്ക് അനാദരിക്കുകയാണെങ്കിൽ ആയതിനു കാരണസഹിതം തൊട്ടടുത്ത ദിവസം തന്നെ ചെക്ക് കളക്ഷനു സമർപ്പിച്ച വ്യക്തിക്ക്/ സ്ഥാപനത്തിന് നോട്ടീസ് നൽകേണ്ടതുമാണ്. മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാത്തതു മൂലം ഇടപാടുകൾക്ക് ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് അതാതു സഹകരണ സ്ഥാപനങ്ങൾ തന്നെ പൂർണ്ണ ഉത്തരവാദിയായിരിക്കുന്നതാണ്. ഈ നിർദ്ദേശത്തിനു വിപരീതമായി പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനത്തിന് എതിരെ കർശനമായ മേൽ നടപടികൾ ജോയിന്റ് രജിസ്ട്രാർമാർ കൈക്കൊള്ളേണ്ടതാണ്.

ഷീലാ തോമസ് ഐ. എ. എസ്.
സഹകരണസംഘം രജിസ്ട്രാർ

CS (1) 27342/68 Office of the Registrar of CooperativeSocieties,
Trivandrum, 18th January 1969

CIRCULAR No. 4/69

Sub: **Wholesale Co-operative Consumers Stores-Acceptance of tenders for execution of work.**

Complaints are being received from parties submitting tenders to the wholesale Stores for works proposed to be executed by them, stating that tenders are often not opened in their presence. The contention of the wholesale stores is that there is no condition in the tender notice that the tenders would be opened in the presence of the parties.

Whenever any work is entrusted by calling tenders, there should be a clause in the tender notice to the effect that the tenders would be opened at a specified time in the presence of the tenderers, if any present.

(Sd/-)
For Registrar of Co-operative Societies

CS (3) 6547/69 (iii) Office of the Registrar of CooperativeSocieties,
Trivandrum, 16th July 1969

CIRCULAR No. 12/69

Sub: **Wholesale Co-operative Stores-Shifting or Closing down of branches-Regarding.**

All the Wholesale Stores are requested to obtain the prior sanction of this office before shifting or closing down of their branches in respect of which share capital contribution or managerial subsidy has been obtained from Government. The circumstances which necessitate the shifting or closure should also be reported through the Deputy Registrar concerned with details of assistance received, membership, members share capital etc.

K. Ravunny Menon
For Registrar of Co-operative Societies

വായ്പേതരപ്രവർത്തനങ്ങൾ

നമ്പർ സി.എസ്.(1)-24737/69 സഹകരണ സംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 17-6-1969

സർക്കുലർ നമ്പർ 23/69

വിഷയം: **കാലിച്ചാക്കുകൾ വിൽക്കുന്നത് സംബന്ധിച്ച്-സഹകരണ സംഘങ്ങൾ അനുവർത്തിക്കേണ്ട നടപടിക്രമം.**

കാലിച്ചാക്കുകൾ വിൽക്കുന്നതിൽ സഹകരണ സംഘങ്ങൾ കൈക്കൊണ്ടു വരുന്ന നടപടിക്രമത്തിൽ ന്യൂനതകൾ ഉണ്ടെന്നു കാണുന്നു. ഇതു സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ എല്ലാ സംഘങ്ങളും പാലിക്കേണ്ടതാണ്.

കാലി ചാക്കുകളുടെ വിൽപ്പന രഹസ്യ ടെൻഡർ മുഖേന ആയിരിക്കണം. വിറ്റഴിക്കേണ്ട ചാക്കുകളുടെ സ്റ്റോക്ക് പരിമിതമാണെങ്കിൽ പരസ്യമായി ലേലത്തിൽ വിൽക്കുന്നതിൽ തെറ്റില്ല. ലേല വിൽപ്പനക്ക് ശരിയായ പരസ്യം നൽകിയിരിക്കണം. പരസ്യ ലേലത്തിൽ വിൽക്കുകയാണെങ്കിൽ അതാതു ദിക്കിലെ എല്ലാ കാലി ചാക്ക് കച്ചവടക്കാരേയും പരസ്യമായി ലേലം വിളിക്കുന്ന ദിവസവും സ്ഥലവും സമയവും കാലി ചാക്കുകളുടെ വക തിരിച്ചുള്ള വിവരവും രേഖാമൂലം (സർട്ടിഫിക്കറ്റ് ഓഫ് പോസ്റ്റിംഗ് വാങ്ങി) അറിയിക്കേണ്ടതാണ്. സംഘം ആഫീസ് പഞ്ചായത്ത് ആഫീസ് മുതലായ പൊതു സ്ഥലങ്ങളിലും ലേല വിവരം നോട്ടീസു മൂലം അറിയിക്കേക്കതാണ്. 200 ൽ അധികം ചാക്കുകൾ വിൽക്കാൻ ഉണ്ടെങ്കിൽ രഹസ്യ ടെൻഡർ മുഖേന വിൽക്കുന്നതാണ് അഭികാമ്യം. 500 ൽ അധികം ചാക്കുകൾ രഹസ്യ ടെൻഡർ വഴിയേ വിൽക്കുവാൻ പാടുള്ളൂ. ചാക്കുകൾ ശരിയായ രീതിയിൽ തരം തിരിച്ച്, പ്രത്യേകം പ്രത്യേകം ലേലം ചെയ്യേണ്ടതാണ്.

ടെൻഡർ നോട്ടീസ് ദിന പത്രങ്ങളിലും പൊതു സ്ഥലങ്ങളിലും നേരത്തേ പരസ്യപ്പെടുത്തണം. വിൽക്കാൻ ഉദ്ദേശിക്കുന്ന കാലി ചാക്കുകളുടെ എണ്ണം, അവയുടെ തരം തിരിച്ച വിവരം ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി, സമയം ടെൻഡർ അയക്കേണ്ട പൂർണ്ണ മേൽവിലാസം, ടെൻഡർ പൊട്ടിക്കുന്ന സമയം മുതലായ വിവരങ്ങൾ വിശദമായി നോട്ടീസിൽ കാണിച്ചിരിക്കണം. മുദ്ര വച്ച ടെൻഡറാണ് വേണ്ടത്. ടെൻഡറുകൾ ലഭിക്കുന്നതിന് നിശ്ചയിക്കുന്ന അവസാന ദിവസം തന്നെ ക്ലിപ്ത സമയം കഴിഞ്ഞ് അര മണിക്കൂറിനുള്ളിൽ തന്നെ ഹാജരുള്ള ടെൻഡർകാരുടെ മുൻപിൽ വച്ച് പൊട്ടിക്കേണ്ടതും സ്വീകരിച്ച ടെൻഡറിന്റെ വിവരം അപ്പോൾ തന്നെ പരസ്യപ്പെടുത്തേണ്ടതുമാകുന്നു. ടെൻഡറുകൾ ഇപ്രകാരം ഹാജരുള്ള ടെൻഡർകാരുടെ സാന്നിദ്ധ്യത്തിൽ വച്ച് പൊട്ടിച്ച് തീരുമാനിക്കുന്നതാണെന്നുള്ള വിവരവും വ്യക്തമായി നോട്ടീസിൽ പറഞ്ഞിരിക്കണം. ആവശ്യപ്പെടുന്നവർക്ക് പരിശോധനക്ക് അവസരം നൽകുന്നതാണെന്ന വിവരവും നോട്ടീസിൽ ഉണ്ടായിരിക്കണം. കാലി ചാക്കുകൾ തരം തിരിച്ച് സൂക്ഷിക്കണം.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ പാലിയ്ക്കണമെന്ന് എല്ലാ സംഘങ്ങളോടും നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ശ്രദ്ധിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരോടും അഭ്യർത്ഥിക്കുന്നു

സഹകരണ സംഘം രജിസ്ട്രാർക്കുവേണ്ടി

No.CS3-21106/72. Office of the Registrar of CooperativeSocieties,
Trivandrum, 16th May 1972

CIRCULAR No. 24/72

Sub: **Fixation of Sale price of medicine sold in Medical Sections of Wholesale Co-operative Consumers Stores-Regarding.**

It is seen that in the Medical Sections of some of the Wholesale Stores, medicines are sold to yield a fixed margin of profit calculated at a fixed percentage, say 7 or 8%. This is not a healthy practice as this will give rise to unfair instances, like the one the undersigned had occasion to notice in the Ernakulam District Wholesale Consumer Co-operative Stores, where a bottle of a particular medicine was seen sold at 9 pies less than the price at which it was being sold by the local retail medical shops. The sale price fixed by the local shops for this particular medicine was Rs. 4.92 while that fixed by the wholesale stores was Rs. 4.83 only. It is not necessary for the consumer stores to sell medicines at a price so lower than that prevails in the local market. This is to avoid unnecessary competition in the market and to ensure better margin to the store. It is however desirable that the stores follow an active price policy.

In order to ascertain, the prevailing market price of the various items of medicines, the Secretaries of Wholesale Stores may if necessary effect purchases of a few select items of medicines from the local retail merchants and then fix the price of the commodities to be sold from their medical shops taking into account the price prevailing in the local market based on the purchases. The articles so purchased from the local market may be added to the stock of the Medical Shop of the Wholesale Stores and resold.

They should take particular care in the matter of local retail purchase of these items and should see that the purchases are made only with a view to study the price structure followed by the private trade. The action taken may be reported to this office.

K. Krishnan Nambiar
Registrar of Co-operative Societies

No.47382/73/M&P (4) Office of the Registrar of Cooperative Societies,
Trivandrum, 24th December 1973

CIRCULAR No. 1/74

Sub: **Godown by Co-operative Societies-Leasing/renting out to other organisations-Instructions issued.**

The National Co-operative Development Corporation has pointed out certain instances where godowns constructed by Co-operative Societies with their assistance were rented/leased out to other organisations for use. The Corporation has observed that financial assistance was given by the corporation to enable Societies to have their own godowns for their use, and not for the use of other institutions or for earning rent.

The financial assistance for construction of godown is given by the National Co-operative Development Corporation to the Co-operatives to facilitate their operations in respect of sale of agricultural produce supply of agricultural inputs including fertilisers and providing facilities to the agriculturists for storage of their agricultural produce for disposal at a later date on better prices. If this practice of leasing out Co-operative godowns to other organisations is not discontinued the very purpose of the scheme under which financial assistance is being provided by the Corporation to the Co-operatives for creation of additional storage capacity would stand defeated.

The practice of leasing out/renting out of godowns by Co-operatives should be discontinued and godown built up by societies availing assistance shall be rented out only with prior approval of the Registrar of Co-operative Societies. The concerned societies will also see that suitable steps are taken to ensure the optimum utilisation of the storage capacity of the godowns.

(Sd/-)
For Registrar of Co-operative Societies

നമ്പർ ജി.(3)–26490/74 സഹകരണ സംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം 1–8–1974

സർക്കുലർ നമ്പർ 32/74

വിഷയം: **സർക്കുലർ–ചരക്കുകളും സ്റ്റോക്കുകളും കൈകാര്യം ചെയ്യുന്ന സഹകരണ സംഘങ്ങൾ തീ പിടിത്തത്തിനെതിരായി ഇൻഷ്വർ ചെയ്യുന്നത് സംബന്ധിച്ച്.**

ഈയിടെ ഒരു സഹകരണ സംഘത്തിന്റെ വർക്ക് ഷോപ്പും അതിലുണ്ടായിരുന്ന ഉപകരണങ്ങളും ഇൻഷ്വർ ചെയ്യാത്തതു കാരണം അവിചാരിതമായി സംഭവിച്ച ഒരു തീ പിടിത്തത്തെ തുടർന്ന് വളരെയധികം നഷ്ടങ്ങൾ സംഭവിച്ചതായി അറിവായിരിക്കുന്നു. ചരക്കുകളും സ്റ്റോക്കുകളും കൈകാര്യം ചെയ്യുന്ന സഹകരണ സംഘങ്ങൾ തീപിടുത്തത്തിന് എതിരായി ഇൻഷ്വർ ചെയ്യേണ്ടത് അനിവാര്യമാണെന്ന് ഇതിൽ നിന്നും വ്യക്തമാണല്ലോ. ആയതിനാൽ ചരക്കുകളും സ്റ്റോക്കുകളും കൈകാര്യം ചെയ്യുകയും സൂക്ഷിച്ചു വക്കുകയും ചെയ്യുന്ന സഹകരണ സംഘങ്ങളിലെല്ലാം തന്നെ തീ പിടിത്തത്തിന് എതിരായി ഇൻഷ്വർ ചെയ്യണമെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു. വിശദ വിവരങ്ങൾ കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് ആഫീസിൽ നിന്നോ ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷന്റെ ഏതെങ്കിലും ആഫീസുകളിൽ നിന്നോ അറിയാവുന്നതാണ്.

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി.

No.CS(5) 293/76. Office of the Registrar of CooperativeSocieties, Trivandrum, 30th June 1976

CIRCULAR No. 37/76

Sub: **School and College Co-operative Societies-Maintenance of Accounts-Giving guidance –Orders-Issued.**

Ref: **Nil.**

A large number of Schools and College Co-operatives, have recently been registered in each district for the purpose of expanding the distribution of student requirements of books and stationery at fair prices as part of the 20 points economic programme. These societies cannot be expected to engage trained employees. The teachers working as Honorary Secretaries are to maintain the accounts of the societies and conduct the business. Most of the societies might have started functioning by this time. In order to ensure that the books of accounts are maintained properly, ever from the beginning, and that the affairs are managed properly, it is necessary to give proper guidance and to exercise strict supervision over the working of the societies, by the Departmental Officers, from the very beginning.

2. All the Deputy Registrars are therefore, requested to direct the Assistant Registrars and the Inspectors under their control to visit every School and College Co-operative Society within their jurisdiction, as frequently as possible, and to give proper guidance and instructions to the office-bearers of the societies. This item of work should be given priority and importance.

3. The Deputy Registrars will send as report to this office after a fortnight stating whether all School/College Co-operative have been covered by one round of visits inspection by the officers under their control and whether necessary direction has been given to the office-bearers regarding the maintenance of accounts and conduct of business.

4. The receipt of this circular be acknowledged by return.

(Sd/-)
Additional Registrar of Co-operative Societies

നമ്പർ സി.എസ്.(3) 53516/76

സഹകരണ സംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 25–10–1976

സർക്കുലർ നമ്പർ 75/76

വിഷയം: **ചെറുകിട വ്യവസായ യൂണിറ്റുകൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങളുടെ വിപണനം മൊത്ത വ്യാപാര ഉപഭോക്തൃ സഹകരണ സംഘങ്ങൾ മുഖാന്തിരം നടത്തുന്നതിനെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ–**

സൂചന: **16–10–1976 ൽ പി.2–94722/76 ാം നമ്പറായി വ്യവസായ വികസന കമ്മീഷണറുട കത്ത്.**

ഈ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്ന ചെറുകിട വ്യവസായ യൂണിറ്റുകളുടെ പ്രോത്സാഹനാർത്ഥം അവയുടെ ഉത്പന്നങ്ങൾ ഉപഭോക്തൃ സഹകരണ സംഘങ്ങൾ മുഖേന വിപണനം നടത്തുന്നതിനുള്ള സജ്ജീകരണങ്ങൾ ആവിഷ്ക്കരിക്കണമെന്ന് 12–10–1976 ലെ ജി.ഒ.(പി) 12/76/എസ്.പി.ഡി.എന്ന ഗവൺമെന്റ് ഉത്തരവ് അനുശാസിക്കുന്നുണ്ട്.

കണ്ണൂർ ജില്ലയിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്ന മെസ്സേഴ്സ് സിന്തറ്റിക് ഡിറ്റർജന്റ് കമ്പനിയുടെ അമൽ, നിർമ്മൽ, ഡീൽ എന്നീ ട്രേഡ് മാർക്കിലുള്ള വാഷിംഗ് കേക്കും വാഷിംഗ് പൗഡറും സഹകരണ സംഘങ്ങൾ നടത്തുന്ന വ്യാപാര സ്ഥാപനങ്ങൾ മുഖാന്തിരം വിപണനം നടത്തുന്നതിനുള്ള ഒത്താശകൾ ചെയ്തു കൊടുക്കണമെന്ന് വ്യവസായ വികസന കമ്മീഷണർ അഭ്യർത്ഥിച്ചിട്ടുണ്ട്. ആയതുകൊണ്ട് മേൽ പറഞ്ഞ ഉത്പന്നങ്ങൾ കൺസ്യൂമർ ഫെഡറേഷനും മൊത്ത വ്യാപാര സഹകരണ സംഘങ്ങളും സഹകരണ മേഖലയിലുള്ള ഇതര വ്യാപര സ്ഥാപനങ്ങളും വഴി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ടി. എൻ. ജയചന്ദ്രൻ
സഹകരണസംഘം രജിസ്ട്രാർ

No.CS(2)40679/77/D.Dis. Office of the Registrar of CooperativeSocieties
Trivandrum, 10th September 1977

CIRCULAR No. 48/77

Sub: **Civil Supplies-A.R.Ds. and A.W.Ds.run by Co-operative Societies-Actions against the licensees-Instructions issued.**

Ref: **Circular No. 28/77 of the Director of Civil Supplies, Trivandrum.**

It is very much distressing to note that the functioning of ration depots by the Co-operatives has invited severe strictures from the Civil Supplies Department. In the Circular referred to the Director of Civil Supplies has observed that about 25% of the A.R.Ds in the State are run by the Co-operatives, which are functioning both as A.W.Ds and A.R.Ds. also. In cases of detection of serious irregularities including misappropriation of rationed articles, the present practice followed by the Civil Supplies Department is to impose punishment or to cancel the authorisation. The explanations offered in such cases invariably show that the entire blame is cast upon the Salesman/Manager of the Depot. The usual practice adopted by the concerned bank/societies is to realise the amount from the delinquent employees and some times substitute the Salesman by another. Albeit the misappropriation and other irregularities continue unabated, is a disappointing phenomena.

In the Kerala Co-operative Societies Act, 1969 there is provision to prosecute a member or any officer of the society who commits misappropriation or unauthorisedly or illegally keeps money belonging to the society. Therefore, it is necessary that serious cases of misappropriation of rationed articles or other irregularities which causes avoidable run to the society should be brought to the notice of the Co-operative Department for taking steps for the prosecution of the delinquents. But the prosecution steps should be initiated only after finalising proceedings under the provisions contemplated in the Kerala Rationing order.

Under the circumstances, all the Co-operative Societies/Banks running A.R.Ds. and A.W.Ds. are hereby requested to be more vigilant and to show maximum assiduity in the proper running of A.R.Ds.and A.W.Ds., so that the fair names of the Co-operatives are not tarnished in future. In case any misappropriation and such other irregularities occur in the societies, Criminal Prosecution proceedings will be initiated against the delinquent employees and other office bearers.

K. Kesavan Nair
Additional Secretary of Co-operative Societies

No.MPG-37058/83. Office of the Registrar of Co-operative Societies, Trivandrum, 23-6-83

CIRCULAR No. 27/83

Sub: **Procurement and marketing of Rubber and Rubber Products-Private parties to be completely eliminated-Instructions issued.**

Ref: **i. Circular No. MP (i) 47992/78 dt. 7-7-79.**

ii. Circular No. 8/80, MP (i) 9300/80 dt. 18-2-80

Instructions have been issued, vide references cited, that primaries shall purchase rubber only from members and also sell the same to the Rubber Marketing Federation only. But it has come to the notice of the Registrar of Cooperative Societies that some of the Primary Societies and the Federation also, at times purchase rubber from private traders. This cannot be allowed, in the best interests of the growers as well as the societies themselves. The Rubber Board has also strong objections to this unhealthy practice. To maintain a cordial and good relation between the primaries and apex federation and to uphold the interests of the grower members the following instructions are issued for strict compliance.

(1). The primary rubber marketing societies shall purchase rubber only from registered rubber grower members. The federation shall purchase rubber and allied products, from member societies only.

(2) The primaries, shall sell their stock of rubber so procured, to the Rubber Marketing Federation. On no account, shall they sell their rubber stock to any other party without the concurrence of the federation.

(3) All purchases shall be made only after proper grading by the primaries or the federation, as the case may be.

(4) To ease the marketing plan of the federation the primaries shall enter into definite agreement with the Apex Federation, indicating the exact quantity of products (grade wise) that they can supply during the next one year. Based on this, the federation shall prepare definite market plan for the next one or two years and find necessary end-market for their stock.

(5) Federation shall purchase all stocks from primaries, properly graded and keep a buffer stock if necessary, or sell the same to the consuming industry direct.

(6) Purchases by primaries and Federation shall be made at prices, fixed on definite norms, accepted by both. Payments shall also be made either in cash or by Demand Draft. Prices may be fixed for definite period of time, and for definite regions.

(7) Arrangements for Transportation from Primary societies to godowns of Federations, shall also be made sufficiently early, on terms mutually acceptable to both, that is, either it shall be done by the federation itself, or by the primary societies the cost being met by the Federation at prefixed/agreed rates.

(8) Federation shall also render all other services to member societies dissemination of market intelligence, supply of inputs etc. properly and in time.

These instructions, shall be observed strictly by all the institutions concerned and any violation of these instructions will be seriously dealt with under the provisions of the Kerala Cooperative Societies Act besides withdrawing financial assistances already given and black listing the institutions. Such societies will not, thereafter be selected for inclusion under any plan schemes.

K. M. Balakrishnan
Registrar of Cooperative Societies

No.CS(2)-44854/84 Office of the Registrar of Co-operative Societies.
Trivandrum, 5-9-1984

CIRCULAR No. 41/84

Sub: **Wholesale Stores-Accumulation of dead stock due to wrong purchase policies-Preventive measures-Fixing of responsibility on purchasing officers-Instructions issued.**

It is noticed that huge dead stocks have often accumulated in the District Wholesale Stores and other Co-operative Consumer Stores in spite of repeated instructions given for effecting judicious purchases of goods and only items which are fast moving. A good part of the Stock on hand of most of the Consumer Stores is constituted by dead stock or very slow moving items, resulting in unnecessary blocking up of capital and consequent loss. The Government of India while sanctioning the rehabilitation assistance to 9 District Wholesale Stores have insisted on fixing responsibility and accountability of the officers and others who are in charge of the concerned stores.

2. Accumulation of dead stock (old, obsolete and damaged stock) is found to be mainly due to defective inventory control and wrong purchase policy adopted by those in charge of purchases. The instructions given by the C & P Cell of the National Coop: Consumers Federation are not being followed strictly. Therefore it has become necessary to fix up the responsibility and accountability of the officers responsible for the purchases. The estimates committee of the Kerala Legislature has also made a recommendation to this effect.

3. All the District Wholesale Stores will strictly follow the pilot based economic purchase policy laid down in the 'Manual on Economic purchase Supply and Inventory Management for Consumer Co-operatives' by the C & P Cell of the National Co-operative consumers Federation. Only those items which are popular and in actual demand in the area shall be purchased and the purchases shall be limited to the minimum quantity which can be disposed of within a very short period. The Purchase Officer/Purchase Committee/Officer on Office bearers who make the purchases shall be personally held responsible for making good the loss, if any, sustained by any store due to the adoption of wrong purchase policies resulting in accumulation of dead stock. Any such dead/obsolete stock in hand in any society for more than 6 months shall be disposed of through reduction sales or in open auction and the loss sustained shall necessarily be recovered from the person/s actually responsible for the improper purchase.

4. The above instructions will be applicable to all Co-operative Societies who are dealing in goods and will come into effect forthwith.

M. Vijayanunni
Registrar of Co-operative Societies

നമ്പർ ജി.3064/86

സഹകരണ സംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 23–1–1986

സർക്കുലർ നമ്പർ 3/86

വിഷയം: **തൊണ്ടു വിൽപന –കയർ സംഘങ്ങൾക്കും കയർ കോർപറേഷനും തൊണ്ടു വിൽക്കുന്നതു സംബന്ധിച്ച്.**

സൂചന: **ഈ ആഫീസിലെ 1–8–1974 ലെ 40/74 ാം നമ്പർ സർക്കുലർ**

സൂചനയിൽ കാണിച്ചിരിക്കുന്ന സർക്കുലറിൽ സംസ്ഥാനത്തുള്ള നാളികേര സംസ്ക്കരണ–വിപണന സംഘങ്ങളും സർവീസ് സഹകരണ സംഘങ്ങളും അവയുടെ കസ്റ്റഡിയിൽ വന്നു ചേരുന്ന നാളികേരവും തൊണ്ടും എപ്രകാരം

വിൽക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നു., ഇതനുസരിച്ച് ടി സംഘങ്ങൾ തൊണ്ടും നാളികേരവും വിപണനം ചെയ്യുന്നതിൽ താഴെ പറഞ്ഞിരിക്കുന്ന നടപടി ക്രമങ്ങൾ കർശനമായി പാലിച്ചിരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു.

1. നാളികേര സംസ്ക്കരണ – വിപണന സംഘങ്ങളും സർവീസ് സംഘങ്ങളും വ്യക്തികൾക്കോ സ്വകാര്യ വ്യാപാരികൾക്കോ നാളികേരം തൊണ്ടോടുകൂടി വിപണനം ചെയ്യാൻ പാടുള്ളതല്ല.

2. തൊണ്ടോടു കൂടിയാണ് ടി സംഘങ്ങൾ നാളികേരം വിപണനം ചെയ്യുന്നതെങ്കിൽ ആയത് അടുത്തുള്ള വിപണന സംഘങ്ങൾക്കു മാത്രമേ വിൽക്കാൻ പാടുള്ളൂ.

3. നാളികേര സംസ്കരണ വിപണന സംഘങ്ങളും സർവീസ് സഹകരണ സംഘങ്ങളും അവ നാളികേരം പൊതിച്ച് തൊണ്ടില്ലാതെയാണ് വിൽക്കുന്നതെങ്കിൽ, അപ്രകാരം ലഭിക്കുന്ന തൊണ്ട് നിയന്ത്രിത വിലക്ക് അടുത്തുള്ള കയർ സഹകരണ സംഘത്തിനോ കയർ കോർപ്പറേഷനോ മാത്രമേ വിൽക്കാൻ പാടുള്ളൂ.

എന്നാൽ മേൽ പ്രസ്താവിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ നാളികേര സംസ്ക്കരണ വിപണന സംഘങ്ങളും സർവീസ് സഹകരണ സംഘങ്ങളും കർശനമായി പാലിച്ചു വരുന്നില്ലെന്ന് ശ്രദ്ധയിൽ പെട്ടിരിക്കുന്നു.

1985 ൽ മൊത്തം 36 കോടി തൊണ്ട് ശേഖരിക്കാൻ ലക്ഷ്യമിട്ട സ്ഥാനത്ത് 23 കോടിയോളം തൊണ്ട് മാത്രമേ ശേഖരിക്കാൻ കഴിഞ്ഞുള്ളൂ. 1986 വർഷത്തിൽ 40 കോടി തൊണ്ട് ശേഖരിക്കാനാണ് സർക്കാരിന്റെ ലക്ഷ്യം. കയർ സഹകരണ സംഘങ്ങളുടെ നിലനിൽപ്പും തദ്വാരാ കയർ തൊഴിലാളികളായ സംഘാംഗങ്ങൾക്ക് ന്യായമായ കൂലി ഉറപ്പു വരുത്തുവാനും തൊഴിൽ ചെയ്യുവാൻ ആവശ്യമായ തൊണ്ടിന്റെ ലഭ്യതയെ ആശ്രയിച്ചിരിക്കുന്നു. സഹകരണ പ്രസ്ഥാനത്തിന്റെ നിലനിൽപ്പിന് സഹകരണ സംഘങ്ങൾ തമ്മിൽ സഹകരിച്ച് പ്രവർത്തിക്കേണ്ടതാണ്.

മേൽ പ്രസ്താവിച്ചിരിക്കുന്ന സാഹചര്യത്തിൽ ഈ സംസ്ഥാനത്തെ നാളികേര സംസ്ക്കരണ വിപണന സംഘങ്ങളും, സർവീസ് സഹകരണ സംഘങ്ങളും ഫാർമേഴ്സ് സർവീസ് സംഘങ്ങളും, ഇതുമായി ബന്ധപ്പെട്ട മറ്റു സംഘങ്ങളും, സൂചനയിൽ കാണിച്ചിരിക്കുന്ന സർക്കുലറിലെ നിർദ്ദേശങ്ങൾ ആത്മാർത്ഥമായി നടപ്പിലാക്കണമെന്നും, കയർ സഹകരണ സംഘങ്ങളുടെ അഭിവൃദ്ധിക്കു വേണ്ടി ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും ചെയ്യണമെന്നും താൽപ്പര്യപ്പെടുന്നു.

എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർമാരും ഇക്കാര്യം എല്ലാ സംഘങ്ങളുടേയും ശ്രദ്ധയിൽ കൊണ്ടു വന്ന് പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. എല്ലാ ജോയിന്റ് രജിസ്ട്രാർമാരും അസിസ്റ്റന്റ് രജിസ്ട്രാർമാരും ഇക്കൊല്ലത്തെ തൊണ്ടു ശേഖരണ കാലയളവിൽ ഓരോ സംഘത്തിന്റേയും ഇക്കാര്യത്തിലുള്ള പ്രവർത്തനം

വായ്പേതരപ്രവർത്തനങ്ങൾ

മാസം തോറും പുനരവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശം സംഘങ്ങൾക്ക് അതാത് സമയങ്ങളിൽ നൽകേണ്ടതും ഒരു റിപ്പോർട്ട് ജോയിന്റ് രജിസ്ട്രാർമാർ മാസം തോറും ഈ ആഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.

ഈ സർക്കുലർ കൈപ്പറ്റിയ വിവരം മടക്കത്തപാലിൽ അറിയിക്കേണ്ടതാണ്.

കെ. വി. ഹരികൃഷ്ണൻ നായർ
സഹകരണസംഘം രജിസ്ട്രാർ

നമ്പർ സി.പി.(1)27654/86/കെ.ഡിസ്.

സഹകരണ സംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 4–6–1986

സർക്കുലർ നമ്പർ 20/86

വിഷയം: **കാർഷിക സഹകരണ സംഘങ്ങൾ – നെൽവിത്ത് സംഭരണവും വിതരണവും സംബന്ധിച്ച നിർദ്ദേശങ്ങൾ**

സൂചന: 1. **ഗവൺമെന്റിന്റെ 14–5–86 ലെ 6865/സി.സി.2/86/സഹ: നമ്പർ കത്ത്.**

2. **കൃഷി വകുപ്പ് ഡയറക്ടറുടെ 27–5ó–86ലെ റ്റി.എ.(3) 26807/86 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്**

1985–86 ലെ പുഞ്ചകൃഷി സീസണിൽ കുട്ടനാട്ടിലെ കർഷകർക്ക് രാമങ്കരി സർവീസ് സഹകരണ സംഘം റ്റി.കെ.എം.9 എന്ന നെൽവിത്ത് വിതരണം ചെയ്തതായി ശ്രദ്ധയിൽ പെട്ടിരിക്കുന്നു. പ്രസ്തുത വിത്ത് വിതച്ച സ്ഥലങ്ങളിൽ കുലവാട്ടം വന്ന് കൃഷി നശിച്ചു. ഈ വിത്ത് കേരളത്തിൽ ഒരു പ്രദേശത്തും കൃഷിയിറക്കാൻ കൃഷി വകുപ്പ് ശുപാർശ ചെയ്തിട്ടില്ലാത്തതും കുട്ടനാടൻ പ്രകൃതിക്ക് അനുയോജ്യമല്ലാത്തതുമാണ്. കുട്ടനാടൻ പ്രകൃതിക്ക് പറ്റാത്ത മേൽ പറഞ്ഞ തരം വിത്ത് ഉപയോഗിച്ചതിനാലാണ് പ്രസ്തുത രോഗം നെൽകൃഷിക്ക് സംഭവിച്ചിട്ടുള്ളതെന്ന് കൃഷി വകുപ്പ് ഡയറക്ടർ അറിയിച്ചിരിക്കുന്നു. കുലവാട്ടം ബാധിച്ച് കൃഷി നാശം സംഭവിച്ച കൃഷിക്കാർ നഷ്ടപരിഹാരത്തിനായി ഡിപ്പാർട്ടുമെന്റിനെ സമീപിച്ചിട്ടുണ്ടെങ്കിലും പ്രകൃതി ക്ഷോഭം കൊണ്ട് വിളനാശം ഉണ്ടായതല്ലാത്തതിനാൽ അവർക്ക് നഷ്ടപരിഹാരത്തിന് അർഹതയില്ല.

ഈ സാഹചര്യത്തിൽ കൃഷി വകുപ്പ് ശുപാർശ ചെയ്യാത്ത യാതൊരു നെൽവിത്തുകളും സഹകരണ സംഘങ്ങൾ സംഭരിച്ച് കർഷകർക്ക് വിതരണം ചെയ്യരുതെന്ന് കർശനമായി നിർദ്ദേശിക്കുന്നു. ഈ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി പ്രവർത്തിക്കുക കാരണം കർഷകർക്ക് എന്തെങ്കിലും നഷ്ടം ഉണ്ടാകുന്ന പക്ഷം ആ നഷ്ടത്തിന് ബന്ധപ്പെട്ട സംഘം ഭാരവാഹികൾ വ്യക്തിപരമായി ഉത്തരവാദിത്വം വഹിക്കേണ്ടി വരുമെന്നും അറിയിക്കുന്നു. ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ എല്ലാ കാർഷിക സഹകരണ സംഘങ്ങളുടേയും ശ്രദ്ധയിൽ ജോയിന്റ് രജിസ്ട്രാർമാർ ഉടനെ കൊണ്ടുവരേണ്ടതാണ്.

കെ. വി. ഹരികൃഷ്ണൻ നായർ
സഹകരണസംഘം രജിസ്ട്രാർ

നമ്പർ സി.എസ്.(2)2770/87

സഹകരണ സംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 21–1–1987

സർക്കുലർ നമ്പർ 3/87

വിഷയം: **ഉപഭോക്തൃ സഹകരണ സംഘങ്ങൾ – സ്വയം സേവന വിഭാഗങ്ങൾ (സെൽഫ് സർവീസ് സിസ്റ്റം) രൂപീകരിക്കുന്നത് സംബന്ധിച്ച്**

ചില്ലറ വിൽപ്പന രംഗത്ത് നാം ഇതുവരെ അനുവർത്തിച്ചു വന്നിട്ടുള്ളത് കൗണ്ടർ മുഖേനയുള്ള വിൽപ്പനയാണല്ലോ. അതിന് ഒരു മാറ്റം വരുത്തുന്നതിലേക്കായി ചില്ലറ വിൽപ്പന രംഗത്ത് പരിഷ്കൃത രാജ്യങ്ങളിൽ രൂപ കൽപന ചെയ്ത് നടപ്പാക്കിയ സ്വയം സേവന വിഭാഗങ്ങൾ (സെൽഫ് സർവീസ് സിസ്റ്റം) വൻ വിജയമാണെന്ന് ഇതിനകം തെളിയിക്കപ്പെട്ടിട്ടുണ്ട്. ചില്ലറ വിൽപ്പന നടത്തുന്നതിനുള്ള ഈ നവീന സമ്പ്രദായം തെക്കേ ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലേയും സഹകരണ സ്റ്റോറുകൾ പരീക്ഷിക്കുകയും അത് ലാഭകരവും വിജയപ്രദവുമാണെന്ന് കാണുകയും ചെയതിട്ടുണ്ട്. സമീപ കാലത്ത് നമ്മുടെ സംസ്ഥാനത്തിലെ ചില ജില്ലാ മൊത്ത വ്യാപാര സ്റ്റോറുകളും, സംസ്ഥാന ഉപഭോക്തൃ ഫെഡറേഷനും സ്വയം സേവന വിഭാഗം തുടങ്ങുകയും, വളരെ ചുരുങ്ങിയ കാലയളവിനുള്ളിൽ ഈ ചില്ലറ വിൽപന രീതി കൂടുതൽ ആകർഷകവും വിജയപ്രദവുമാണെന്ന് തെളിയിക്കുകയും ചെയ്തിട്ടുണ്ട്. ചില്ലറ വിൽപ്പനയുടെ ഈ നവീന സമ്പ്രദായം നടപ്പിലാക്കുന്നതു മൂലം താഴെ പറയുന്ന പ്രയോജനം ഉടനടി സിദ്ധിക്കുമെന്ന് കണ്ടിരിക്കുന്നു.

1. **ഉപഭോക്താവിന് ലഭിക്കുന്ന പ്രയോജനങ്ങൾ**

(അ) സാധനങ്ങൾ അടുത്തു കാണുന്നതിനും പരിശോധിക്കുന്നതിനുമുള്ള സ്വതന്ത്രമായ അവസരം.

(ആ) ഇഷ്ടാനുസരണം സാധനങ്ങൾ സ്വതന്ത്രമായി തെരഞ്ഞെടുക്കുന്നതിനും സുഗമമായി വാങ്ങി തിരിച്ചുപോകുന്നതിനുമുള്ള അവസരം.

(ഇ) പായ്ക്ക് ചെയ്ത സാധനങ്ങൾ മാത്രം കൂടുതലായി കൈകാര്യം ചെയ്യുന്നതിനായി നല്ലതും നിലവാരം ഉള്ളതുമായ സാധനങ്ങളും ശരിയായ വിലയും ഉറപ്പു വരുത്തുന്നതിന് സാധിക്കുന്നു.

(ഈ) കൂടുതൽ വൈവിദ്ധ്യമുള്ള സാധനങ്ങൾ ഉള്ളതിനാൽ ആവശ്യാനുസരണം തനിക്ക് ആവശ്യമുള്ളതു മാത്രം തിരഞ്ഞെടുക്കുന്നതിന് സഹായിക്കുന്നു.

(ഉ) സ്റ്റോറുകൾക്ക് അനാമത്ത് ചെലവുകൾ കുറവായതിനാൽ സാധനങ്ങൾക്ക് താരതമ്യേന വിലക്കുറവ്.

2. **സ്റ്റോറിന് ലഭിക്കുന്ന പ്രയോജനങ്ങൾ**

(അ) കുറഞ്ഞ വിൽപ്പന ചെലവ്.

(ആ) കൂടുതൽ ഉപഭോക്താക്കളെ തൃപ്തിപ്പെടുത്തുന്നതിനുള്ള അവസരം.

(ഇ) കൂടുതൽ സാധനങ്ങളും വിൽപ്പന സ്ഥലത്തു തന്നെ പ്രദർശിപ്പിച്ചിരിക്കുന്നതിനാൽ ഗോഡൗൺ സ്ഥലം കുറച്ച് മതിയാകുന്നതാണ്.

(ഈ) സാധനങ്ങൾ ശരിയായി പ്രദർശിപ്പിക്കുന്നതിനാൽ ഷോപ്പിംഗ് അനന്ദകരമായി തീർക്കുന്നതിനും അങ്ങനെ ഉപഭോക്താക്കളെ കൂടുതലായി ആകർഷിക്കുന്നതിനും വിൽപ്പന തൻമൂലം വർദ്ധിപ്പിക്കുന്നതിനും ഇടയാക്കുന്നു.

(ഉ) വിൽപ്പനയുടെ വർദ്ധനവ് മൂലം പഴകിയതും ചീത്തയായതുമായ സാധനങ്ങൾ ഉണ്ടാകാതിരിക്കാനും സാധനങ്ങൾ കെട്ടിക്കിടക്കാതിരിക്കാനും ഉള്ള സൗകര്യം കിട്ടുന്നു.

(ഊ) സ്റ്റോക്കിൽ കുറവ് പരമാവധി ഉണ്ടാകാതിരിക്കുന്നതിനുള്ള സാധ്യത.

3. **സ്റ്റോർ ജീവനക്കാർക്ക് ഉണ്ടാകാവുന്ന പ്രയോജനം**

(അ) ഉപഭോക്താക്കളുമായി വളരെ കുറക്കു മാത്രം ഇടപെടേണ്ടി വരുന്നതിനാൽ ഉപഭോക്താക്കളുടെ പരാതി കുറയുന്നു.

(ആ) ബില്ലുകൾ എഴുതുന്നതിന് ലഭിക്കുന്ന ഇലക്ട്രോണിക് സംവിധാനം മൂലം ജോലിക്കുറവ്.

(ഇ) സ്റ്റോക്കും പണവും നിയന്ത്രണവിധേയമാക്കുന്നതിന് ലഭിക്കുന്ന കൂടുതൽ സൗകര്യം.

(ഈ) പ്രവർത്തിയെടുക്കുന്നതിന് കൂടുതൽ സുഖപ്രദവും കൂടുതൽ സൗകര്യപ്രദവും ആയ അവസരം.

സ്വയം സേവന വിഭാഗം തുടങ്ങുന്ന സ്റ്റോറുകൾക്ക് ആവശ്യമായ എല്ലാവിധ വിദഗ്ദ്ധോപദേശങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിനും സ്വയം സേവന വിഭാഗം രൂപീകരിക്കുന്നതിനും മേൽ നോട്ടം വഹിക്കുന്നതിനും ദേശീയ സഹകരണ ഉപഭോക്തൃ ഫെഡറേഷന്റെ ഒരു വിഭാഗമായ കൺസൾട്ടൻസി ആന്റ് പ്രമോഷൻ സെൽ തയ്യാറാണ്. പ്രസ്തുത സെല്ലിന്റെ മേൽനോട്ടത്തിൽ കുറ്റമറ്റ രീതിയിൽ സ്വയം സേവന വിഭാഗം രൂപീകരിക്കുന്നതാണ്. സ്വയം സേവന വിഭാഗത്തിന്റെ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതു മുതൽ രൂപീകരണം വരെയുള്ള എല്ലാ കാര്യങ്ങളിലും ഉപദേശവും നിർദ്ദേശവും നേതൃത്വവും സി.ആന്റ്.പി. സെല്ലിൽ നിന്നും ലഭിക്കുന്നതാണ്.

ഈ അവസരം പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ടും സ്വയം സേവന വിഭാഗത്തിന്റെ പ്രാധാന്യം മനസ്സിലാക്കി അനുയോജ്യമായ സ്ഥലത്ത് ഇത്തരം സ്വയം സേവന വിഭാഗങ്ങൾ തുടങ്ങുന്നതിന് എല്ലാ ജില്ലാ മൊത്ത വ്യാപാര സ്റ്റോറുകളും ഇതര പ്രാഥമിക ഉപഭോക്തൃ സംഘങ്ങളും ഉപഭോക്തൃ വിഭാഗം നടത്തുന്ന മറ്റ് സംഘങ്ങളും മുന്നോട്ടു വരണമെന്ന് അഭ്യർത്ഥിക്കുന്നു

പ്രാഥമിക സഹകരണ സ്റ്റോറുകളും ഉപഭോക്തൃ വിഭാഗം നടത്തുന്ന ഇതര സംഘങ്ങളും സ്വയം സേവന വിഭാഗം രൂപീകരിക്കുന്നതിനായി എല്ലാ ജോയിന്റ് രജിസ്ട്രാർമാരും അവയെ പ്രചരിപ്പിക്കേണ്ടതും അതിനുള്ള സഹായ സഹകരണങ്ങൾ നൽകേണ്ടതുമാണ്.

കെ. ജെ. തോമസ്
സഹകരണസംഘം രജിസ്ട്രാറുടെ ചാർജ് വഹിക്കുന്ന
അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ)

നമ്പർ സി.എസ്.45164/86 സഹകരണ സംഘം രജിസ്ട്രാറാഫീസ്, തിരുവനന്തപുരം, 24–4–1987

സർക്കുലർ നമ്പർ 7/87

മാനേജ്മെന്റ് അക്കൗണ്ടിംഗ് സിസ്റ്റം എന്ന പേരിൽ ആവിഷ്ക്കരിക്കപ്പെട്ടിട്ടുള്ളതും ഇതിനകം നടപ്പിലാക്കി തുടങ്ങിയതും പ്രത്യേക ശ്രദ്ധ ആകർഷിക്കപ്പെട്ടിട്ടുള്ളതുമായ കണക്കെഴുത്ത് സമ്പ്രദായം ശരിയായ തരത്തിലും ശാസ്ത്രീയമായി വിശദ വിവരങ്ങൾ അടങ്ങുന്ന തരത്തിലുമായിരിക്കുമെന്ന് ഇതിനകം പല അവസരങ്ങളിലും സറ്റോറുകളുടെ മാനേജ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണെങ്കിലും ഇതിന്റെ ലക്ഷ്യ പ്രാപ്തി ഇപ്പോഴും മതിയായ രീതിയിലല്ല എന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. വിനിയോഗിക്കപ്പെട്ടിട്ടുള്ള ധനവും അതിന്റെ മൂല്യവും കണക്ക് പുസ്തകങ്ങളിൽ ശരിയായ തരത്തിൽ പ്രതിഫലിപ്പിച്ച് മുതൽ മുടക്കുന്നതിലുള്ള നിയന്ത്രണം ശാസ്ത്രീയമായി ആവിഷ്ക്കരിക്കുക, സ്ഥാപനത്തിൽ മുടക്കുന്ന മുതലിന്റേയും അതിന്റെ മൂല്യത്തേയും പറ്റിയും മുതൽ മുടക്കിയിരിക്കുന്നവർക്കും സ്ഥാപനങ്ങൾക്കും മറ്റും ബന്ധപ്പെട്ട വ്യക്തികൾക്കും മുതലിന്റെ സുരക്ഷിതത്വത്തെപ്പറ്റി ഭരണ ഭാരവാഹികൾക്ക് ശരിയായ അവസരങ്ങളിൽ ശരിയായ തരത്തിൽ തീരുമാനങ്ങൾ എടുക്കുന്നതിന് കണക്കുകൾ ആധാരമാക്കി വേണ്ടുന്ന വിവരങ്ങൾ നൽകുക തുടങ്ങി ഈ സമ്പ്രദായത്തിന്റെ പല ലക്ഷ്യ പ്രാപ്തികളും ഇപ്പോളും നേടിയിട്ടില്ലെന്ന് എൻ. സി. സി. എഫ്. – ന്റെ സി. ആന്റ് പി. സെൽ വിഭാഗം ഈ അടുത്ത കാലത്ത് വിവിധ സ്റ്റോറുകളിൽ നടത്തിയ പഠനം വെളിപ്പെടുത്തുന്നു.

2. മാനേജ്മെന്റ് അക്കൗണ്ടിംഗ് സിസ്റ്റത്തിലെ സുപ്രധാന ഘടകങ്ങളായ ഫ്ളാഗ് അപ്പ് അക്കൗണ്ട്സ് അടങ്ങുന്ന മാനേജ്മെന്റ് അക്കൗണ്ടിംഗ് ബജറ്റ്, ബജറ്ററി കൺട്രോൾ മാനേജ്മെന്റ് ഇൻഫർമേഷൻ എന്നിവ അവക്ക് ഉദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രാധാന്യം നൽകിക്കാണുന്നില്ല എന്ന് മേൽ പറഞ്ഞ പഠന റിപ്പോർട്ട് വ്യക്തമാക്കുന്നു.

3. അക്കൗണ്ട് പുസ്തകങ്ങളും ഫാറങ്ങളും ഇതര രജിസ്റ്ററുകളും വേണ്ടത്ര മാത്രം സറ്റോക്ക് ചെയ്യണമെന്ന നിർദ്ദേശം ഉണ്ടായിരുന്നുവെങ്കിലും ചില സ്റ്റോറുകളിൽ അവ വളരെ കുറവും അല്ലെങ്കിൽ ആവശ്യത്തിലും വളരെ കൂടുതലും സ്റ്റോക്ക് ഈ ഇനത്തിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ഇത് ആശാസ്യമായ പ്രവണതയല്ല. ആയതിനാൽ എല്ലാ സ്റ്റോറുകളും 13 മാസത്തേക്ക് ആവശ്യമായ രജിസ്റ്ററുകളുടേയും ഫോറങ്ങളുടേയും സ്റ്റോക്ക് മാത്രമേ സൂക്ഷിക്കാവൂ എന്ന് അറിയിക്കുന്നു.

4. എം.എ.എസ്. ലെ ഒരു പ്രധാന ഇനമായ അഡ്മിനിസ്ട്രേറ്റീവ് ബഡ്ജറ്റിംഗിലെ വ്യവസ്ഥകൾ പാലിക്കപ്പെടണമെങ്കിൽ ഓരോ ജീവനക്കാരനേയും സ്ഥാപനത്തിലെ വ്യത്യസ്ത ജോലികളുമായി പരിചയപ്പെടുത്തിയിരിയ്ക്കണം എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ഇതിന് ശാസ്ത്രീയമായി റോട്ടേഷൻ ഓഫ് ഡ്യൂട്ടി തയ്യാറാക്കപ്പെട്ടിരിക്കേണ്ടതാണ്. ഓരോ ജീവനക്കാരന്റേയും ജോലി നിജപ്പെടുത്തുമ്പോൾ വ്യത്യസ്ത കണക്കുകൾ തമ്മിലുള്ള ഇന്റേണൽ ചെക്കിംഗിനുള്ള വ്യവസ്ഥയും ഉറപ്പു വരുത്തിയി രിക്കേണ്ടതാണ്. കൂടാതെ

ഈ വിവരങ്ങൾ വ്യക്തമായ കാലയളവിൽ അവലോകനങ്ങൾ ശരിയായ തരത്തിൽ നടത്തുന്നില്ലെന്ന് പഠന റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഈ ന്യൂനത ഇനിയും തുടരാൻ അനുവദിക്കാൻ പാടില്ലാത്തതാണ്.

5. മറ്റൊരു പ്രധാന ഇനമായ ക്യാഷ് ബഡ്ജറ്റിംഗിലെ വ്യവസ്ഥകൾ പാലിച്ച് നീക്കിയിരിപ്പ് തുക ശാസ്ത്രീയമായി സൂക്ഷിക്കുന്നതിൽ വേണ്ടത്ര നിഷ്ക്കർഷത പല സറ്റോറുകളിലും ഇല്ലെന്നും പഠന റിപ്പോർട്ട് വെളിപ്പെടുത്തുന്നു. പഠന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ അംഗീകരിക്കാവുന്നതാണെന്ന് കണ്ടതിനാൽ നീക്കിയിരിപ്പ് തുകയെ സംബന്ധിച്ച് താഴെ പറയുന്ന നിബന്ധനകൾ പാലിക്കുവാൻ നിഷ്ക്കർഷ പുലർത്തേണ്ടതാണ്. നീക്കിയിരിപ്പ് തുക എല്ലാ ദിവസവും പരിശോധന വിധേയമാക്കേണ്ടതാണ്. ക്യാഷ് ചെസ്റ്റും ക്യാഷ് ഇൻ ട്രാൻസിറ്റ് എന്നിവയും ഇൻഷ്വർ ചെയ്തിരിക്കേണ്ടതാണ്. നീക്കിയിരിപ്പ് തുക അക്കത്തിലും അക്ഷരത്തിലും എഴുതേണ്ടതാണ്. പഠന റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന മറ്റൊരു ന്യൂനതയായ ക്രോസ് ചെക്കിംഗിന്റെ അഭാവം പരിഹരിക്കപ്പെടേണ്ടതാണ്.

7. എം. എ. എസ് ലെ ഏറ്റവും ശ്രദ്ധിക്കപ്പേടേണ്ട ഘടകങ്ങളിൽ ഒന്നായ ബഡ്ജറ്റിംഗ്, ബജറ്ററി കൺട്രോൾ എന്നിവ അവ അർഹിക്കുന്ന പ്രാധാന്യം നൽകി നടപ്പിൽ വരുത്തേണ്ടതാണ്. സെയിൽസ് ബഡ്ജറ്റ്, പർച്ചേയ്സ് ബഡ്ജറ്റ് അഡ്മിനിസ്ട്രേറ്റീവ് ബഡ്ജറ്റ്, ക്യാഷ് ബഡ്ജറ്റ് എന്നിവ യഥാ അവസരങ്ങളിൽ തയ്യാറാക്കി വരവ് ചെലവ് ഇനങ്ങൾ സ്റ്റോക്ക് സൂക്ഷിപ്പ് മുതലായവയും വ്യക്തമായും പല സ്റ്റോറുകളിലും ഇല്ല എന്ന് പഠന റിപ്പോർട്ടിൽ കാണുന്നു. ശരിയായ തരത്തിലുള്ള ബഡ്ജറ്റ് മാസാന്ത്യങ്ങളിൽ അവലോകന വിധേയമാക്കുന്ന തരത്തിലുള്ള ബഡ്ജറ്ററി കൺട്രോൾ ഇല്ലാതെയുള്ള സ്ഥിതി ഒട്ടും തന്നെ ആശാസ്യമല്ല. അത് അനുവദനീയവുമല്ല. ഓരോ വർഷത്തേയും മൊത്തമായ ബഡ്ജറ്റ് തയ്യാറാക്കി 12 മാസത്തേക്കായി വീതിക്കുന്ന സമ്പ്രദായം ഒട്ടും തന്നെ ശാസ്ത്രീയമായതല്ല. ബഡ്ജറ്റ് ഓരോ മാസത്തേക്കും തയ്യാറാക്കിയതിനു ശേഷം ഏകീകരിക്കുക എന്ന പഠന റിപ്പോർട്ടിലെ നിർദ്ദേശം നടപ്പിലാക്കേണ്ടതാണ്.

8. എം.എസ്.എസ്. ആവിഷ്ക്കരിക്കുക എന്ന നടപടിയുടെ ഭാഗമെന്ന നിലയിൽ നിർദ്ദിഷ്ട തരത്തിൽ അക്കൗണ്ട് പുസ്തകങ്ങളും രജിസ്റ്ററുകളും മറ്റും സൂക്ഷിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടെങ്കിലും പല സറ്റോറുകളും ഇതിനു വ്യത്യസ്തമായി ഉള്ള തരത്തിലാണ് താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിരിയ്ക്കുന്നതെന്ന് മനസ്സിലാക്കുന്നു. ജനറൽ ലഡ്ജർ, നാൾ വഴി, സബ്സിഡിയറി ഡേ ബുക്ക്, പേഴ്സണൽ ലഡ്ജർ, ഇൻവേഡ് സ്റ്റോക്ക് രജിസ്റ്റർ, സ്റ്റോക്ക് ലയബിലിറ്റി കൺട്രോൾ അക്കൗണ്ട്സ്, ട്രേഡ് ചാർജ് രജിസ്റ്റർ, എക്സ്പെൻഡിച്ചർ സബ്സീഡിയറി ഡേ ബുക്ക്, പഠനറിപ്പോർട്ടിൽ ചൂണ്ടി കാണിച്ചിരിക്കുന്നത് പ്രത്യേകം കണക്കിലെടുത്ത് അവ നിർദ്ദിഷ്ട തരത്തിൽ സൂക്ഷിക്കാൻ വേണ്ട നിഷ്ക്കർഷത പുലർത്തേണ്ടതാണ്.

9. ട്രയൽ ബാലൻസ് മാനേജ്മെന്റിനു വേണ്ട മറ്റു പ്രധാനപ്പെട്ട വിവരങ്ങൾ എന്നിവ തയ്യാറാക്കി യഥാ സമയത്ത് സമർപ്പിക്കുന്നതിൽ വീഴ്ചക്കാരായ സ്റ്റോറുകൾ ഈ ന്യൂനത പരിഹരിക്കുന്നതിന് ഉറപ്പു വരുത്തേണ്ടതാണ്.

10. ഓരോ സ്റ്റോറിന്റേയും മാനേജ്മെന്റിന്റെയും ഓരോ മാസത്തിലും സറ്റോറിന്റെ ലാഭ നഷ്ട വിവരങ്ങളോടൊപ്പം പ്രവർത്തനത്തിന്റെ പ്രധാന വിവരങ്ങൾ വെളിപ്പെടുത്തുന്നതിലും ഓപ്പറേഷൻസ് റിപ്പോർട്ട് തയ്യാറാക്കുന്നതിലും മിക്ക സ്റ്റോറുകളും വേണ്ടത്ര പ്രാധാന്യം കൊടുക്കുന്നില്ലെന്ന് പഠന റിപ്പോർട്ടിൽ നിന്ന് മനസ്സിലാക്കുന്നു. ഇത്തരത്തിലുള്ള ഓപ്പറേഷന് മേലിൽ ഈ ഓഫീസിൽ കൂടുതൽ പ്രാധാന്യം നൽകി അവലോകന വിധേയമാക്കാൻ ഉദ്ദേശിക്കുന്നു. ആയതിനാൽ എല്ലാ സ്റ്റോറും ഓരോ മാസത്തേയും ഓപ്പറേഷൻസ് റിപ്പോർട്ട് കൃത്യമായി ഈ ആഫീസിൽ അയച്ചു തരേണ്ടതാണ്.

11. മാനേജ്മെന്റ് ഇൻഫർമേഷൻ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിന്റെ പ്രയോജനം ഇതിനകം എല്ലാ ബന്ധപ്പെട്ട സ്റ്റോർ ഭാരവാഹികൾക്കും ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിൽ എൻ.സി.സി.എഫ് ന്റെ സി.ആന്റ് പി. സെൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ വിവരങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് പ്രസ്തുത രജിസ്റ്റർ എല്ലാ സറ്റോറുകളിലും നിർബന്ധമായും സൂക്ഷിച്ചിരിക്കേണ്ടതാണ്.

12. മേൽ കാണിച്ചിട്ടുള്ള വിവരങ്ങളെ പ്രധാനമായും എം.എ.എസ്–ന്റെ മറ്റു പ്രത്യേകതകളെ അവ അർഹിക്കുന്ന പ്രാധാന്യം നൽകിക്കൊണ്ട് ഉള്ള സ്റ്റോർ തല അവലോകനങ്ങൾ ഈ ആഫീസിൽ നിന്നും നേരിട്ട് നടത്തുന്നതിന് പരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ട്. എം.എ.എസ്. നടപ്പിലാക്കുന്നതിൽ ഓരോ സറ്റോറും കൈവരിച്ച നേട്ടം ഇത്തരം അവലോകനങ്ങളിൽ വിലയിരുത്തുന്നതിനോടൊപ്പം തന്നെ ഓരോ സ്റ്റോറിന്റെയും പുനരുദ്ധാരണത്തിനു വേണ്ട പരിപാടികൾക്ക് രൂപം നൽകാനും ഇത്തരം അവലോകനങ്ങളിൽ ലക്ഷ്യമിട്ടിട്ടുണ്ട്.

13. സ്റ്റോറുകളുടെ പ്രവർത്തനം തികച്ചും അച്ചടക്കമുള്ളതാക്കി തീർക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് നടത്തുന്ന മേൽ പറഞ്ഞ അവലോകനങ്ങളിൽ താഴെ പറയുന്ന ഇനങ്ങൾക്കും തുല്യ പ്രാധാന്യം നൽകുന്നതാണ്. വ്യാപാരത്തിന്റെ ഗതി സ്റ്റോക്ക് ട്രേഡിന്റെ സ്വഭാവം വില നിലവാരത്തിലുള്ള പൊരുത്തപ്പെടൽ, ലാഭ നിരക്ക് ഇവ ഓരോന്നും ബഡ്ജറ്റുമായി തട്ടിച്ചു നോക്കുമ്പോഴുള്ള നിലവാരം, നീക്കിയിരിപ്പ് തുക സൂക്ഷിക്കുന്നതിന്റെ തോത് മുതലായവ ഓരോ ഇനത്തിലും മുമ്പ് തന്നെ നിശ്ചയിക്കപ്പെട്ടിട്ടുള്ള താഴെ കാണിച്ചിട്ടുള്ള ഓരാ നിരക്കുകൾ നിലനിർത്തുന്നതിന് ഓരോ സ്റ്റോറും സ്വീകരിച്ചിട്ടുള്ള നടപടി ക്രമങ്ങളും അവലോകന വിധേയമാക്കുന്നതാണ്.

മൊത്തം ലാഭം			(ഏറ്റവും കുറഞ്ഞത്)
എസ്റ്റാബ്ലിഷ്മെന്റ് ചെലവ്	......	3.5%	(ഏറ്റവും കൂടുതൽ)
പലിശ	......	1.5%	(ഏറ്റവും കൂടുതൽ)
വാടക	......	1%	(ഏറ്റവും കൂടുതൽ)
കണ്ടിജന്റ് ചെലവുകൾ	......	1%	(ഏറ്റവും കൂടുതൽ)
അറ്റ ലാഭം	......	1%	(ഏറ്റവും കുറഞ്ഞത്)

വായ്പേതരപ്രവർത്തനങ്ങൾ

14. ഇതിലേക്കായി ഈ അറിവിൽ നിന്നുള്ള അവലോകന പരിപാടി തയ്യാറാക്കി ഓരോ സ്റ്റോറിനേയും മുൻ കൂട്ടി അറിയിക്കുന്നതാണ്. അവലോകന റിപ്പോർട്ടിൽ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കുന്നതിലും ന്യൂനതകൾ പരിഹരിക്കുന്നതിലും കാണിക്കുന്ന നിഷ്ക്കർഷത പ്രത്യേകമായി അവലോകന വിധേയമാക്കുന്നതായിരിക്കും.

കെ. വി. നമ്പ്യാർ
സഹകരണസംഘം രജിസ്ട്രാർ

No.MP (2) 37195/87. Office of the Registrar of Co-operative Societies,
Trivandrum, 30-7-1987

CIRCULAR No. 35/87

Sub: **Fertilizer distribution through Co-operatives-Package of practices to be followed.**

The Kerala State Co-operative Marketing Federation and the Kerala State Co-operative Rubber Marketing Federation are the principal wholesalers of chemical fertilizers and pesticides in the Co-operative sector in the State. The Primary Agricultural Credit Societies, Primary Marketing Societies, and a few scheduled caste/scheduled tribe societies run the retail outlets. After all it seems the techniques adopted by the co-operatives are not scientific. The requirements are worked out on ad-hoc basis without considering the potential for their consumption in the area. Planning, Co-ordination and monitoring are missing links. Lack of efficient Management Information System (MIS) is another problem. To overcome these, a few suggestions are given for implementation by the two Federations and the Primaries.

At Federation's Level:

1. The assessment of different kinds of fertilizers for each reason made by the primaries should be consolidated at district and state levels well in advance. Planning, monitoring and co-ordination should be done by the Federation at the State Level, for which a well-knit management-information-system should be developed.
2. Have effective co-ordination between suppliers, financing banks, agriculture and other connected departments for evaluating the fertilizer consumption in the districts organising co-ordination committees in the districts with the concerned District Agricultural Officers can also be considered.
3. Do liaison with suppliers for delivering the assessed quota on pre-fixed dates.

4. Arrangement for finance, storage, transportation etc., be made well ahead of the Rabi and Khariff seasons.
5. Insist for supply small size packs of 5 Kgs., 10 Kgs., or 25 Kgs. especially in dry farming and hilly areas.
6. Avoid excess stock holding by fixing minimum and maximum inventory determined on the basis of previous sales.
7. Deliveries should be made, at society level, wherever so possible.
8. Fix the prices in such a way as to equal to the price fixed by private traders. In the event of competition, primaries should be given maximum commission or subsidy to reduce price to the minimum.
9. Off-season rebate should be on sliding scale, linked with the time factor, i.e. more rebate for longer off-season off-take.
10. In dry land farming areas, methods of conservation of soil moisture and placement of fertilizer may be demonstrated.
11. Extension service should be developed and geared up for effective transfer of fertilizer technology of farmers.
12. Avoid maximum credit, made available by NABARD.
13. NCDC IFFCO type service centres, should be encouraged.
14. Integrate efforts in extension and transfer of technology with Development of Agriculture, Agricultural University, Manufacturing firms etc., through demonstrations, field studies, farmers 'fairs' etc.

In discharging the functions outlined above, the Federation has to develop a new approach towards fertilizer marketing technique of sales promotions would call for a multi-prolonged approach which is different from a purely commercial approach. Proper liaison would have to be developed with departments like Agriculture, Agricultural University etc., so that extension activities are given to proper employees. As a matter of fact such functions have to be looked upon as an essential part of the whole scheme of marketing fertilizers.

At Primary Societies' Level:

1. Assess requirements of different fertilizers and pesticides based on previous year's sales, well before Rabi and Khariff seasons.
2. Place orders for delivery, only with the Federation and other agencies allowed by Registrar. No purchase shall be made from other agencies.

3. Post specific employees for handling fertilizer business. If necessary, he should be given training in fertilizer handling techniques, extension and communication methods.
4. Place orders for small size packs of 5 Kgs., 10 Kgs., 25 Kgs., etc. where retail sales in small quantities are more.
5. Request for delivery at society's godowns to avoid shortage, pilferage etc.
6. Open sales depots nearest to the firms.
7. Popularise the sales in cash-and-carry basis to avoid recovery problems later.
8. Instead of the general practice now being followed, of giving a component first, try giving a component first and unless a component is lifted, no component be given.
9. Fix selling price equal to that fixed by private retailers. If possible reduce the price to a low minimum but without incurring any loss.
10. Avoid unnecessary/excess stock holding.
11. Consider giving interest relief to those who lift stock in advance.
12. Function as a Farmers' organisation than as Government department keep depots open throughout the week and even at odd hours.
13. Give special sales incentives to salesman to maximise sales.

Primary societies will have to take a more active interest and initiative in popularising use of chemical fertilizers, for which they should establish very close report with the farmers of the concerned localities. They will also have to plan their purchases as well as stocking of fertilizers in a more systematic manner.

K. V. Nambiar
Registrar of Co-operative Societies

നമ്പർ സി.എസ്.(5) 40670/94

സഹകരണ സംഘം രജിസ്ട്രാറാഫീസ്,
തിരുവനന്തപുരം, 28–12–1994

സർക്കുലർ നമ്പർ 38/94

വിഷയം: **സ്ക്കൂൾ/കോളേജ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച്.**

സൂചന: **ഈ ആഫീസിലെ 24–9–94 ലെ വി.48/93 നമ്പർ യു.ഓ.നോട്ട്.**

സഹകരണ സർക്കുലർ സമാഹാരം

സ്ക്കൂൾ/കോളേജ് സഹകരണ സംഘങ്ങളിൽ വിജിലൻസ് അസിസ്റ്റന്റ് രജിസ്ട്രാർ മുഖാന്തിരം പരിശോധന നടത്തിയതിൽ പല സംഘങ്ങളും തൃപ്തികരമായിട്ടല്ല പ്രവർത്തിക്കുന്നതെന്ന് ശ്രദ്ധയിൽ പെട്ടിട്ടുള്ളത്.

പൊതുയോഗങ്ങൾ കൂടുന്നതിനോ വരവ് ചെലവ് കണക്കുകൾ ബഡ്ജറ്റ് എന്നിവ അംഗീകരിക്കുന്നതിനോ മിക്കവാറും സംഘങ്ങൾ ഒന്നും തന്നെ യാതൊരു നടപടിയും കൈകൊണ്ട് വരുന്നില്ല. ദിവസവും സംഘത്തിൽ നടത്തുന്ന വില്പനയുടെ വിവരമോ മറ്റു ചെലവുകളുടെ വിവരമോ അന്നന്ന് നാൾ വഴിയിൽ നടപടി മിക്ക സംഘങ്ങളും സ്വീകരിച്ച് കാണുന്നില്ല. ഇതിന്റെ ഫലമായി നീക്കിയിരിപ്പ് പരിശോധിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കഴിയാതെ വരുന്നു. സ്റ്റോക്ക് രജിസ്റ്ററിലും വിറ്റു വരവിന്റെ വിവരങ്ങൾ എഴുതി കാണുന്നില്ല. സംഘത്തിന്റെ പ്രസിഡണ്ട്, ഹെഡ് മാസ്റ്റർ/ പ്രിൻസിപ്പൽ ആണെങ്കിലും സംഘം നാൾവഴിയോ മറ്റ് കണക്കുകളോ അവർ കാണുന്നില്ല എന്ന് മാത്രമല്ല ഈ കാര്യത്തിൽ ഒരു നിയന്ത്രണവും ഇവർക്കില്ലെന്നും പരിശോധനകളിൽ ബോധ്യപ്പെട്ടിട്ടുണ്ട്. മാസാമാസങ്ങളിൽ കമ്മറ്റി കൂടുകയോ, കമ്മറ്റിയുടെ കാലാവധി കഴിയുന്ന മുറക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുകയോ ചെയ്യാത്ത സംഘങ്ങളും കുറവല്ല.

ടി സംഘങ്ങളുടെ പ്രവർത്തനം ഈ രീതിയിൽ തുടരുന്നതിന്റെ പ്രധാന കാരണം ഡിപ്പാർട്ടുമെന്റിൽ നിന്നും സമയ ബന്ധിത പരിശോധന നടത്താത്തതുകൊണ്ടാണെന്ന് കാണുന്നു. ആയതിനാൽ അടുത്ത മൂന്ന് മാസത്തിനകം അതാത് യൂണിറ്റുകളിലുള്ള എല്ലാ സ്ക്കൂൾ/കോളേജ് സഹകരണ സംഘങ്ങളിലും വിശദമായ പരിശോധന നടത്തി റിപ്പോർട്ടുകൾ വാങ്ങി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ എല്ലാ ജോയിന്റ് രജിസ്ട്രാർമാരോടും നിർദ്ദേശിക്കുന്നു. ഇപ്രകാരം പരിശോധന നടത്തിയതിന്റേയും ആയതിൻമേൽ കൈക്കൊണ്ട നടപടികളെ സംബന്ധിച്ചും വിശദമായ റിപ്പോർട്ട് ഈ ഓഫീസിലേക്ക് മാസാമാസം അയച്ചു തരേണ്ടതാണ്.

കൂടാതെ പല സംഘങ്ങളിലേയും ആഡിറ്റ് കാലാകാലങ്ങളിൽ നടക്കാറില്ലെന്ന് കാണുന്നു. കൃത്യ സമയത്ത് ആഡിറ്റ് നടത്തുകയും ആഡിറ്റിൽ ചൂണ്ടി കാണിക്കപ്പെടുന്ന അപാകതകൾ പരിഹരിക്കുന്നതിനും സത്വര നടപടികൾ കൈകൊള്ളുന്നതിനും നിർദ്ദേശിച്ചു കൊള്ളുന്നു.

ഇതിന് പുറമേ പ്രവർത്തന രഹിതമായ സ്ക്കൂൾ/കോളേജ് സംഘങ്ങളെ 71 (2) (ബി) അനുസരിച്ച് ലിക്വിഡേറ്റ് ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

അതോടൊപ്പം സ്ക്കൂൾ/കോളേജ് സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി വിദ്യാഭ്യാസ വകുപ്പധികൃതരുമായി ബന്ധപ്പെട്ട് യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

കെ. ജെ. മാത്യു
സെക്രട്ടറി, സഹകരണ വകുപ്പ്
ഇൻ ചാർജ് ഓഫ് സഹകരണ സംഘം രജിസ്ട്രാർ

No.MP (4) 24030/98

Office of the Registrar of Co-operative Societies
Thiruvananthapuram, 22-8-98

CIRCULAR No. 33/98

Sub: **Rubber processing Companies of Rubber Board and Rubber producers societies-permission to Rubber Marketing the processing Co-op: Societies to take shares-instructions issued.**

Ref: **1. D.O.Letter No. CA/CMC/98 dated: 11-6-98 of the Chairman Rubber Board, Kottayam.**

2. Government letter No. 5760/3/98/Co-op: dated: 17-7-98 of Secretary (Co-op)

As per the reference 1st cited the chairman, the Rubber Board has stated that Rubber Board has been assisting the Rubber Marketing and Processing Co-operatives by investing crores of Rupees by way of Share Capital, Margin Money Assistance etc. for strengthening the processing and marketing activities. The Rubber Board has set up over 1600 Rubber producers societies and 18 Companies which have also been formed with equity from the Rubber Producers Societies and started one Rubberwood processing Company. Now five Rubber processing companies of the Rubber Board and Rubber Producers Society have decided to, become public limited companies and widen their share capital base for improving their activities. The Chairman, Rubber Board has also requested that a general permission may be given to Rubber Marketing and Processing Co-operatives to take shares in the processing companies including the Rubber Wood Processing Company set up by the Rubber Board and Rubber Producers Societies.

As per the reference 2nd cited, Government are pleased to accord general permission to the Rubber Marketing and Processing Co-operatives to take shares in the processing companies as mentioned above provided that the investment could be at the discretion of the concerned co-operative societies.

In these circumstances permission is hereby accorded to the Rubber Marketing and Processing Co-operatives to take shares in the processing companies including the rubber wood processing Company set up by the Rubber Board and the Rubber Producers Societies under the provisions in section 57 (C) of the KCS. Act 1969 subject to the conditions that the mode of investment could be at the discretion of the Co-operative Societies concerned.

Sheela Thomas I. A. S.
Registrar of Co-operative Societies

No.CS(5) 18907/2000. Office of the Registrar of Co-operative Societies,
Thiruvananthapuram, 19-10-2000

CIRCULAR No. 45/2000

Sub: **Protection of Consumers from illegal and unethical trade practice followed by traders/shop keepers in the country-circular instructions-regarding.**

Ref: **Letter No. 0-11015/5/2000-CCM dated, 17-4-2000 from the Director (Co-operation) Ministry of Consumer Affairs & Public Distribution Department of Consumer Affairs, Government of India with the D.O.Letter No. II 9 (ii)/99/CPU dated 22-12-'99 from Shri. Shanta Kumar, Minister for Consumer affairs and Public Distribution.**

2. Government letter No. 4492/PS/2000/Co-op: Dt. 23-6-2000

In D.O.letter No. II (ii)/99/CPU-dated: 22-12-99 from Shri: Shantakumar, Hon'ble Minister for Consumer Affairs and Public Distribution, Government of India informed that in the Cash Memo/Bills issued to the consumers, an unilateral condition is included stating "Goods once sold will not be taken back/exchanged" etc. This condition is against the law. With a view to protect the consumers from this illegal trade practice being followed by a few traders/shop keepers it is requested to take immediate action by issuing guidelines to ensure that the cash memos/bills issued in the State by the traders/shop keepers do not carry the condition that "Goods once sold will not be taken back/exchanged."

In the circumstances all the Joint Registrars (General) are requested to issue necessary instructions to the Co-op: Societies/Stores coming under the control of Co-op: Department to remove the conditions carrying in the Cash Memos/Bills issued by the Co-op: Societies/Stores that "Goods once sold will not be taken back/exchanged". You are also requested to ensure that the above instructions is strictly followed by all the Co-operative Societies/Stores.

Dharam Veer
Registrar of Co-operative Societies

സൂചിക

നമ്പർ	വിഷയം	പേജ്
	രജിസ്ട്രേഷനും ബൈലോ ഭേദഗതിയും	
6/70	**സഹകരണസംഘങ്ങളിലെ പണച്ചുമതല സംബന്ധിച്ച്.**	3
51/82	Amendments to Bye-laws of Co-operative Societies-Rejection there of-observing provisions laid down in sub section(4) of section 12 of KCS Act regarding.	3
49/83	Keeping the registered bye-laws with up-to- date amendments in tact- Instructions issued.	4
7/86	സഹകരണസംഘങ്ങളുടെ രജിസ്ട്രേഷനും നിയമാവലിയുടെ ഭേദഗതിയും– തൽസംബന്ധമായ വിവരങ്ങൾ സഹകരണ ചട്ടം 11–ൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം 4–ാം നമ്പർ ഫാറത്തിൽ എഴുതി സൂക്ഷിക്കൽ– നിർദ്ദേശം നല്കുന്നു.	4
